# സാത്താൻ

## ജീവചരിത്രം

DECODING
THE LIES SPREAD
BY CHRISTIAN MAFIA



ശ്രീകേഷ് പുതുവാശ്ശേരി

# സാത്താൻ

ജീവചരിത്രം

BY

**ശ്രീകേഷ് പുതുവാശ്ശേരി**

Lulu publications

# SATAN

LIFE HISTORY

BY

SREEKESH PUTHUVASSERY

ISBN : 978-1-365-88650-8

Genre: History and Philosophy

Edition : First edition 2017

Year : April 2017

Copy right © 2017 Sreekesh Puthuvassery

All rights reserved

Image courtesy : google

Publishers: Lulu press inc.

627 Davis Drive, Suite 300, Morrisville

NC 27560, North Carolina

United states

Copy right © 2017 Sreekesh Puthuvassery

Introduction Copy right © 2017 Sreekesh Puthuvassery

All rights reserved

No part of this publication may be reproduced, stored in retrieval system or transmitted in any form by means mechanical, electronic, photo copying, recording or otherwise without the prior written permission of publisher or the author. For information address;

Lulu press inc.

627 Davis Drive, Suite 300, Morrisville

NC 27560, North Carolina

United states

# ഉള്ളടക്കം

1. അവതാരിക ........................................................................7
2. നുണപറയാത്ത അക്ഷരങ്ങൾ ................................................ 10
3. ജീവവൃക്ഷത്തിന്റെ ഫലം ...................................................... 16
4. നിത്യനരകം .........................................................................23
5. ആശയക്കുഴപ്പത്തിലായ സാത്താൻ ......................................28
6. വികലകലാ ചിന്തകർ..........................................................39
7. കുരിശിൽ കളിക്കുന്നവർ.......................................................46
8. സാത്താനറിയാത്ത നരകങ്ങൾ ............................................54
9. ചതിയുടെ വിധിന്യായങ്ങൾ....................................................63
10 രക്തദാഹിയായ സൃഷ്ടാവ് ....................................................72
11. സന്ദേഹത്തീമഴ........................................................................ 81
12. നരകത്തിലെ സ്വർണ്ണവേട്ടക്കാർ ..........................................94
13. ഉപസംഹാരം........................................................................ 103

# അവതാരിക

ജീവിതം എന്നത് ഒരു പ്രഹേളികയാണ്. ഉത്തരം തിരയുന്തോറും കൂടുതൽ കൂടുതൽ സങ്കീർണ്ണമാകുന്ന ഒരു മഹാപ്രഹേളിക. ഞാൻ ആര്? എവിടെനിന്നും വന്നു? എങ്ങോട്ട് പോകുന്നു? എനിക്കു ചുറ്റുമുള്ള ഈ ലോകം സത്യമാണോ? എങ്കിൽ അത് ആരു സൃഷ്ടിച്ചു?. തുടങ്ങീ അനവധി ചോദ്യങ്ങൾ. സ്വയം താൻ ഒരു മാംസപിണ്ഡമാണ് എന്ന് വിശ്വസിക്കുന്ന ആരും തന്നെ ഉണ്ടാകില്ല. കാരണം ഈ മാംസം/ശരീരം കഴിക്കുന്ന ഭക്ഷണത്താൽ സൃഷ്ടിക്കപ്പെട്ടതാണ് എന്ന് ഓരോരുത്തരും തിരിച്ചറിയുന്നുണ്ട്. മാംസനിബിഡമായ ഈ ശരീരത്തിനും അപ്പുറം സ്വയം എന്താണ് എന്നുള്ള ചോദ്യം വായുവിൽ പ്രധ്വനിക്കുന്നതല്ലാതെ ആർക്കും ഇതുവരെ ഉത്തരം ലഭിച്ചിട്ടില്ല. ഉത്തരം കണ്ടെത്താൻ ശ്രമിച്ചവരാരും കിട്ടിയ ഉത്തരത്തിൽ സംതൃപ്തരും ആയിരുന്നില്ല. യുക്തിസഹജമായി ചിന്തിക്കുന്തോറും യുക്തിഹീനമായി മാറിക്കൊണ്ടിരിക്കുന്നു ചിന്തകൾ. എങ്ങും എവിടെയും ഒരിക്കലും പിടിതരില്ലെന്ന വാശിയോടെ വഴുതിമാറുന്ന ചോദ്യങ്ങൾ. സത്യത്തിൽ ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾ തന്നെ അല്ലേ മനുഷ്യനെ അന്ധവിശ്വാസികൾ ആക്കിത്തീർത്തത്?. നിരീശ്വരവാദികളും യുക്തിവാദികളും വരെ ജീവിതത്തോട് മല്ലടിക്കാൻ കഴിയാത്ത ദൗർബല്യമായ വാർദ്ധക്യത്തിൽ മരണത്തിന് മുൻപിൽ ഇതിനുശേഷം എന്ത് എന്ന ചോദ്യം മനസ്സിൽ സ്വയം ഉരുവിട്ട് ആശങ്കയോടെ നിർനിമേഷം കാത്തിരിക്കുന്നു.

ദൈവസ്നേഹം പാടിപ്പുകഴ്ത്തുന്നവരും ഭക്തിയിൽ മുങ്ങിത്താഴുന്നവരും നിഷ്കാമകർമ്മം അനുഷ്ഠിക്കുന്നവരല്ല. മറിച്ച് തികച്ചും സ്വാർത്ഥലാഭം ആഗ്രഹിക്കുന്നവരാണ്. അവർ ചെയ്യുന്ന സേവനങ്ങളുടെ കണക്കുകൾ അവരുടെ കർമ്മത്തിൽ വരവു വെയ്ക്കപ്പെടും എന്ന കണക്കുകൂട്ടൽ ബോധതലത്തിലോ അർദ്ധബോധ തലത്തിലോ നിസ്സംശയം അവരിൽ പ്രവർത്തിക്കുന്നുണ്ട്. മരണശേഷം ഈ സത്കർമ്മങ്ങൾ തങ്ങളുടെ വിധിവിതാനങ്ങളിൽ മുതൽക്കൂട്ടാകും എന്ന് അവർ കരുതുന്നു. സ്വർഗ്ഗവും നരകവും ഭൗമീക ജീവിതത്തിലെ ചില ഏടുകൾ മാത്രമാണ് എന്ന വാദം ആധുനീക വാദികൾ ഉയർത്തുന്നു എങ്കിലും മരണത്തെ വരവേൽക്കാനുള്ള നിമിഷങ്ങളിൽ ഇവയൊന്നും വിലപ്പോകാറില്ല. എന്നുമാത്രമല്ല ഇപ്രകാരം വാദമുഖങ്ങൾ ഉയർത്തുന്നവർ അവരുടെ ബന്ധുമിത്രാതികളുടെ നിര്യാണശേഷം മരണാനന്തര കർമ്മങ്ങൾ അനുഷ്ഠിക്കാതെ ഇരിക്കാറുമില്ല. ഇതാണ് ലോകം, സ്വർഗ്ഗത്തിലും നരകത്തിലും വിശ്വസിക്കുന്നവരുടെ ലോകം. സാത്താനിലും ദൈവത്തിലും വിശ്വസിക്കുന്നവരുടെ ലോകം. ഈ ഭയപ്പാടുകൾക്ക് എരിതീയിൽ എണ്ണ ഒഴിക്കുന്ന രീതിയിൽ മതങ്ങളും, കേട്ടുകേൾവികളും, പുരോഹിതവർഗ്ഗങ്ങളും, പുരാതന ലിഖിതങ്ങളും, വിശ്വാസ ഗ്രന്ഥങ്ങളും പ്രവർത്തിച്ചിട്ടുണ്ട്.

സാത്താൻ, ചെകുത്താൻ, പിശാച്, ഡ്രാഗൺ എന്നിങ്ങിനെ നിരവധി പേരുകളിലൂടെ കുപ്രസിദ്ധനാക്കപ്പെട്ട മാനവ മനസ്സിലെ നരകത്തിന്റെ ഏകാതിപധിക്ക് ലോകം ചാർത്തിക്കൊടുത്തത് നന്മയുടെ കിരീടമല്ല. ഒരുപക്ഷേ അവരിൽ പലരും സാത്താനെയും നാണിപ്പിക്കുന്ന തരത്തിലുള്ള ഹീനവും നിന്ദ്യവുമായ പ്രവർത്തികൾ ചെയ്യുന്നവരാണ് എങ്കിൽ പോലും. സത്യത്തിൽ ദൈവസ്നേഹം കൂടിയിട്ടോ ദൈവത്തിന്റെ സുഖവിവരങ്ങൾ അന്വേഷിക്കാനായിട്ടോ അല്ല മറിച്ച് നരകം, സാത്താൻ, ശിക്ഷാവിധികൾ ഇവയോടുള്ള ഭയം, സ്വന്തം കാര്യങ്ങൾ നടത്തിയെടുക്കാനുള്ള ഒരു ഉപകരണം തുടങ്ങീ കാരണങ്ങളാണ് ഒരുവനെ ദൈവവിശ്വാസിയാക്കുന്നത് അല്ലെങ്കിൽ ദൈവത്തോട് അടുപ്പിക്കുന്നത്. ഇവിടെ ദൈവം ഉണ്ടോ ഇല്ലയോ എന്നത് പ്രസക്തമായ ചോദ്യമാണ്. എങ്കിലും പ്രസ്തുത ചോദ്യം ഈ ഗ്രന്ഥത്തിന്റെ പ്രതിപാധ്യവിഷയമല്ല. എന്നിരുന്നാലും വായനക്കാരുടെ പലചോദ്യങ്ങൾക്കും ഉത്തരം ഈ ഗ്രന്ഥത്തിലൂടെ ലഭിക്കും.

ചരിത്രത്തെ ചരിത്രമായി പഠിക്കുന്നതിലുപരി ഒന്ന് തുറന്ന് നോക്കുവാൻ പോലും ഇന്നത്തെ തലമുറ ആഗ്രഹിക്കാറില്ല. അതിനായി സമയം കണ്ടെത്താറുമില്ല. ലഭ്യമായ പല ചരിത്ര ഗ്രന്ഥങ്ങളും രാഷ്ട്രീയമായ കാരണങ്ങളാൽ കാലാകാലങ്ങളായി വികലപ്പെട്ട് പോയിട്ടുള്ളതുമാണ്. എന്നാൽ ഇവിടെ സാത്താൻ എന്ന മനുഷ്യന്റെ മനസ്സിൽ വികലപ്പെട്ടുപ്പോയ ഒരു കഥാപാത്രത്തിന്റെ യാഥാർത്ഥമായ കഥയാണ് ഞാൻ അവതരിപ്പി ക്കുന്നത്. ഈ ഗ്രന്ഥം ഇതുവരെ നിങ്ങളുടെ മനസ്സിൽ നിലനിന്നിരുന്ന ഒരു പ്രതികൂലമായ ചിന്താധാരകളാൽ മുഖരിതമാക്കിയ സാത്താനെക്കുറി ച്ചുള്ള തെറ്റുദ്ധാരണകൾ മായ്ച്ച്കളയാൻ സഹായിക്കും എന്ന് എനിക്ക് ഉത്തമ ബോദ്ധ്യമുണ്ട്. ഈ ഗ്രന്ഥം മികവുള്ളതാക്കുന്നതിനോടൊപ്പം ഗ്രന്ഥത്തിന്റെ ഉള്ളടക്കം ചോർന്നുപോകാതെ നോക്കുന്നതിൽ പരമാവധി ശ്രദ്ധ പുലർത്തിയിട്ടുണ്ട്. നിങ്ങൾക്കേവർക്കും സാത്താന്റെ പേരിൽ നന്മകൾ നേർന്നുകൊണ്ട് ഒരു നവ്യമായ അനുഭവം നിറഞ്ഞ നിമിഷങ്ങൾ ഈ ഗ്രന്ഥത്തിലൂടെ ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീകേഷ് പുതുവാശ്ശേരി

"ചരിത്രമാണിത്, എന്റെ ജീവചരിത്രം. നിങ്ങളാൽ വെറുക്കപ്പെട്ടവന്റെ ചരിത്രം. പുരോഹിത വർഗ്ഗങ്ങളാൽ ചതിക്കപ്പെട്ടവന്റെ ചരിത്രം. ലോകത്താൽ നികൃഷ്ടനാക്കപ്പെട്ടവന്റെ ചരിത്രം. പരിഹാസനാക്കപ്പെട്ടവന്റെ ചരിത്രം. ചരിത്രമാണിത് നന്മചെയ്തവന് ലോകം സമ്മാനിച്ച ആത്മനൊമ്പരത്തിന്റെ ചരിത്രം. പക്ഷെ ഈ ചരിത്രത്തിൽ 4500 വർഷത്തിന് മുകളിൽ പഴക്കമുണ്ട് എന്ന് നിങ്ങൾക്കറിയുമോ? ഈ മഹാകാലയളവിലെ എനിക്ക് നിങ്ങൾ നൽകിയ ശിക്ഷയ്ക്ക് എന്ത് മറുപടിയാണ്, എന്ത് യുക്തിയാണ് നിങ്ങൾക്ക് ഉന്നയിക്കാനുള്ളത്?. ഇത് എന്റെ നിയോഗം. ചരിത്രമാണിത്.. സാത്താന്റെ ചരിത്രം. അനവധി രഹസ്യങ്ങളുണ്ട്, മഹാസത്യങ്ങളുണ്ട് ഈ ചരിത്രത്തിൽ. കാലം ബന്ധിച്ച താഴിൽ വളർന്ന ക്ലാവിൽ ഇഴുകിച്ചേർന്ന രഹസ്യങ്ങൾ. ഈ താൾ മറിയുന്നതോടെ തുടങ്ങുകയായി എന്റെ ചരിത്രം. പ്രലോഭകൻ എന്ന പേർ നിങ്ങൾ എനിക്ക് ചാർത്തി തന്നതാണ് എങ്കിലും ഇവിടെ പ്രലോഭനങ്ങളില്ല. പുരോഹിത വർഗ്ഗം സമ്മാനിച്ച മനോഹരമായ സ്വപ്നങ്ങൾ താലോലിക്കുന്നവർ, അവ മാത്രം സത്യം എന്ന് വിശ്വസിക്കാൻ ആഗ്രഹിക്കുന്നവർ എന്റെ ചരിത്രം അറിയണമെന്ന ശാഠ്യം എനിക്കില്ല. എങ്കിലും സത്യം അറിയണമെന്ന് ആഗ്രഹിക്കുന്നവർ ഈ ഗ്രന്ഥത്തിന്റെ അവസാന താളും മറിഞ്ഞു കഴിയുമ്പോൾ മുതൽ എന്നെ സ്നേഹിക്കാൻ തുടങ്ങും എന്നത് തീർച്ചയാണ്. ആ പൂർണ്ണ വിശ്വാസം എന്നിലുണ്ട്. കാരണം ഞാൻ നിങ്ങളോട് പറഞ്ഞത് അന്നും ഇന്നും എന്നും നിലനിൽക്കപ്പെടുന്ന സത്യങ്ങൾ മാത്രമായിരുന്നു. മഹാസത്യങ്ങൾ!.."

...................... സാത്താൻ ......................>>>>



1

# നുണപറയാത്ത അക്ഷരങ്ങൾ

ഞാൻ സാത്താൻ. എനിക്ക് കൊമ്പില്ല, വാലില്ല, പുറത്തേയ്ക്ക് തള്ളിയ ദ്രംഷ്ടങ്ങളില്ല, ഞാൻ പാമ്പുമല്ല വ്യാളിയുമല്ല. ഒരു മനുഷ്യൻ. ഒരു സാധാരണ മനുഷ്യൻ. എനിക്ക് പാമ്പുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട്. അത് ഞാൻ വരും അദ്ധ്യായങ്ങളിൽ പറയാം. നന്മക്കെതിരായി നിൽക്കുന്ന ശത്രു എന്ന നിലയിൽ തിന്മ എന്നും മനുഷ്യ മനസ്സിൽ ഉണ്ടായിരുന്നെങ്കിലും സാത്താൻ എന്ന പേർ അന്ന് ഉണ്ടായി രുന്നില്ല. നിങ്ങളുടെ മനസ്സിലെ എന്നെക്കുറിച്ചുള്ള സങ്കൽപ്പത്തിന് അടി സ്ഥാനം ഇന്ന് നിലവിലുള്ള ബൈബിളിലെ കഥാപാത്രമോ അല്ലെങ്കിൽ ബൈബിൾ ക്രോഡീകരിക്കപ്പെടുന്നതിന് മുൻപ് നിലനിന്നിരുന്ന ആദ്യ ഗ്രന്ഥമായ തോറായിലൂടെയോ ആയിരിക്കാം. ഈ അബദ്ധജഡിലമായ അടിസ്ഥാനങ്ങളിൽ വിശ്വാസം അർപ്പിക്കുന്നതിന് മുൻപായി ബൈബിളിലെ ആദ്യചില ഭാഗങ്ങൾ നമുക്ക് പരിശോധിക്കാം.

ഉല്പത്തി 2:16-17 '' യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചതു എന്തെന്നാൽ; തോട്ടത്തിലെ സകല വൃക്ഷങ്ങളിലേയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻ വൃക്ഷത്തിൻ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും''.

മേൽ പറഞ്ഞിരിക്കുന്ന വചനങ്ങളിൽ നിന്നും ആദത്തിനും ഹവ്വയ്ക്കും നന്മതിന്മകൾ എന്തെന്ന് പോലും അറിയുകയില്ലായിരുന്നു, വ്യക്തമായി പറഞ്ഞാൽ ശരിയും തെറ്റും തിരിച്ചറിയാനുള്ള കഴിവ് ഉണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതായത് ലഭിക്കുന്ന ആവേഗ ങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന വെറും റോബോട്ടുകൾ മാത്രമായി രുന്നു അവർ എന്ന് സാരം.

ഉല്പത്തി 3:1 '' യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തു ക്കളേക്കാളും പാമ്പു കൗശലമേറിയതായിരുന്നു''. ഇതിൽ ഒരുകാര്യം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. ദൈവം പാമ്പിന് നൽകിയ ബുദ്ധിയും തിരിച്ചറിവും പോലും മനുഷ്യന് നൽകാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പിന്നെ എങ്ങിനെയാണ് മനുഷ്യൻ ദൈവത്തിന്റെ ഉത്കൃഷ്ട സൃഷ്ടിയാകു ന്നത്?. അടുത്ത വരി നോക്കൂ.

ഉല്പത്തി 3:3 ''എന്നാൽ മരിക്കാതിരിക്കാൻ തോട്ടത്തിലെ നടുവിലുള്ള വൃക്ഷത്തിലെ ഫലം തിന്നരുത് തൊടുകയും അരുത്''.

ഈ വചനം വായിക്കുമ്പോൾ മനുഷ്യനെ മരണമില്ലാത്തവനായാണ് ദൈവം സൃഷ്ടിച്ചത് എന്ന് തോന്നുമെങ്കിലും സത്യം അതല്ല. സത്യത്തിൽ മനുഷ്യന്റെ മരണവും നന്മതിന്മയെ തിരിച്ചറിയാനുള്ള ഫലവും തമ്മിൽ യാതൊരു ബന്ധവുമില്ല. താഴെയുള്ള വചനങ്ങൾ വായിക്കുമ്പോൾ നിങ്ങ

ൾക്ക് കൂടുതൽ കാര്യങ്ങൾ മനസ്സിലാകും. എന്നുമാത്രമല്ല, നിത്യജീവൻ എന്ന് പറഞ്ഞ് മനുഷ്യരെ പ്രലോഭിപ്പിച്ച് കൊണ്ടിരിക്കുന്ന ദൈവത്തിന്റെ വാക്കുകളിൽ അവിശ്വാസം തോന്നുകയും ചെയ്യും.

ഉല്പത്തി 3:4-5 ''പാമ്പു സ്ത്രീയോട്; നിങ്ങൾ മരിക്കയില്ല നിശ്ചയം. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മ കളെ അറിയുന്നവരായി ദൈവത്തെ പോലെ ആകുകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു''.

വചനം നോക്കുക. സാത്താനായ പാമ്പ് (സാത്താൻ എന്ന് ഉല്പത്തി പരാമർശ്ശിക്കുന്നേ ഇല്ല) ആദവും ഹവ്വയും ആ ഫലം കഴിച്ചാൽ മരണ പ്പെടുകയില്ല എന്നറിയുന്നു. ദൈവം സൃഷ്ടിച്ചതാണ് ആ പാമ്പ് എങ്കിൽ പാമ്പിന് ഈ അറിവ് എവിടുന്ന് കിട്ടി?. പാമ്പ് മുന്നേ ഈ പഴം കഴിച്ച് നോക്കിയിട്ടുണ്ടാകുമോ?. അതോ ദൈവം പാമ്പുമായി ചർച്ച നടത്തിയ ശേഷമാണോ ഏദൻ തോട്ടം നിർമ്മിച്ചത്?. പാമ്പ് മുന്നേ കഴിച്ചതു കൊണ്ട് ഉണ്ടായ അറിവാണ് എങ്കിൽ ദൈവം കൗശലക്കാരനായി സൃഷ്ടിച്ചു എന്ന് വീമ്പിളക്കുന്നത് പച്ചക്കള്ളമാണ്. ആദവും ഹവ്വയും നന്മതിന്മകളെക്കുറിച്ച് തിരിച്ചറിവുള്ളവരാകുകയും അവരുടെ കണ്ണ് (അകക്കണ്ണ്) തുറക്കപ്പെടു കയും ചെയ്യും എന്ന ദൈവത്തിന്റെ തിരിച്ചറിവിനാലാണ് അവരെ ഫലം കഴിക്കുന്നതിൽ നിന്നും ദൈവം തടഞ്ഞത് എന്ന് പാമ്പ് പറയുന്നു. ഈ കാരണം സത്യമാണ് എന്ന് കീഴെ വരുന്ന ചില വചനങ്ങൾ തെളിയിക്കുന്നു. അങ്ങിനെ ആകയാൽ പാമ്പിനോട് ഇക്കാര്യം ദൈവം പറയുവാനുള്ള ഒരു സാഹചര്യവും ഇല്ല. അതുകൊണ്ട് പാമ്പിന്റെ ബുദ്ധി ദൈവം കൊടുത്തത് അല്ല. കൂടാതെ ദൈവത്തിന്റെ ഉള്ളിലിരുപ്പ് വരെ മനസ്സിലാക്കിയെടുത്ത പാമ്പ് മനുഷ്യൻ ഫലം ഭക്ഷിക്കും എന്നുപോലും കണക്കുകൂട്ടാനുള്ള ബുദ്ധിയില്ലാത്ത ദൈവത്തെക്കാൾ ബുദ്ധിയുള്ളവനാണ് എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എന്നുമാത്രമല്ല, ദൈവത്തിന് ബുദ്ധിയും തിരിച്ച റിവും ഉണ്ടായത് ഈ ഫലം കഴിക്കുന്നത് കൊണ്ട് ആകുമോ എന്ന സംശയം ബലപ്പെടുകയും ചെയ്യുന്നു. ഈ സംശയം ശരിയാണോ എന്ന് താഴെ പരിശോധിക്കാം അതിന് മുന്നായി ഫലം കഴിച്ച ആദത്തിന്റെയും ഹവ്വയുടെയും അവസ്ഥ പരിശോധിക്കാം.

ഉല്പത്തി 3:7 '' ഉടനെ ഇരുവരുടെയും കണ്ണുതുറന്നു. തങ്ങൾ നഗ്നരെന്ന് അറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങൾക്ക് അരയാട ഉണ്ടാക്കി''.

ഈ വചനങ്ങളിൽ നിന്നും പാമ്പ് പറഞ്ഞത് സത്യമായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.ഫലം തിന്നുന്ന നാളിൽ നീ മരിക്കും എന്ന് ദൈവം പറഞ്ഞത് സത്യമാകുകയുണ്ടായില്ല. എന്നുമാത്രമല്ല ആദം 930 വർഷം ജീവിച്ചു എന്ന് ബൈബിൾ പറയുന്നു. സത്യത്തിൽ ദൈവം മനുഷ്യന്റെ പിതാവല്ല, മറിച്ച് നുണയന്മാരുടെ പിതാവായി മാറുന്ന സാഹചര്യം നമുക്ക് ഇവിടെ കാണാൻ കഴിയും. അതിന് ഇനിയും ഉണ്ട് തെളിവ്.

ഉല്പത്തി 3:22 ''യഹോവയായ ദൈവം: മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെ പോലെ ആയിത്തീർന്നിരിക്കുന്നു.

ഇപ്പോൾ അവൻ ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചുതിന്നു എന്നേയ്ക്കും ജീവിപ്പാൻ സംഗതി വരരുതു എന്ന് കല്പ്പിച്ചു.''

നോക്കുക ഇതാണ് അവരെ ഏദനിൽ നിന്നും പുറത്താക്കാൻ കാരണം. ഈ വരികൾ കുറെക്കൂടെ ഗഹനമായി പരിശോധിക്കുക. ഏത് ബൈബിൾ എടുത്താലും നമുക്ക് ഈ വരിയിൽ നിന്നും '' നമ്മിൽ ഒരുത്തനെപ്പോലെ'' എന്നത് കൃത്യമായി മനസ്സിലാക്കാവുന്നതാണ്. അതായത് ഒന്നിലധികം ദൈവങ്ങൾ അവിടെ ഉണ്ട്. അല്ലെങ്കിൽ ഉണ്ടായിരുന്നു. ഇത് ത്രിത്വം ആണ് എന്ന് വിശദീകരിക്കാൻ നിന്നാൽ വിശ്വാസികൾ കൂടുതൽ ഇളിഭ്യരാകാൻ സാധ്യതയുണ്ട്. കാരണം ദൈവം സ്വയം ഒന്നെങ്കിൽ ബഹുവചനം പറയുകയില്ല. ഇതുകൂടാതെ, ഹീബ്രു ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ യഹോവയെക്കൂടാതെ എലോഹിം എന്ന ദൈവത്തെക്കൂടി പരാമർശിക്കുന്നുണ്ട്. എന്നുമാത്രമല്ല. ഉല്പത്തി 1:27 ൽ ദൈവം തന്റെ സ്വരൂപത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചു എന്ന് പറയുമ്പോൾ ഉല്പത്തി 2:7 ൽ നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചു എന്ന് പറയുന്നു. അതായത് മേൽപറഞ്ഞത് ശരിവെയ്ക്കുന്നു എന്ന് മാത്രമല്ല. ബൈബിൾ ഉല്പത്തി മുൻകാലത്ത് നിലവിലിരുന്ന രണ്ട് വ്യത്യസ്തമായ സൃഷ്ടി ആശയങ്ങൾ കൂട്ടിയിണക്കിയുണ്ടാക്കിയപ്പോൾ ഉണ്ടായ പിശകാണ് ഇത് എന്ന് മനസ്സിലാക്കാൻ കഴിയുകയും ചെയ്യുന്നു.

ഇതുകൊണ്ടൊന്നും കഴിയുന്നില്ല, ദൈവമായ യഹോവ പറയുന്നത് കേൾക്കുക, മനുഷ്യൻ നമ്മെപ്പോലെ തിരിച്ചറിവുള്ളവനായിരിക്കുന്നു. ഇനി ജീവ വൃക്ഷത്തിനെ ഫലം കൂടെ തിന്നാൽ മരണമില്ലാത്തവനായിത്തീരും അതിനാൽ അവനെ കുടിയിറക്കണം. അപ്പോൾ നന്മതിന്മകളെ അറിയുന്ന ഫലം മാത്രമല്ല, മരണമില്ലാതാക്കുന്ന ജീവവൃക്ഷത്തിന്റെ ഫലവും ഏദനിൽ ഉണ്ടായിരുന്നു. അപ്പോൾ മനുഷ്യനെ മരണമില്ലാത്തവനായാണ് സൃഷ്ടിച്ചത് എന്ന ധാരണ തികച്ചു തെറ്റാണ് എന്ന് തെളിയുന്നു. പിന്നെ നുണയന്മാരുടെ പിതാവായ യഹോവ എന്തിനായിരിക്കണം മനുഷ്യനെ സൃഷ്ടിച്ചത്? പറയാം. കേട്ടു കൊൾക.

ഉല്പത്തി 2-15 '' യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ട് പോയി ഏദൻ തോട്ടത്തിലെ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെ ആക്കി''

ഇപ്പോൾ കാര്യം വ്യക്തമായിക്കാണും എന്ന് കരുതുന്നു. ദൈവത്തിനും കുടുംബത്തിനും തിരിച്ചറിവുണ്ടാവാനും അമരത്വം നേടാനുമുള്ള ഫലങ്ങൾ ഉണ്ടാകുന്ന വൃക്ഷങ്ങൾ നനച്ച് വളർത്തി കാത്ത് സൂക്ഷിക്കാൻ ദൈവത്തിന് നല്ലതും ചീത്തയും അറിഞ്ഞ് ചിന്തിച്ച് തിരിച്ച് ചോദ്യം ചോദിക്കാത്ത രണ്ട് ബുദ്ധിശ്യൂന്യരായ സേവകരെ വേണമായിരുന്നു. അതുകൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന് സാരം.

അത് സത്യമാണ് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ദൈവത്തിന് വെളിവ് വെച്ച് വരുന്നത് ആ വൃക്ഷത്തിലെ ഫലം കഴിച്ചിട്ടായിരുന്നു. ഈ വചനം കാണുക

ഉല്പത്തി 3-4 '' വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതു എന്ന് ദൈവം കണ്ടു ഇരുളും വെളിച്ചവും തമ്മിൽ വേർപിരിച്ചു.''

കാണുക ദൈവം കാര്യങ്ങൾ പഠിച്ചു വരുന്നതേയുള്ളു. വെളിച്ചം നല്ലത് എന്ന് സൃഷ്ടിക്കുന്നതിന് മുൻപ് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നില്ല. സൃഷ്ടിച്ച് കഴിഞ്ഞ ശേഷമാണ് മനസ്സിലാക്കുന്നത്. ഇനി വെളിച്ചത്തിൽ ഇരുളിനെ കലർത്തുന്നതും വേർതിരിച്ച് മാറ്റുന്നതും എങ്ങിനെ എന്നത് ദൈവത്തെ കാണുമ്പോൾ ചോദിക്കുക അല്ലെങ്കിൽ ഏതെങ്കിലും പാസ്റ്റർമാരോട് ചോദിച്ച് മനസ്സിലാക്കുക. കാരണം അവർ ദൈവവുമായി ദിവസം കുറഞ്ഞത് 6-7 മണിക്കൂർ സമ്പർക്കത്തിൽ ഇരിക്കുന്നവരാണല്ലോ!.

ബൈബിൾ പഴയ നിയമം പുറപ്പാട് എന്ന അദ്ധ്യായം മുതൽ മലാഖി എന്ന അദ്ധ്യായം വരെ ദൈവം നേരിട്ട് നടത്തുന്ന തിന്മകളാണ് കാണാൻ കഴിയുന്നത്. അത് വിസ്തരിക്കുകയാണെങ്കിൽ കളവ്, നുണ, മോഷണം, കൊള്ള, കൊല, ബലാത്സംഗം, അടിമത്വം തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുകയും അസൂയയാൽ മനുഷ്യരെ ഭിന്നിപ്പിക്കുകയും ചെയ്യുന്നതായി ക്കാണാം. നന്മതിന്മകളെ തിരിച്ചറിയാത്ത രീതിയിൽ സൃഷ്ടിച്ച സൃഷ്ടിയുടെ കുറവുകൾ ദൈവത്തിന് പൂർണ്ണതയോടെ സൃഷ്ടി നടത്തുവാനുള്ള കഴിവില്ല എന്നതാണ് വെളിവാക്കുന്നത്. അതോടൊപ്പം കാര്യങ്ങൾ ഇങ്ങിനെയൊക്കെ സംഭവിക്കും എന്ന മുൻകൂട്ടി അറിവാനുള്ള കഴിവില്ലായ്മയും കൂടി മറച്ചു വെച്ചുകൊണ്ട് ആ കുറ്റം മറ്റൊരാളുടെ തലയിൽ കെട്ടിവയ്ച്ച് കയ്യൊഴിയുകയാണ് ദൈവം.

നന്മതിന്മകൾ അറിവില്ലാത്തതിനാൽ ആദിമ ദമ്പതികൾ ചെയ്തത് അവരുടെ തെറ്റായി വരികയില്ലല്ലോ? ആകയാൽ ഒന്നുകിൽ ദൈവം തന്റെ തെറ്റ് സമ്മതിക്കണം. അല്ലെങ്കിൽ സാത്താനാണ് തെറ്റുകാരൻ എന്ന് ഉറപ്പുണ്ടെങ്കിൽ ആ വിപരീത പ്രലോഭന ശക്തിയെ എന്നേയ്ക്കുമായി ഇല്ലാതാക്കുകയും തന്റെ സൃഷ്ടിയുടെ കുറവുകൾ നികത്തി പൂർണ്ണതയുള്ളവയാക്കി മാറ്റുകയും വേണമായിരുന്നു. എന്നാൽ ദൈവം ചെയ്തത് കാണുക.

ഉല്പത്തി 3:14 '' നീ ഇതു ചെയ്തതുകൊണ്ടു എല്ലാ കന്നുകാലികളിലും കാട്ടുമൃഗങ്ങളിലും വെച്ചു നീ ശപിക്കപ്പെട്ടിരിക്കുന്നു: നീ ഉരസ്സുകൊണ്ട് ഗമിച്ചു നിന്റെ ആയുഷ്കാലം മുഴുവൻ പൊടിതിന്നും''. എൻ.ഐ.വി, എൻ.എൽ.ടി, തുടങ്ങി അഞ്ചോളം ബൈബിൾ വേർഷൻ 'ഇഴയും' എന്ന് എടുത്ത് പറഞ്ഞിരിക്കുന്നു. നിങ്ങൾ ആലോചിക്കുക ഇഴയുന്നതിന് മുൻപ് പാമ്പ് സഞ്ചരിച്ചിരുന്ന രീതി. പാമ്പ് പറന്നോ, തവളയെപ്പോലെ ചാടിയോ നടക്കുന്ന ഒരു അവസ്ഥ. നല്ലത് ഇഴഞ്ഞ് നീങ്ങുന്നത് തന്നെ അല്ലേ?. 100 ൽ അധികം ജീവികൾ ഇഴഞ്ഞ് നടക്കുന്ന ഭൂമിയിൽ പാമ്പ് ഇഴയുന്നത് വലിയ കാര്യമാണോ? ഇതാണോ ശിക്ഷ? പാമ്പ് പൊടിയാണോ ഭക്ഷിച്ച് ജീവിക്കുന്നത്?. 90% പാമ്പുകളും ഈർപ്പമുള്ള കാലാവസ്ഥയിലാണ് ജീവിക്കുന്നത്.

ഇനി സ്ത്രീയുടെ അവസ്ഥ നോക്കൂ. ദൈവം സ്ത്രീയെ ശപിക്കുന്നത്. ഉല്പ്പത്തി 3:16 ''നിനക്ക് ഞാൻ കഷ്ടവും ഗർഭധാരണവും വർദ്ധിപ്പിക്കും,

വേദനയോടെ നീ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും. അവൻ നിന്നെ ഭരിക്കും."

ഇതിനെപ്പറ്റി ആലോചിക്കുകയാണെങ്കിൽ ഭൂമുഖത്തുള്ള സസ്തനി വിഭാഗത്തിൽ പെടുന്ന എല്ലാ ജീവികളെയും ദൈവം സൃഷ്ടിച്ചു എന്നല്ല ശപിച്ചു എന്നാണ് പറയേണ്ടി വരിക. ഈ ജീവികൾ എല്ലാം പ്രസവ വേദന അറിയുന്നവയാണ്. എന്താണാവോ ഈ ജീവികൾ ചെയ്ത കുറ്റം?. ഇപ്രകാരം വിശകലനം ചെയ്യുകയാണെങ്കിൽ ഓരോ വചനങ്ങൾ കണക്കിന് എണ്ണിയെണ്ണി പറയുവാനുണ്ട്. പക്ഷെ ഇതിന്റെ ഗ്രന്ഥകർത്താക്കളോടുള്ള മഹാപാതകമായിത്തീരുമല്ലോ എന്ന് ആലോചിക്കയാൽ അതിന് ഞാൻ മുതിരുന്നില്ല.

ഇവിടെ കോപം, അസൂയ, കൊനിഷ്ട് എന്നിവമാത്രമല്ല, കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രവണതയും ദൈവത്തിൽ വളരെ തീഷ്ണമായി കാണവുന്നതാണ്. ഇവയെ ദൈവത്തിന് സൃഷ്ടിയെ ശിക്ഷിക്കുവാനുള്ള അധികാരമുണ്ട് എന്ന് ന്യായീകരിക്കുവാൻ തുനിയുകയാണെങ്കിൽ ഏദനിൽ നിന്നും സ്വന്തം കുറ്റം മറച്ചുവയ്ച്ച് ഇറക്കിവിട്ട ദൈവം പിന്നെയും പിന്നെയും മനുഷ്യരെ പിന്തുടർന്ന് ശല്യം ചെയ്യുന്നത് എന്തിനാണ് എന്നുവരും. മൂന്ന് തരത്തിലുള്ള പ്രധാന തെറ്റുകളാണ് ദൈവം ചെയ്തിട്ടുള്ളത്. ഒന്ന് നുണ പറഞ്ഞു. രണ്ട് തന്റെ തെറ്റ് തന്റെ സൃഷ്ടിയിൽ ആരോപിച്ചു. മൂന്ന് ആ തെറ്റ് മറയ്ക്കാൻ സൃഷ്ടിയെ ശിക്ഷിക്കുകയും ചെയ്തു.

ഉല്പത്തി 3:24 ൽ ഏദനിൽ നിന്നും ജീവവൃക്ഷത്തിന്റെ ഫലം കഴിച്ച് നിത്യത നേടാതിരിക്കാൻ ഇറക്കി വിടുകയും തിരിയുന്ന വാളിന്റെ ജ്വാലകളുമായി കെരൂബുകളെ (മാലാഖമാർ) തോട്ടത്തിന് കാവൽ നിർത്തുകയും ചെയ്തു.

തനിക്ക് ഏറ്റവും മൂല്യമായ രണ്ട് വൃക്ഷങ്ങളിലേയും കനികൾ ആരും തന്നെ പറിച്ച് കൊണ്ടുപോകാതിരിക്കുവാൻ ദൈവം ഏദൻ തോട്ടത്തെ എപ്രകാരമാണ് സംരക്ഷിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇന്ന് ക്രിസ്ത്യൻ പുരോഹിതരും, പാസ്റ്റർമാരും പറയും പോലെ നിത്യതയുടെ ഫലം (ജീവവൃക്ഷത്തിന്റെ ഫലം) നൽകി മനുഷ്യനെ അനുഗ്രഹിക്കുവാൻ ഒരിക്കലും യഹോവയായ ദൈവമോ കൂട്ടാളികളോ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് തന്നെ ദൈവത്തിന്റെ ഉദ്ദേശ്യം മറ്റൊന്നാണ് എന്ന് വരുന്നു.

മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും സൃഷ്ടാവായ ദൈവത്തിന്റെ ഗുണഗണങ്ങൾ, സ്വഭാവ സവിശേഷതകൾ ഇവ ആകയാൽ സ്വരൂപത്തിൽ നിന്നും ഉണ്ടാക്കിയ മനുഷ്യനിൽ അവ പ്രതിഫലിക്കുക സ്വാഭാവീകം മാത്രമല്ലേ. പ്രതിബിംബം പ്രതിഫലിക്കുക തന്നെ ചെയ്യും. അതുകൊണ്ട് തന്നെ മനുഷ്യർ ചെയ്യുന്ന മേൽ പറഞ്ഞ സ്വഭാവങ്ങളും പ്രവർത്തികളും തിന്മയുടെ ഭാഗമാകുന്നതെങ്ങിനെ. അവ ദൈവീകമാണ്, ദൈവീക ഗുണമാണ്. അവ പ്രോത്സാഹിക്കപ്പെടേണ്ടതല്ലേ?.

ഇവിടെ ബുദ്ധിയും ചിന്താശേഷിയുമുള്ള മനുഷ്യൻ മനസ്സിലാക്കുന്ന ചില വസ്തുതകൾ. സാത്താൻ സംസ്കാര സമ്പന്നനും, വിദ്യ പകർന്നു കൊടുത്തവനും, സ്വാർത്ഥത ഇല്ലാത്തവനും. അനുകമ്പയുള്ളവനും ആണ്

എന്നതാണ്. സാത്താന് മേൽപ്പറഞ്ഞ ഇരു ഫലങ്ങളും തനിയെ അനുഭവിക്കാമായിരുന്നു. എന്നാൽ ആ ഫലത്തിന്റെ ഗുണങ്ങൾ സാത്താൻ മനുഷ്യന് പകർന്നു നൽകി. എന്നുമാത്രമല്ല, സ്ത്രീക്ക് ആദ്യം പുരുഷൻ രണ്ടാമത് എന്ന രീതിയിൽ അവസരം നൽകിക്കൊണ്ട് താൻ ഒരു മാന്യനാണ് എന്ന് തെളിയിക്കുകയും ചെയ്തു. എന്നാൽ ദൈവം ഇതിൽ നിന്നും തികച്ചും വിപരീതവും സ്വാർത്ഥമായ താല്പര്യമുള്ളവനും അതിനെ ഒളിച്ചുകൊണ്ട് കാപട്യമായ സ്നേഹം പ്രകടിപ്പിക്കുന്നവനും ആണെന്ന് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ '' സാത്താൻ ഈസ് എ ജെന്റിൽമാൻ ബട്ട് ഗോഡ് ഇസ് എ കണ്ട്രി ഫെല്ലോ'' എന്ന് നമുക്ക് ഈ അദ്ധ്യായത്തിൽ നിന്നും മനസ്സിലാക്കാം.


2

# ജീവവൃക്ഷത്തിന്റെ ഫലം

സത്താൻ എന്ന പദത്തിന്റെ ഉല്പത്തി ''സാധനാസ്'' എന്ന പദത്തിൽ നിന്നുമാണ്. അതായത് ആത്മീയമായി ഉയർന്ന് നിൽക്കുന്നവൻ എന്ന് അർത്ഥം. അതുകൊണ്ട് തന്നെയാണ് സാത്താൻ ദൈവത്താൽ ശപിക്കപ്പെട്ട് തരംതാഴ്ത്തപ്പെട്ട മാലാഖയാണ് എന്ന് 'ബുക്ക് ഓഫ് ഇനോക്ക്' പറയുന്നത്. ഇതിനെ സാത്താന എന്ന് വികലപ്പെടുത്തി വിളിച്ചാലും അത് മഹാരാഷ്ട്രയിലെ സടാണ (സാത്താന) എന്ന സ്ഥലത്ത് നിന്നും ഉത്ഭവി ക്കപ്പെട്ടതാണ് എന്ന് പറയേണ്ടിവരും. കാരണം സാത്താൻ എന്ന നാമം തിന്മയുടെ ഭാഗമായി ബാബിലോണിയയുടെ പതനം വരെയും പഴയ ജൂതന്മാരുടെ ചരിത്രത്തിലും ഇല്ല. സത്യായന സന്യാസിമാർ വസിച്ചിരുന്ന ദേശമായിരുന്നു സാത്താന ആയി പരിണമിച്ചത്. സത്യായനി വിഭാഗം ഉപനിഷത്തിലും ചെറിയ സംഭാവന നൽകിയിട്ടുണ്ട്. സപ്തസിന്ധിലെ പുരാതന സിദ്ധയോഗികൾ ലോകം ചുറ്റുന്നവർ ആയിരുന്നു എന്ന് ചരിത്ര ത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രീക്ക് ഭാഷകർ ഈ വാക്കിന്റെ അർത്ഥം എതിരാളി എന്ന് വിശദീകരിക്കുന്നു. സെപ്തഗിന്ത് എന്ന പദം ഗ്രീക്ക് ബൈബിൾ വിവർത്തിത ഗ്രന്ഥം സാത്താന്റെ അർത്ഥം മറ്റൊരാളിന്റെ പാതയ്ക്ക് കുറുകെ വരുന്നവൻ എന്നാണ് വ്യാഖ്യാനിക്കു ന്നത്. എന്നാൽ സെപ്ത ഗിന്ത് ഒരു വികലമായ വാക്കാണ്. സപ്ത സിന്ധ് എന്ന വാക്ക് വികലപ്പെട്ട് പരിണമിച്ചാകാം ഈ വാക്ക് ഉണ്ടായിട്ടുള്ളത്. ബൈബിൾ എന്നത് (പഴയ നിയമം) ജൂതന്മാരുടെ ഗ്രന്ഥമായിരുന്നതിനാൽ നമുക്ക് ഇത് ശരിയാണ് എന്ന് അനുമാനിക്കേണ്ടി വരും. കാരണം ജൂത ന്മാരും ഗ്രീക്കുകാരും ഭാരതത്തിൽ നിന്നും പടിഞ്ഞാറൻ പ്രവശ്യയിലേയ്ക്ക് കുടിയേറിയവരാണ്. യഹൂദർ യദുവംശജർ ആയ യാദവ വംശത്തിൽ പ്പെട്ടവർ തന്നെയാണ്. ഗ്രീക്കിന്റെ പഴയ പേർ യവനദേശം എന്നാണ്. യവനർ എന്നാൽ തെക്ക് നിന്നും വന്നവർ എന്നാണ് അർത്ഥം. ജൂതന്മാർ യാദവർ തന്നെ ആണ്. യഹൂദ എന്ന വാക്ക് യാദവ എന്ന പേർ വികലപ്പെട്ട താണ്. ഒരുകാലത്ത് ജൂതന്മാർ ഈജിപ്ത്തിൽ അഭയം പ്രാപിച്ചെങ്കിലും കൈയ്യിലിരുപ്പ് കൊണ്ട് അവിടെനിന്നും ഓടിക്കുകയാണ് ഉണ്ടായത്. അതിന്റെ അമർഷത്തിൽ അവരുടെ ഈജിപ്തിൽ നിന്നുള്ള പ്രയാണം പുറപ്പാട് എന്ന അദ്ധ്യായമായി വിശുദ്ധഗ്രന്ഥത്തിൽ എഴുതിച്ചേർത്തെ ങ്കിലും ഇത്രയും അതിശയോക്തി കലർന്ന സംഭവങ്ങളും ഫെറോവയും ഈജിപ്തിന്റെ ചരിത്രത്തിൽ എങ്ങും തന്നെ ഇല്ല. തീർച്ചയായും രാഷ്ട്രീയ മായും സാമ്പത്തീകമായും സ്വാർത്ഥ താല്പര്യങ്ങളുള്ള ഒരുകൂട്ടം ആളുക ളുടെ കുറുകെ വന്നതു കൊണ്ടായിരിക്കണം സ്വാതീക് അഥവ സാത്വീകൻ സാത്താനായി പരിണമിച്ചത്.

നന്മതിന്മകളെക്കുറിച്ചറിയുവാനുള്ള ഏദൻ തോട്ടത്തിലെ വൃക്ഷത്തിന്റെ ഫലം കഴിച്ച് വിവേകം നേടിയ ആദവും ഹവ്വയും ജീവവൃക്ഷത്തിന്റെ ഫലം കഴിച്ച് അമരത്വം നേടാതിരിക്കാൻ അവരെ ദൈവം ഏദനിൽ നിന്നും പുറത്താക്കി എന്നു പറയുകയുണ്ടായല്ലോ. സത്യത്തിൽ എന്താണ് ജീവ വൃക്ഷത്തിന്റെ ഫലം?. ജീവവൃക്ഷത്തിന്റെ ഫലം എന്നത് മുക്തി ആണ്. അതായത് ക്രിസ്ത്യൻ ഭാഷയിൽ പറഞ്ഞാൽ സാൽവേഷൻ. മുക്തിയിലേ യ്ക്കുള്ള പാതയെ ദൈവത്തിന്റെ പേരിൽ ചിലരുടെ സ്വാർത്ഥ താല്പര്യ ത്തിനുവേണ്ടി തടയുക മാത്രമാണ് ഉല്പത്തി പുസ്തകത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. ഓരോ മതത്തിന്റെയും ഉള്ളിലേയ്ക്ക് ചെന്ന് പരിശോധിക്കുകയാണെങ്കിൽ ആത്മീയമാർഗ്ഗത്തിന് ഉപരിയായി ഭക്തി മാർഗ്ഗത്തിനാണ് പ്രാധാന്യം നൽകപ്പെട്ടിട്ടുള്ളത് എന്ന് നമുക്ക് കാണാവു ന്നതാണ്. അതുകൊണ്ട് തന്നെ അതിന്റെ ആന്തരീക അർത്ഥം മനസ്സിലാ ക്കാൻ കഴിയാതെ വരികയും അബദ്ധജഡിലമായ കഥകളെ വിശ്വസിക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. ഇതുതന്നെയാണ് ഭാരതത്തിൽ ഇൻ ഡോ ആര്യന്മാരായ ജൂതന്മാർ ചെയ്തത്. മലിനമായ കഥകളിലൂടെ ഭക്തി മാർഗ്ഗം ജനങ്ങളുടെ മനസ്സിലേയ്ക്ക് തിരുകിക്കയറ്റുകയും തന്മൂലം ഭൂരി ഭാഗം വരുന്ന ജനത ഹിന്ദുത്വം എന്നത് മതമല്ല എന്നറിഞ്ഞിട്ടും ഭാരത ത്തിൽ മതം, വ്യക്തിഭാവമുള്ള ദൈവം എന്ന ആശയം ഇല്ലാതിരുന്നിട്ടും വസ്തുതകളുടെ അന്തസത്ത മനസ്സിലാക്കാൻ കഴിയാതെ ഘോരമായ അജ്ഞാനാന്ധകാരത്തിൽ ഉഴലുന്നത്. പ്രപഞ്ചം മുഴുവൻ പ്രജ്ഞയാൽ നിറഞ്ഞതാണെന്നും ആ പ്രജ്ഞ സചേതനവും, അചേതനവും ആയ വസ്തുക്കളിൽ പല അളവിലാണെന്നും ആദിയോഗി മനസ്സിലാക്കിയിരുന്നു. ആ പ്രജ്ഞയെ ഉണർത്തി തേജോമയമാക്കിയാലെ മുക്തിപദം തുറക്ക പ്പെടുകയുള്ളു എന്ന് ആദിഗുരുവായ അദ്ദേഹത്തിന് അറിയാമായിരുന്നു.

ഏകദേശം ബി.സി 18000-17000 ൽ ആണ് ആദിയോഗിയുടെ കാലഘട്ടം. ലോകത്തെ എല്ലാരാജ്യങ്ങളും അദ്ദേഹത്തെ ദൈവമായി ആരാധിച്ചിരുന്നു. ഇന്നും ആദിയോഗി മാറ്റമില്ലാതെ എല്ലാമതങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ആരാധിക്കപ്പെടുന്നു എന്നതും ഒരു സത്യമാണ്. നമുക്ക് മുൻപ് ഉണ്ടായിരുന്നവർ തികച്ചും സംസ്കാരശ്യൂന്യരും കാടന്മാരും വിവര മില്ലാത്തവരും ആയിരുന്നു എന്ന് ചിന്തിക്കുന്നത് തികച്ചും വങ്കത്തമാണ്. ഈ ചിന്താഗതി നമുക്ക് ഇടയിൽ കുത്തിവെച്ചത് ബ്രിട്ടീഷുകാർ അടക്ക മുള്ള കുബുദ്ധികളാണ്. എന്നാൽ പലരാജ്യങ്ങളിൽ നിന്നും വിജ്ഞാന പ്രദവും അമൂല്യമായ ഗ്രന്ഥങ്ങൾ കൊള്ളയടിച്ച് തങ്ങളുടെ കണ്ടുപിടുത്ത ങ്ങളായി അവതരിപ്പിച്ച് കൈയ്യടിനേടുന്നതിൽ അവർ വിജയിക്കുകയും ചെയ്തു. ആദിയോഗിയുടെ കാലഘട്ടം എങ്ങിനെയാണ് മേൽപ്പറഞ്ഞ താകാം എന്ന് കണക്കുകൂട്ടിയത് എന്ന് താഴെയുള്ള ചിത്രത്തിൽ നിന്നും മനസ്സിലാക്കാം. നന്ദി എന്ന കാള ആദിയോഗിയുടെ വാഹനമായിരുന്നു എന്ന് നമുക്ക് അറിയാം. ലോകത്തിന്റെ പല ഭാഗങ്ങളിലും കാളയെ ആരാധി ച്ചിരുന്നതായി കാണാവുന്നതാണ്. ആദിയോഗി ലോകത്തിന് നൽകിയ ആത്മീയപാത വാനശാസ്ത്രപരവും ജ്യോതിശാസ്ത്രപരവുമായ ഒന്നായി രുന്നു. കാരണം ഈ പ്രപഞ്ചത്തിന്റെ ചെറുപതിപ്പ് തന്നെയാണ് ജീവജാല ങ്ങളുടെ ശരീരം എന്ന് മാത്രമല്ല നമ്മുടെ സൗരയൂഥത്തിലെ പല




***Precession of the Autumnal Equinox***

ഗ്രഹങ്ങൾക്കും ഭൂമിയിലെ ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കളെ സ്വാധീനിക്കാനുള്ള ശേഷിയുമുണ്ട്. ഉദാ: കാലാവസ്ഥ വ്യതിയാനങ്ങൾ നമ്മുടെ ശരീരത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ നോക്കുക, ആരോഗ്യത്തിൽ വരുത്തുന്ന മാറ്റങ്ങൾ നോക്കുക. ചെടികളുടെയും വൃക്ഷങ്ങളുടെയും വളർച്ച പകലും, രാത്രിയിലും പൗർണ്ണമി ദിനത്തിലും അമാവാസി ദിനത്തിലും എത്രയാണെന്ന് പരിശോധിക്കുക. ചന്ദ്രന്റെ പ്രഭാവത്തിലുണ്ടാകുന്ന വേലിയേറ്റ സമയത്ത് മുറിവുണ്ടായാൽ നഷ്ടപ്പെടുന്ന രക്തത്തിന്റെ തീവ്രതയും അളവും വേലിയിറക്ക സമയത്ത് ഉണ്ടാകാറില്ല എന്നത് ഓർക്കുക. സൂര്യനിൽ നിന്നുള്ള ഊർജ്ജം ആണ് ജീവൻ. സൂര്യപ്രകാശം കടന്നു ചെല്ലാത്ത ധ്രുവമേഖലകൾ മഞ്ഞിനാൽ മൂടപ്പെട്ട് ജീവജാലങ്ങളുടെ അഭാവത്തിലുള്ള പ്രദേശങ്ങളാണ് എന്നതും വായനക്കാർ ഈ അവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

ബൈബിൾ പഴയനിയമം പുറപ്പാട് എന്ന അദ്ധ്യായത്തിലെ 32:19–20 ൽ ജനം സ്വർണ്ണം കൊണ്ടുണ്ടാക്കിയ കാളക്കുട്ടിയെ ആരാധിക്കുന്നത് കണ്ട് മോശ കോപാകുലനാകുകയും കാളക്കുട്ടിയുടെ വിഗ്രഹം ചുട്ട് ചാമ്പലാക്കുന്നതും കാണാം. മോശയുടെ അഭിപ്രായത്തിൽ അവർ തെറ്റായ ഒന്നിനെയാണ് ആരാധിക്കുന്നത് എന്ന് മനസ്സിലാക്കാം. രാശിചക്രപ്രകാരം മുൻ ടോറസ് (കാള) കാലഘട്ടം ബിസി 17000 ത്തിന് അടുത്ത് നിന്നാണ് തുടങ്ങുന്നത്. മോശയുടെ കാലഘട്ടത്ത് അത് ഏരീസിലേയ്ക്ക് കടന്നു. ആയതിനാലാണ് ആ കാലഘട്ടത്തിന് ശേഷം ആടിന് പ്രാധാന്യം വരുന്നത്. ആ കാലഘട്ട ത്തിന്റെ അവസാനഭാഗം ബൈബിളിൽ യഹോവയ്ക്ക് ആട്ടിൻകുട്ടിയെ ബലി നൽകാൻ പറയുന്ന വചനങ്ങൾ ഉള്ളതും ആയതിനാലാണ്. എന്നാൽ യേശുവിന്റെ കാലഘട്ടം പൈസെസ് (മീനം) മുതലാണ്. ലൂക്കോസ് 9:13,16 യേശു രണ്ട് മീനും അഞ്ച് അപ്പവും വീതം 5000 പേരെ ഊട്ടുന്നത് കാണാം. ലൂക്കോസ് 22:10 നോക്കുകയാണെങ്കിൽ ‘‘നിങ്ങൾ പട്ടണത്തിൽ ചെല്ലു മ്പോൾ വെള്ളവും ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്ക് എതിർപ്പെടും’’ എന്ന് പറയുന്നു. അതായത് അപ്പോഴേയ്ക്കും കാലഘട്ടം അക്വാരിയസിലേ ക്ക് (കുംഭം) കടന്നതായി നമുക്ക് മനസ്സിലാക്കാം. അതായത് ബൈബിൾ എന്നത് ചരിത്രപരമായ ഒന്നല്ല. മറിച്ച് ജ്യോതിശാത്രപരമായ ഒന്നിന്റെ വിശകലനത്തിന്റെ പകർപ്പ് മാത്രമാണ് എന്ന് കാണാവുന്നതാണ്.

ഈ അദ്ധ്യായത്തിലെ ചില വസ്തുതകളെ വിശദ്ധീകരിക്കാൻ ഇത്രയും വളിച്ചുനീട്ടി പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. എങ്കിലും ഇപ്രകാരമല്ലാതെ പറയുവാൻ നിവർത്തിയില്ല. കാരണം വസ്തുതകൾ എല്ലാം വളച്ചൊടിച്ച് മറച്ച് വച്ചിരിക്കുന്നതിനാൽ ആ വഴി നേരെയാക്കാൻ അല്പം വിശദ്ധീകരിച്ച് പറഞ്ഞാലെ മതിയാകു. അതുകൊണ്ട് തന്നെ ചില വസ്തുതകൾ കൂടി പറയട്ടെ. ഈ മഹായോഗി തന്നെയാണ് വേദത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹം തന്നെയാണ് ആദ്യമായി സൗരയൂദത്തിലെ ഗ്രഹങ്ങളെയും അവയുടെ ഗതിയെയും പറ്റി പ്രസ്ഥാവിച്ചത്. അദ്ദേഹം തന്നെയാണ് *ഓറി യോൺ*. ആദിയോഗിയാണ് രാശിചക്രത്തിലുള്ള നക്ഷത്രങ്ങൾക്ക് സുന്ദര മായ ചിത്രരൂപങ്ങൾ നൽകിയത്. ആ ആദിയോഗിയാണ് ആദ്യമായി ചന്ദ്രമാസ കലണ്ടറിന് രൂപം നൽകിയത്. ‘കലണ്ടർ’ എന്നത് തമിഴ് ഭാഷയിൽ നിന്നും രൂപം കൊണ്ടതാണ്. കാലം + തിരി = കാലന്തിരി == കാലണ്ടർ == കലണ്ടർ. ചന്ദ്രന്റെ ഗതിവിഗതികളെക്കുറിച്ച് പഠനം നടത്തിയതിനാലാണ് ചന്ദ്രക്കല നെറുകിൽ ചൂടിയ ചന്ദ്രകലാധരനായി അദ്ദേഹം അറിയപ്പെടുന്നത്. അതേ മഹാദേവൻ തന്നെയാണ് ആദ്യമായി സൃഷ്ടിയുടെ സിദ്ധാന്തം പ്രസ്ഥാവിച്ചത്. ഋഗ്വേദം 10:129 നാസാദികൃസൂക്തം പരിശോധിക്കുക. അതുപോലെ അതേകാലയളവിൽ ഉണ്ടായിട്ടുള്ള മറ്റൊരു ഗ്രന്ഥമാണ് സൂര്യസിദ്ധാന്തം. പ്രകാശത്തിന്റെ വേഗത, ഭൂമി സൂര്യനെ ചുറ്റാനെടുക്കുന്ന ദിവസം (വർഷം), ബുധന്റെ വ്യാസം, ശനിയുടെ വ്യാസം എന്നിവ സൂര്യസിദ്ധാന്തത്തിലുള്ള അളവുകളും ആധുനീകശാസ്ത്രത്തിന്റെ അളവുകളും തമ്മിൽ വളരെ തുശ്ചമായ വ്യത്യാസം മാത്രമാണ് ഉള്ളത്. ശിവഭക്തനായ മാമുനി മായനാണ് സൂര്യസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് പിന്നീട് അദ്ദേഹത്തിന്റെ മരുമകൻ രാവണൻ അത് കൂടുതൽ വികസിപ്പി

ക്കുകയും വിഷ്ണുവിനാൽ ഉണ്ടാക്കപ്പെട്ട സൗരമാസകലണ്ടറിൽ കൂടുതൽ വിശദാംശങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. മായന്റെ വംശം (മായന്മാർ) തമിഴ് വംശജരായിരുന്നു എന്നും ഇന്നത്തെ മെക്സിക്കോയിലേയ്ക്ക് കുടിയേറിയവരാണെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. തമിഴ് ജോതി ശാസ്ത്രം പോലെ തന്നെ വളരെ സങ്കീർണ്ണവും വളരെ ഉയർന്ന നിലവാരം പുലർത്തുന്നതുമാണ് മായൻ ജ്യോതിശാസ്ത്രവും മായൻ കലണ്ടറും. മേൽപ്പറഞ്ഞ വസ്തുതകളുടെ തെളിവുകൾ ലഭ്യമാണ് എങ്കിലും വിസ്താര ഭയത്താൽ ഒഴിവാക്കുന്നു. വേണ്ടവർ എന്റെ '' ദ കോർ ഓഫ് എറ്റേണൽ ട്രാൻസ്ഫോർമേഷൻ '' എന്ന ഗ്രന്ഥത്തിനായി കാത്തിരിക്കുക. ഇത്രയും പറഞ്ഞത് ആദി ദൈവം ആയ യഹോവ ഹിന്ദുക്കൾ ആരാധിക്കുന്ന ശിവൻ തന്നെ ആണെന്നും മതം എന്നത് വാനശാസ്ത്രം തന്നെ ആയിരുന്നു എന്നും പറഞ്ഞു വെയ്ക്കാനാണ്. ഈ ഗ്രന്ഥത്തിന്റെ വരുന്ന അദ്ധ്യായങ്ങ ളിൽ ബൈബിൾ അവലോകനം ചെയ്യുമ്പോൾ നിങ്ങൾക്ക് അത് വ്യക്ത മാകും.

ഭൂമുഖത്തെ ഏറ്റവും പഴക്കമുള്ള ഭാഷ തമിഴാണ്. അത് ഇന്നു കാണുന്ന തമിഴ് അല്ല. ഇന്നത്തെ തമിഴ് പഴയ തമിഴിന് നാല്– അഞ്ച് ഘട്ടങ്ങളിലായി രൂപാന്തരം സംഭവിച്ചതാണ്. ലെമൂറിയ അഥവ കുമരികാണ്ഡമാണ് ആദ്യ സംസ്കാരം ഉടലെടുത്ത ഭൂഖണ്ഡം. ഇന്നേയ്ക്ക് 11000 വർഷങ്ങൾക്ക് മുൻപ് അത് മഹാപ്രളയത്തിൽ സമുദ്രത്തിനടിയിലായി. അവിടെ നിന്നും രക്ഷപ്പെട്ട ജനത മറ്റ് ഭൂഖണ്ഡങ്ങളിലേയ്ക്ക് കുടിയേറി. ആ ജനത അറിയുന്ന മഹാ സിദ്ധനും യോഗിയുമാണ് പലരും പലപരിൽ വിളിക്കുന്ന ആദിയോഗി. അദ്ദേഹം തന്നെയാണ് ബൈബിളിലെ യഹോവ. യഹോവ എന്ന നാമം ''യ+കോവൻ'' എന്നതിന്റെ പരിണാമമാണ് അതായത് യ=തെക്ക്, കോവൻ = രാജാവ്. തെക്കുനിന്നുള്ള രാജാവ് എന്നാണ് അത് അർത്ഥമാക്കുന്നത്. ശിവൻ ഹിന്ദുമതത്തിൽ ശാസ്ത്രത്തിന്റെയും, സംഗീതത്തിന്റെയും, നൃത്ത ത്തിന്റെയും, ധ്യാനത്തിന്റെയും യോഗയുടെയും, മോക്ഷത്തിന്റെയും ദൈവമായാണ് അറിയപ്പെടുന്നത്. അതിനാൽ തന്നെ അദ്ദേഹത്തെ അക്കാലത്തെ ജനത എപ്രകാരമായിരിക്കും കണ്ടിരുന്നത് എന്ന് ഊഹി ക്കാവുന്നതേയുള്ളൂ. അതുകൊണ്ട് തന്നെയാണ് ബഹുമുഖ പ്രതിഭകളായ സിദ്ധന്മാർ ദൈവങ്ങളും, രാജാക്കന്മാരും, സാധാരണക്കാരുടെ ആശ്രയവും ആയിമാറിയത്. ''ഏകം സത് വിപ്രാ ബഹുദാ വദന്തി'' സത്യം ഒന്നുമാത്ര മാണ് ജ്ഞാനികൾ അതിനെ പലപേരിൽ വിളിക്കുന്നു. എന്ന വേദവചനം നോക്കുക. വിഭിന്നങ്ങളായ മേഖലകളിൽ പ്രാവീണ്യരായിരുന്ന സിദ്ധന്മാർ പലപേരിൽ അറിയപ്പെട്ടു. ജൂതന്മാർക്കിടയിൽ എൽ ഷദ്ധായ്, യഹോവ, ഈജിപ്തിൽ റ (ശനീശ്വരൻ= ശിവ), റ യുടെ തലയിലുള്ളത് സൂര്യചക്രമല്ല, മറിച്ച് സഹസ്രാര ചക്രത്തിന്റെ ചിഹ്നമാണ്. കുണ്ഡലീനി ചിഹ്നമായ പാമ്പി നെ ശ്രദ്ധിക്കുക. അതുപോലെ റ യുടെ തല കാക്കയുടെതാണ്. ഭാരത ത്തിൽ ശനീശ്വരന്റെ വാഹനം കാക്കയാണ്. എന്നാൽ ഈജിപ്തിൽ എല്ലാം കൂടി ഒരേ ചിത്രത്തിൽ അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാ: ദുർഗ്ഗാ ദേവിയുടെ വാഹനം സിംഹമാണ്. ഇത് സിംഹമുഖമുള്ള ദൈവമായ വാഡ്ജെറ്റ് ആയി ഈജിപ്തിൽ കാണാവുന്നതാണ്. ശനി ഗ്രഹം കണ്ടെ ത്തിയിട്ടുള്ളത് ശിവൻ തന്നെയാണ് എന്നത് ഋഗ്വേദത്തിലൂടെ മനസ്സിലാ

ക്കാവുന്നതാണ്. റ യുടെ കണ്ണായി ചിത്രീകരിച്ചിക്കുന്നത് (ഐ ഓഫ് റാ) കുണ്ഡലീനി ചക്രങ്ങളെ തുറക്കുന്ന പീനിയൽ ഗ്ലാൻഡ് തന്നെയാണ്. അതുപോലെ ഹോറസ് ശിവ തന്നെയാണ്. ചില ഇംഗ്ലീഷ് ചരിത്രകാരന്മാർ ഹോറസിന്റെ 12 ശിഷ്യർ എന്നുപറയുന്നത് 12 രാശിനക്ഷത്രങ്ങളാണ് എന്ന് അറിയാതെയാണ്. മായൻ സംസ്കാരത്തിൽ എക് ചുവ (ഏക് നാഥ്) =ഏക് ശിവ തന്നെയാണ് എന്നത് എക്ചുവയുടെ ചിത്രത്തിലുള്ള വസ്തുക്കളുടെ സാമ്യം നോക്കി മനസ്സിലാക്കാവുന്നതാണ്. ശിവൻ അല്ലെങ്കിൽ യഹോവ സംഹാരത്തിന്റെ ദൈവമല്ല. അപ്രകാരം ആക്കിയെടുത്തത് മെസൊപ്പൊട്ടോമിയൻ വക്രബുദ്ധികളായ ആര്യന്മാർ തന്നെയാണ്. ശിവന്റെ ത്രിക്കണ്ണ് സംഹാരത്തിന്റെതല്ല മറിച്ച് അത് കുണ്ഡലീനീ ശക്തിയാൽ ഉണരുന്ന അതീന്ദ്രീയജ്ഞാനത്തിന്റെ അകകണ്ണാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അത് അതീന്ദ്രീയ ജ്ഞാനത്തിലേയ്ക്കുള്ള (ഇന്ദ്രീയങ്ങൾക്ക് അതീതമായ, ഇന്ദ്രീയങ്ങൾ ശാസ്ത്രീയമായ തരംഗ ദൈർഘ്യത്തിന്റെ പരിമിതിയിൽ പ്രവർത്തിക്കുന്ന ഒന്നാണ്.) കവാടം തുറക്കുന്ന പീനിയൽ ഗ്ലാൻഡിന്റെ ചിഹ്നവുമാണ്. ആദിയോഗി ആദിഗുരു തന്നെയാണ്. അദ്ദേഹം യോഗയുടെയും ധ്യാനത്തിന്റെയും മാർഗ്ഗത്തിലൂടെ മുക്തിയുടെ കവാടം എല്ലാവർക്കും മുന്നിൽ തുറന്നിടുകയാണ് ചെയ്തത്. അത് സപ്തർഷികൾക്ക് പകർന്നു നൽകുകയും അവരാൽ ലോകം മുഴുവൻ വ്യാപിപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ യുഗങ്ങളായി എന്നും ചരിത്രത്തെ വളച്ചൊടിക്കാനും അതിലൂടെ വളർന്ന് പടരാനുമായി ഇത്തിൾക്കണ്ണികളായ ഒരു വിഭാഗം നിലനിന്നിരുന്നു.

നമുക്കറിയാം, ഇടാ, പിംഗള നാഡികളിലൂടെ നട്ടെല്ലിന്റെ കീഴറ്റത്തിലെ മൂലാധാര ചക്രത്തിൽ നിന്നും മുകളിലിലേയ്ക്ക് തുടർന്നുവരുന്ന ഊർജ്ജകേന്ദ്രങ്ങളായ മറ്റ് അഞ്ച് ചക്രങ്ങൾ കൂടി കടന്നാണ് അവസാന ചക്രമായ സഹസ്രാര ചക്രത്തിൽ കോസ്മിക് എനർജിയുടെ രൂപത്തിൽ പ്രജ്ഞ നിറയുന്നത്. അതായത് മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ, സഹസ്രാരം ഇവയാണ് മൊത്തത്തിലുള്ള 7 ഊർജ്ജകേന്ദ്രങ്ങൾ. സാധാരണ ഗതിയിൽ മനുഷ്യശരീരത്തിലേയ്ക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്ന കോസ്മിക് എനർജ്ജി ഇന്ദ്രീയങ്ങളിലൂടെയും മനസ്സിലൂടെയും ചോർന്നു കൊണ്ടിരിക്കുന്നു. അതായത് മൃഗങ്ങൾക്ക് തത്തുല്യമായി ഓരോ മനുഷ്യന്റെയും ജീവിതം കടന്നുപോകുന്നു. എല്ലാ ജീവികളിലും പ്രജ്ഞ പല അളവിലാണ് ഉള്ളത്. അതായത്, ഉറുമ്പിന്റെ ഉള്ളിലുള്ള പ്രജ്ഞ അല്ല പൂച്ചയിലുള്ളത്. അത് ഉറുമ്പിന്റെ പ്രജ്ഞയേക്കാളും വളരെ ഉയർന്ന തലത്തിലാണ്. ആ പ്രജ്ഞയല്ല നായയിലുള്ളത്. നായയുടെ പ്രജ്ഞയല്ല മനുഷ്യനിലുള്ളത്. എന്നാൽ ഉറുമ്പിന്റെ പ്രജ്ഞ ഉയർന്നാൽ പിന്നെ ജീവാത്മാവിന് ഉറുമ്പിന്റെ ശരീരത്തിൽ നിൽക്കാൻ കഴിയില്ല. അതായത് ആത്മാവിനെ താങ്ങാനുള്ള ശേഷി ശരീരത്തിന് കഴിയാതെ വരികയും ശരീരത്തിൽ നിന്നും ജീവൻ വിട്ടുപോകുകയും അത് അടുത്ത തലത്തിലുള്ള ജീവിയായി പരിണമിക്കുകയും ചെയ്യും. അതിനായി ആ അത്മാവ് അവസരത്തിനായി കാത്തിരിക്കും. ഇതുതന്നെയാണ് മറ്റ് ജീവജാലങ്ങളിലും നടക്കുന്നത്. ശരീരത്തിൽ ജീവാത്മാവിന് നിലനിൽക്കാൻ കഴിയാത്ത രണ്ട് അവസ്ഥയാണുള്ളത്. ഒന്ന് ശരീരം പ്രായം

കൊണ്ടോ, രോഗം കൊണ്ടോ, അപകടങ്ങൾ മുഖേനയോ ജീവാത്മാവിനെ താങ്ങാൻ കഴിയാത്തവിധം ദുർബലമായിരിക്കുന്നത്. രണ്ട് ആത്മാവ് ശരീരത്തിന് താങ്ങാൻ കഴിയാത്ത വിധം ശക്തി പ്രാപിക്കുന്നത്. അതുപോലെ തന്നെ പഞ്ചേന്ദ്രീയങ്ങളെ അടക്കി ഒരുക്കിയ യോഗിയുടെ ശരീരത്തിൽ ഊർജ്ജം നിറഞ്ഞുകവിയുകയും ചക്രങ്ങൾ തുറക്കപ്പെടുകയും പ്രജ്ഞയെ താങ്ങാൻ ശരീരത്തിന് കഴിയാതെ വരികയും ആത്മാവ് ശരീരം വിട്ട് കൂടുതൽ ഉയർന്ന തലങ്ങളിലേയ്ക്ക് പോകുകയും ചെയ്യുന്നു. ജീവജാലങ്ങളിൽ ഉയർന്ന ശ്രേണിയിൽ നിൽക്കുന്ന മനുഷ്യന് മാത്രമേ ഇപ്രകാരത്തിൽ ജീവാത്മാവിനെ ഉന്നതമായ മറ്റൊരു തലത്തിലേയ്ക്ക് എത്തിക്കുന്ന വിദ്യ പരിചിതമുള്ളു. എപ്പോൾ സാധകന്റെ പ്രജ്ഞ (ജീവാത്മ) ബ്രഹ്മത്തിന്റെ പ്രജ്ഞയ്ക്ക് (പരമാത്മ) സമാനമാകുന്നുവോ അപ്പോൾ അത് പരമാത്മവിലേയ്ക്ക് ലയിച്ചുചേരുന്നു. ഈ പ്രക്രീയയെ മുക്തി അഥവ സാൽവേഷൻ എന്ന് പറയുന്നു. മൂലാധാരത്തിൽ നിന്നും സഹസ്രാരത്തിലേയ്ക്ക് പ്രജ്ഞയെ ഉയർത്തുന്ന പ്രക്രീയ കുണ്ഡലീനി യോഗവിദ്യ എന്നാണ് അറിയപ്പെടുന്നത്. പ്രജ്ഞ പടിപടിയായി ഉയരുന്നത് നട്ടെല്ലിനെ ഇടത്തോട്ടും വലത്തോട്ടും ചുറ്റിയിരിക്കുന്ന ഇടാ-പിംഗളാ നാഡിയുടെ സംഗമമായ സ്ഥാനങ്ങൾ വഴിയാണ്. ഈ സ്ഥാനങ്ങളാണ് ഊർജ്ജകേന്ദ്രങ്ങളായി അറിയപ്പെടുന്നത്. സ്വാഭാവീകമായും ഒരു സാധാരണ മനുഷ്യനിൽ പ്രജ്ഞയുടെ അളവ് വർദ്ധിക്കുമ്പോൾ അയാളിൽ അസാധാരണമായ കഴിവുകൾ പ്രകടമായിത്തുടങ്ങുന്നു. ഇതു തന്നെയാണ് ബൈബിൾ മറച്ച് പിടിക്കാൻ ആഗ്രഹിക്കുന്ന ജീവവൃക്ഷത്തിലേയ്ക്കുള്ള വഴി. ആജ്ഞാ ചക്രത്തിൽ നിന്നും സഹസ്രാര ചക്രത്തിലെത്തുമ്പോൾ ആ ഫലം നമുക്ക് പ്രാപ്തമാകുന്നു. പിന്നെ ജീവൻ ശരീരത്തിൽ നിൽക്കുകയില്ല. അത് മോക്ഷപദത്തിലേയ്ക്ക് യാത്രയാകുന്നു. മതങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ സ്വർഗ്ഗപ്രാപ്തി നേടുന്നു. പക്ഷെ ആ സ്വർഗ്ഗം തിന്നും കുടിച്ചും മദിച്ചും മെതിച്ചും നടക്കാവുന്ന ഒന്നല്ല. ഇതേ കുണ്ഡലീനി വിദ്യതന്നെയാണ് ജൂതന്മാർക്കിടയിൽ അറിയപ്പെട്ടിരുന്ന കബ്ബാല. കപാലം എന്ന വാക്കിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. (കാപാലി = ശിവൻ, ആണ് ഈ വിദ്യ കണ്ടുപിടിച്ചത്.) അന്ധവിശ്വാസികളായ ഒരുകൂട്ടം ജനങ്ങളെ ആഗ്രഹിച്ചിരുന്ന പുരോഹിത വർഗ്ഗത്തിനുള്ള പ്രഹരമായിരുന്നു ഈ ആത്മീയ മാർഗ്ഗം. അതുകൊണ്ട് തന്നെ ആയിരുന്നിരിക്കണം അതിന് തടയിടാനായി ശൈവസിദ്ധരെയും ആ മാർഗ്ഗം സ്വീകരിക്കുന്നവരെയും ഇല്ലായ്മ ചെയ്യുവാൻ പൗരോഹിത്യ വർഗ്ഗം തുനിഞ്ഞത്. ചില പാശ്ചാത്യഗവേഷകർ ദ്രവ്യത്തിൽ (matter) നിന്നുമാണ് പ്രജ്ഞ (കോൺഷ്യസ്നെസ്സ്) ഉണ്ടാകുന്നതെന്ന് വാദഗതികൾ ഉന്നയിക്കുന്നു. എന്നാൽ ആ ദ്രവ്യം ഉണ്ടാകുന്നതിന് പിന്നിലും ഒരു മഹാബുദ്ധി പ്രവർത്തിക്കുന്നുണ്ട്. അതായത് പ്രജ്ഞ ദ്രവ്യത്തെ ആശ്രയിക്കുന്നില്ല. എന്നാൽ ദ്രവ്യം പ്രജ്ഞയെയാണ് ആശ്രയിക്കുന്നത്. ഈ മഹാബുദ്ധിയിലേയ്ക്കുള്ള പ്രയാണമാണ് ഓരോ ജീവിതവും. ഓരോ മഴത്തുള്ളിയും സമുദ്രത്തിൽ ലയിച്ചു ഒന്നൊന്നിനെ തിരിച്ചറിയാത്ത വിധത്തിൽ ഇഴുകി പുണരാൻ ആഗ്രഹിക്കുന്ന മഹാപ്രയാണം. പരമാത്മാവിൽ ലയിച്ചു ചേരാനുള്ള ജീവാത്മാവിന്റെ ഒരിക്കലും അടങ്ങാത്ത ആഗ്രഹത്തിന്റെ മഹാപ്രയാണം

3

# നിത്യനരകം

നാം ചെയ്ത തെറ്റിനുള്ള ശിക്ഷ നാം തന്നെ അനുഭവിക്കേണ്ടിവരും അത് ജീവിച്ചിരിക്കുമ്പോൾ അല്ലെങ്കിൽ മരണശേഷം എന്ന വിശ്വാസം ആദികാലം മുതൽ തന്നെ നിലനിന്നിരുന്നതാണ്. എന്നാൽ നിത്യനരകം, അന്ത്യദിനം, വിചാരണനാൾ തുടങ്ങിയ ആശയങ്ങൾ മനുഷ്യർ കേട്ട് തുടങ്ങിയത് സെമിറ്റിക്ക് മതത്തിന്റെ രണ്ടാം പാതിയുടെ ആരംഭം മുതലാണ്. അതിനു മുൻപ് സെമിറ്റിക് മതവിശ്വാസം അനുസരിച്ച് നരകം എന്ന ഒരു ആശയം ജൂതന്മാർക്കിടയിൽ ഉണ്ടായിരുന്നില്ല. എന്നാൽ പുതിയ നിയമം ആവിഷ്ക രിച്ചത് രാഷ്ട്രീയമായ നിഗൂഢലക്ഷ്യങ്ങളോട് കൂടിയാണ്. റോമൻ സാമ്രാജ്യ ത്തിന്റെ ദുരാഗ്രഹങ്ങൾ സാക്ഷാത്കരിക്കുന്ന വേണ്ടി ഈ കർമ്മം നിർവ്വഹിച്ചത് ഫ്ളാവിയസ് ജോസിഫസ് എന്ന റോമനൊ-ജ്യൂയിഷ് ചരിത്രകാരനാണ്. പരമ്പരാഗതമായി മരണത്തിന് ശേഷം പുനർജന്മത്തിൽ വിശ്വസിച്ചിരുന്ന ജൂതൻ ജനതയെ റോമൻ പട്ടാളം പുതിയ നിയമം പ്രാബല്യത്തിൽ വരുത്തിയ ശേഷം ഇല്ലാതാക്കുകയും അവരുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്ന കബ്ബാല എന്ന യോഗവിദ്യയെ നാമാവശേഷമാ ക്കുകയും ചെയ്തു. ബൈബിളിന്റെ അടിസ്ഥാനം പാപമാണ്. പാപമില്ലെ ങ്കിൽ ബൈബിളിന് യാതൊരു പ്രസക്തിയും ഇല്ല എന്നുമാത്രമല്ല. പിതാവും പാപപരിഹാരത്തിന് വന്ന പുത്രനും യാതൊരു സ്ഥാനവും ഇല്ലാതാകുന്നു. അതുകൊണ്ട് തന്നെ പാപം എന്നത് ഒരു ക്രിസ്ത്യൻ രാഷ്ട്രീയ അജണ്ട ആയിരുന്നു. പുരോഹിത വർഗ്ഗം വിശ്വാസികളെ മാത്രമല്ല ലോകരെ മുഴുവൻ പാപികൾ എന്ന് അഭിസംബോധന ചെയ്തു. നിത്യനരകം, സ്വർഗ്ഗം, നിത്യജീവൻ തുടങ്ങീ പദങ്ങൾ കൊണ്ട് മാനവ ജനതയുടെ രക്തം കുടിച്ച് അവർ വളർന്നു. ആ രാഷ്ട്രീയ അജണ്ട ലോകത്തെ മുഴുവൻ അരാജകത്വത്തിൽ അമർത്തിക്കൊണ്ട് ഏകാതിപത്യത്തിനായി കോടിക്ക ണക്കിന് പണം നിക്ഷേപിച്ച് നടത്തുന്ന ഒരു മഹാവാണിജ്യമായി വളർന്നുകൊണ്ടിരിക്കുന്നു. ഇന്ന് പല പ്രമുഖ ക്രിസ്ത്യൻ രാജ്യങ്ങളും ഈ ബിസിനസ്സിൽ പണം മുടക്കിയിട്ടുണ്ട്. വ്യാജമായ അത്ഭുത രോഗശാന്തി ശുശ്രൂഷകൾ മുഖേനെയും, പണം, താത്കാലീക സഹായങ്ങൾ മുതലാ യവയിലൂടെയും പീഢിതരും, രോഗികളും, ദുർബലരും, നിസ്സഹായരും, ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ടവരുമായ ആളുകളുടെ അവസ്ഥകൾ മുതലെടുത്ത് വശീകരിച്ച് പറ്റിച്ച് അതിലൂടെ ജീവിക്കുന്ന, ആ കാശുകൊണ്ട് നിർലജ്ജാകരമായി തന്റെ ഭാര്യയെയും, കുഞ്ഞിനെയും, മാതാപിതാ ക്കളെയും പോറ്റുന്ന നാലാംകിട സമൂഹം ക്രിസ്ത്യൻ, പ്രത്യേകിച്ച് പെന്തക്കോസ്ത് വിഭാഗത്തിൽ വളർന്നുവരുന്നു. കുമ്പസാരക്കൂട്ടിൽ വിശ്വാസികളായ പാപികളുടെ തെറ്റുകളും, ലൈംഗീക വൈകൃതങ്ങളും കേട്ട് ആസ്വദിച്ച് ആ നിമിഷങ്ങളെ ഓർത്ത് അവരെ മനസ്സിൽ പലവട്ടം ബലാത്സംഗം ചെയ്യുന്ന ക്രിസ്ത്യൻ പുരോഹിതരെ ആരാണ് പാപപരി

ഹാരത്തിന്റെ ഇടനിലക്കാരാക്കിയത്?. ഭൂമിയിലുള്ള മനുഷ്യർ എല്ലാം പാപികൾ എന്ന് പാടിക്കൊണ്ടിരിക്കുന്ന ഇവരും പാപികളാകയാൽ എങ്ങിനെയാണ് ഇവർ ഇടനിലക്കാരാകുന്നത്?. പുരോഹിതർക്ക് ആദിപാപത്തിന്റെ പങ്ക് ഇല്ല എന്ന് ദൈവം എവിടെയാണ് പറഞ്ഞിരിക്കുന്നത്?. സഭാനേതൃത്വത്തിന്റെ ഉന്നതശ്രേണി മുതൽ കന്യാസ്ത്രീ മഠങ്ങൾ വരെ പാപത്തിന്റെ പടുകുഴികളായ നരകങ്ങളാണ്. കന്യാസ്ത്രീ മഠങ്ങളിലെ ദൈവത്തിന്റെ മണവാട്ടികൾ എന്ന് പറയുന്ന സ്ത്രീകളിൽ പലരും എത്ര മ്ലേച്ഛമായ രീതിയിലുള്ള സ്വാഭാവം ഉള്ളവരാണ് എന്ന് സഭാവിശ്വാസികളും, പുതുതായി മഠത്തിൽ ചേർന്നവരും തന്നെ സമ്മതിക്കുന്ന കാര്യമാണ്. മതത്തിന്റെ പിന്നിൽ ഇവർ നടത്തുന്ന വ്യാപാര സ്ഥാപനങ്ങളിൽ മേലധികാരികളാകാൻ പുരോഹിതന്മാരുടെ ഇംഗിതങ്ങൾക്ക് വേണ്ടി ഏതു തരത്തിലുമുള്ള വിട്ടുവീഴ്ചകളും ചെയ്യുന്നവരും അനാഥാലയങ്ങളുടെ പേരിൽ വിദേശഫണ്ട് സ്വീകരിക്കുകയും മനുഷ്യക്കടത്ത് നടത്തുകയും ചെയ്യുന്ന ഗ്രൂപ്പുകളും ഇവയിൽ കുറവല്ല. ഇത് തികച്ചും ഇൻഡ്യയിലെ മാത്രം കാര്യമല്ല . മറിച്ച് ലോകം മുഴുവൻ നടക്കുന്ന വ്യാപാരത്തിന്റെ ഭാഗമാണ്. അപൂർവ്വം ചില സ്ഥാപനങ്ങൾ ഈ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുമെങ്കിലും ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ സഭകളുടെയും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളുടെയും അവസ്ഥ ഇതുതന്നെ ആണ്. അങ്ങിനെ പാപത്തിന്റെ കൂമ്പാരമായ സഭകൾ ആരെയാണ് നിത്യജീവനിലേയ്ക്ക് നയിക്കാൻ പോകുന്നത്?. അല്ലെങ്കിലും യഹോവയോ, യേശുവോ ഇടനിലക്കാർക്കായി ടെണ്ടർ ക്ഷണിക്കുകയും സഭ ലേലം വിളിച്ച് ടെണ്ടർ പിടിക്കുകയും ചെയ്തു എന്നുമാണോ വിശ്വാസികൾ വിചാരിക്കുന്നത്?.

മത്തായി 25:41 ‘‘ പിന്നെ അവൻ ഇടത്തുള്ളവരോടു : ശപിക്കപ്പെട്ടവരെ എന്നെവിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്ക് പോകുവിൻ’’. മത്തായി 25:46 ‘‘ ഇവർ നിത്യദണ്ഡനത്തിലേയ്ക്കും നീതിമാന്മാർ നിത്യജീവനിലേയ്ക്കും പോകും.’’ ഈ വചനങ്ങൾ ശ്രദ്ധിക്കുക. ഇത്തരത്തിലുള്ള വിശ്വാസങ്ങളിലൂടെയാണ് സെമിറ്റിക് മതം സഞ്ചരിക്കുന്നത്. പക്ഷെ ദൈവത്തിന്റെ ചിന്ത നമ്മൾ പരിശോധിക്കയാണെങ്കിൽ സ്വന്തം കഴിവുകേടിൽ അപക്വമായ സൃഷ്ടി നടത്തിയശേഷം ആ കുറ്റം മനുഷ്യന്റെ തലയിൽ കെട്ടിവെയ്ക്കുകയും പിന്നിട് പുറത്താക്കപ്പെട്ട മനുഷ്യന്റെ കുലത്തെ പിന്നാലെ നടന്ന് കാലാകാലങ്ങളായി ആക്രമിക്കുകയും അവസാനം താൻ സ്നേഹനിധിയാണ്, കരുണാനിധിയാണ് എന്ന് കാണിക്കുവാൻ പുത്രനെ മാനവരാശിയുടെ പാപം ഏറ്റെടുക്കുവാൻ ഭൂമിയിലേയ്ക്ക് അയച്ച് നാടകം കളിക്കുകയും ചെയ്തു. എന്നാൽ യേശു വന്നതുകൊണ്ടോ പോയതുകൊണ്ടോ ഒരത്ഭുതവും സംഭവിച്ചില്ല. മാനവരാശി പാപമുക്തമായി എന്ന് വെളിവുള്ള ഒരു മനുഷ്യനും പറയില്ല. ദൈവം കാപട്യക്കാരനല്ലാത്ത കാരുണ്യവാനായിരുന്നെങ്കിൽ ആ കാരുണ്യം ആദ്യമേ ആദത്തോടും ഹവ്വയോടും കാട്ടാമായിരുന്നു. ഇതിൽ യാതൊരു പങ്കുമില്ലാത്ത തലമുറകൾ ഇപ്രകാരം അനുഭവിക്കേണ്ടിവരുമെന്ന് സർവ്വജ്ഞാനിയായ ദൈവം മുൻകൂട്ടി അറിഞ്ഞിരുന്നിട്ട് ഇപ്രകാരം ചെയ്തുവെങ്കിൽ അത്തരത്തിലുള്ള ദൈവത്തെ എങ്ങിനെയാണ് വിശ്വസിക്കുക?.10000 വർഷം നിങ്ങളെ ഞാൻ

ശിക്ഷിക്കും എന്ന് പറഞ്ഞ സാത്താനാണോ അതോ ഞാൻ നിങ്ങളെ നിത്യനരകത്തിലേയ്ക്ക് തള്ളിവിടും എന്ന് പറഞ്ഞ ദൈവമാണോ അല്പ മെങ്കിലും വകതിരിവുള്ളവൻ?. അല്ലെങ്കിലും ഒരു മനുഷ്യൻ ജീവിതത്തിൽ 100% തിന്മചെയ്യാൻ യാതൊരു സാധ്യതയും ഇല്ലല്ലോ. ആകയാൽ ചെയ്ത തെറ്റുകൾക്ക് ശിക്ഷ അനുഭവിക്കുന്നത് പോലെ തന്നെ ചെയ്ത നന്മകൾക്ക് പ്രതിഫലം അനുഭവിക്കാൻ യോഗ്യനാണല്ലോ. അങ്ങിനെയിരിക്കെ പാപ ത്തിന് നിത്യനരകമാണ് വിധി എങ്കിൽ നന്മയ്ക്ക് നിത്യസ്വർഗ്ഗവും ലഭിക്കു വാൻ അവൻ അർഹനാണ്. അങ്ങിനെ ചെയ്യുകയാണെങ്കിൽ ഇവരെ ഏവിടെയാണ് ദൈവം അയയ്ക്കുക. അതല്ലാ, പാപത്തിന് മാത്രം നിത്യ നരകം നൽകുകയാണെങ്കിൽ ദൈവം മഹാപാപിയായി തീരുമല്ലോ?. അങ്ങി നെയിരിക്കെ, ചിന്തിക്കുകയാണെങ്കിൽ സാത്താന്റെ പാപം എന്താണ്?. സാത്താനെ തെറ്റ് ചെയ്യുവാൻ പ്രേരിപ്പിച്ചതാരാണ്?. മുന്നേ തിക്തവിചാരം ഉണ്ടാക്കാൻ മറ്റൊരു ശക്തി ഇല്ലാതിരിക്കെ സാത്താനെ തിന്മചെയ്യിപ്പിച്ചത് ദൈവത്തിന്റെ കൊലച്ചതി എന്നേ കരുതാൻ നിവൃത്തിയുള്ളു. കാരണം ദൈവമല്ലാതെ മറ്റൊരു സാത്താൻ വേറെ അവിടെ ഉണ്ടായിരുന്നില്ലല്ലോ!. ആകായാൽ എല്ലാ പാപവും പ്രവഹിക്കുന്നത് ദൈവത്തിൽ നിന്നുതന്നെ ആണ്. അതുകൊണ്ട് തന്നെ ആകണം ദൈവം മനുഷ്യനെ ഏദൻ തോട്ടത്തിൽ നിന്നും പുറം തള്ളിയശേഷവും കുതന്ത്രങ്ങളും പ്രകൃതി ദുരന്തങ്ങളും മറ്റ് നാടകങ്ങളും ഉണ്ടാക്കി മനുഷ്യന്റെ പിന്നാലെ കൂടിയത്.

നരകത്തെക്കുറിച്ച് പലതരത്തിലുള്ള വിശ്വാസങ്ങളായിരുന്നു ജൂതന്മാർ ക്കിടയിൽ നിലനിന്നിരുന്നത്. കീഴ്ഭാഗമില്ലാത്ത അത്യഗാധമായ ഗർത്തം. അവിടെ രാത്രിയും പകലും എന്നില്ലാതെ നിർത്താതെ തുടർന്നു കൊണ്ടി രിക്കുന്ന പീഢനങ്ങൾ. ഭീകരവും അതിക്രൂരവുമായ യാതനകളിൽ ഹൃദയ ഭേദകമായി നിലവിളിക്കുന്ന, മുരളുന്ന, ഏങ്ങലടിച്ച് കരയുന്ന ആത്മാക്കൾ, ആയിരക്കണക്കിന് ഇടിമുഴക്കങ്ങൾ ഒരുമിച്ചുണ്ടാകുമ്പോൾ ആത്മാക്കൾ പോലും പൊട്ടിപ്പിളരുന്ന കാഴ്ചകൾ, ആളിക്കത്തുന്ന തീയിൽ ആത്മാക്കളെ കോർത്ത് മുന്നോട്ടും തിരിച്ച് കൊണ്ടിരിക്കുന്ന കാഴ്ചകൾ, എണ്ണയിൽ പൊരിക്കുന്ന കാഴ്ചകൾ, ദൈവത്തിന്റെ അടങ്ങാത്ത പ്രതികാരത്തിൽ അലയടിക്കുന്ന തിരകൾ നിറഞ്ഞ ശ്വാസം മുട്ടിക്കുന്ന ഗന്ധം നിറഞ്ഞ ഗന്ധകത്തിന്റെ തീയെരിയുന്ന സമുദ്രങ്ങൾ, പാമ്പുകളും, ക്ഷുദ്രജീവികളും, പുഴുക്കളും നിറഞ്ഞ സ്ഥലങ്ങൾ അങ്ങിനെ പോകുന്നു വിശ്വാസങ്ങൾ. ഇത്തരത്തിലുള്ള മറ്റൊന്ന് നരകവും സ്വർഗ്ഗവും അടുത്തടുത്ത സ്ഥലങ്ങ ളാണ്, അല്ലെങ്കിൽ ഒന്ന് മറ്റൊന്നിന്റെ തുടർച്ചയാണ് അതുമല്ലെങ്കിൽ നരകം കീഴെയും സ്വർഗ്ഗം മുകളിലുമാണ് എന്ന വിശ്വാസമായിരുന്നു. കാരണം വിധിവിദാനങ്ങളെപ്പറ്റി പറയുമ്പോൾ, പ്രവർത്തികൾ നോക്കി ദൈവം തീരുമാനമെടുക്കുന്നതിനെ വിവരിക്കുമ്പോൾ സ്വർഗ്ഗ നരകങ്ങൾ അടുത്ത ടുത്ത സ്ഥലങ്ങളായാണ് വിശ്വാസികളായ ജനത്തിന്റെ സങ്കൽപത്തിൽ രൂപപ്പെട്ടിരുന്നത്. അത്തരം വിശ്വാസങ്ങൾ ബൈബിളിലെ വരികളിലും പ്രതിഫലിച്ചിട്ടുണ്ട്. ലൂക്കോസ് 16:23 ''ധനവാനും മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തു നിന്നും അബ്രഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു;'' ഇത്തരം വിശ്വാസങ്ങൾ ജൂതന്മാർക്കിടയിൽ മാത്രമല്ല, മറിച്ച് ലോകത്തിന്റെ

പലകോണിലുമുള്ള ജനതകളിൽ നിറഞ്ഞിരുന്നു. ഉദാഹരണമായി ദൈവം പാപികളായ ആത്മാക്കളുടെ മേൽ ചുട്ടുപഴുത്ത ലോഹക്കട്ടികൾ ഇട്ട് പിരമിഡുകൾ പോലെ കൂമ്പാരമുണ്ടാക്കുമെന്ന് ഈജിപ്ഷ്യർ വിശ്വസിച്ചിരുന്നു. വേദങ്ങളിൽ നരകത്തെപ്പറ്റി യാതൊരു വിധത്തിലുമുള്ള പരാമർശങ്ങളും ഇല്ലെങ്കിലും ആര്യന്മാരുടെ കാലഘട്ടത്തിൽ രചിക്കപ്പെട്ട പുരാണങ്ങളിലും മനുസ്മൃതി, വിഷ്ണുപുരാണം, ഭാഗവതം എന്നിവയിലും 28 നരകങ്ങളെപ്പറ്റി പറയുന്നുണ്ട്. വ്യത്യസ്തയായ തെറ്റുകൾക്ക് വ്യത്യസ്ഥങ്ങളായ ശിക്ഷാരീതികളാണ് ഇവയിൽ പരാമർശിച്ചിരിക്കുന്നത്. ആ ശിക്ഷാരീതികൾ ഈ വിഭിന്നങ്ങളായ നരകങ്ങളിൽ നടത്തപ്പെടുന്നു. തമിസ്രം, അന്തതമിസ്രം, രൗരവം, മഹാരൗരവം, കുംഭിപാകം, കാലസൂത്രം, അസിതപത്രം, ശുകരമുഖം, അന്തകൂപം, തപ്തമൂർത്തി, കൃമിഭോജനം, ശാൽമാലി, വജ്രകന്തകാശാലി, വൈതരണി, പുയോതകം, പ്രാണരോധം, വിശാസനം, ലാലഭക്സം, ശരമേയാസനം, അവിചി, അയഹ്പാനം, രക്ശോബ്ജക്ശം, ശൂലപ്രോതം, ക്ഷാരകർധനം, ദണ്ഡസുഖം, വടരോധം, പര്യവർത്തനകം, സുചിമുഖം എന്നിവയാണ് അവ. ഇപ്രകാരമുള്ള ശിക്ഷകൾ, നരകം എന്നിവയാൽ പൗരോഹിത്യവർഗ്ഗം വിശ്വാസികളെ ഭയപ്പെടുത്തിയിരുന്നെങ്കിലും ഇത് നന്മയുടെയും തിന്മയുടെയും രണ്ട് രീതിയിലുള്ള പ്രതിഫലനങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ചിരുന്നു എന്ന് പറയാതെ വയ്യ. ഇതിൽ തിന്മ എന്നത് പൗരോഹിത്യവർഗ്ഗം വിശ്വാസികളെ ചൂഷണം ചെയ്തു എന്നതാണ്. നന്മ എന്നത് ജീവിതമൂല്യങ്ങൾ സൂക്ഷിക്കാൻ വിശ്വാസികൾ നിർബന്ധിതരായി എന്നതും. ജൂതന്മാർക്കിടയിൽ സബത്ത് ദിനമായ ശനിയാഴ്ചകളിലാണ് പുരോഹിതവർഗ്ഗം ഇത്തരത്തിലുള്ള പ്രഭാഷണങ്ങൾ നടത്തിയിരുന്നുന്നത്.

ക്രിസ്ത്യൻ മതത്തിന്റെ നിലനിൽപ്പിനും മതം വ്യാപിപ്പിക്കുന്നതിനും വേണ്ടി 5 കോടി ജനതയെയാണ് ലോകമെമ്പാടും ക്രിസ്ത്യൻ മിഷണറിമാരും ക്രൂസേഡുകളും കൂടി കൊന്നൊടുക്കിയത്. മുസ്ലീം മതത്തിന്റെ വരവോടുകൂടി ഈ കൊലപാതക ആചാരങ്ങൾ അവർ ഏറ്റെടുക്കുകയും ക്രിസ്ത്യൻ ജനത ചതിയുടെയും കുശലതയുടെയും മാർഗ്ഗം തേടുകയും ചെയ്തു. ക്രിസ്ത്യൻ അക്രമങ്ങളുടെ കാലത്ത് ഇതര ജനവിഭാഗങ്ങൾ എണ്ണമില്ലാത്ത കൊള്ളകൾക്കും, കൊലയ്ക്കും, ബലാത്സംഗങ്ങൾക്കും, പൈശാചികമായ പീഢനങ്ങൾക്കും വിധേയരായി, കുട്ടികളടക്കം അസഹനീയമായ ക്രൂരതകൾക്ക് വിധേയരാകുകയും പിടിച്ച് നിൽക്കുവാൻ കഴിയാത്തവർ ആത്മഹത്യചെയ്യുകയും ചെയ്തു. ബൈബിൾ പഴയ നിയമം 90% ഭീകരതയും അതിനെ പ്രോത്സാഹിപ്പിക്കുന്നതുമായ വചനങ്ങളാലും സമൃദ്ധമായിരുന്നതിനാൽ പുതിയ നിയമത്തിലെ ശാന്തത കളം മാറ്റിച്ചവിട്ടുന്നതിനും കാര്യങ്ങളെ മനശാസ്ത്രപരമായി സമീപിക്കുന്നതിനും ക്രിസ്ത്യൻ ഭരണകൂടത്തെ വളരെ അധികം സഹായിച്ചു. അതേസമയം ഇൻഡ്യ മുതൽ ഈജിപ്ത് വരെയുള്ള വിശ്വാസങ്ങൾ പുതിയ ഗ്രന്ഥത്തിൽ അരച്ചുകലക്കി പുനർനവീകരിച്ചതിനാൽ ചരിത്രപരമായ ഒരു വസ്തുതയും ആർക്കും ബൈബിളിൽ കണ്ടെത്താൻ കഴിഞ്ഞതുമില്ല. പിൽക്കാല റോമൻ സാമ്രാജ്യത്തിന്റെ പരിവർത്തനങ്ങൾ നരകം, സാത്താൻ, നിത്യമായ യാതനകൾ എന്നിവയുടെ സഹായത്തോടെ സാധാരണക്കാരായ ജനങ്ങളുടെ ഉള്ളിൽ ഭീതി ജനിപ്പിച്ചായിരുന്നു. അക്കാലത്തെ പ്രശസ്തനായ ഒരു

കവിയുടെ വരികൾ തർജ്ജിമ; 'ആയിരം വർഷം നരകത്തീയിരുക്കിയ ശേഷം- എന്നെ മുക്തനാക്കിടണമേ!. എന്നാൽ ക്രിസ്ത്യൻ ദൈവം പറയുന്നു. '' നിനക്കുള്ള ദണ്ഡനകൾ ഒരിക്കലും അവസാനിക്കില്ല- ഒരിക്ക ലും ഒരിക്കലും''. ഇങ്ങനെയുള്ള തലയില്ലാത്ത വിശ്വാസങ്ങൾ പുതിയ അനേകായിരം ഭീരുക്കളായ ക്രിസ്ത്യാനികളെ സൃഷ്ടിച്ചു. ഭീരുക്കളും, ദുർബലരുമായ ഈ ജനതയെ നിത്യനരകത്തിന്റെ പേരുപറഞ്ഞ് ചൂഷണം ചെയ്യുകയും ആ ഭയത്തിനുമുകളിൽ റോമൻ സാമ്രാജ്യം ക്രിസ്ത്യൻ രാഷ്ട്രീയതയുടെ കാട്ടാളക്കോട്ട പടുത്തുയർത്തുകയും ചെയ്തു.

ഭഗവത് ഗീത ആത്മാവിനെപ്പറ്റി ഇപ്രകാരം പറയുന്നു,'' ഒരു ആയുധ ത്തിനും മുറിവേൽപ്പിക്കാനാവില്ല, ഒരഗ്നിക്കും ദഹിപ്പിക്കാനുമാവില്ല, ഒരു പ്രളയത്തിനും നനയ്ക്കാനുമാവില്ല, ഒരു കൊടുങ്കാറ്റിനും ഉലയ്ക്കാനു മാവില്ല.''. അങ്ങിനെയിരിക്കെ, ശരീരമില്ലാത്ത ഒന്നിനെയാണ് പട്ടിണിക്കിടും, ചാട്ടവാറുകൊണ്ടടിക്കും, എണ്ണയിൽ പൊരിക്കും, പാമ്പിനെ കൊണ്ട് കടിപ്പി യ്ക്കും, രൂക്ഷ ഗന്ധമുള്ള പുകയിൽ ശ്വാസം മുട്ടിക്കും, തീയ്ക്ക് മേലെ കമ്പി യിൽ കോർത്ത് തിരിച്ച് ചുടും, തന്തൂരിയാക്കും എന്നെല്ലാം പറയുന്നത്. ശരീരമില്ലാത്ത ഒന്നിന് എന്തിനാണ് ഭക്ഷണം?. വേദനകളും വിശപ്പും യാതനകളും ആ ശരീരം നിലനിർത്താൻ വേണ്ടിയാണ്. ശരീരമില്ലാത്ത ആത്മാവ് ഇത്തരം കോമാളിത്തരങ്ങളെ എന്തിന് ഭയക്കണം?. അവസാന നൂറ്റാണ്ടിലെ പ്രാസംഗീകനും, ക്രിസ്ത്യൻ സഭയുടെ ഉയർന്ന സ്ഥാനീയനു മായിരുന്ന റവ: ജെ. എഡ്വാഡ് ഇപ്രകാരം പറയുകയുണ്ടായി. '' നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നരകത്തിലുള്ള പാപികളോട് ഒരിക്കലും ക്ഷമി ക്കുകയില്ല. എന്നാൽ സ്വർഗ്ഗത്തിൽ വിശ്വാസികൾ അനശ്വരമായ ആനന്ദ ത്തിൽ ആറാടുന്നു.'' ഈ അവസ്ഥയിൽ ഭീരുക്കളായ ജനങ്ങൾ ആമേൻ, ഹല്ലേലൂയ, ദൈവത്തിന് സ്തുതി എന്ന് പറഞ്ഞുകൊണ്ടിരുന്നു. ശാശ്വത മായ ആനന്ദം എന്നത് സ്വർഗ്ഗത്തിലെ നിത്യമായ ആനന്ദത്തിന്റെ അവസ്ഥയാണ്. ഏതൊരവസ്ഥയും ഒരേനിലയിൽ തുടരുന്നത് സന്തുലിതാ വസ്ഥയെ അല്ല. നേരെമറിച്ച്, അസന്തുലിതാവസ്ഥയെയാണ് കാണിക്കുന്ന ത് എന്നിരിക്കെ നിത്യനരകത്തിലിരുന്ന് നിത്യദുഖം അനുഭവിക്കുന്ന നരക വാസികളും സ്വർഗ്ഗത്തിലിരുന്ന് നിത്യസന്തോഷം അനുഭവിക്കുന്ന സ്വർഗ്ഗ വാസികളും യാഥാർത്ഥ്യത്തിൽ മനോരോഗികൾ അല്ലേ?. അല്ലെങ്കിൽ ആത്മ രോഗികൾ?.

4

# ആശയക്കുഴപ്പത്തിലായ സാത്താൻ

600 ബി.സിയിൽ ബാബിലോണിയ പിടിച്ചടക്കപ്പെടും വരെ ആദ്യകാല ജൂതന്മാരിൽ നരകം, പ്രത്യേക പൈശാചീക നിയമങ്ങൾ, ഡെവിളിന്റെ അസ്ഥിത്വം എന്നിവയെക്കുറിച്ച് യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. കാരണം പുരാതന ജൂതന്മാരുടെ പരിശുദ്ധമായ ഗ്രന്ഥത്തിൽ മരണവും അതിനു ശേഷമുള്ള ശിക്ഷകളും ഉണ്ടായിരുന്നില്ല. അവർ പുനർജന്മത്തിൽ വിശ്വസിക്കുന്നവരായിരുന്നു. എന്നുമാത്രമല്ല. ദൈവം സ്വയം നന്മയുടെയും തിന്മയുടെയും സൃഷ്ടാവാണ് എന്നവർ വിശ്വസിച്ചിരുന്നു. എന്നിരുന്നാലും പഴയ നിയമങ്ങളിൽ ഉള്ള ഡെവിൾ ആശയങ്ങളിലെ നാമങ്ങളും സംജ്ഞ കളും അവർ ദൈവത്തിൽ തന്നെയാണ് സമർപ്പിച്ചിരുന്നത്. അത് ഇന്നും വേദവിശ്വാസപരമായ നക്ഷത്രരാശികളിൽ ഉതിർന്ന കാലപ്രാവാഹത്തിന്റെ പ്രക്ഷുബ്ദമായ ഗതിവിഗതികളെ ചുവടുപിടിക്കുന്നതുമാണ്. പഴയ ജൂത വിശ്വാസമനുസരിച്ച് ഹവ്വയെ പ്രലോഭിപ്പിച്ച് വിവേകത്തിന്റെ കനി കഴിപ്പിച്ച നാഗം പാമ്പ് തന്നെയാണ് എന്നവർ വിശ്വസിച്ചിരുന്നത്. കാരണം ദൈവം പറയുന്നത് പാമ്പിനെ പറ്റിയായിരുന്നു. ശപിച്ചതും പാമ്പിനെ തന്നെ. എന്നാൽ പുതിയ നിയമം അനുസരിച്ച് പാമ്പും, വ്യാളിയും, ഡെവിളും മഹാസർപ്പവും, സത്വവും എല്ലാം സാത്താനായി ചിത്രീകരിക്കപ്പെട്ടു എന്ന് മാത്രമല്ല, ക്രിസ്ത്യൻ പുരോഹിതരും പാസറ്റർമാരും ഇന്ന് നടക്കുന്ന എല്ലാ തിന്മകളും സാത്താന്റെ തലയിൽ കെട്ടിവെയ്ക്കുകയും ചെയ്തു. കൂടാതെ യേശുവിനെ മഹത്വൽകരിക്കാൻ വേണ്ടി വരെ സാത്താന്റെ പേര് പുതിയ നിയമത്തിൽ വലിച്ചിഴയ്ക്കുകയും ചെയ്യുന്നതായി കാണാം. സാധാരണ മനുഷ്യനായി യാതനയും വേദനയും അറിഞ്ഞ മനുഷ്യപുത്രൻ മാത്രം സാത്താനെ കാണുകയും പരീക്ഷണങ്ങളിൽ തോറ്റ് ഒന്നും തന്നെ ചെയ്യാനാവാതെ അപമാനം സഹിക്കാനാവാതെ 'ദൂരെപ്പോ സാത്താനെ' എന്നു പറയുകയും ചെയ്യുന്നു. എന്നാൽ സാത്താനെ കാണാനുള്ള സാങ്കേതീക വിദ്യ സാധാരണ ജനങ്ങൾക്ക് മാത്രം ലഭിക്കുന്നുമില്ല. മനുഷ്യപുത്രനായ ദൈവവും യഹോവയും ഒന്നാണ് അല്ലാതെ രണ്ട് ദൈവങ്ങളില്ല എന്നാണ് ക്രിസ്ത്യൻ വിശ്വാസം. സാത്താന്റെ ചോദ്യങ്ങൾക്ക് (മത്തായി 4:1-11) വെറും മുടന്തൻ ന്യായം നിരത്തുന്ന യേശു, കർത്താവിനെ പരീക്ഷിക്കരുത് എന്നു കൂടി പറയുന്നു. യേശു സ്വയം ദൈവമാണെങ്കിൽ സർവ്വജ്ഞാനിയായ സാത്താൻ അത് അറിയാതിരിക്കില്ല. എന്ന് മാത്രമല്ല, യേശുവിന് ഈ ചോദ്യങ്ങൾക്ക് വേണ്ടവിധത്തിൽ പ്രവർത്തിച്ച് ഉത്തരം നൽകാമായിരുന്നു. അത്ഭുതങ്ങൾ കാണിക്കാമായിരുന്നു. എന്നാൽ കർത്താവാണെന്ന് പറയുന്ന യേശുക്രിസ്തു ആളുകൾ കൂടുന്ന സ്ഥലത്ത് മാത്രം മാജിക്ക് കാണിക്കാൻ (വെള്ളത്തിന് മീതെ നടക്കുക, വെള്ളം മദ്യമാക്കുക തുടങ്ങിയ അനാവശ്യങ്ങൾ) ആഗ്രഹിക്കുന്നുള്ളു. ബുദ്ധിമാനായ സാത്താൻ പറഞ്ഞതെല്ലാം

കാണിക്കാൻ നിന്നാൽ ബാക്കിയുണ്ടാവില്ല എന്ന് യേശുവിന് വ്യക്തമായി അറിയാമായിരുന്നു എന്ന് വേണം കരുതാൻ. ഇങ്ങിനെയൊക്കെ ആണെങ്കിലും ദൈവം സാത്താന് താത്കാലീകമായ ശിക്ഷകളാണ് നൽകുന്നത്. മനുഷ്യനെ പ്രലോഭിപ്പിക്കാതിരിക്കാനും തിന്മയെ ഇല്ലായ്മചെയ്യുവാനും ദൈവം ശ്രമിക്കുന്നതേ ഇല്ല. ഇവിടെ തിന്മ നിലനിൽക്കേണ്ടത് ദൈവത്തിന്റെ ആവശ്യമാണെന്ന് അല്പം ബുദ്ധിയുള്ള ആരെയും ചിന്തിപ്പിക്കുന്നു. ഒന്നുകിൽ ഈ തിരക്കഥ ദൈവം മുൻകൂട്ടി സാത്താനുമായി ചേർന്ന് ആടുന്നതാണ് അല്ലെങ്കിൽ യാഥാർത്ഥ സാത്താൻ ദൈവം തന്നെ ആണ് എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇതിനിടയിൽ മന്ദബുദ്ധികളായ കുരങ്ങന്മാരെപ്പോലെ ആട്ടമാടുകയാണ് വിശ്വാസി വർഗ്ഗം.

ഇനി മാനവരാശിയിലെ ആദ്യ കൊലപാതക മുഹൂർത്തം ശ്രദ്ധിക്കുക. ആബേലും കൈനിനും ഇടയിൽ ദൈവം ഉണ്ട്. നടക്കാൻ പോകുന്ന കാര്യങ്ങൾ ഇദ്ദേഹം മുൻകൂട്ടി തീർച്ചയായും അറിഞ്ഞിരിക്കുമല്ലോ?. എന്നാൽ അതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിന് പകരം അവിടെയും സ്വതസിദ്ധമായ കാപട്യ നാടകം കളിച്ച് ഈ കൊലപാതകത്തിനുള്ള തിരക്കഥ ഒരുക്കുകയും അവസാനം നല്ലപിള്ള ചമയുകയും ന്യയാധിപ സ്ഥാനം അഭിനയിക്കുകയും ചെയ്യുന്നു. ഇതാണ് മനുഷ്യനെ സ്നേഹിക്കുന്ന ദൈവം. പാപമെന്നത് ജീവശ്വാസമായ ദൈവം. പാപമില്ലാതെ ജീവിക്കാൻ കഴിയാത്ത ദൈവം. സൃഷ്ടികളെ മുഴുവൻ പാപികളെ എന്ന് വിളിപ്പിക്കുന്ന ദൈവം. എത്ര കാരുണ്യവാനാണ് ഈ ദൈവം. നിറഞ്ഞു കവിഞ്ഞ പാപവും പാപഭാരവും ഏറ്റുപറഞ്ഞ് ദൈവത്തിന്റെ മഹാസഭ സിനായ് മലയുടെ മുകളിൽ ഉദ്ഘോഷിക്കപ്പെടുമ്പോൾ അവിടെങ്ങും ഭാവി പ്രതിഫലത്തിന്റെയും ശിക്ഷയുടെയും ഒരു പ്രമാണങ്ങളും നാം കാണുന്നില്ല. അന്ന് വിശ്വാസികൾ അറിയാത്ത നിത്യനരകത്തിൽ മഹാപ്രളയ ശേഷം നോഹയെ ഒഴിച്ച് ബാക്കിയുള്ളവരെ കൊന്നിട്ടും കലിതീരാതെ നരകിപ്പിക്കാനായി കാത്തിരിക്കുകയാവുമോ ഈ ദൈവം എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

പഴയ നിയമത്തിൽ ഡെവിൾസ് എന്നത് (ബഹുവചനം) പലതവണ ഉപയോഗിച്ചിരിക്കുന്നതായി കാണാം. എന്നാൽ ഒരു തവണ പോലും ഏകവചനമായി ഡെവിൾ എന്ന് ഉപയോഗിച്ചിട്ടില്ല. ഒരുപക്ഷെ, അത് അന്നത്തെ വൈദീക ദൈവങ്ങളുടെ ശില്പത്തെയോ അല്ലെങ്കിൽ ആത്മാക്കളെയോ സൂചിപ്പിക്കാനാകാം ഉപയോഗിച്ചിരിക്കുന്നത്. ബഹുവചമായി ഡെവിൾസ് ഉപയോഗിച്ചിരിക്കുന്നു എങ്കിലും അവയ്ക്കിടയിൽ ഉന്നതസ്ഥാനീയനായ ഡെവിൾ ആയി ആരെയും ചൂണ്ടിക്കാണിച്ചിട്ടില്ല. ഇനി മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടത് നരകം എന്ന ആശയം പിന്നീട് ഉണ്ടായതാണ് എന്നതാണ്. ഫ്രീബ്രു ഭാഷയിൽ ''ഷിയോൾ'' എന്നാൽ കുഴിമാടം എന്നാണ് അർത്ഥമാക്കുന്നത്. ഈ പദം 28 പ്രാവശ്യം ഹീബ്രു ബൈബിളിൽ ഉണ്ട്. എന്നാൽ മറ്റ് ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യവേ ഷിയോൾ എന്നത് ''ഹെൽ'' അഥവ നരകം എന്നായി മാറിയതായി നമുക്ക് കാണാവുന്നതാണ്. എന്നാൽ നരകത്തിന് പാതാളം എന്നും ബൈബിളിൽ അർത്ഥം ചൊല്ലിയിരിക്കുന്നു. മലയാളം ബൈബിളിൽ മിക്കവാറും പാതാളം എന്നാണ് പഴയ നിയമത്തിലെ ഈ ഭാഗങ്ങൾ വിവർത്തനം ചെയ്തിരിക്കുന്നത്. നരകം

എന്നത് അഗാധത എന്നും ഭൂമിക്ക് താഴെയുള്ള സ്ഥലം എന്നതുമായ വിശ്വാസമാണ് ഈ പാതാളം എന്ന പ്രയോഗത്തിന്റെ പിന്നിലുള്ള യുക്തി. ഇതിന് തെളിവായി ഇയ്യോബ് 14:13 ശ്രദ്ധിക്കുക. ''അപ്പോൾ നീയെന്നെ പാതാളത്തിൽ ഒളിപ്പിക്കുകയും (ഗ്രേവ് ഇംഗ്ലീഷ് ബൈബിളിൽ) ഒരവധി നിശ്ചയിച്ച് നിന്റെ കോപം കഴിയുമ്പോൾ ഓർക്കുകയും ചെയ്തെങ്കിൽ നന്നായിരുന്നു. (ഷിയോൾ). അടുത്തത്, സങ്കീർത്തനങ്ങൾ 139:8 '' ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ അവിടെ നീയുണ്ട്. ഞാൻ പാതാളത്തിൽ മെത്ത വിരിച്ചാൽ അവിടെയും നീയുണ്ട്''. ഈ രണ്ട് സന്ദർഭങ്ങളും ശ്രദ്ധിക്കുക. മറ്റ് ഭാഷകളിൽ ബൈബിൾ ഇയ്യോബിലുള്ളത് ഗ്രേവ് (കുഴിമാടം) എന്ന പദവും സങ്കീർത്തനത്തിലെത്തുമ്പോൾ അത് നരകം ( ഹെൽ) എന്നും ആയി മാറുന്നു. ദൈവം തന്നെ അണയാതെ ആളിക്കത്തുന്ന തീയുള്ള നരകത്തെപ്പറ്റി വർണ്ണിക്കുമ്പോൾ നരകത്തിൽ മെത്ത വിരിക്കുന്നതിനെപ്പറ്റി പറഞ്ഞാൽ അത് അബദ്ധമായി മാറും. ഇനി അടിത്തട്ടില്ലാത്ത അഗാധത യാണ് നരകമെങ്കിൽ അവിടെയും മെത്ത വിരിക്കുക അസാദ്ധ്യമാണ്. ആക യാൽ ഷിയോൾ അഥവ കുഴിമാടം തന്നെയാണ് അവിടുത്തെ യാഥാർത്ഥ പദം എന്ന് മനസ്സിലാക്കാവുന്നതാണ്.

പ്രസിദ്ധനായ ക്രിസ്ത്യൻ ചർച്ച് ചരിത്രകാരൻ മി. മിൽമാൻ ഇപ്രകാരം പറയുന്നു.'' രാഷ്ട്രീയമല്ല മറിച്ച് മതപരമായിരുന്നിട്ട് കൂടി അടിസ്ഥാന പരമായ ഗ്രന്ഥത്തിൽ മോശ നിശബ്ദത പാലിക്കുന്നു''( ഹിസ്റ്ററി ഓഫ് ജൂസ്, വാള്യം 1, പുറം,117). അതുപോലെ ക്രിസ്ത്യൻ ചർച്ച് ചരിത്രകാരനായ ബിഷപ്പ് വാർബർട്ടനും, എഴുത്തുകാരനായ മി. അർണോൾഡും പറയുന്നത് ''ജൂതന്മാരുടെ വിശ്വാസമനുസരിച്ച് സ്വർഗ്ഗവും, നരകവും, പ്രതിഫലങ്ങളും, ശിക്ഷയും താത്കാലീകം മാത്രമാണ്. അതായത് ധനവും, സമൃദ്ധിയും, ആയുസ്സും, സമാധാനവും, അധികാരവും അതേപോലെ യുദ്ധവും, ദാരിദ്ര വും, അടിമത്വവും ഒന്നും തന്നെ ശ്വാശ്വതമായുള്ളതല്ല. എന്നാൽ ഈ വിശ്വാസങ്ങളിൽ എങ്ങും തന്നെ മരണശേഷമുള്ള പ്രതിഫലത്തെയോ ശിക്ഷയേയോ പറ്റി ഒന്നും തന്നെ പറയുന്നില്ല.'' (ഡിവൈൻ ലെജിസ്ലേഷൻ, വാള്യം:3, പുറം:2). ദൈവീക നിയമങ്ങൾ നൽകിയ മോശ എങ്ങും തന്നെ ലോകാവസാനത്തെപ്പറ്റിയും, അന്ത്യദിന വിചാരണയെ പറ്റിയും ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. പ്രസിദ്ധരായ ക്രിസ്ത്യൻ ചരിത്രകാരന്മാരും പണ്ഡി തന്മാരും ആദ്യകാല ജൂതന്മാരിൽ (ഹീബ്രൂസ്) നിത്യനരകം, പാപത്തിന്റെ ദല്ലാൾ, അതിമാനുഷീകനായ ഡെവിൾ (സാത്താൻ) എന്നിവയിൽ വിശ്വസി ച്ചിരുന്നവരല്ല എന്ന് സമ്മതിക്കുന്നു. എന്നാൽ മറ്റൊരു കാര്യം കൂടി അവർ സമ്മതിക്കുന്നത് എന്തെന്നാൽ പഴയനിയമത്തിന്റെ ഘടന എങ്ങിനെ വേണ മെങ്കിലും വളച്ചൊടിച്ച് വ്യാഖ്യാനിക്കാവുന്ന തരത്തിലുള്ളതാണ് എന്ന താണ്.

ജൂതന്മാരുടെ പിതാമഹന്മാർ ദൈവം തന്നെയാണ് നന്മയുടെയും തിന്മ യുടെയും ഉപജ്ഞാതാവ് എന്ന അടിസ്ഥാന തത്വത്തിൽ വിശ്വസിച്ചിരുന്നു. എന്നുമാത്രമല്ല ഇപ്രകാരമുള്ള വിശ്വാസം നിലനിന്നിരുന്നതിനാൽ തന്നെ ആദ്യകാല ജൂതന്മാരല്ല വിചാരണയും വിധിദിനവും എഴുതിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ദൈവം തന്നെയാണ് നന്മയും തിന്മയും ഉണ്ടാക്കു ന്നത് എന്നതിന് ബൈബിൾ പഴയ നിയമത്തിൽ തന്നെ ധാരാളം തെളിവു

കൾ ഉണ്ട്. ഏശയ്യ 45:7 ‘‘ ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു. അന്ധകാരത്തെ സൃഷ്ടിക്കുന്നു. ഞാൻ നന്മയെ ഉണ്ടാക്കുന്നു. തിന്മയെ സൃഷ്ടിക്കുകയും ചെയ്യുന്നു. യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു.’’ ഇതിലും വലിയ തെളിവ് ആവശ്യമുണ്ടോ?. ഇനിയുമുണ്ട്, അമോസ് 3:6 ‘‘യഹോവ വരുത്താതെ നഗരത്തിൽ തിന്മയുണ്ടാകുമോ?.’’ ഇയ്യോബ് 2:10 ‘‘നാം ദൈവത്തിൽ നിന്ന് നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?’’. ഈ വചനങ്ങളിൽ നിന്നെല്ലാം തിന്മയുണ്ടാക്കുന്നത് ദൈവം തന്നെയാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. എന്നുമാത്രമല്ല. ഏശയ്യ 45:7 യഹോവയായ ദൈവം അത് സ്വയം സമ്മതിക്കുകയും ചെയ്യുന്നു.

ഇനി അടുത്ത ചില വചനങ്ങൾ നോക്കുക. ജറേമിയ 20:7 ‘‘ ദൈവമേ, നീയെന്നെ ചതിച്ചു കൊണ്ടിരുന്നു. ഞാൻ വഞ്ചിക്കപ്പെട്ടു കൊണ്ടിരുന്നു. നീയെന്നെ ബലപ്രയോഗത്താൽ ജയിച്ചു കൊണ്ടിരുന്നു. ഞാൻ തോല്പ്പിക്കപ്പെട്ടുകൊണ്ടിരുന്നു. ദിവസം മുഴുവൻ ഞാൻ അവഹേളിക്കപ്പെട്ടുകൊണ്ടിരുന്നു. എല്ലാവരും എന്നെ പരിഹസിക്കുന്നു’’. മലയാളം ബൈബിളിൽ ജറേമിയ എന്നത് യരേമ്യാവു ആണ്. ദൈവം ചതിച്ചുകൊണ്ടിരുന്നു അല്ലെങ്കിൽ വഞ്ചിച്ചു കൊണ്ടിരുന്നു എന്ന് പറയുവാനുള്ള വൈക്ലബ്യം മൂലം ഇംഗ്ലീഷ് ബൈബിളിന് വ്യത്യസ്തമായി മലയാളത്തിൽ ‘‘ നീയെന്നെ സമ്മതിപ്പിച്ചു കൊണ്ടിരുന്നു എന്നാണ് എഴുതിയിരിക്കുന്നത്. പഴയ നിയമത്തിൽ ദൈവം എപ്പോഴും കോപിഷ്ഠനായും, കളവിനും കൊള്ളയ്ക്കും കൊലയ്ക്കും കൂട്ടുനിൽക്കുന്നവനുമായി കാണപ്പെടുന്നു. ആവർത്തനം 1:37,13:2, പുറപ്പാട് 3:2,12:36 എന്നിവ അതിന് തെളിവുകളാണ്. എന്തുകൊണ്ടാണ് ജൂതമതത്തിൽ സാത്താൻ ഉണ്ടായിരുന്നില്ല എന്നതിനെപ്പറ്റി മനസ്സിലായിക്കാണുമല്ലോ?. ഉള്ള മൊതല് (ദൈവം) തന്നെ ധാരാളമായിരുന്നു. ഇനി മറ്റൊന്നിനെക്കൂടി ഉൾക്കൊള്ളാൻ ജൂതന്മാർക്ക് സാധ്യമായിരുന്നില്ല. എന്തെന്നാൽ ദൈവം തന്നെ നന്മയുടെയും തിന്മയുടെയും അധിപനായിരുന്നു. ഭാരതീയ വിശ്വാസം പോലെ തന്നെ നന്മക്കും തിന്മയ്ക്കും ഇടയിൽ ഒരു പ്രത്യേക അധീശം സ്ഥാപിക്കുവാൻ അവിടെ മറ്റൊരു ശക്തി ഉണ്ടായിരുന്നില്ല.

തുടക്കം മുതൽ തന്നെ ദൈവമായ താനാണ് എല്ലാം സൃഷ്ടിക്കുന്നത് എന്ന് യഹോവ അവകാശവാദം ഉന്നയിക്കുന്നത്. അതിനാൽ ഇടയ്ക്ക് വച്ച് മറ്റാരെങ്കിലും സാമാന്തര സൃഷ്ടി നടത്തി എന്നു വിശ്വസിക്കാൻ തരമില്ലല്ലോ?. ദൈവം തന്നെ തിന്മയെ സൃഷ്ടിച്ചത് താനാണ് എന്ന് സമ്മതിച്ചിട്ട് കൂടി ഇന്നും സാത്താനെ ഇടയിൽ വലിച്ചിഴച്ച് എല്ലാ പാപങ്ങളും സാത്താന്റെ തലയിൽ കെട്ടിവയ്ക്കുന്ന ‘‘ ദൈവം വില്പനയ്ക്ക്’’ വിപണന തന്ത്രം ക്രിസ്ത്യൻ പുരോഹിതന്മാരുടെയും പാസ്റ്റർമാരുടെയും തരംതാണ സംസ്കാരത്തെയാണ് പ്രതിനിധികരിക്കുന്നത്. അതിൽ ഒട്ടും തന്നെ സംശയിക്കേണ്ട കാര്യമില്ല. തിന്മ ദൈവത്തിൽ നിന്നു തന്നെ ഉണ്ടാകുന്നത് ആയതിനാൽ ആദ്യകാലങ്ങളിൽ ജൂതന്മാർ (ജൂതന്മാർ മാത്രമല്ല ലോകമെമ്പാടും ഉള്ളവർ) ഡെവിളിനെയും ആരാധിച്ചിരുന്നു. ഡെവിളിനെയും ദൈവമായിത്തന്നെയാണ് അവർ ആരാധിച്ചിരുന്നത്. ആദ്യകാല ജൂതന്മാരെല്ലാം ഇതേപാത പിന്തുടർന്നവരാണ്. നന്മയും തിന്മയും നേട്ടങ്ങളും കോട്ടങ്ങളും ഒരേ കേന്ദ്രബിന്ദുവായ സൂര്യനിൽ നിന്നുതന്നെയാണ് പ്രവഹി

ക്കുന്നത് എന്നവർ വിശ്വസിച്ചു. അതായത് അവരുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു സൂര്യനായിരുന്നു. അല്ലെങ്കിൽ സൂര്യനിൽ ആയിരുന്നു. പുറപ്പാട് 6:3 ൽ ദൈവം പറയുന്നു. ''ഞാൻ അബ്രഹാമിനും, ഇസഹക്കിനും, യാക്കോബിനും സർവ്വശക്തനായ ദൈവമായി പ്രത്യക്ഷനായി. എന്നാൽ യഹോവയായി ഞാൻ അവർക്കു വെളിപ്പെട്ടിട്ടില്ല''. ഹീബ്രു ബൈബിളിൽ സർവ്വശക്തനായ ദൈവം ''ബാൽ- ഷദ്ധായ്, ബാൽസെബബ്'' എന്നീ പേരുകളിൽ സൂചിപ്പിച്ചിരിക്കുന്നു. ബാൽ എന്നത് വേൽ പരിണമിച്ചതാണ്. അതായത് വേൽ--ബേൽ--ബാൽ. വേൽ എന്നത് ശൂലമാണ്. ഷദ്ധായ് എന്നത് സട എന്നത് വികലപ്പെട്ടതാണ്. സടയഴിച്ച് കൈയ്യിൽ ശൂലവുമായി നിൽക്കുന്ന ദൈവം. കൂടുതൽ വ്യക്തമായി പറഞ്ഞാൽ ഭഗവാൻ ശിവൻ തന്നെയാണ് ബാൽ ഷദ്ധായ്. ശിവൻ സൃഷ്ടിയുടെയും സംഹാരത്തിന്റെയും ദൈവമായാണ് ഹൈന്ദവ ഗ്രന്ഥങ്ങൾ വിവരിക്കുന്നത്. ബാൽസെബബ് എന്നത് സാത്താനായാണ് കണക്കാക്കപ്പെടുന്നത്. അത് ഒരുപക്ഷെ ആധുനീക ചരിത്രകാരന്മാർ അവരുടെ പരിമിതമായ അറിവുകൊണ്ട് വിശകലനം ചെയ്യുന്നത് കൊണ്ടാണ്. സത്യത്തിൽ വൈദീക സംസ്കാരം ഭാരതത്തിൽ നിന്നും മറ്റ് ദേശങ്ങളിലേയ്ക്ക് പടർന്നതായതിനാൽ ഭാരത ത്തിന്റെ ചരിത്രവും സംസ്കാരവും ആഗാധമായി അറിയാതെയുള്ള വിശകലനം അബദ്ധമായി തന്നെ പരിണമിക്കും. സത്യത്തിൽ ബാൽ-സെബബ് എന്നാൽ ശനിദേവനാണ്. ശനിയുടെ ദൃഷ്ടി ജീവിതത്തിൽ കഷ്ടപ്പാടും ദുർഗതിയും ഉണ്ടാക്കും എന്ന വിശ്വാസമാണ് ശനിയെ പ്രതിനായക വേഷത്തിൽ പരിഗണിക്കപ്പെടാനുള്ള മുഖ്യമായ കാരണം. ബാൽസെബബ് കറുത്തകാളയുമായി നില്ക്കുന്ന ദൈവമായും, കറുത്ത പറവയുമായി നിൽക്കുന്ന ദൈവമായുമാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അതായത് ശനിയുടെ വാഹനം കറുത്ത കാള അഥവ പോത്ത്, അല്ലെങ്കിൽ കാക്ക ആയാണ് ഹൈന്ദവ ഗ്രന്ഥങ്ങളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. കണ്ടകശനി കൊണ്ടേ പോകു എന്നൊരു പഴമൊഴി ഉണ്ട്. അതായത് ശനിയുടെ ശക്തമായ നോട്ടം നമുക്ക് മേലുണ്ടെങ്കിൽ ആ കാലയളവിൽ മരണം വരെ സംഭവിക്കാം എന്ന് വിശ്വസിക്കപ്പെടുന്നു. ശിവൻ മംഗള ഭാവത്തിൽ വെളുത്ത കാള വാഹനമായും രൗദ്ര ഭാവത്തിൽ പോത്ത് വാഹനമായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ അവസ്ഥയിൽ ശിവൻ കാലൻ എന്ന് അറിയപ്പെടുന്നു. ശിവന്റെ മംഗളഭാവത്തിൽ പാർവ്വതിയുടെ കൂടെയും രൗദ്രഭവത്തിൽ കാളിയുടെ കൂടെയും ചിത്രീകരിക്കപ്പെട്ടിരി ക്കുന്നു. സത്യത്തിൽ കാലൻ, കാലി ഇത് രണ്ടും സമയബന്ധിതമായ ശിവരൂപത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. മായൻ ദേവനായ എക്ചുവ, ശനിദേവൻ, കാലൻ, ശിവൻ ഇവരുടെ കൈയ്യിൽ പാശം അഥവ കയർ (ഒരു കുരുക്കോടെ) കാണാവുന്നതാണ്. ഈ അടയാളം ഇത് മൂന്നും ഒരേ മൂർത്തിയെ തന്നെയാണ് സൂചിപ്പിക്കുന്നത് എന്നതിന് തെളിവാണ്.

വേൽ എന്നത് ബേൽ എന്നും പിന്നീട് ഏൽ എന്നുമായി പരിണമി ക്കുകയും ഇത് ദൈവത്തെ സൂചിപ്പിക്കുന്ന എൽ എന്ന പദമായി മാറുകയും ചെയ്തു. എൽ എന്നതിന് തമിഴിൽ രണ്ട് അർത്ഥങ്ങളാണ് ഉള്ളത് ഒന്ന് ദൈവം (ഉദാ: എല്ലമ്മ, എല്ലീശൻ ) രണ്ട് തീ എന്നതാണ്. അതായത്, ബാൽ ഷദ്ധായ് എന്നത് എൽ ഷദ്ധായ് എന്ന് പിൽക്കാലത്ത് പരിണമിച്ചതാണ്.

ഭഗവാൻ ശിവനെ സൂര്യനായി ശതപതബ്രാഹ്മണം വിവരിക്കുന്നു. ശിവ ഭഗവാന്റെ ഒരു കൈയ്യിൽ തീ കാണാവുന്നതാണ്. ഇത് കൂടാതെ നടരാജ വിഗ്രഹത്തിനു ചുറ്റും സൂര്യപ്രഭാവലയം പോലെ തീ കൊണ്ടുള്ള വലയം തീർത്തിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നതും എൽ ഷദ്ധായ് ശിവൻ തന്നെയാണ് എന്നതാണ്. 1.പീറ്റർ 5:8 പറയുന്നത് സാത്താൻ ദൈവത്തിന്റെ എതിരാളി എന്ന വിധത്തിലാണ്. സൂര്യൻ മംഗളത്തെ പ്രധാനം ചെയ്യു മ്പോൾ ശനി നാശം പ്രധാനം ചെയ്യുന്നതായാണ് പറയപ്പെടുന്നത്. ശിവൻ തന്നെയാണ് ആദ്യമായി സൃഷ്ടി സിദ്ധാന്തം അവതരിപ്പിച്ചതെന്ന് മുന്നേ യുള്ള അദ്ധ്യായത്തിൽ പറയുകയുണ്ടായല്ലോ. ശനിഗ്രഹം കണ്ടെത്തിയ ശിവൻ ശനിതന്നെയായും, ശനിയുടെ ഗുരുവായും വിഷ്ണുപുരാണം, ലിംഗപുരാണം, മാർക്കണ്ഡേയ പുരാണം എന്നിവ വിവരിക്കുന്നുണ്ട്. ഈ പറഞ്ഞ കാര്യങ്ങളും മേൽപ്പറഞ്ഞ കാര്യവും, പീറ്ററിന്റെ വാക്കുകളും സൂര്യനെയും ശനിഗ്രഹത്തെയും പറ്റിയാണ് പറയുന്നത് എന്ന് നിസംശ്ശയം തെളിയിക്കുന്നു. വൈദീകമതത്തിന്റെ അടിസ്ഥാനം ശാസ്ത്രം തന്നെ ആയിരുന്നു. അവ മനുഷ്യജീവിതത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെ സിദ്ധയോ ഗികളായ അവർ അവലോകനം ചെയ്യുകയും കണ്ടെത്തുകയും ചെയ്തു എന്ന് മാത്രമല്ല സാധാരണക്കാർക്ക് മനസ്സിലാകാത്ത ഈ ശാസ്ത്രത്തെ കഥപോലെ അവർക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു. പക്ഷെ കാലന്തരത്തിൽ കഥകൾ കഥകളായി മാത്രം പരിഗണിക്കപ്പെടുകയും ശാസ്ത്രത്തെ അറിയാൻ കഴിയാത്ത വിധത്തിൽ അവ കൂടുതൽ വികല മായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു. പൗരാണീക കാലം മുതലേയുള്ള അക്രമങ്ങളും (എ.ഡി.712 ന് മുൻപ് ഉണ്ടായവ) വൈദേശീക സാമ്രാജ്യത്വ ങ്ങളും ഈ വിശ്വാസങ്ങളെ കൂടുതൽ വികലമാക്കുന്നതിനും തങ്ങളു ടേതായ ആശയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചതും ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. സൂര്യനും നവഗ്രഹങ്ങളും 12 രാശികളും മാത്രം മറ്റ് ദേശങ്ങ ളിൽ അവരുടെ വിശ്വാസങ്ങളിൽ പ്രകടമായിരുന്നപ്പോൾ വിജ്ഞാനത്തിന്റെ തറവാടായ ഭാരതത്തിൽ അത് ശാസ്ത്രത്തിന്റെ നെറുകിലേയ്ക്ക് പിടിച്ചു കെട്ടാവാനാത്ത ഒരു അശ്വത്തെപ്പോലെ കുതിക്കുകയായിരുന്നു എന്ന് പറയാതെ വയ്യ. ഓരോ ജനനമരണങ്ങളും മറ്റ് ദേശക്കാർ 12 രാശിയും ദിവസവും വച്ച് പരിഗണിച്ച് കൊണ്ടിരുന്നപ്പോൾ നമ്മൾ ജന്മ നക്ഷത്രവും അതിന്റെ നാഴികയും വിനാഴികയും അടക്കം പരിഗണിച്ച് ജനന സമയത്ത് ആകാശത്തിന്റെ നക്ഷത്ര വിന്യാസം വളരെ കൃത്യമായി കണക്കു കൂട്ടിയി രുന്നു. എന്നാൽ ഇത്രയും കൃത്യത മറ്റ് ഒരു രാജ്യത്തിനും അവകാശ പ്പെടാനില്ല. സാത്താനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന മറ്റൊരു വാക്ക് സൈത്താൻ എന്നതാണ്. ഈജിപ്ഷ്യൻ ദൈവമായ സെറ്റ് ആണ് സൈത്താനായി പരിണമിച്ചിട്ടുള്ളത്. പ്രകാശത്തെ ( പകലിനെ) ഹോറസ് ദൈവമായി ഈജിപ്ഷ്യർ പരിഗണിച്ചിരുന്നപ്പോൾ സെറ്റ് രാത്രിയെയാണ് പ്രതിനിധികരിച്ചിരുന്നത് എല്ലാ ദിവസവും വെളുപ്പിന് ഹോറസ് ഇരുട്ടിന്റെ അഥവ തിന്മയുടെ പ്രതിനിധിയായ സെറ്റിനെ യുദ്ധത്തിൽ തോൽപ്പി ക്കുകയും വൈകീട്ട് സെറ്റ് ഹോറസിന് മേൽ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ പ്രക്രീയ നിരന്തരം തുടർന്നു കൊണ്ടിരിക്കുന്നു. ഇപ്രകാര മായിരുന്നു പുരാതന ഈജിഷ്യർ വിശ്വസിച്ചിരുന്നത്. സത്യത്തിൽ സെറ്റ്, റ എല്ലാം ഒരേ ദൈവമായ ശിവനെ തന്നെ പ്രതിനിധികരിക്കുന്നതാണ്. റ

എന്നത് രാവ് അഥവ രാത്രിയെ സൂചിപ്പിക്കുന്നു. അതായത് മേൽപ്പറഞ്ഞ തുപോലെ തന്നെ കാലൻ, കാളി (നിറം കറുപ്പ്) എന്ന ആശയത്തിലൂടെ തന്നെയാണ് ഇതും കടന്നുപോകുന്നത്. ഇരുട്ടിനെ അല്ലെങ്കിൽ നരകത്തെ (അജ്ഞതയുടെ അന്തകാരം) സൂചിക്കുന്നതിനാൽ സെറ്റ് എന്ന ദൈവം സൈത്താൻ എന്ന പദത്തിന്റെ പിറവിക്ക് കാരണക്കാരനായി.

സാത്താന് ബൈബിൾ നൽകുന്ന മറ്റൊരു മനോഹരമായ നാമമാണ് ലൂസിഫർ. സ്വർഗ്ഗത്തിലെ മാലാഖയായിരുന്ന ലൂസിഫറിനെ ദൈവം ശപിച്ചാണ് സാത്താനാക്കി മാറ്റിയത് എന്നാണ് വിശ്വാസം. ഇനി ബൈബിൾ കൃത്യമായി അവലോകനം ചെയ്യുകയാണെങ്കിൽ മിനിമം ബോധമുള്ള ഒരാൾക്ക് ഈ സാത്താനായ ലൂസിഫറും യേശുവും ഒന്ന് തന്നെയാണെന്ന് മനസ്സിലാകും. എങ്ങിനെയെന്നല്ലേ?. പറയാം. ഈ വചനം നോക്കുക. ഏശയ്യ 14:12 ''അരുണോദയ പുത്രാ ശുക്രാ'' (ഇത് ഇംഗ്ലീഷ് ബൈബിളിൽ സൺ ഓഫ് ബ്രൈറ്റ് മോർണിങ്ങ് സ്റ്റാർ എന്നാണ്). ഏശയ്യ എത്ര ബഹുമാനത്തോട് കൂടിയാണ് ലൂസിഫറിനെ അഭിസംബോധന ചെയ്യുന്നതെന്ന് നോക്കുക. അതായത് ലൂസിഫർ ബഹുമാനിക്കപ്പെടേണ്ടവൻ തന്നെ എന്ന് ഏശയ്യയ്ക്ക് വളരെ വ്യക്തമായി അറിയാം. സത്യത്തിൽ ഒരു മന സമാധാനത്തിന് വേണ്ടി പകൽ തിളങ്ങുന്ന ശുക്രനായിട്ട് വിശദീകരിച്ചാലും ലൂസിഫർ ശുക്രനെയല്ല സൂചിപ്പിക്കുന്നത്. സൂര്യപ്രകാശത്തിലുള്ള പ്രതിഫലനം മാത്രമാണ് ശുക്രന്റേത്. മാത്രമല്ല ശുക്രൻ നക്ഷത്രവുമല്ല. പകലിന്റെ പുത്രാ എന്നാൽ സൂര്യപുത്രാ എന്നത് തന്നെയാണ് അതായത് സൂര്യനിൽ നിന്ന് പ്രവഹിക്കുന്ന പ്രാകാശത്തെ (രശ്മികളെ) ആണ് ഇത് സൂചിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്ക് പതിച്ച മാലാഖയായ ലൂസിഫർ സൂര്യനിൽ നിന്നും (സൂര്യനാണ് യഹോവ. ആകയാൽ, യഹോവയുടെ ഇരിപ്പിടം സ്വർഗ്ഗം) ഭൂമിയിലേയ്ക്ക് പ്രവഹിക്കുന്ന രശ്മികൾ തന്നെയാണ്. ഇനി വെളിപ്പാടിൽ യേശുക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക. വെളിപ്പാടു 22:16 ''ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയ നക്ഷത്രവുമാകുന്നു''. അതായത് ക്രിസ്തു ഉദയ നക്ഷത്രവും ലൂസിഫർ പകൽ നക്ഷത്രവും ആകുന്നു. അതായത് ഇതു രണ്ടും ഒന്നുതന്നെയാണ് (സൂര്യനെയാണ്) സൂചിപ്പിക്കുന്നത്. ലൂക്കോസ് 2:30 (ഇംഗ്ലീഷ് കെ.ജെ.വി ബൈബിൾ ലൂക്ക് 2:32) യേശുവിനെ ''ജാതികൾക്ക് വെളിപ്പെടാനുള്ള പ്രകാശമായി'' വർണ്ണിക്കുമ്പോൾ 2 കൊരിന്ത്യർ 11:14 'സാത്താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ' എന്ന് പറയുന്നു. ഈ വെളിച്ചത്തിന്റെ ദൂതന്റെ പരിണാമം തിളങ്ങുന്ന (പ്രകാശിക്കുന്ന) നക്ഷത്രത്തെ തന്നെ സൂചിപ്പിക്കുന്നു. നക്ഷത്രങ്ങളെ ദേവത (മാലാഖ) മാരായിട്ടാണ് പുരാതന കാലത്ത് പരിഗണിച്ചിട്ടുള്ളത്. വേദമതപ്രകാരം ഇത്തരത്തിൽ നവഗ്രഹങ്ങളെയും സൂര്യനേയും 12 രാശി നക്ഷത്രങ്ങളേയും തിഥികളായി വരുന്ന 28 നക്ഷത്രങ്ങളെയും ആരാധിക്കുന്നത് കാണാവുന്നതാണ്. 12 രാശിക്ക് പുറമെ അശ്വതി, ഭരണി എന്ന് തുടങ്ങുന്ന 28 നക്ഷത്രങ്ങളെയും ഭൂമി എത്ര നാഴിക, വിനാഴിക കൊണ്ടാണ് അവ താണ്ടുന്നത് എന്നും അളന്ന് തിട്ടപ്പെടുത്തിയ യോഗീവര്യന്മാരെ നമിക്കാതിരിക്കാൻ കഴിയില്ല. അപ്പോൾ മേൽപറഞ്ഞിരിക്കുന്ന വചനങ്ങളിൽ നിന്നും യേശുവിന് ''ഉദയ നക്ഷത്രം, വെളിപ്പെടാനുള്ള പ്രകാശം'' എന്നിങ്ങനെയുള്ള വിശേഷണങ്ങളും ലൂസിഫറിന് ''പകൽ

നക്ഷത്രം, വെളിച്ചത്തിന്റെ ദൂതൻ'' എന്നിങ്ങനെയുള്ള വിശേഷണങ്ങളും ഉണ്ട് എന്ന് നമ്മൾ കണ്ടു. അടിസ്ഥാനപരമായി ഇവ രണ്ടും ബഹുമാന്യ യോഗ്യവും ഒന്നുതന്നെയാണെന്നും നമുക്ക് മനസ്സി ലാക്കാവുന്നതാണ്.

2 കൊരിന്ത്യർ 13:11 യേശുവിനെ ''സമാധാനത്തിന്റെ ദൈവം'' എന്ന് വിശേഷിപ്പിക്കുമ്പോൾ 2 കൊരിന്ത്യർ 4:4 സാത്താനെ ''ലോകത്തിന്റെ ദൈവം'' എന്ന് വിശേഷിപ്പിക്കുന്നു. അങ്ങിനെ സാത്താൻ (തിന്മയുടെ ശക്തി) ലോകത്തിന്റെ ദൈവമാണെന്ന് ബൈബിൾ തന്നെ സമ്മതിക്കുന്നു. മറ്റൊന്ന് ബൈബിൾ യേശുവിനെ ഗന്ധക സാമ്രാജ്യാധികാരിയായ ''സമാ ധാനത്തിന്റെ രാജകുമാരൻ'' ആയി വിശേഷിപ്പിക്കുമ്പോൾ സാത്താനെ ''അന്ധകാരത്തിന്റെ രാജകുമാരൻ, കൊടുങ്കാറ്റിന്റെ രാജകുമാരൻ'' എന്നി ങ്ങനെയും വിശേഷിപ്പിക്കുന്നു. എന്നാൽ നരകം തീയാൽ നിറഞ്ഞതായ തിനാലും ഗന്ധക പൊയ്കയായ നരകം പ്രകാശം നിർഗളിപ്പിക്കുന്നതി നാലും സാത്താനെ പ്രകാശത്തിന്റെ രാജകുമാരനായും പ്രകാശത്തിന്റെ മലാഖയായും കണക്കാക്കേണ്ടിവരും. അപ്പോൾ രാജകുമാരൻ എന്ന വിശേഷണം ആലങ്കാരികവും പ്രതിയോഗിയായ അന്ധകാരം അബദ്ധവു മായി മാറും. അങ്ങിനെ വരുമ്പോൾ ക്രിസ്തുവും ലൂസിഫറും ഏകദേശം ഒരേപോലെ തന്നെ ആയിത്തീരും. ഇതേപോലെ തന്നെ യേശുവിന് ബൈബിൾ നൽകുന്ന മറ്റൊരു വിശേഷണം ''ദൈവപുത്രൻ'' ആണ്. സാത്താനും സമാനമായ വിശേഷണമുണ്ട്. ''പ്രഭാതത്തിന്റെ പുത്രൻ''. പ്രഭാതം ഭരിക്കുന്നതാരോ അവന്റെ പുത്രൻ അതായത് സൂര്യപുത്രൻ. യേശുവും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്ക് വന്നു എന്ന് പറയുന്നു. ലൂസിഫറും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്ക് വന്നു എന്ന് പറയുന്നു. അതായത് സ്വർഗ്ഗം സൂര്യനാണ്. ദൈവം സൂര്യനിലുമാണ്. ആകയാൽ ലൂസിഫറും സാത്താനും ഒന്നുതന്നെയാകാനാണ് സാദ്ധ്യത.

അപ്പോൾ അടുത്ത സംശയം യേശു ദേവനാണ്. സാത്താനും ദേവനാണോ എന്നതല്ലേ?. അതിനുള്ള ഉത്തരം പറയാം. ജോൺ ഡെവിളിനെക്കുറിച്ച് പറയുന്നത് ഡെവിൾ, സാത്താൻ, നാഗം, സർപ്പം ഇതെല്ലാം ഒന്ന് തന്നെ ആണ് എന്നാണ്. എന്നാൽ സർപ്പം പുരാതന ജൂതന്മാരുടെ ആരാധനാ മൂർത്തി ആയിരുന്നു. സംഖ്യാപുസ്തകം 21:9 '' അങ്ങിനെ മോശ താമ്രം (പിച്ചള) കൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കി. പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട് അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും''. ഈ വരികൾ അവലോകനം ചെയ്താൽ നിങ്ങൾക്ക് മനസ്സി ലാകും ഇവിടെ താമ്ര (പിച്ചള) സർപ്പത്തെ യഹോവയുടെ പ്രതീകമായാണ് സൂചിപ്പിക്കുന്നത്. മരിക്കുന്നവർക്ക് ജീവൻ നൽകുന്നത് ദൈവമാണെല്ലോ. അതായത് പിച്ചള സർപ്പത്തിന്റെ മൂർത്തി (വിഗ്രഹം) സാത്താൻ മാത്രമല്ല ദൈവത്തിന്റെ പ്രതീകം തന്നെയാണ്. യോഹന്നാൻ 3:4 ൽ ക്രിസ്തു പറയുന്നു ''മോശ മരുഭൂമിയിൽ നിന്നും സർപ്പത്തെ ഉയർത്തിയത് പോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അതായത് സാത്താൻ ഉയർത്തപ്പെട്ടത് പോലെ മനുഷ്യനും ദൈവീകമായ അവസ്ഥയിലേയ്ക്ക് ഉയർത്തപ്പെടേണ്ടത് ആകുന്നു എന്നുതന്നെ ആണ് ഈ വചനത്തിന്റെ അർത്ഥം. അതായത് മേൽ പറഞ്ഞിട്ടുള്ള വചനങ്ങളിലെ സർപ്പം തികച്ചും ആരാധനാ മൂർത്തി തന്നെയാണ്. കാരണം അതിന് വിശേഷകരമായ

സുഖപ്പെടുത്താനുള്ള ശേഷിയുണ്ട്. പുറപ്പാട് 20:4 '' വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിനെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്ക് കീഴെ വെള്ളത്തിലെങ്കിലും ഉള്ള ഒന്നിന്റെയും പ്രതിമ അരുത്''. ദൈവമായ യഹോവയുടെ കല്പ്പന ഇപ്രകാരമായിരിക്കെ മോശ സർപ്പത്തിന്റെ പ്രതിമ ഉണ്ടാക്കുകയും പുറപ്പാട് 20:3 ''ഞാനെല്ലാതെ മറ്റൊരു ദൈവം നിനക്കു ണ്ടാവരുത്'' എന്ന വചനത്തിന് വിപരീതമായി സർപ്പത്തെ ജീവൻ നഷ്ട പ്പെടാതിരിക്കാൻ ദൈവമായിക്കണ്ട് അനവധി ആളുകളുടെ ആരാധനയ്ക്ക് കൂട്ട് നിൽക്കുകയും പുറപ്പാട് 20:5 ''അവയെ നമസ്കരിക്കയോ സേവിക്കു കയോ അരുത്'' എന്നതിന് വിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്നു ദൈവത്തിന്റെ ഇഷ്ടക്കാരനായ മോശ. കാരണം സർപ്പ ദംശനം ഏറ്റ ഒരുവൻ ജീവൻ നഷ്ടപ്പെടാതിരിക്കാൻ സർപ്പ വിഗ്രഹത്തെ വെറുതെ നോക്കുക മാത്രമല്ല ചെയ്യുന്നത്. അവന്റെ മനസ്സിൽ അതിനോടുള്ള ആരാധനയും വിധേയത്വവും സ്വാഭാവീകമായും ഉണ്ടകും. അതായത് മാനസസേവയും നമസ്കാരവും തന്നെയാണ് അവിടെ ഉടലെടുക്കുന്നത്. ഇവിടെ ദൈവം പറഞ്ഞിട്ടാണ് മൂർത്തി ഉണ്ടാക്കിയത് എന്ന് (സംഖ്യാപുസ്തകം 21:8) പറഞ്ഞാലും യഹോവയുടെ കല്പന പ്രകാരം സ്വർഗ്ഗത്തിലുള്ളതോ, ഭൂമിയിലുള്ളതോ ഭൂമിക്ക് കീഴെ വെള്ളത്തിലുള്ളതോ ആയ ഒന്നിന്റെയും പ്രതിമ ഉണ്ടാക്കാൻ പാടില്ലല്ലോ?. സർപ്പം വെള്ളത്തിലും ഭൂമിയിലും ജീവിക്കുന്നു. ആകയാൽ ഇത് തീർച്ചയായും യഹോവയുടെ കല്പനയ്ക്ക് വിരുദ്ധമല്ലേ?. അതോ യഹോവയും ആധുനീക രാഷ്ട്രീയക്കാരെപ്പോലെ ഇടയ്ക്കിടെ അഭിപ്രായം മാറ്റുന്ന വ്യക്തിയാണോ?. സർപ്പാരാധന ജൂതന്മാ ർക്ക് ഈജിപ്തിൽ അഭയാർത്ഥികളായിരുന്ന കാലത്ത് ലഭിച്ചതാണ്. ഈ വിശ്വാസത്തിന് വളരെ അധികം പഴക്കമുണ്ട്. ഈജിപ്ഷ്യൻ ദൈവങ്ങ ളുടെയും ഫറോവകളുടെയും തലയിൽ ഇപ്രകാരം സർപ്പത്തിന്റെ ചിഹ്നമോ പ്രതിമകളോ കണാവുന്നതാണ്. ഈ സർപ്പം കുണ്ഡലീനി ശക്തിയുടെ പ്രതീകമാണ്. ബൈബിൾ സത്യത്തെ എത്ര വളച്ചൊടിച്ചാലും അത് ഏതെങ്കിലും ഒരു തെളിവ് അവശേഷിപ്പിക്കും എന്നതിനുള്ള തെളിവ് കൂടിയാണ് ഇത്. സത്യത്തിൽ എന്താണ് സാത്താനെയും സർപ്പത്തിനെയും ആരാധന മൂർത്തിയാക്കാൻ കാരണം?. എന്താണ് കൊടിമരത്തിലെ സർപ്പം?. കൊടിമരം സൂചിപ്പിക്കുന്നത് നട്ടെല്ലിനെയാണ്. അതിന്റെ താഴെ യറ്റത്ത് നിന്നും ഇടാപിംഗളാ നാഡികളിലൂടെ ഉയരുന്ന കുണ്ഡലീനീ ശക്തിയുടെ പ്രതീകമാണ് സർപ്പം. ഇവിടെ 'ജീവിക്കും' എന്ന് പറയുന്നത് നിത്യമായ ജീവനെയാണ് അഥവാ മോക്ഷത്തെയാണ് ഉദ്ദേശിക്കുന്നത്. പക്ഷെ ബൈബിൾ ആരാധനയോടെ ഭക്തിയോടെ വായിക്കുന്ന വിശ്വാ സിക്ക് ഇത് അല്പം പോലും പിടികിട്ടുകയില്ല.

സർപ്പം അനന്തതയുടെയും മോക്ഷത്തിന്റെയും പ്രതീകമാണ്. അത് തന്നെയാണ് പുരാതനമായ എല്ലാ മതങ്ങളുടെയും വിശ്വാസവും ആദത്തി ന്റെയും ഹവ്വയുടെയും കഥ സൂചിപ്പിക്കുന്നതും. എന്നുമാത്രമല്ല, ഗ്രഹ ങ്ങളുടെ സഞ്ചാരഗതിയും സർപ്പസഞ്ചാരത്തിന് സമാനമാണ്. സർപ്പാ രാധനയും സർപ്പത്തെ ദൈവമായി കാണുന്ന കാഴ്ചപ്പാടും മോശയ്ക്ക് ഈജിപ്തിൽ നിന്ന് കിട്ടിയതാണ് എന്ന് പറഞ്ഞുവല്ലോ. അതിന് തെളിവാ ണ് താഴെയുള്ള വചനം. പ്രവൃത്തികൾ 7:22 ''മോശ മിസ്രീമ്യരുടെ സകല

ജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു.'' ( ഈജിപ്ത് ദേശത്തിന്റെ ആദ്യകാല നാമം അജാപതി സാമ്രാജ്യം എന്നായിരുന്നു. അജാപതി എന്നാൽ രാമൻ. അതായത് ശ്രീരാമസാമ്രാജ്യം എന്നത് തന്നെ. പിൽക്കാലത്ത് മറ്റ് ജാതികളായ അഭയാർത്ഥികളാൽ മിശ്രിതമാകുകയും മിശ്രജാതികളുടെ ദേശമായി പരിണമിക്കുകയും ചെയ്തു. അങ്ങിനെ മിസ്രായി ദേശം എന്ന ഒരു പേരു കൂടി ഈജിപ്തിന് വന്നു ചേർന്നു. അജാപതി പരിണമിച്ചാണ് ഈജിപ്ത് എന്ന വാക്ക് ഉണ്ടായത്.) സർപ്പത്തോടുള്ള ആരാധന കേവലം ഈജിപ്ത്കാരുടെയോ ആദ്യകാല ജൂതന്മാരുടേതോ മാത്രമായ വിശ്വാസമായിരുന്നില്ല. ഇൻഡ്യ, ചൈന, ഗ്രീക്ക്, ഇറ്റലി തുടങ്ങീ മറ്റ് പലരാജ്യങ്ങളിലും ഈ വിശ്വാസം നിലനിന്നിരുന്നു. അപ്രകാരം ഉള്ള വിശ്വാസത്തിന്റെ ഭാഗമായി അവരിൽ പലരും സഞ്ചരിക്കുമ്പോൾ ഉപയോഗിക്കുന്ന ഊന്നുവടിയിൽ സർപ്പത്തിന്റെ രൂപം കൊത്തിയിരുന്നു. ഇവിടെ ഓർക്കേണ്ട മറ്റോരു കാര്യം മോശ പിച്ചള സർപ്പത്തെ പതിപ്പിച്ച ഒരു ദണ്ഡും കൊണ്ടാണ് നടന്നിരുന്നത് എന്നതാണ്.

ഏശയ്യ 6:2,6 എന്നീ വചനങ്ങളിൽ സെറാഫിസുകളെപ്പറ്റി പറയുന്നു. സെറാഫിം ഹീബ്രു വൈദീക ഗ്രന്ഥത്തിലെ ഒരു മാലാഖയാണ്. അതേ സമയം സെറാഫിസ് ഒരു ഈജിപ്ഷ്യൻ ദൈവവുമാണ്. മലയാളം ബൈബിളിൽ ഇത് സാഫറുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തായാലും സെറാഫിം എന്ന പദത്തിൽ നിന്നാണ് സെർപ്പന്റ് (സർപ്പം) എന്നവാക്ക് ഉണ്ടായിട്ടുള്ളത്. മേൽപ്പറഞ്ഞിരിക്കുന്ന രണ്ട് സെറഫിമുകളും കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ ബഹുവചന രൂപത്തിന്റെ കാര്യത്തിൽ തർക്കമില്ല. അത് മാലാഖമാരെ ആയിരിക്കാം ഉദ്ദേശിച്ചിരിക്കുന്നത്. തെക്കു പടിഞ്ഞാറൻ ആഫ്രിക്കയിലെ നിവാസികളായ ഹോട്ടനോട്ടുകൾ പറയുന്നത് അനുസരിച്ച് കടിച്ച പാമ്പിന്റെ തല ചവിട്ടി തകർത്താൽ വിഷമേൽക്കില്ല എന്നൊരു വിശ്വാസം അവർക്കിടയിൽ ഉണ്ടായിരുന്നു. ഇത് നമ്മളെ ബൈബിൾ ഉല്പത്തി മൂന്നാം അദ്ധ്യായത്തിൽ പാമ്പിന് ദൈവം നൽകിയ ശാപത്തെ (അവൻ നിന്റെ തല തകർക്കും) ഓർമ്മിപ്പിക്കുന്നു. ഇവിടെ പറയേണ്ട രസകരമായ മറ്റൊരു സദൃശ്യം കൂടെയുണ്ട്. ഈവ്/ഹവ്വ/ഹെവ/ഈവ എന്നത് ഒരു സർപ്പത്തിന്റെ പേരാണ്. ആദ്യകാല ക്രിസ്ത്യർ വർഗ്ഗം സർപ്പാരാധകരായിരുന്നു. ഉദാഹരണം ഓഫിയേറ്റുകൾ. ഓഫിസ് ഒരു സർപ്പമാണ്. മറ്റൊരു കൗതുകകരമായ കാര്യം ആയിരം വർഷം മുൻപ് ക്രിസ്ത്യൻ യാത്രീകർ സഞ്ചരിക്കുമ്പോൾ പാമ്പിനെ കൂടയിലാക്കി കൂടെ കൊണ്ടുപോകുമായിരുന്നു. അതുപോലെ പഴയകാല ക്രിസ്ത്യൻ പള്ളികളുടെ ചുവരുകളിൽ സർപ്പത്തിന്റെ ചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു. ഇതിലൂടെ ക്രിസ്ത്യൻ സമൂഹത്തിന് പാമ്പുമായുള്ള ബന്ധം വളരെ അഗാധമായിരുന്നു എന്ന് മാത്രമല്ല ആ ബന്ധത്തിന് ആയിരക്കണക്കിന് വർഷങ്ങളുടെ പഴക്കമുണ്ട് എന്ന് കൂടി ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. അങ്ങിനെ രണ്ട് തരത്തിലുള്ള സർപ്പങ്ങളെയാണ് നാം ഇവിടെ കണ്ടത്. ഒന്ന് ഏദൻ തോട്ടത്തിലെ സാത്താനായ സർപ്പം. മറ്റൊന്ന് യഹോവയുടെ പ്രതീകമായ മോശയുടെ പിച്ചള സർപ്പം. ഒന്ന് ജീവവൃക്ഷത്തിലേയ്ക്കുള്ള വഴിയെ സൂചിപ്പിക്കുമ്പോൾ മറ്റൊന്ന് മരണത്തിനും മേലുള്ള ജീവനെ സൂചിപ്പിക്കുന്നു. സത്യത്തിൽ ഈ രണ്ട് സർപ്പ

ങ്ങളും ഒന്ന് തന്നെയാണ്. ഈ രണ്ട് സർപ്പങ്ങളും മേൽ സാഹചര്യത്തിൽ ഒരേ ധർമ്മമാണ് ചെയ്യുന്നത്. ഒന്നിനെ സൃഷ്ടാവും മറ്റൊന്നിനെ സംഹാര കനുമായാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നുമാത്രം. ഇത് രണ്ടും ഉൾക്കാഴ്ച്ച നഷ്ടപ്പെട്ട ക്രിസ്ത്യാനികൾക്ക് കാണാൻ കഴിയാത്ത യഹോവയുടെ (ശിവൻ) രൂപങ്ങൾ/ പ്രതീകങ്ങൾ തന്നെയാണ്. വിശ്വാസി സമൂഹത്തിന് അത് മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് പൗരോഹിത്യവർഗ്ഗത്താൽ അടിച്ചേൽപ്പിക്കപ്പെട്ട അപകർഷതാ ബോധം തരണം ചെയ്യുവാൻ ശ്രമിക്കുന്നതല്ലാതെ അതിനുമേലുള്ള യുക്തിപരമായ ചിന്തകൾക്ക് അവർ മസ്തിഷ്കത്തിൽ ഇടം കൊടുക്കുവാൻ ശ്രമിക്കുന്നില്ല എന്നതാണ്.

# 5

# വികലകലാ ചിന്തകർ

പിതാവ്, പുത്രൻ, സാത്താൻ ഇവർ മൂവരും തമ്മിലുള്ള സദൃശ്യം എന്താണെന്ന് കഴിഞ്ഞ അദ്ധ്യായത്തിലൂടെ നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. യഹോവ, സാത്താൻ, യേശുക്രിസ്തു ഇവർ മൂവരും ഒന്ന് തന്നെയാണ്. സത്യത്തിൽ ഇതിൽ യേശുവിന് ചരിത്രപരമായി യാതൊരു പ്രധാന്യവുമില്ല. ഇൻഡ്യ മുതൽ ഗ്രീക്ക് വരെയുള്ള വിശ്വാസങ്ങളെ മിശ്രിതപ്പെടുത്തി വളരെ മനോഹരമായി ഉണ്ടാക്കിയ പുതിയ കുപ്പിയിലെ പഴയ വീഞ്ഞാണ് പുതിയ നിയമം. പഴയനിയമത്തിലെ കലാപം നിറഞ്ഞ വരികളിൽ നിന്നും വിശ്വാസികളെയും സാമ്രാജ്യത്തെയും പിടിച്ച് നിർത്താൻ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മനശാസ്ത്രമാണ് കൂടുതൽ പ്രായോഗീകം എന്ന് മനസ്സിലാക്കി പൗരോഹിത്യവർഗ്ഗം മെനഞ്ഞ രാഷ്ട്രീയ ഗൂഢാലോചനകളിൽ വിളഞ്ഞ ഫലമാണ് ഫ്ളാവിയസ് ജോസിഫസിന്റെ കൈകളാൽ എഴുതപ്പെട്ട പുതിയ നിയമം.

റവ: മി. പിത്രേ അദ്ദേഹത്തിന്റെ ''പാഗൻ ഒറിജിൻ ഓഫ് പാർഷ്യാലിസ്റ്റ്സ് ഡോക്ടറൈൻസ്, പുറം 58'' ൽ കുറിച്ചിരിക്കുന്നു. ''ഗ്രീക്ക് കവി യൂഫിഡസ് പറയുന്നു. ഒന്ന് മറ്റൊന്നുമായി ലയിച്ചിരിക്കുന്നതിനാൽ ഒരു കാരണവശാലും സാത്താനിൽ നിന്നും വേർതിരിയരുത്.''

അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ''ഈ അഭിപ്രായം ഓർമ്മിക്കപ്പെടേണ്ട ഒരു പൗരാണിക വസ്തുവാണ്. വേദാന്തികളും, കവികളും, നിയമജ്ഞരും, ദേവശാസ്ത്രജ്ഞരും ഈ അഭിപ്രായം മുറുകെ പിടിച്ചിരുന്നവരാണ്.'' അദ്ദേഹത്തിന്റെ ഈ അഭിപ്രായം ദൈവത്തിന്റെയും സാത്തന്റെയും സദൃശ്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. യഹോവ തന്നെയാണ് നന്മയുടെയും തിന്മയുടെയും സൃഷ്ടാവ് എന്നിരിക്കെ ഇവ രണ്ടും തമ്മിൽ വേർതിരിക്കാനാവില്ല എന്നുതന്നെയാണ് അദ്ദേഹം പറയാതെ പറഞ്ഞു വെയ്ക്കുന്നത്. ബൈബിൾ എന്നത് അനവധി ചെറുപുസ്തകങ്ങളുടെ ക്രോഡീകരിക്കപ്പെട്ട സമാഹാരമാണ്. ഇതിൽ പഴയ നിയമം പല കാലയളവിലായി എഴുതപ്പെട്ടതും പണ്ട് പലയിടങ്ങളിൽ നിലനിന്നിരുന്ന വിശ്വാസങ്ങളിൽ അധിഷ്ഠിതവുമാണ്. ഉദാഹരണമായി പുരാതന ആഫ്രിക്കക്കാരും, തമിഴരും തങ്ങൾ മണ്ണിൽ നിന്നാണ് ഉണ്ടായത് എന്ന വിശ്വാസം വെച്ച് പുലർത്തുന്നവരായിരുന്നു. മണ്ണിൽ നിന്ന് വന്നതിനാൽ അവർ മണ്ണിനോട് മല്ലടിച്ച് ജീവിച്ചു. ആദ്യമായി കൃഷി തുടങ്ങിയത് ഈ രണ്ട് വർഗ്ഗങ്ങൾ തന്നെയാണ്. അവർക്കിടയിൽ ഇന്നുമുണ്ട് ഒരു മണ്ണിൻ മക്കൾ വാദം. ഇത്തരത്തിലുള്ള ചിന്താഗതിയാണ് യഹോവ മണ്ണ് കുഴച്ച് മനുഷ്യനെ സൃഷ്ടിച്ചു എന്ന് പറയുവാനുണ്ടായ കാരണം. മണ്ണിന്റെ നിറമുള്ള അവരുടെ ശരീരവും ഇത്തരത്തിലുള്ള വിശ്വാസങ്ങൾക്ക് കാരണമായിരുന്നു. അവർ മനസ്സിലാക്കി

യിരുന്ന വലിയ തത്വം മണ്ണിൽ നിന്നും വരുന്നു. മണ്ണിലേയ്ക്ക് തന്നെ മടങ്ങി പ്പോകുന്നു എന്നത് മാത്രമായിരുന്നു. അപ്പോൾ ഇപ്രകാരം ക്രോഡീകരി ക്കപ്പെട്ട ബൈബിൾ അതായത് പഴയനിയമവും പുതുതായി ഉണ്ടാക്കിയ തെന്ന് പറയപ്പെടുന്ന നിയമവും ആകെക്കൂടി അവലോകനം ചെയ്തു നോക്കുകയാണെങ്കിൽ ശരാശരി ഒരു വിശ്വാസിക്ക് ആദ്യഭാഗം അതായത് പഴയ നിയമം ദൈവത്തിന്റെ സാത്താനീക രൂപവും രണ്ടാം പകുതി നന്മകൾ നിറഞ്ഞതുമായി അനുഭവപ്പെടും. എങ്കിലും പഴയനിയമത്തിൽ കർമ്മം ചെയ്യുന്നത് ദൈവമായതിനാൽ തിന്മകൾ വേർതിരിച്ച് ചൂണ്ടിക്കാട്ടുവാൻ വിശ്വാസിയുടെ മാനസീകാവസ്ഥ അനുവദിക്കുന്നില്ല. എങ്കിലും ബൈബിൾ അവസാനത്തിലേയ്ക്ക് എത്തുമ്പോൾ ദൈവം തന്റെ സാത്താനീക രൂപം വീണ്ടും കാട്ടിത്തുടങ്ങുന്നു. ആകെക്കൂടെ ബൈബിൾ ദൈവീക ഗ്രന്ഥമായി പരിഗണിക്കുകയാണെങ്കിൽ നന്മയും തിന്മയും ദൈവത്തിൽ നിന്നുതന്നെ നിർഗളിക്കുന്നു എന്ന് വിശ്വാസികൾ വിശ്വസിച്ചേ മതിയാകൂ.

നന്മയ്ക്ക് ഒരു ദൈവം, തിന്മയ്ക്ക് മറ്റൊരു ദൈവം അങ്ങിനെയുള്ള ഒരു ചിന്താധാര ആദ്യകാലത്ത് നിലനിന്നിരുന്നില്ല എന്ന് പറഞ്ഞുവല്ലോ. ഈ ചിന്ത കാലാനുഗതമായി വളർന്ന് വന്നതാണ്. വേദഗ്രന്ഥങ്ങളിലെ ആശയ പ്രകാരം ഒരു ദൈവം തന്നെയാണ് സൃഷ്ടിക്കുന്നതും, സംഹരിക്കുന്നതും. ഇവിടെ ചിലരുടെ മനസ്സിൽ സൃഷ്ടാവ് ബ്രഹ്മാവാനല്ലോ എന്ന് വരുവാനുള്ള സാധ്യതയുണ്ട്. സത്യത്തിൽ വേദങ്ങൾ പ്രകാരം ബ്രഹ്മം എന്നത് പ്രപഞ്ചം മാത്രമാണ്. ബ്രഹ്മത്തിലുള്ള സൃഷ്ടികളെല്ലാം ബ്രഹ്മാവിന്റെ സൃഷ്ടിയായി കണക്കാക്കപ്പെടുന്നു എന്ന് മാത്രം. നന്മയ്ക്കും തിന്മയ്ക്കും വ്യത്യസ്തമായ ദൈവങ്ങൾ എന്ന ആശയം പൗരോഹിത്യവർഗ്ഗത്തിന്റെ മാനസീക വൈക ല്യത്തിൽ നിന്നുയർന്ന് വന്ന ചിന്തകളിൽ അധിഷ്ഠിതമാണ്. ഈജിപ്തിലും ഇപ്രകാരത്തിലൂള്ള വേർതിരിവുണ്ടായതായി കാണാവുന്നതാണ്. നന്മയുടെ പ്രതീകമായ ഒസിരിസിന്റെ സഹോദരനായാണ് തിന്മയുടെ പ്രതീകമായ ടൈഫോയെ ചിത്രീകരിച്ചിരിക്കുന്നത്. എങ്കിലും ആദ്യകാലങ്ങളിൽ ഈ വേർതിരിവുകൾ മനുഷ്യരിൽ യാതോരു വിധത്തിലുമുള്ള സ്വാധീനവും ചെലുത്തിയിരുന്നില്ല. എന്നാൽ കാലക്രമേണ അവരുടെ ഭൗതികമായ സ്വഭാവത്തിലും പ്രവർത്തികളിലും ഇത് പരിവർത്തനങ്ങൾ വരുത്തി തുട ങ്ങി. അങ്ങിനെ എതൊരു ദൈവമാണോ പ്രസന്നതയുടെ സൂര്യരശ്മികൾ വസന്തകാലത്ത് നൽകുന്നത്, ഏതൊരു ദൈവമാണോ ശിശിരകാലത്ത് കുത്തിയിറങ്ങുന്ന തണുപ്പ് നൽകുന്നത്, ഏതൊരു ദൈവമാണോ മഴ നൽകി ചെടികളെയും, വൃക്ഷങ്ങളെയും നെൽക്കതിരുകളെയും, വിള കളെയും, പുൽക്കൊടികളെയും വളർത്തിക്കൊണ്ടുവരുന്നത് അതേ ദൈവം തന്നെ ഇടിമുഴക്കവും, കൊടുങ്കാറ്റും, മിന്നലും, വരൾച്ചയും ഉണ്ടാക്കുന്നു. അത്തരത്തിലുള്ള ഒരു കാഴ്ച്ചപ്പാടിൽ നിന്ന് പ്രകൃതിയുടെ സൃഷ്ടാത്മക ശക്തിയെയും സംഹാരാത്മക ശക്തിയെയും അവർ വേർതിരിച്ച് കാണു വാൻ തുടങ്ങി. അപ്രകാരം ആദ്യസാത്താന്റെ പൈശാചീക പ്രവർത്തികൾ അവർ പ്രകൃതിയിൽ തന്നെ വേർതിരിച്ചു തുടങ്ങി.

റവ: മി. പിത്രേ ഇപ്രകാരം എഴുതി. '' ഒന്നുകിൽ നന്മ അല്ലെങ്കിൽ തിന്മ ഇവ രണ്ടിന്റെയും സൃഷ്ടാവ് ഒരാൾ ആകുകയില്ല. ദൈവത്തിന് ഒരിക്കലും തിന്മ ചെയ്യുവാൻ കഴിയുകയില്ല.'' അടുത്ത പേജിൽ അദ്ദേഹം തുടരുന്നു

''നമ്മൾ രണ്ട് വിപരീത ശക്തികൾ ഉണ്ടെന്ന് അംഗീകരിച്ചേ മതിയാകു. ഒന്നിന്റെ ചായ്‌വ് വലത്തോട്ടും മറ്റൊന്നിന്റേത് ഇടത്തോട്ടുമാണ്. നന്മ ഒരിക്കലും തിന്മ ഉണ്ടാക്കുകയില്ല. അതുപോലെ തിന്മയ്ക്ക് നന്മ ഉണ്ടാക്കാൻ കഴിയുകയുമില്ല''. അപ്പോളോയുടെ പുരോഹിതനും ഗ്രീക്ക് കവിയും ഇത് പരിഗണിച്ച് ഇപ്രകാരം പറഞ്ഞു.'' റവ: മി. പിത്രേയുടെ വാക്കുകൾ നന്മയും തിന്മയും ഒരേ ഉറവിടത്തിൽ നിന്നുതന്നെയാണ് ഉണ്ടാകുന്നതെന്ന് ഇക്കാലമത്രയുമുള്ള മാനുഷീക വിശ്വാസത്തിനെ ദുഷ്കരമായ അവസ്ഥയിൽ എത്തിച്ചിരിക്കുന്നു.''

പല രാജ്യങ്ങളും വർഷത്തിന്റെ പകുതി ദൈവവും മറുപകുതി സാത്താനുമാണ് ഭരിക്കുന്നത് എന്ന് വിശ്വസിച്ചിരുന്നു. വർഷത്തിൽ പകുതി സൃഷ്ടാത്മകവും മറുപകുതി സംഹാരാത്മകവും (അതുഷ്ണകാലത്ത് വരൾചയും, അതിശൈത്യകാലത്ത് വിളകൾക്ക് നാശവും സംഭവിക്കുന്നു) നടക്കുന്നതിനാലായിരുന്നു. അപ്രകാരമുള്ള വിശ്വാസം ഉടലെടുത്തിരുന്നത്. പഴമക്കാരെ ഓർമ്മിച്ചുകൊണ്ട് പ്ലൂട്ടാർക്ക് ഇപ്രകാരം പറയുന്നു.'' അവർ വ്യത്യസ്ത വ്യാപാരങ്ങൾ നടത്തിയിരുന്ന രണ്ട് ശക്തികളിൽ വിശ്വസിച്ചിരുന്നു. ആദ്യത്തേത് നന്മയുണ്ടാക്കുന്നത് രണ്ടാമത്തേത് തിന്മയുണ്ടാക്കുന്നത്. ആദ്യത്തേതിനെ അവർ ദൈവം എന്നും രണ്ടാമത്തേതിനെ അവർ സാത്താനെന്നും വിളിച്ചു. പേർഷ്യക്കാർ ഇതിൽ ആദ്യത്തേത് പ്രകാശത്തിന്റേതും രണ്ടാമത്തേത് അന്ധകാരത്തിന്റേതും ആയ സവിശേഷതകൾ നിറഞ്ഞതായി കണ്ടു. ഈജിപ്ഷ്യൻസ് ആദ്യത്തേതിനെ ഒസിരിസ് എന്നും രണ്ടാമത്തേതിനെ ടൈഫോൺ എന്നും വിളിച്ചു.'' ആധുനീക ക്രിസ്ത്യൻ മതത്തിന്റെ അടിസ്ഥാനവും ദൈവം വെളിച്ചവും സാത്താൻ അന്ധകാരവുമാണ് എന്ന കാഴ്ച്ചപ്പാട് തന്നെയാണ്. ആ കാഴ്ച്ചപ്പാടിൽ കാര്യമായ വ്യത്യാസം വന്നിട്ടില്ല എന്ന് നമുക്ക് അറിയാവുന്നതാണ്. വൈദീകമതം ക്രിസ്തുമതത്തേക്കാളും വളരെ പൗരാണികത നിറഞ്ഞതും അതിലെ ആശയങ്ങൾ ഇതിന് വിപരീതമായിരുന്നിട്ട് കൂടി തിന്മയ്ക്ക് മാത്രമായി ഒരു അധിപൻ ഉണ്ട് എന്ന് വരുത്തിത്തീർക്കാനുള്ള ക്രിസ്ത്യൻ പ്രവണത വളരെ പ്രബലമായിരുന്നു. ക്രിസ്ത്യൻ പുരോഹിതനായ അഗസ്റ്റിൻ പറയുന്നു. '' പുരാതന അസീരിയക്കാരും, പേർഷ്യക്കാരും രണ്ട് നിയമങ്ങൾ ഉണ്ട് എന്ന് സമ്മതിച്ചിരുന്നു. ഒന്ന് നന്മയുടെ ഭാഗമായ ദൈവത്തിന്റേതും മറ്റേത് തിന്മയുടെ ഭാഗമായ സാത്താന്റേതും.'' റവ. മി. പിത്രേ ഇപ്രകാരം പറയുന്നു. ''പുരാതന ഇൻഡ്യക്കാർ പ്രപഞ്ചം ഭരിക്കുന്ന വെളിച്ചം ദൈവവും ഇരുട്ട് സാത്താനുമാണ് എന്ന് വിശ്വസിച്ചിരുന്നു.'' അപ്രകാരം പ്രബലമായ വിശ്വാസമാണ് ദൈവം നക്ഷത്രങ്ങളിലോ മറ്റ് സ്വർഗ്ഗ വസ്തുക്കളിലോ ആണ് വസിക്കുന്നത് എന്നത്. ഒട്ടുമിക്ക രാജ്യങ്ങളും വേദമതം പിന്തുടരുന്നവയായിരുന്നു. സ്വർഗ്ഗം സൂര്യനാണെന്നും ദൈവം ഇരിക്കുന്നത് സൂര്യനിലാണെന്നും സാത്താൻ ചന്ദ്രനിലോ മറ്റ് ഗ്രഹങ്ങളിലോ ആണ് വസിക്കുന്നത് എന്നും അവർ വിശ്വസിച്ചു. ശനി മനുഷ്യർക്ക് ദോഷം വരുത്തുന്നതിനാൽ സാത്താൻ ശനി ഗ്രഹത്തിലാണ് വസിക്കുന്നത് എന്ന് അവരിൽ ചിലർ ഉറപ്പിച്ചു. (ശനി ഗ്രഹം സൂര്യനെ ഒരുവട്ടം ചുറ്റാൻ ഭൂമിയിലെ 29.7 വർഷം എടുക്കുന്നു. ഓരോ രാശിയിലൂടെയും 2.5 വർഷം മുതൽ 7.5 വർഷം വരെ എടുത്താണ് ശനി കടന്നുപോകുന്നത്. ഒരാളുടെ ജീവിതത്തിൽ ശനിയുടെ അപഹാരം രണ്ട്

തവണ വരും. ലൗകീക ജീവിതത്തിൽ ശനി ദോഷം ചെയ്യുന്നു എങ്കിലും ആത്മീയ ജീവിതത്തിൽ ശനി ഗുണമാണ് സൃഷ്ടിക്കുന്നത്. കാരണം ശനി ഏതൊന്നിനോടുമുള്ള അധികമായ ബന്ധങ്ങൾക്ക് ദുർബലത ഉണ്ടാക്കുന്ന ഗ്രഹമാണ്. ശനിഗ്രഹം ആത്മീയതയെ ഉയർന്ന തലത്തിലേയ്ക്ക് ഉയർത്തുന്നു.) എന്നാൽ ആദ്യകാലത്ത് സ്വർഗ്ഗവും നരകവും അടുത്തടുത്ത് ആകുകയില്ല എന്നാണ് മനുഷ്യർ വിശ്വസിച്ചിരുന്നത്. കാരണം തിന്മ (സാത്താന്റെ കർമ്മങ്ങൾ)ദൈവം തന്റെ മുന്നിൽ അനുവദിക്കുകയില്ല എന്ന ദൃഢ വിശ്വാസം അവരിൽ ഉണ്ടായിരുന്നു. പക്ഷെ പിൽക്കാലത്ത് ക്രിസ്ത്യൻ മതത്തിന്റെ ആവിർഭാവത്തോടെ സ്വർഗ്ഗവും നരകവും അടുത്തടുത്ത സ്ഥലങ്ങളാണെന്നും ഇതിലേയ്ക്കുള്ള വാതിൽ മരണശേഷം ഉയർത്തപ്പെടുന്ന ആത്മാവിന് കാണുവാൻ കഴിയും എന്ന ആശയം അവർ വിശ്വാസികളിൽ അടിച്ചേൽപ്പിച്ചു. (ലൂക്കോസ് 16:22,23)


എന്നാൽ എന്തായിരുന്നു സ്വർഗ്ഗവും നരകവും എന്ന പൗരാണീക വിശ്വാസം എന്നത് രാശിചക്രം എടുത്ത് നോക്കിയാൽ നമുക്ക് കാണാവുന്നതാണ്. പുരാതന ക്രിസ്ത്യൻ ജ്യോതിഷം ഇതിനെ ഹൈഡ്ര എന്ന് ആദ്യഭാഗത്ത് അടയാളപ്പെടുത്തിയിരിക്കുന്നു. ഇത് വരുന്നത് കർക്കിടകം, ചിങ്ങം, കന്നി എന്നീ രാശികളിലും യഥാക്രമം ജൂൺ, ജൂലൈ, ആഗസ്ത് എന്നീ മാസങ്ങളിലുമാണ്. ഈ മാസങ്ങൾ വേനൽക്കാല മാസങ്ങളാണ്. (കേരളത്തിലെ കാലവസ്ഥ അല്ല). രണ്ടാം ഭാഗം സർപ്പത്തെ സൂചിപ്പിക്കുന്നത് വൃശ്ചികത്തിൽ (തേൾ) തുടങ്ങുന്ന തണുപ്പ് മാസങ്ങളിലേയ്ക്കുള്ള പ്രയാണത്തെയാണ്. ഇത് ഭീകരവും തിക്തവും നിർജ്ജീവാവസ്ഥ ഉണ്ടാക്കുന്നതുമായ സാത്താന്റെ കാലത്തെ സൂചിപ്പിക്കുന്നു. ഇടയിലുള്ള വസന്തവും, ശരത്കാലവും നന്മയുടെ പ്രതീകമായ ദൈവത്തെ സൂചിപ്പിക്കുന്നു. ഈ സമ്പ്രദായം മോശയും ഹിന്ദു വേദജ്ഞാനമാണ് അനുഗമിച്ചിരുന്നത് എന്നതിനുള്ള തെളിവാണ്. ( മോശ വിഷ്ണു പുരാണത്തിലെ മനു തന്നെ ആണ് എന്നതാണ് ഇത് സൂചിപ്പിക്കുന്നത്). ഇൻഡ്യ, പേർഷ്യ, ഈജിപ്ത്, ഗ്രീക്ക് തുടങ്ങീ മിക്കരാജ്യങ്ങളും ത്രിമൂർത്തിത്വത്തിൽ വിശസിച്ചിരുന്നു. അതായത് യഥാക്രമം സൃഷ്ടി, സ്ഥിതി സംഹാരം ആണ് അത് ഉദ്ദേശിച്ചിരുന്നത്. ഇതിൽ സംഹാരമൂർത്തിയായി സൂചിപ്പിച്ചിട്ടുള്ള ശിവനെയാകാം തിന്മയുടെ പ്രതിനിധിയായ സർപ്പമായി ചിത്രീകരിച്ചിരിക്കുന്നത്.

അവബോധത്തിലൂടെയും തിരിച്ചറിവിലൂടെയും ഭൗതീകവും പ്രകൃതിപരവുമായ ദോഷദൃക്കിനെ മനസ്സിലാക്കാം. ഭൗതീക ദോഷങ്ങൾ പരിഗണിക്കുമ്പോൾ കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് ഉടലെടുക്കുന്ന ആപത്തുകളെ, ദുർനിമിത്തങ്ങളെ അവ സൂചിപ്പിക്കുന്നു. ആറുമാസം പ്രകൃതി പൂക്കുകയും കായ്ക്കുകയും ചെയ്ത് ഉദ്പാദന ക്ഷമതയുള്ളവളും സൗന്ദര്യവതിയുമാകുന്നു. അടുത്ത ആറുമാസം വിപരീത ശക്തികളാൽ സ്തംഭിതവും, സ്ഫോടനാത്മകവും, നാശനാത്മക സ്വഭാവമുള്ളവളുമായി പ്രകൃതി മാറുകയും ചെയ്യുന്നു. ആദ്യ ആറുമാസം വേനൽക്കാലവും, വസന്തവും തുടർച്ചയായി സൂര്യപ്രകാശം നൽകി പൂക്കളുടെയും പഴങ്ങളുടെയും ധാന്യങ്ങളുടെയും പച്ചക്കറികളുടെയുമെല്ലാം വളർച്ച ത്വരിതപ്പെടുത്തുന്നതിനാൽ അത് സ്വർഗ്ഗരാജ്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ അടുത്ത ആറുമാസം നിർജീവത്വവും, വിളനാശവും രാത്രി കൂടുതലുള്ള

തുമാകയാൽ അന്ധകാരത്തിന്റെ സാമ്രാജ്യം അഥവ നരകവുമായി കണക്കാക്കപ്പെടുന്നു. അങ്ങിനെ സൃഷ്ടാത്മകവും സൗഭാഗ്യവും ഐശ്വര്യവും നൽകുന്നതിനാൽ സൂര്യൻ ദൈവമായും ഈ സാമ്രാജ്യം സൂര്യസാമ്രാജ്യമായും പറയപ്പെടുന്നു. സൂര്യൻ ഉഷ്ണമേഖലയിൽ കർക്കിടക രാശിയിൽ നിന്ന് ദക്ഷിണായനത്തിലേയ്ക്ക് സഞ്ചരിക്കുന്നതിനാൽ ഇത് സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിൽ എന്ന് കരുതപ്പെടുന്നു. ഈ വാതിലിൽ ദ്വാര-പാലകനായി മേടം അഥവ ആണാട് വസന്തകാലത്തിന്റെ ചിഹ്നവും നരകത്തിലേയ്ക്കുള്ള വാതിലിൽ വ്യാളി പ്രതിനിധിയായി വൃശ്ചികം അഥവ തേൾ തണുപ്പ് കാലത്തിന്റെ ചിഹ്നവും ആയി ചിത്രീകരിക്കപ്പെട്ടു. വസന്ത കാലാരംഭം മാർച്ച് മാസത്തിലും തണുപ്പ് കാലാരംഭം ഒക്ടോബറിലുമാണ്. ഇങ്ങിനെ ഒരുവർഷത്തിന്റെ ആദ്യപകുതി ഭരിക്കുന്നത് ദൈവവും മറു പകുതി ഭരിക്കുന്നത് സാത്താനുമായി പൗരാണികർ കണക്കാക്കി. വെളിപ്പാട് 12ൽ ജോൺ പറയുന്നത് മഹാസർപ്പത്തിന് 5 മാസത്തെ പ്രഹരിക്കാനുള്ള ശേഷിയുണ്ട് എന്നാണ്. വാനശാസ്ത്രപ്രകാരം ഇതിനെ നോക്കിക്കാണുകയാണെങ്കിൽ വർഷത്തിൽ 5 മാസം ഉദ്പാദനം ഗണ്യമായി കുറയുന്നു. ജോണിന്റെ മഹാസർപ്പത്തിന് 7 തലകളും 10 കൊമ്പുകളും ഉണ്ട്. 7 തലകൾ എന്നത് ഏഴ് വേനൽക്കാല മാസത്തെയാണ് ഉദ്ദേശിക്കുന്നത്. (ചില രാജ്യങ്ങളിൽ വേനൽ മാസങ്ങൾ കൂടുതൽ ഉള്ളതിനാൽ അവർ അപ്രകാരമാണ് വിഭജിച്ചിരിക്കുന്നത്.) ബാക്കിയുള്ള 5 ശൈത്യമാസത്തെ ഇരട്ടിയായി ചിത്രീകരിച്ചിരിക്കുന്നു. വെളിപ്പാട് 12:1-6 ൽ ജോൺ പറയുന്നത് അനുസരിച്ച് മഹാസർപ്പം സ്ത്രീയുടെ പുത്രനെ പിന്തുടർന്ന് നശിപ്പിക്കാൻ ശ്രമിക്കുന്നു. ഇതിന്റെ വിശദീകരണം രാശിചക്രം നോക്കിയാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതായത് മഹാസർപ്പം എന്നത് വൃശ്ചികം അഥവ തേൾ രാശിയാണ് അത് കന്യകയായ സ്ത്രീയെ അഥവ കന്നി മാസത്തെ പിതുടരുകയും സ്ത്രീയുടെ പുത്രൻ അഥവ അവളുടെ കയ്യിലെ ധാന്യം അഥവ വിള നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു

ഈ പഴയ സർപ്പത്തെ പേർഷ്യക്കാർ വ്യാളിയായും, റോമക്കാർ ഡ്രാക്കോ ആയും, ലാറ്റിൻസ് ഡ്രാഗൺ ആയുമായാണ് ചിത്രീകരിച്ചിരിക്കുന്നത്. മഹാസർപ്പം കന്യകയെ ആകാശത്തിലൂടെ പിന്തുടരുന്നത് രാശിചക്രം

zodiac







നോക്കി മനസ്സിലാക്കാം. ഇവിടെ നമുക്ക് ഏദനിലെ പഴയ സർപ്പം സ്ത്രീയെ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നത് കൂടി ഓർമ്മയിൽ വരുകയാണ്. ഇതി നിടയിൽ കുടത്തിൽ വെള്ളമേന്തിയ ഒരു പുരുഷനെക്കൂടി നമ്മൾ രാശി ചക്രത്തിൽ കാണുന്നു (കുംഭം രാശി). ഇത് ആദം ആയി പരിഗണിക്കാവു ന്നതാണ്. അങ്ങിനെ ആദ്യ ദമ്പതികളായ ആദത്തെയും ഹവ്വയെയും സർപ്പത്തെയും രാശിചക്രത്തിൽ ചിത്രീകരിച്ചിരിക്കുന്നത് നമുക്ക് കാണാ വുന്നതാണ്. വെളിപ്പാടു 12:1 ൽ ജോൺ പറയുന്നു ''സൂര്യനെ അണിഞ്ഞൊ രു സ്ത്രീ അവളുടെ കാൽ കീഴിൽ ചന്ദ്രനും തലയിൽ പന്ത്രണ്ടു നക്ഷത്ര ങ്ങൾ കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു.'' രാശിചക്ര പ്രകാരം ഇതിനെ വിശദീകരിക്കുകയാണെങ്കിൽ സൂര്യനെ അണിഞ്ഞിരിക്കുന്ന സ്ത്രീ എന്നത് കന്നി മാസമാണ് (വിർജിൻ). സൂര്യൻ കന്നി രാശിയിൽ ആയതിനാ ലാണ് അവൾ സൂര്യനെ അണിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത്. 12 നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം രാശിചക്രത്തിലെ 12 നക്ഷത്രങ്ങളാണ്. ഇവിടെ സൂര്യസ്ഥാനം കന്നിരാശിക്കും മറ്റ് നക്ഷ്ത്രങ്ങൾക്കും അനുപാതീക മായാണ് ചിത്രീകരിക്കുന്നത്. ആഗസ്ത് മാസത്തിലെ തീഷ്ണമായ സൂര്യ രശ്മികളാൽ പ്രഭാവതിയായി നിൽക്കുന്നതിനാലാണ് കന്യക സൂര്യനെ അണിഞ്ഞിരിക്കുന്നു അല്ലെങ്കിൽ സൂര്യനെപ്പോൽ വസ്ത്രം ധരിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത്. ആ സമയം ചന്ദ്രൻ വിപരീത സ്ഥാനത്താണ്. ആയതിനാൽ കന്യകയുടെ (കന്നിരാശിക്ക്) കാൽ ചുവട്ടിലാണ് ചന്ദ്രൻ എന്ന് പറഞ്ഞിരിക്കുന്നു. മാർച്ച് മാസത്തിൽ സൂര്യൻ അയനരേഖ മറികട ക്കുന്നത് പുരാതനകാലത്ത് മിക്കരാജ്യങ്ങളിലും വളരെ പ്രാധാന്യം നിറഞ്ഞ തായിരുന്നു. പഴയരാജ്യങ്ങൾ ഇത വലിയ ഉത്സവം പോലെയായിരുന്നു കൊണ്ടാടിയിരുന്നത്. സൂര്യന്റെ ഈ സഞ്ചാരം വസന്തത്തിന്റെയും വേനലി ന്റെയും ആയിരമായിരം അനുഗ്രഹത്തിലേയ്ക്കുള്ള പടിവാതിലായിരുന്ന തിനാൽ അത് വളരെ പുണ്യകരവും മതപരവുമായ ചിഹ്നവുമായി ത്തീർന്നു. ജോണിന്റെ വെളിപ്പാടിൽ കന്യക കുട്ടിയെ നശിപ്പിക്കാൻ വരുന്ന മഹാസർപ്പത്തിൽ നിന്നും തന്റെ പുത്രനെ രക്ഷിക്കാനായി ഓടുകയും സർപ്പം തന്റെ വാൽ കൊണ്ട് മൂന്നിലൊന്ന് നക്ഷത്രങ്ങളെ വലിച്ച് ഭൂമിയി ലേയ്ക്കിടുകയും അപ്പോൾ ദൈവം കുട്ടിയെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കു കയും കന്യക മരുഭൂമിയിലേയ്ക്ക് ഓടിപ്പോകുകയും ചെയ്യുന്നു. അവിടെ 1260 ദിനം അവളെ പോറ്റാനായി ദൈവം ഒരുക്കിയിരിക്കുന്ന സ്ഥലം അവൾ കണ്ടു എന്ന് പറയുന്നു. കൂടാതെ കന്യകയെ പിന്തുടരുന്ന ഈ മഹാസർപ്പം പഴയ സാത്താനും പിശാചുമായ പഴയ പാമ്പാണ് എന്നുകൂടി ജോൺ പറയുന്നു.

ഇവിടെ രണ്ട് കാര്യങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഒന്ന് കന്യക യുടെ തലയിലെ 12 നക്ഷത്രങ്ങളിൽ മൂന്നിലൊന്ന് സർപ്പം തന്റെ വാലു കൊണ്ട് വലിച്ച് താഴെക്ക് ഇടുന്നു എന്നത് അർത്ഥമാക്കുന്നത് 4 മാസങ്ങൾ മോശമായ കാലാവസ്ഥയാണെന്നത്. രണ്ട് സർപ്പം വലിച്ച് താഴേയ്ക്ക് ഭൂമിയിൽ ഇടുമ്പോൾ സർപ്പം അഥവ സാത്താന്റെ സ്ഥാനം മുകളിലാണ്. അതായത് ഇവിടെ സാത്താന്റെ വാസസ്ഥലമായ നരകം അഗാധത (പാതാളം) എന്നത് ഒട്ടും ചേരുന്നതല്ല. എന്നാൽ അടുത്ത ആറുമാസത്തി നുള്ളിൽ സർപ്പം പാതാളത്തിലേയ്ക്ക് എങ്ങിനെ താഴുന്നു എന്നത് പിന്നീട്

വിശദ്ധീകരിക്കാം. പേർഷ്യൻ ചരിത്രം അനുസരിച്ച് കന്യക ഈ പുത്രനെ പ്രസവിക്കുന്നത് ഡിസംബർ 25 ന് ആണ്. അത് അവർ കന്യാപുത്രനായ ഓക്സസ് ദേവന്റെ പിറന്നാൾ ആയി ആഘോഷിച്ചിരുന്നു. സ്വർഗ്ഗത്തിൽ കന്യകയുടെ ഉദയത്തോടെ ഉത്തരായനത്തിലെ ചക്രവാളത്തിൽ മഹാ സർപ്പം പ്രത്യക്ഷപ്പെടുന്നു എന്ന് ജോൺ പറയുന്നു. ഇത് സ്വർഗ്ഗത്തിന്റെ വാനശാസ്ത്രം അനുസരിച്ച് നമുക്ക് വിശദ്ധീകരിക്കാവുന്നതാണ്. ഇവിടെ സ്വർഗ്ഗത്തിൽ കന്യകയുടെ ഉദയം ആഗസ്ത് മാസത്തിലാണ്. ജോൺ മനപൂർവ്വം വിസ്മരിച്ചതോ അല്ലെങ്കിൽ ബൈബിൾ പണ്ഡിതർ ഒഴിവാക്കി യതോ ആയ ചില ഭാഗങ്ങൾ ഇവിടെ ഉണ്ട്. അത് ഗ്രീക്ക് ചരിത്രത്തിൽ നിന്നും എടുത്ത് കൂട്ടിച്ചേർക്കുമ്പോൾ ഇപ്രകാരം വായിക്കാം. പിറന്ന കുഞ്ഞിനേയും കൊണ്ട് സർപ്പത്തിൽ (വ്യാളി) നിന്ന് രക്ഷനേടാൻ ഓടുന്ന സ്ത്രീയ്ക്ക് മേൽ അവളെ പിന്തുടരുന്ന സർപ്പം നദികൊണ്ട് പ്രളയം ഉണ്ടാക്കി ഒഴുക്കിക്കളയുന്നു. ഇത് ദൈവം പുത്രനെ സ്വർഗ്ഗത്തിലേയ്ക്ക് എടുത്തു എന്ന് പറയുന്നതിന് മുൻപ് വരേണ്ട ഭാഗമാണ്. ഈജിപ്ഷ്യൻ വാല്യവും ഇത് അതുപോലെ തന്നെ മുഴുവിപ്പിക്കുന്നു. സർപ്പം കന്യകയ്ക്ക് മേൽ ഒഴുക്കുന്ന വെള്ളം ഓറിയോൺ രാശി കന്നിക്ക് മേൽ ഒഴുക്കുന്നതാണ് എന്നവർ പറയുന്നു. ഈജിപ്ഷ്യർ ഈ വ്യാളിയെ (മഹാസർപ്പത്തെ) ചുവന്ന തീ നിറത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. വെളിപ്പാട് 12ൽ ജോൺ വിശദ്ധീകരിക്കുന്ന മഹാസർപ്പത്തിന്റെ രൂപം ‘‘ തീ നിറമുള്ള മഹാസർപ്പം’’ എന്നാണ്. ഇത് രണ്ടും ഒന്ന് തന്നെയാണ്. കന്യകയേയും പുത്രനേയും പറ്റി ഭൂമിയിൽ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ കെട്ടുകഥയാണ് ഈ രാശിചക്ര കഥ. എന്നാൽ ഇൻഡ്യ, പേർഷ്യ, തുടങ്ങീ ഒട്ടുമിക്ക രാജ്യങ്ങളും സമ്മതിക്കുന്ന ഒരു കാര്യം കന്യക പ്രതിനിധീകരിക്കുന്നത് ഫലഭൂയിഷ്ടത യേയാണ് എന്നതാണ്. 25 ഡിസംബറിന് ഉദിക്കുന്ന സൂര്യൻ വസന്ത കാലത്തിലേയ്ക്ക് നീങ്ങുന്നതിനാൽ പൂക്കലും, തളിർക്കലും, കായ്ക്കലും, ഫലങ്ങൾ നിറഞ്ഞതുമായ കാലം ഉത്ഭൂതമാകുന്നു. അത് തന്നെയാണ് കന്യക പ്രസവിക്കുന്ന പുത്രനായി ചിത്രീകരിച്ചിരിക്കുന്നത്. വൈദീകമായ ഈ പുരാതന ആശയം ക്രിസ്ത്യൻ മാതൃകയിൽ ജോണിന്റെ വെളിപ്പാടായി ബൈബിളിൽ ചിത്രീകരിക്കപ്പെട്ടു എന്നതാണ് വിസ്മരിക്കാനാവാത്ത മഹാസത്യം.



# 6

# കുരിശിൽ കളിക്കുന്നവർ

ഒരാൾ തെറ്റുദ്ധാരണകളിൽ വിശ്വസിച്ച് ജീവിക്കുമ്പോൾ അയളെ ഭ്രാന്തൻ എന്ന് വിളിക്കും. എന്നാൽ ഒരു സമൂഹം തെറ്റുദ്ധാരണകളിൽ വിശ്വസിച്ച് ജീവിച്ചാൽ അതിനെ മതം എന്ന് വിളിക്കും. റോബർട്ട്. എം. പിർസിഗിന്റെ ഈ വരികൾ ഞാൻ ഇവിടെ കുറിച്ചിട്ടോട്ടെ. കാരണം ഈ അദ്ധ്യായം പറയുന്നത് അത്തരത്തിൽ ഭ്രാന്തായ ഒരു സമൂഹത്തെപ്പറ്റിയാണ്. അവരുടെ വിശ്വാസങ്ങളും അതിലെ യാഥാർത്ഥ്യങ്ങളെയും പറ്റിയാണ്. ഒരു പക്ഷെ ഒരു ജനസമൂഹത്തിന് മുന്നിൽ ഇത്തരത്തിൽ ഒരു കാര്യം വിളിച്ച് പറയാൻ ആർക്കും കഴിയുകയില്ല. അപ്പോൾ തകരുന്നത് വിശ്വാസമാണ്. അവിടെ ഉയരുന്നത് ഒരു സമൂഹത്തിന്റെ ശത്രുവിന്റെ ശബ്ദമാണ് ആയതുകൊണ്ട് തന്നെ ഇതിലും മനോഹരമായ ഒരു മാധ്യമം ഇത് പറയുവാൻ ലഭിക്കില്ല എന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്. ഞാൻ മേലെ ഉദ്ധരിച്ച വരികൾ പോലെ ഭ്രാന്തമായ ആശയങ്ങളിൽ ജീവിക്കുന്ന ഒരുപാട് ആളുകൾ നമുക്ക് ചുറ്റുമുണ്ട്. അത്തരത്തിലുള്ള ഒരു ഭ്രാന്തമായ ആശയം ഞാൻ താഴെ ക്കൊടുക്കുന്നു. പ്രവൃത്തികൾ 4:12 '' മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട മറ്റൊരു നാമമില്ല''. ആകശത്തിന് കീഴിൽ മാനവരാശിയെ രക്ഷിക്കാൻ വരുമെന്ന് പറഞ്ഞ് നൽകപ്പെട്ട അനവധി നാമങ്ങളുണ്ട്. ആ നാമങ്ങളിൽ യേശുവിന് മുന്നേ ഇതേ കഥ എഴുതപ്പെട്ടിട്ടുമുണ്ട്. എന്നാൽ എന്താണ് യേശുവിന്റെ പ്രത്യേകത. പോകുന്ന നാടുകളിലെല്ലാം അവിടു ത്തെ വിശ്വാസവും ദൈവത്തിന്റെ രീതികളും അനുസരിച്ച് മാറ്റങ്ങൾക്ക് ഇന്നും വിധേയനായിക്കൊണ്ടിരിക്കുന്ന ഒരു നാമമാണ് യേശുവിന്റേത്. യേശു, ജീസസ്, ജോഷുവ ഈ നാമങ്ങൾ ഒന്നും തന്നെ യേശുവിന്റേതല്ല എന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. സത്യത്തിൽ എന്തായിരുന്നു യേശു എന്ന് പറയുന്നതിന് മുന്നായി ചിലകാര്യങ്ങൾ ഇവിടെ പറയേണ്ടതുണ്ട്. തത്കാലം നമുക്ക് അതിലേയ്ക്ക് കടക്കാം.

സൂര്യൻ എന്നത് മനുഷ്യരെ സംബന്ധിച്ചിടത്തോളം അത്ഭുതകരവും അവന്റെ ആരാധനാ വസ്തുവുമായിരുന്നു എക്കാലവും. ഇതിന് കാരണം സൂര്യന്റെ അഭാവത്തിൽ ജീവൻ എന്ന ഒന്ന് ഇല്ല എന്ന തിരിച്ചറിവായിരുന്നു. അതുകൊണ്ട് തന്നെ സൂര്യൻ മനുഷ്യന് ദൈവമായിത്തീർന്നതിൽ അത്ഭുത പ്പെടാൻ ഒന്നുമില്ല. പുരാതന കാലത്തെ ഏറ്റവും വലിയ കണ്ടുപിടുത്ത മായിരുന്നു രാശിചക്രം. ഭൂമി സൂര്യനെ ചുറ്റുമ്പോൾ അത് ആകാശത്തിലെ ചില നക്ഷത്ര സമൂഹത്തിലൂടെ നിശ്ചിത സമയം ചെലവഴിച്ച് കടന്നു പോകുന്നു എന്ന തിരിച്ചറിവാണ് ആ നക്ഷത്ര സമൂഹങ്ങളെ കൂട്ടി യോജിപ്പിച്ച് രാശി ചിഹ്നങ്ങൾ അവൻ ഉണ്ടാക്കാൻ കാരണം. അപ്രകാരമുള്ള 12 രാശികളിലൂടെ ഒരു വർഷം ഭൂമി സൂര്യനെ ചുറ്റി പൂർത്തിയാക്കുകയും

ഈ പ്രക്രീയ വീണ്ടും തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ഭൂമി സൂര്യനെ ചുറ്റുന്നത് തികച്ചും ലംബമായ ഗതിയിലല്ല. അത് ഒരു പമ്പരത്തിന്റെ കറക്കം പോലെ അല്പം ചരിഞ്ഞാണ് സഞ്ചരിക്കുന്നത്. കൃത്യമായി പറഞ്ഞാൽ 23.5 ഡിഗ്രി. ഈ ചരിഞ്ഞുള്ള കറക്കം പൂർണ്ണമായ ഒരു ചാക്രീകത തികയ്ക്കാൻ 24500–25800 വർഷം എടുക്കും. ഇതിനിടയ്ക്ക് അയനരേഖയിൽ വ്യത്യാസം വന്നുകൊണ്ടിരിക്കും. (ഉദാ: 6000 വർഷങ്ങ ൾക്ക് മുൻപ് വസന്തം ഇടവ രാശിയിലായിരുന്നു തുടങ്ങിയിരുന്നത്. 4000 വർഷങ്ങൾക്ക് മുൻപ് അത് മേടത്തിലും 2000 വർഷങ്ങൾക്ക് മുൻപ് മീനത്തിലും എത്തി. ഇനി അത് കുഭത്തിൽ തുടങ്ങും). അപ്രകാരം ഈ കാലത്തിന്റെ കണക്ക് കൂട്ടൽ ഓർത്തിരിക്കുവാൻ അവർ ആകാശത്തിലെ നക്ഷത്രങ്ങളെ കൂട്ടിയോജിപ്പിച്ച് മനോഹരമായ ചിത്രങ്ങളാക്കുകയും (ഉദാ: വസന്തകാലത്ത് ഉണ്ടാകുന്ന മഴയെ സൂചിപ്പിക്കുവാൻ കുടമേന്തിയ പുരുഷനെ/ കുംഭം രാശി) അത് പ്രകൃതിയിലുണ്ടാക്കുന്ന വ്യതിയാനങ്ങൾ ക്കനുസരിച്ച് കഥകൾ മെനയുകയും ചെയ്തു. (ഓറിയോൺ - ശിവനാണ് ഈ രശി ചിത്രങ്ങൾ നിർമ്മിച്ചത് എന്ന് കരുതപ്പെടുന്നു). അങ്ങിനെ വിനാഴിക മുതൽ യുഗങ്ങളും കല്പങ്ങളും കണക്ക് കൂട്ടാൻ അവർ ഈ വിദ്യ ഉപയോഗിച്ചു. ഈ വിദ്യ ഏറ്റവും വികസിപ്പിക്കപ്പെട്ടിട്ടുള്ളതും സങ്കീർണ്ണമാക്കപ്പെട്ടിട്ടുള്ളതും ഇൻഡ്യയിലായിരുന്നു എന്നത് ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. അവരുടെ കണക്കുകൂട്ടലുകൾ വളരെ കൃത്യം തന്നെ ആയിരുന്നു എന്നതിൽ പുരാതന ലോകത്തിനും ആധുനീക ലോകത്തിനും ഇപ്പോഴും തർക്കമില്ല. ഈ പ്രപഞ്ചം മുഴുവൻ ഊർജ്ജ ത്താൽ നിർമ്മിതമാണെന്നും നമ്മളെ സംബന്ധിച്ചിടത്തോളം ഊർജ്ജ ദാതാവ് സൂര്യനാണെന്നും ആകയാൽ എവിടെ നിന്നാണോ നാം വന്നത് അതേ സ്വർഗ്ഗസ്ഥനായ സൂര്യനിലേയ്ക്ക് നാം തിരിച്ച് പോകുമെന്നും അവർ വിശ്വസിച്ചു.






Figure 3

ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പഞ്ചഭൂതങ്ങളാലാണ് അതേ പഞ്ചഭൂതങ്ങൾ തന്നെയാണ് ശരീരത്തിനും ആധാരം. പ്രപഞ്ചത്തിന്റെ ചെറുപതിപ്പ് തന്നെയാണ് നമ്മുടെ ശരീരം. ആത്യന്തീകമായി എല്ലാം ഊർജ്ജം മാത്രമാണ്. ഏതൊരു ആറ്റത്തിന്റെയും ഘടന നോക്കിയാൽ ഒരു സൗരയൂഥം നമുക്ക് കാണാൻ സാധിക്കുന്നതാണ്. എന്നാൽ അതിനെ കൂടുതൽ അഗാധമായ പരിശോധനയ്ക്ക് വിധേയമാക്കുകയാണെങ്കിൽ

ചുറ്റും പരിക്രമണം ചെയ്യുന്ന ഇലക്ട്രോണുകളുടെ പാതയ്ക്കും ന്യൂക്ലിയസ്സിനും ഇടയിൽ വലിയ പൊള്ളയായ സ്ഥലം ദർശിക്കാൻ സാധിക്കും. വീണ്ടു അകത്ത് ന്യൂക്ലിയസ്സിലേയ്ക്ക് കടക്കുകയാണെങ്കിൽ അവിടേയും വീണ്ടും യാതൊരു ബന്ധവും ഇല്ലാത്ത രീതിയിൽ പൊള്ളയായ സ്ഥലം കാണാവുന്നതാണ്. ഇനി ന്യൂക്ലിയസ്സിലെ കണങ്ങളെ നിരീക്ഷിക്കുക യാണെങ്കിൽ അത് അലിഞ്ഞലിഞ്ഞ് വെറും ചുഴലിക്കാറ്റ് മാത്രമായി നമുക്ക് അനുഭവപ്പെടുന്നു. ഈ കാറ്റ് വെറും ഊർജ്ജത്തിന്റെ പരിക്രമണം മാത്ര മാണ് ഇതുതന്നെയാണ് പുറത്ത് നാം ഇലക്ട്രോണുകളിലും കാണുന്നത്. പറഞ്ഞു വരികയാണെങ്കിൽ ഒരു ആറ്റത്തിന്റെ 99.99% സ്ഥലവും ഒഴിഞ്ഞ പ്രദേശമാണ്. എന്നാൽ ഇതിനാൽ ഉണ്ടാക്കപ്പെടുന്ന ഖരവസ്തുക്കൾ നമുക്ക് അപ്രകാരം അനുഭവപ്പെടുന്നത് എന്തുകൊണ്ടാണ്?. സത്യത്തിൽ ആ മാനസീകാവസ്ഥ ഉണ്ടാക്കുന്നത് മനസ്സാണ്. ഭൗതീകമായുള്ള വേർ തിരിവ് തികച്ചും മാനസീകം മാത്രമാണ്. സത്യത്തിൽ പ്രപഞ്ചം പ്രജ്ഞ യാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ഊർജ്ജത്തിന്റെ ഒരു വല മാത്രമാണ്. ഊർജ്ജത്തിൽ ഉണ്ടാകുന്ന വ്യത്യാസം അതിന്റെ ചുറ്റിലും തരംഗങ്ങൾ പോലെ വ്യാപിക്കുന്നു. ദ്രവ്യത്തിന്റെ വലുപ്പം അനുസരിച്ച് ആകർഷണ ശക്തി എപ്രകാരം സ്വാധീനിക്കുന്നു എന്നും ഈ ആകർഷണത്തെ ഗ്രാവിറ്റി എന്ന് പറയുന്നു എന്നും നമുക്കറിയാം. സത്യത്തിൽ ഉയർന്നതും താഴ്ന്ന തുമായ ഈ ഊർജ്ജ വ്യത്യാസം തന്നെയാണ് സർവ്വ പ്രപഞ്ച സൃഷ്ടിക്കും കാരണമായിരിക്കുന്നത്.





ഇപ്രകാരം ഈ ഊർജ്ജ വലയങ്ങളിലുള്ള ഏറ്റക്കുറച്ചിലുകൾ നമുക്ക് ചുറ്റുമുള്ള വസ്തുക്കളിലും നമ്മിലും വ്യതിയാനങ്ങൾ ഉണ്ടാക്കുന്നു. അത് തികച്ചും ഭൗതീകം മാത്രമല്ല. അതിലൂടെ നമ്മുടെ കർമ്മങ്ങളിലും, ശീല ങ്ങളിലും അങ്ങിനെ സ്വഭാവത്തിലും വരെ മാറ്റങ്ങൾ വരുന്നു. ശാരീരിക മായുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിനെയും സ്വാധീനിക്കുന്നു എന്ന് നമുക്ക് അറിയാവുന്നതാണ്. മാനസീകമായുണ്ടാകുന്ന വ്യത്യാസങ്ങൾ പ്രവർത്തി

യിൽ പ്രതിഫലിക്കുന്നു. അപ്രകാരം കർമ്മങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ ആ കർമ്മങ്ങൾ കൊണ്ട് ഉണ്ടാകുന്ന ഫലങ്ങളിലും മാറ്റങ്ങൾ ഉണ്ടാകുന്നു. സൂര്യന്റെ അയനരേഖയിൽ ഉണ്ടാക്കുന്ന വ്യതിയാനങ്ങൾ കാലാവസ്ഥയിലും ജീവജാലങ്ങളിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ നോക്കുക. വേനലും, വസന്തവും, ശൈത്യവും, ശരത്കാലവും എന്നെല്ലാം വ്യതിയാനങ്ങളാണ് ജീവജാലങ്ങളിൽ ഉണ്ടാക്കുന്നത്. ഈ വ്യത്യാസങ്ങൾ 3 മാസ കാലയളവിൽ 4 ആയി തരം തിരിച്ചിരിക്കുന്നു. ഇത് രാശിചക്രത്തിൽ ഒരു കുരിശ്ശായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ഈ കുരിശിലേറി സൂര്യദേവൻ മനുഷ്യരെ രക്ഷിക്കാൻ തുടങ്ങിയിട്ട് യുഗയുഗാന്തരങ്ങൾ കഴിഞ്ഞിരിക്കുന്നു. അങ്ങിനെയിരിക്കെയാണ് ആ കുരിശ് മറ്റ് പലകുരിശുകളും ചേർന്ന് മോഷണം നടത്തിയത്. ഈ കുരിശ് മോഷണം സൂര്യ സംസ്കാരങ്ങളെ പരിപോഷിപ്പിക്കുന്നത് ആയിട്ടുള്ള സംസ്കാരങ്ങളിൽ പ്രതിഫലിച്ചിരുന്നപ്പോൾ അത് വലിയൊരു തെറ്റായി തോന്നിയിരുന്നില്ല. എന്നാൽ ഇന്ന് അത് ചതിയ്ക്കും വഞ്ചനയ്ക്കും നാട്ടിയ കൊടി പോലെ മാനവരാശിയെ തന്നെ കാർന്ന് തിന്നുവാനുണ്ടാക്കിയ രാഷ്ട്രീയ തന്ത്രമായി മാറ്റപ്പെട്ടു കഴിഞ്ഞു എന്നതാണ് ദുഖ സത്യം.

രക്ഷകരായി അനവധിപേർ ഇതേ കഥയിൽ ഉണ്ട് എന്ന് പറഞ്ഞുവല്ലോ. അവരിൽ പലരും നിങ്ങൾക്ക് പരിചിതരുമാണ്. ഹോറസ് (ഈജിപ്ത്), മിത്ര (പേർഷ്യ), തമ്മൂസ് (സുമേരിയ), ആറ്റിസ് (ഗ്രീസ്), ഡൈയൊണിസിസ് (ഗ്രീസ്), കൃഷ്ണ (ഇൻഡ്യ) എന്നിവരാണ് അവർ. ഇതിൽ കൃഷ്ണന്റെ കഥ കുറച്ച് വ്യത്യസ്ഥമാണ് എന്നാൽ ദേവകിയുടെ എട്ടാമത്തെ പുത്രനാണ് കൃഷ്ണൻ. അതായത് കന്നിയിൽ നിന്നും തുടങ്ങിയാൽ എട്ടാം രാശി മേടത്തിൽ അവസാനിക്കുകയും. അത് വിഷുവരുന്ന വസന്തകാലത്തിന്റെ സമയവുമാണ്. കുരിശ് മരണം പോലെ ആയുധമേറ്റ് തന്നെയാണ് കൃഷ്ണനും മരിക്കുന്നത്. 12 ശിഷ്യന്മാരുണ്ടായിരുന്ന ഹോറസ്സിന്റേയും മരണം കുരിശ് മരണം തന്നെയാണ്. ഹോറസ്സിനെ ടൈഫോൺ ആണ് ചതിക്കുന്നത്. ഹോറസ്സിന്റെയും മറ്റ് ദൈവങ്ങളുടെയും ജനനം കന്യകയുടെ പുത്രനായി തന്നെയാണ്. കന്യകയായ ഇസിസ് ദേവി ഗർഭം ധരിച്ചാണ് ഹോറസ്സിനെ പ്രസവിക്കുന്നത്. ഇത്തരത്തിൽ കൃഷ്ണൻ ഒഴിച്ച് ബാക്കിയുള്ളവർ 90% യേശുവിന്റെ കഥയോട് സാമ്യം പുലർത്തുന്നവരാണ്. ഇവരിൽ കൃഷ്ണന്റെ ജനനം സെപ്തംബർ- ഒക്ടോബർ മാസത്തിലും ബാക്കിയുള്ളവരുടേത് ഡിസംബർ 25നും ആണ്. ഇത് 4000 വർഷം കൊണ്ട് അയനത്തിൽ ഉണ്ടായ ധ്രുവത്തിന്റെ വ്യത്യാസമായിരിക്കണം. യേശുവിന്റെ കഥയിൽ ഡിസംബർ 25 ന് കന്യകയായ മറിയത്തിന് കുഞ്ഞ് പിറക്കുകയും അന്ന് രാത്രി ശോഭയാർന്ന ഒരു നക്ഷത്രം കിഴക്ക് ദിക്കിൽ വാനിൽ ഉദിക്കുകയും മൂന്ന് രാജാക്കന്മാർ ആ നക്ഷത്രത്തെ പിന്തുടർന്നുവെന്നും അതേ ദിശയിൽ സഞ്ചരിച്ച് അവർ ഉണ്ണിയേശുവിനെ കണ്ടു എന്നും പറയുന്നു. ഇത് എന്താണെന്ന് വാനശാസ്ത്ര പ്രകാരം നമുക്ക് നോക്കാം. ഡിസംബർ 25ന് ദക്ഷിണായനത്തിൽ നിന്നും സൂര്യൻ ഉത്തരായനത്തിലേയ്ക്കുള്ള പ്രയാണം തുടങ്ങുന്നു. ഡിസംബർ 22 മുതൽ ദക്ഷിണായനത്തിൽ 3 ദിവസം അനക്കമില്ലാതെ കിടക്കുന്ന സൂര്യൻ ഡിസംബർ 25ന് ഒരു ഡിഗ്രി ഉയർന്ന് ഉത്തരായനത്തിലേയ്ക്ക് വരുമ്പോൾ വീണ്ടും തണുപ്പു

കാലത്തിൽ നിന്നും വസന്തകാലം ഉത്തരാർദ്ധ ഗോളത്തിൽ അനുഭവപ്പെട്ട് തുടങ്ങുന്നു. അത് നിർജ്ജീവമായിക്കിടന്ന എല്ലാ ധാന്യവിളകൾക്കും നവ ജീവൻ നൽകുന്നു. അതാണ് കന്യക ഗർഭം ധരിച്ച് ഉണ്ടാകുന്ന പുത്രനായി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അന്ന് രാത്രി കിഴക്ക് ആകശത്ത് കാണുന്ന ശോഭ യാർന്ന നക്ഷത്രം ''സിറസ് നക്ഷത്രമാണ്''. ആ നക്ഷത്രത്തിന് നേർ വരയിലായി മൂന്ന് തിളക്കമുള്ള നക്ഷത്രങ്ങളെ കൂടി അന്ന് രാത്രി ദർശിക്കാവുന്നതാണ്. അതാണ് ബൈബിൾ മൂന്ന് രാജാക്കന്മാരായി പറഞ്ഞിരിക്കുന്നത്. ഈ നാല് നക്ഷത്രങ്ങളും സൂര്യനും അന്ന് രാത്രി ഒരേ രേഖയിലാണ്. അതാണ് മൂന്ന് രാജാക്കന്മാർ നക്ഷത്രത്തിന്റെ ഗതിനോക്കി അതേ ദിശയിൽ സഞ്ചരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. കന്യാ മറിയം എന്നത് കന്നി രാശിയാണെന്നും പുത്രൻ കൊയ്ത്തുകാലത്തിന്റെ പ്രതീകമായ ധാന്യമണിയുമാണ് എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നിന്ന് നാം മനസ്സിലാക്കിയതുമാണ്. ബദ്‌ലേഹം എന്നതിന്റെ അർത്ഥം റൊട്ടിയുടെ ഭവനം എന്നാണ്.





സെപ്തംബർ 23 ന് ഉത്തരായനത്തിൽ നിന്നും സൂര്യൻ ദക്ഷിണായന ത്തിലേയ്ക്ക് കടക്കുമ്പോൾ പകൽ കുറഞ്ഞും രാത്രിയും തണുപ്പും കൂടി യും വരുന്നു. ഇപ്രകാരം രാത്രികൂടി ഭീകരമായി ഉത്തരാർദ്ധ ഗോളത്തിൽ അനുഭവപ്പെടുകയും വിളകളും മരങ്ങളും ഇലകൾ പൊഴിഞ്ഞ് സാവധാനം നിർജ്ജീവാവസ്ഥയിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. ഡിസംബർ 22,23,24 എന്നീ മൂന്ന് ദിവസങ്ങൾ സൂര്യൻ ദക്ഷിണധൂവത്തിൽ യാതൊരു വ്യത്യാസ വുമില്ലാതെ ഇരിക്കുന്നതായി ഉത്തരധ്രൂവത്തിൽ അനുഭവപ്പെടുന്നു. ഇത് സൂര്യന്റെ മരണമായി ചിത്രീകരിക്കപ്പെടുന്നു. അതായത് സൂര്യൻ ദക്ഷിണ ധ്രൂവത്തിലെ കുരിശിൽ ഡിസംബർ 22ന് മരിച്ച് മൂന്ന് ദിവസം കഴിഞ്ഞ് ഡിസംബർ 25 ന് ഒരു ഡിഗ്രി ഉത്തരാർദ്ധഗോളം ലക്ഷ്യമാക്കി ഉയരുന്നു.

ഇത് സൂര്യന്റെ ഉയർത്തെഴുന്നേൽപ്പായി പൗരാണികർ വിശ്വസിക്കുന്നു. ഈ പ്രക്രീയയാണ് ബൈബിളിലെ യേശുവിന്റെ കുരിശുമരണവും മൂന്നാം നാൾ ഉയർത്തെഴുന്നേൽപ്പുമായി ചിത്രീകരിക്കുന്നതിന് ആധാരമായി തീർന്നിട്ടു ള്ളത്. ഈ മൂന്ന് നാൾ ഉത്തരധ്രൂവം 24 മണിക്കൂറും സൂര്യപ്രകാശം ലഭി ക്കാതെ അന്ധകാരത്തിൽ അമർന്നിരിക്കും. ഇതാണ് 3 നാൾ ഇരുട്ട് ഉള്ള ഗുഹയിൽ മരണപ്പെട്ട യേശുവിനെ അടക്കുന്നതായി പറഞ്ഞിരിക്കുന്നത്. ''സത്യത്തിൽ സൺ ഓഫ് ഗോഡ്'' എന്നത് സൺ ഗോഡ് എന്ന് തന്നെ യാണ് ബൈബിൾ തെളിയിക്കുന്നത്. അതായത് ദൈവം സൂര്യനാണ് ദൈവ പുത്രനും സൂര്യൻ തന്നെ. ഇതേ കാരണത്താൽ തന്നെയാണ് പിതാവും പുത്രനും ഒന്നുതന്നെ എന്ന് ക്രിസ്ത്യൻ പുരോഹിതരും പാസറ്റർമാരും പറയുന്നത്. ഇപ്രകാരം സൂര്യൻ ദക്ഷിണായനത്തിൽ നിന്നും ഉത്തരായന ത്തിലേയ്ക്ക് നീങ്ങുകയും പകലിന്റെ ദൈർഘ്യം സാവധാനം കൂടിവരി കയും വസന്തം തുടങ്ങുകയും ചെയ്യുന്നു. അങ്ങിനെ വീണ്ടും ചെടികളും മരങ്ങളും വീണ്ടും തളിർക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. ഇതിനെയാണ് സാൽവേഷൻ അഥവ മുക്തിയായി ബൈബിൾ സൂചിപ്പി ക്കുന്നത്. അല്ലെങ്കിൽ ബൈബിൾ വളച്ചൊടിച്ച് എഴുതി വയ്ച്ചിരിക്കുന്നത്. എന്നിരുന്നാലും 'ഈസറ്റർ' സൂര്യൻ അയനരേഖയിൽ എത്താതെ ക്രിസ് ത്യാനികൾ ആഘോഷിക്കാറില്ല. കാരണം അതുവരെ പകൽ കുറവും രാത്രി കൂടുതലും തന്നെയാണ്. സൂര്യൻ അയനരേഖയിൽ എത്തിക്കഴിയുമ്പോൾ രാത്രിയും പകലും തുല്യമാകും എന്നാൽ പിറ്റേന്ന് മുതൽ പകൽ കൂടു തലും രാത്രി കുറവുമായി തുടങ്ങും. ഈ അയനരേഖ മറികടക്കൽ ആണ് ഈസ്റ്റർ ആയി ആഘോഷിക്കപ്പെടുന്നത്. എന്നിരുന്നാലും കഥയിൽ വിട്ടു പോയിട്ടുള്ള ചില കഥാപാത്രങ്ങളെക്കൂടി വാനശാസ്ത്ര പ്രകാരം ഇവിടെ അവതരിപ്പിക്കുകയാണ്. ബൈബിളിൽ യൂദാസിനെ വഞ്ചകനായ ഒറ്റുകാരൻ എന്നാണ് ബൈബിൾ സൂചിപ്പിക്കുന്നത്. അതായത് സൂര്യൻ വൃശ്ചികം (തേൾ) രാശിയിൽ എത്തുമ്പോൾ ചന്ദ്രന്റെ പ്രഥിക്ഷണ വഴി 30 ദിനം സൂര്യന്റെ പ്രകാശം ഭൂമിയിൽ വീഴുന്നതിൽ കുറവുണ്ടാക്കുന്നു. അതായത് ഭൂമിയെ സംബന്ധിച്ചിടത്തോളം സൂര്യൻ ദുർബലമാകുന്നു. ചന്ദ്രൻ വെള്ളി നിറമുള്ള നക്ഷത്രമാണ്. ആയതിനാലാണ് 30 ദിനം ചന്ദ്രൻ തേൾ (തിരി ഞ്ഞു കുത്തുന്നത്) അഥവ വൃശ്ചികം രാശിയിൽ സൂര്യനെ മറയ്ക്കുന്നത് 30 വെള്ളിക്കാശിന് ഗുരുവിനെ ഒറ്റിക്കൊടുക്കുന്ന ശിഷ്യനായി ചിത്രീകരിക്കു ന്നത്. ചന്ദ്രന് പ്രകാശം ലഭിക്കുന്നത് സൂര്യനിൽ നിന്ന് തന്നെയാണ്. ജ്ഞാ നത്തെയും പ്രകാശം എന്നാണ് നമ്മൾ പറയുന്നത്. ആകയാൽ ചന്ദ്രൻ സൂര്യന്റെ ശിഷ്യനുമാണ്. സൂര്യൻ യേശുവിനെ കുറിക്കുന്നതിനാൽ യൂദാസ് ചന്ദ്രനേയും സൂചിപ്പിക്കുന്നു.

യോഹന്നാൻ 19:34 ''എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തം കൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി.'' എന്താണ് ഇതിന്റെ അർത്ഥം? കുരിശിൽ കിടക്കുന്ന യേശുവിനെ (സൂര്യനെ) ഇപ്രകാരം ആയുധം കൊണ്ട് കുത്തി മുറിവേൽപ്പിക്കുന്നത് ആരാണ്?. ഇത് വാർഷീകമായുള്ള സൂര്യന്റെ ദുർബലാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. (അതായത് വേനൽക്കാലത്ത് നിന്നും തണുപ്പ് കാലത്തിലേയ്ക്കുള്ള സൂര്യന്റെ പ്രയാണം.) ഇവിടെ ആയുധം കൊണ്ട് മുറിവേൽപ്പിക്കുന്നു എന്ന് പറയുന്നത് ധനുരാശിയെ

ഉദ്ദേശിച്ചാണ്. ധനുരാശി ധനുസ്സ് എന്ന ആയുധം കൊണ്ടാണ് ചിത്രീകരിച്ചിരിക്കുന്നത് അത് സൂര്യനെ ദുർബലമാക്കുന്ന മാസത്തെ സൂചിപ്പിക്കുന്നതിനാലാണ്. ഇത് വരുന്നത് ഡിസംബർ മാസത്തിലാണ്. കാലാന്തരം കൊണ്ട് ഓരോ രാശിയിലും 2150 വീതം 12 രാശി എടുത്ത് 23.5 ഡിഗ്രി ചരിവിൽ തിരിയുന്ന ഭൂമി 25800 വർഷം കൊണ്ടാണ് (24000–25800) അതിന്റെ അയനത്തിന്റെ ഒരു ചക്രം പൂർണ്ണമാക്കുന്നത്. ഗലാക്റ്റിക് അലൈന്മെന്റ് നടക്കുന്നത് ഈ കാലയളവിൽ ആയതിനാൽ ധ്രുവങ്ങളിൽ ചെറിയ വ്യത്യാസം ഇത് ഉണ്ടാക്കുന്നു. ആയതുകൊണ്ട് ചെറിയ വ്യത്യാസങ്ങൾ ഈ കാലയലവിൽ രാശികളെ സ്വാധീനിക്കുന്നു. പറഞ്ഞുവന്നാൽ യേശു ക്രിസ്തു എന്നത് തികച്ചും സാങ്കല്പ്പീകമായ ഒരു കഥാപാത്രം മാത്രമാണ്. ക്രിസ്തുവിനെ തറച്ചിരിക്കുന്ന കുരിശ് പൗരാണീക വേദമതങ്ങളുടെ വാനശാസ്ത്രത്തിന്റെ പ്രതീകാത്മമായ കുരിശാണ്. ബൈബിൾ അവതിരിപ്പിച്ചിരിക്കുന്ന ദൈവം മാനവരാശി മുഴുവൻ തങ്ങൾക്കും ജീവജാലങ്ങൾക്കും ജീവൻ നൽകുന്ന, മോക്ഷം നൽകുന്ന പ്രപഞ്ചത്തിന്റെ വെളിച്ചമാകുന്ന സൂര്യൻ തന്നെയാണ്. അതിന്റെ തെളിവുകൾ ബൈബിൾ തന്നെ പറയുന്നു. ചില ഉദാഹരണങ്ങൾ; യോഹന്നാൻ 9:5 ‘‘ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു’’. യോഹന്നാൻ 14:3 ‘‘ ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുത്ത് ചേർത്ത് കൊള്ളും’’. (ദിവസവും അസ്തമിക്കുന്ന സൂര്യൻ പിന്നെയും രാവിലെ ഉദിക്കുന്നതിനെ സൂചിപ്പിക്കുന്ന വചനമാണ് ഇത്.) 2 കൊരിന്ത്യർ 4:6‘‘ ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുൾ ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.’’ മാർക്കോസ് 13:26‘‘അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും.’’ ( മേഘങ്ങൾക്കിടയിലൂടെ വരുന്ന സൂര്യന്റെ പ്രകാശത്തെ സൂചിപ്പിക്കുന്നു.) യോഹന്നാൻ 19:5 ‘‘ അങ്ങിനെ യേശു മുൾക്കിരീടവും ധൂമ്രവസ്ത്രവും ധരിച്ചു പുറത്തുവന്നു.’’ ( ഇവിടെ മുൾക്കിരീടം എന്ന് പറയുന്നത് സൂര്യന്റെ പ്രകാശ രശ്മികളെയാണ്. ധ്രൂമ്രവസ്ത്രം ഇളം ചുവപ്പ് കലർന്ന സൂര്യന്റെ വർണ്ണത്തെ സൂചിപ്പിക്കുന്നു.) യേശുവും ശിഷ്യന്മാരും സൂര്യനും 12 രാശിനക്ഷത്രങ്ങളുമാണെന്നതിന് തെളിവായി താഴെയുള്ള ചിത്രം പരിശോധിക്കുക.



പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രളയ കഥ ലോകത്തെമ്പാടുമുള്ള പൗരാണീക മതങ്ങളും ബൈബിളിന് മുന്നേ പറഞ്ഞിട്ടുള്ളതാണ്. വിഷ്ണു പുരാണത്തിലടക്കം ഈ കഥ നിലനിൽക്കുന്നതുമാണ്. ക്രിസ്ത്യൻ മത ത്തിന് മുൻപ് ബി.സി 2600 ലെ ഗിൽഗിമെഷിന്റെ ഉല്പത്തി കഥയിലും ഈ പ്രളയ കഥ കാണാം. ഇപ്രകാരം തന്നെ മനു, സാർഗോൺ തുടങ്ങിയ വരുടെ ജനനവും മോശയുടെ ജനന കഥയ്ക്ക് സമാനമാണ്. ജനന ശേഷം തൊട്ടിയിൽ വച്ച് നദിയിൽ ഒഴുക്കുന്ന കുഞ്ഞിനെ രാജകുമാരി രക്ഷപ്പെടു ത്തുകയും ശേഷം സ്വന്തം പുത്രനായി വളർത്തുകയും ചെയ്യുന്നതാണ് ഈ കഥകൾ. ഭാരതത്തിലെ മനു, ക്രീറ്റയിലെ മൈനോസ്, ഈജിപ്തിലെ മൈസസ് തുടങ്ങീയവർ സമാനമായ കഥ ഉള്ളവരും മഹത്തായ നിയമ സംഹിത മനുഷ്യർക്ക് നൽകിയവരും മോശയുമായി സാമ്യമുള്ളവരും ആണ്. സത്യത്തിൽ ബൈബിൾ എന്നത് ഒറ്റപ്പെട്ടതും ലോകത്തിൽ ആദ്യ മായി എഴുതപ്പെട്ടതും അതുവരെ ലോകത്തിൽ ഇല്ലാത്തതുമായ ആശയ ങ്ങളുടെ കേന്ദ്രമായ ഗ്രന്ഥമല്ല. പഴയകാല അറിവുകളും വിശ്വാസങ്ങളും തലമുറയായി കൈമാറി വന്നപ്പോൾ അതിനനുസരിച്ച് മാറ്റങ്ങൾ വരുത്തി സാധാരണക്കാരായ ജനങ്ങളെ ഭരിക്കുവാനും നിയന്ത്രിക്കാനും വേണ്ടി വളച്ചൊടിച്ച് എഴുതപ്പെട്ട ഒരു ഗ്രന്ഥം മാത്രമാണ്.

325 എ.ഡിയിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ അധികാര ധ്രൂവീകരണത്തിനും ദുർവിനിയോഗത്തിനും വേണ്ടി ഫ്ളാവിയസ് ജോസി ഫസിനെക്കൊണ്ട് എഴുതിയുണ്ടാക്കിയതാണ് ബൈബിൾ എന്നതിന് ഇനി യും തെളിവുകൾ ഏറെയാണ്. നിക്കയയിലെ സമ്മേളനത്തിൽ അവതരിപ്പി ക്കപ്പെട്ട പുതിയ നിയമത്തിൽ ഏകദൈവമായി യേശു ക്രിസ്തുവിനെ പ്രഖ്യാപിക്കുകയും പഴയ ജൂതവിശ്വാസം അനുസരിച്ച് പുനർജന്മം തുടങ്ങീ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവരെയും അതിൽ വിശ്വസിക്കുന്നവരേയും കൊന്ന് തള്ളുവാൻ ഉത്തരവിടുകയും ചെയ്തു. അന്നുമുതൽ വത്തിക്കാ നാണ് ലോകത്തിന്റെ ഭൂരിഭഗവും നീയന്ത്രണത്തിലൊതുക്കുന്ന ക്രിസ്ത്യൻ സഭയെ ഭരിക്കുന്നത്. ബൈബിൾ രണ്ടാം കാലഘട്ടം അഥവ പുതിയ നിയമം സ്ഥാപിച്ചെടുക്കുവാനായി എഡി രണ്ടാം നൂറ്റാണ്ടു മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ക്രിസ്ത്യൻ സഭ നടത്തിയ നരനായാട്ടിനും കൊള്ളയ്ക്കും സാത്താന്റെ പേരു പറഞ്ഞ് രക്ഷപ്പെടുവാൻ ആകില്ല. അത്യന്തം നിന്ദ്യവും നീചവുമായ ഈ കൊലപാതകങ്ങൾ ദൈവത്തിന്റെ പേരിൽ മാത്രമാണ് നടന്നത്. ഒന്നുകിൽ പൈശാകീകമായ കാഴ്ചപ്പാടു കളോട് കൂടിയ ആവശ്യങ്ങൾക്കായി നടത്തിയ രാഷ്ട്രീയ കൊലപാതങ്ങളാ യി ഇതിനെ സഭ തന്നെ ഏറ്റെടുക്കണം. അല്ലെങ്കിൽ സഭ ദൈവീകമായ പവിത്രതയുള്ളതല്ല, മറിച്ച് സർവ്വതിനും മേൽ ആധിപത്യം നേടുവാനുള്ള ഭീകരമായുള്ള പ്രസ്ഥാനമാണ് എന്ന് തുറന്ന് സമ്മതിക്കണം. അതുമല്ലെ ങ്കിൽ ദൈവം നന്മയുള്ളവനല്ല. തികച്ചും സങ്കുചിത മനോഭാവമുള്ളവനെന്ന് സമ്മതിക്കണം. എന്തായാലും കോടിക്കണക്കിന് പേരെ കൊന്നൊടുക്കിയ ഈ നടപടിയിൽ, ഈ പാപത്തിൽ സാത്താന് യാതൊരു പങ്കുമില്ല എന്ന് ഇവിടെ യാതൊരു സങ്കോചവും കൂടാതെ പറഞ്ഞുകൊള്ളട്ടെ!.

7

# സാത്താനറിയാത്ത നരകങ്ങൾ

സ്വന്തം മതത്തിന്റെ അറ്റവും മുറിയും പോലും വ്യക്തമായി അറിയാത്ത വേദമതക്കാർക്ക് ലൂസിഫർ അപരിചിതൻ ആയിരിക്കും. എന്നാൽ സെമിറ്റിക് മതവിഭാഗങ്ങൾക്ക് ലൂസിഫറിനെ നന്നായി അറിയാം. ദൈവം ശപിച്ച മാലാഖ. ആ ശാപം കൊണ്ട് സാത്താനാക്കപ്പെട്ട മാലാഖ. ലോകത്തിലുള്ള വരെയെല്ലാം പാപം ചെയ്യിക്കുന്നത് ഈ സാത്താനാണ് എന്നാണ് വയ്പ്പ്. പക്ഷെ ലൂസിഫറിനെ പാപം ചെയ്യാൻ പ്രേരിപ്പിച്ചതാര് എന്നൊന്നും ചോദിച്ചേക്കരുത്. കാരണം കഥയിൽ ചോദ്യമില്ലല്ലോ!. സൃഷ്ടാവായ ദൈവവും അദ്ദേഹത്തിന്റെ സൃഷ്ടികളും പവിത്രമായിരിക്കെ ആ സൃഷ്ടിയുടെ ഗർഭത്തിലേയ്ക്ക് പാപത്തെകൊണ്ടുവന്നവനാര്? എന്ന് പലർക്കും തോന്നിയേക്കാം. കാരണം പാപം ഇല്ലാത്തൊരിടത്ത് ഈ പ്രേരണാശക്തി എവിടെ നിന്നും വരുന്നു. തീർച്ചയായും അത് ദൈവം കൊണ്ടു വന്നതാണ്. അതെ ലോകത്തിലെ ആദ്യപാപി ദൈവമാണ്. അല്ലാതെ ലൂസിഫറിനെ പാപം ചെയ്യിക്കാൻ വേറെ പാപികളാരും അവിടുണ്ടായിരുന്നില്ലല്ലോ?. എന്നാൽ ഞാൻ ഇപ്പോൾ പറയാൻ പോകുന്നത് ജൂതന്മാരുടെ വിശ്വാസങ്ങളിൽ അലിഞ്ഞ ഈ കഥയല്ല. മറിച്ച് ഈജിപ്തിലെ അതായത് ജൂതവിശ്വാസത്തിനും മുന്നേ ഉണ്ടായിരുന്ന മതത്തിലെ ചില വിശ്വാസങ്ങളിൽ അധിഷ്ഠിതമായ മറ്റൊരു കഥയാണ്.

പഴയകാല ജൂതന്മാർ നിത്യനരകയാതനയിൽ വിശ്വസിച്ചിരുന്നില്ല എന്ന് മുൻ അദ്ധ്യായത്തിൽ പറഞ്ഞിരുന്നുവല്ലോ. ബാബിലോണിയയിലേയ്ക്ക് നാടുകടത്തപ്പെടും വരെ അപ്രകാരം അവരിൽ എന്തെങ്കിലും തരത്തിലുള്ള വിശ്വാസങ്ങളോ ഗ്രന്ഥങ്ങളോ നിലവിലുണ്ടായിരുന്നില്ല. പിൽക്കാല പ്രവാചകർ കെട്ടിച്ചമച്ച താൽമൂദ്, മിസ്ച്ന തുടങ്ങിയ ഗ്രന്ഥങ്ങളാണ് നിത്യനരക വിശ്വാസങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നത്. ഈ ഗ്രന്ഥങ്ങൾ തന്നെയാണ് ക്രിസ്തുമത്ര ഗ്രന്ഥങ്ങൾ രചിക്കുമ്പോൾ നിത്യനരകം എന്ന വസ്തുത അതിൽ ഉൾപ്പെട്ടതിന്റെ കേന്ദ്രവും. ബൈബിൾ പുതിയ നിയമം ഈജിപ്ഷ്യൻ, കാൽഡിയാക്, സിറിയൻ, പുരാതന ബുദ്ധമതം തുടങ്ങിയവരുടെ ആചാരങ്ങളും മരണശേഷമുള്ള പ്രതിഫലങ്ങളെയും ശിക്ഷയേയും അംഗീകരിക്കുന്നു എന്ന് നമുക്ക് കാണാവുന്നതാണ്. എന്നാൽ ഈ വിശ്വാസങ്ങളിൽ സാത്താൻ ദൈവത്തിന്റെ സഹായിയായി വർത്തിക്കുന്നു എന്നതാണ് കാണാവുന്നത്. ക്രിസ്തുമത രചയിതാക്കൾക്ക് അന്ന് വരെ നിലവിലുണ്ടായിരുന്ന വിശ്വാസങ്ങളുടെ രൂപരേഖ ബാബിലോണിയയിൽ നിന്നും ലഭിച്ചിരുന്നു എന്നത് നമുക്ക് ഉറപ്പിക്കാവുന്നതാണ്. എന്തെന്നാൽ പഴയ കാലത്തെ കാരാവൻ വ്യാപാര-വാണിജ്യത്തിന്റെ കേന്ദ്രം കൂടിയായിരുന്നു ബാബിലോണിയ. ബാബിലോണിയയുടെ പഴയ പേര് ഹീബ്രൂ ഗ്രന്ഥങ്ങളിൽ നിന്നും 'ബാവേൽ' എന്നായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാവുന്ന

താണ്. പിന്നീട് അതിനെ ബാബേൽ എന്ന് വിളിക്കപ്പെട്ടു. അതിനും ശേഷമാണ് ബാബിലോണിയ എന്ന പേർ വന്നത്. എന്താണ് ബാവേൽ?. ബാബ് + വേൽ = വേലന്റെ പട്ടണത്തിലേയ്ക്കുള്ള കവാടം എന്നാണ് ഇത് അർത്ഥമാക്കുന്നത്. പഴയകാല മെസപൊട്ടോമിയയയിലും പേർഷ്യയിലും (പരശു സാമ്രാജ്യം) വ്യാപിച്ച് കിടന്ന മതമായിരുന്നു. യസിദനിസം. യസീദികളുടെ ദൈവം മയിൽ വാഹനനായ മാലാഖ മേലക് താവുസ് (മുരുകൻ/ വേലൻ, വേലായുധൻ) ആണെന്ന് പറയപ്പെടുന്നു. 10000 വർഷ ങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന സിദ്ധനായ മുരുകന്റെ പ്രസിദ്ധി ഇറാൻ, ഇറാഖ്, സിറിയ തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നതിന് തെളിവ് കൂടിയാണ് ഇത്. അഫ്ഗാനിസ്ഥാനിൽ ഇന്നും നിലനിൽക്കുന്ന ബാൽ മുർഗബ് പട്ടണവും നദിയും ഇതിന് ഉദാഹരണമാണ്. ഇതിന് ശക്തമായ മറ്റൊരു തെളിവ് മയിൽ ആഫ്രിക്ക, ഇൻഡ്യ, ശ്രീലങ്ക തുടങ്ങിയ മേഖലകളിൽ മാത്രം നൈസർഗീകമായി കാണപ്പെടുന്ന ഒരു ജീവിയാണ് എന്നതാണ്. അപ്രകാരം ബാബിലോണിലും മറ്റ് ദേശങ്ങളിലും നിലനിന്നിരുന്ന പഴയ മതങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് തന്നെയാണ് ബൈബിൾ ഉണ്ടാക്കിയിട്ടുള്ളത്. ഈജിപ്ഷ്യൻ സത്വത്തെ അതേപടിയാണ് ക്രിസ്ത്യൻ മതരൂപകർത്താക്കൾ അവതരിപ്പിച്ചിരിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇന്നും ക്രിസ്ത്യൻ ലോകം സാത്താനെ അതുപോലെ തന്നെ കൊമ്പും, നീണ്ട വാലും, കുളമ്പുകൾ ഉള്ള കാലും, പടച്ചട്ടയും ഉള്ള ആജാനബാഹുവായ സത്വമായി തന്നെയാണ് ചിത്രീകരിക്കുന്നത്. ഈജിപ്ത്തുകാർ സാത്താനെ ടൈഫോൺ എന്നാണ് വിളിച്ചിരുന്നത് എന്നുമാത്രം. എന്നാൽ ബൈബിളിൽ സാത്താനെ ചിത്രീകരിക്കുന്നതിനായി സിറിയൻ ഭീകരസത്വമായ ബാൽസെബബിന്റെയും ഗ്രീക്ക് മതവിശ്വാസത്തിലെ സാത്താന്റെ സവിശേഷതകളെയും കൂടി കൂട്ടിച്ചേർത്തിരിക്കുന്നു.

നരകം അഗാധമായ പടുകുഴിയാണ് എന്ന് നമ്മൾ പറഞ്ഞുവല്ലോ. ഇതിന്റെ ഉത്ഭവത്തിന് പിന്നിൽ മറ്റൊരു വിശ്വാസം കൂടിയുണ്ട്. ആഗ്ലോസാക്സൺ വാക്കായ ‘ഹോൾ’ ആണ് പാപികളുടെ ഭാവി ഭവനമായ ‘ഹെൽ’ എന്ന വാക്കിന് കാരണമായിട്ടുള്ളത് എന്നതാണ് അത്.

ദുഷ്ടന്മാരുടെ ശിക്ഷാസ്ഥലം എന്ന അർത്ഥത്തിലുള്ള ഒരു വാക്കാണ് ടാർടാറസ്. ഈ വാക്കിൽ നിന്നുമുണ്ടായ നരകമാണ് ടാർടാർസി. പാപികളും ദുഷ്ടന്മാരുമായവരുടെ ആത്മാക്കളെ പീഡിപ്പിക്കുന്ന നരകമായാണ് ടാർടാറസിനെ വിവരിക്കുന്നത്. സ്വതന്ത്രമായ അനവധി ടാർടാറസികൾ ഉണ്ട് എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഹെസിയോഡ് പറയുന്നത് ടാർടാറസികൾ ഭയാനകമായ അന്ധകാരവും തണുപ്പും നിറഞ്ഞ ഇടമാണ് എന്നാണ്. കീഴെയുള്ളത് എന്ന അർത്ഥം വരുന്ന ഇൻഫെർണസ് എന്ന വാക്കിൽ നിന്നാണ് ഇൻഫെർണർ എന്നു പേരായ പാതാളനരക വിശ്വാസം രൂപപ്പെട്ടത്.

ഇന്ന് വളരെ അധികം പ്രചാരത്തിലുള്ള മറ്റൊരു വാക്കാണ് ‘ജെഹന്ന’. നരകത്തെ സൂചിപ്പിക്കുന്ന ഈ വാക്ക് ഇസ്ലാം മതത്തിൽ അടക്കം വ്യാപകമായി ഉപയോഗിക്കുന്നു. ലാറ്റിൻ ഭാഷയിൽ നിന്നാണ് ഇതിന്റെ ഉത്ഭവം, ഗ്രീക്ക് ഭാഷയിൽ ഇത് 12 തവണ നരകം എന്ന അർത്ഥത്തിൽ വിവർത്തനം

ചെയ്യപ്പെട്ടിരിക്കുന്നു.'ജെ' അഥവ ഭൂമി എന്നർത്ഥം വരുന്ന വാക്കും 'ഹിന്നം' അഥവ വിശ്വാസികളായ ജനങ്ങൾ പ്രാവുകളെയും കുട്ടികളെയും ബലി നൽകുന്ന സ്ഥലം എന്ന് അർത്ഥം വരുന്ന വാക്കും കൂടിച്ചേർന്നാണ് ജെഹന്നം എന്ന വാക്ക് രൂപപ്പെട്ടിരിക്കുന്നത്. ഹിന്നത്തിന്റെ താഴ്‌വര എന്നാണ് ഈ വാക്ക് അർത്ഥമാക്കുന്നത്.

പാപികളുടെ ശിക്ഷാസ്ഥാനമായി അവതരിപ്പിക്കപ്പെടുന്ന മറ്റൊരു നരകമാണ് 'ടോഫറ്റ്'. ബലി സമയത്ത് നിലവിളികൾ മുക്കിക്കളയാൻ ഉപയോഗിക്കുന്ന ടോഫ് (ഡ്രം) ൽ നിന്നാണ് ഇതിന്റെ ഉത്ഭവം.

ജൂതന്മാർ, ലോകത്തിൽ ഇത്രയും ചതിയന്മാരും വഞ്ചകന്മാരും ആയ മറ്റൊരു വർഗ്ഗത്തെപ്പറ്റി ചരിത്രം എഴുതപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. തങ്ങൾ ദൈവത്താൽ നിയോഗിക്കപ്പെട്ട വരേണ്യ വർഗ്ഗമാണ് എന്ന് തെളിയിക്കാൻ വേണ്ടി ലോകത്തിലുണ്ടായിരുന്ന അല്ലെങ്കിൽ ഇന്നും നിലനിൽക്കുന്ന ഏതെങ്കിലും സംസ്കാരത്തിൽ നിന്നും മോഷ്ടിക്കാൻ/ കടമെടുത്ത് വളച്ചൊടിക്കാൻ ബാക്കിയുണ്ടോ എന്ന് സംശയമാണ്. ഒരുപക്ഷേ നിങ്ങൾക്കറിയുമായിരിക്കും ചൂത് കളി, കാസിനോ, ഷെയർ മാർക്കറ്റ് തുടങ്ങിയ ഊഹകച്ചവടങ്ങളുടെയെല്ലാം ഉപജ്ഞാതാക്കൾ ജൂതന്മാരായിരുന്നു എന്നത്. ഇനി അത് അറിയില്ലങ്കിൽ മഹാഭാരതത്തിലെ ശകുനി ഒരു ജൂതനായിരുന്നു എന്നതെങ്കിലും അറിയുക. അങ്ങിനെ ജൂതന്മാരാൽ നിയന്ത്രിക്കപ്പെടുന്ന ക്രിസ്ത്യൻ മതം ലോകത്തെയെല്ലാം വഞ്ചിച്ച് ചൂഷണം ചെയ്യുന്ന ഒന്നായിത്തീർന്നിട്ട് 20 നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. നമുക്ക് കഥയിലേയ്ക്ക് കടക്കാം. ഒരിക്കൽ ടൈഫോൺ (മഹാസർപ്പം, വ്യാളി, ഡെവിൾ, സാത്താൻ) അപ്പോളോ ദേവനുമായി യുദ്ധം നടത്തുകയും നീണ്ട യുദ്ധത്തിനൊടുവിൽ ടൈഫോണിനെ അപ്പോളോ തോൽപ്പിച്ച് പിടിച്ചുകെട്ടി ചുഴറ്റി എറിയുകയും ചെയ്തു. അപ്രകാരം എറിയപ്പെട്ട ടൈഫോണിന്റെ തലയും ഉടലും കൊമ്പും പാദങ്ങളും വേർപെട്ട് കാസിയസ് മലയുടെ താഴ്‌വാരത്തിലുള്ള സിബോൺ/സെർബോൺ തടാകത്തിൽ പതിക്കുകയും ചെയ്തു. കഴിഞ്ഞ അദ്ധ്യായത്തിൽ നിന്നും ഹോറസിന്റെ എതിരാളിയായിരുന്ന മാലാഖയാണ് ടൈഫോൺ എന്നത് നിങ്ങൾക്ക് ആറിയാം. ഈ പതനം സൂചിപ്പിക്കുന്നത് ഒരു മാലാഖയുടെ പതനത്തെയാണ്. ഒരുപക്ഷെ ലൂസിഫറിന്റെ പതനത്തെ ഇതിനോട് സാമ്യം തോന്നിയാൽ അത്ഭുതപ്പെടാനില്ല. കഥ കുറച്ച് വ്യത്യാസം ഉണ്ട് എന്നേയുള്ളു. എന്തുകൊണ്ട് എന്ന് നിങ്ങൾക്ക് വഴിയേ മനസ്സിലാകും. ടൈഫോണിന്റെ ശരീരാവശിഷ്ടം വീണ ഈ തടാകം മനുഷ്യകുലത്തിന്റെ ശത്രുവായി പിൽക്കാലത്ത് അറിയപ്പെട്ടു. ഈ പൊയ്ക അത്രയും ഭീകരവും ഭയാനകവുമായ കഥകളും സങ്കല്പങ്ങളുമാണ് വിശ്വാസികളും അവിശ്വാസികളുമായ മനുഷ്യരുടെ മനസ്സിൽ ഉണ്ടാക്കിയത്. ക്രിസ്ത്യൻ മതത്തിൽ പറയുന്ന ഗന്ധകപൊയ്കയുടെ അടിസ്ഥാനവും ഉത്ഭവസ്ഥാനവും ഈ പൊയ്കയാണ്.


പ്രകാശപൂരിതമായ, അല്ലെങ്കിൽ തിളങ്ങുന്ന എന്ന് അർത്ഥം വരുന്ന ഹെയേൽ എന്ന് ഹീബ്രുവാക്കാണ് കിങ്ങ് ജയിംസ് വാല്യം ബൈബിളിൽ ലൂസിഫർ ആയി തർജ്ജിമ ചെയ്യപ്പെട്ടത്. ലൂസിഫർ പ്രഭാതം കൊണ്ടുവരുന്ന അല്ലെങ്കിൽ പ്രഭാത നക്ഷത്രമാണ് എന്ന് ബൈബിൾ ഒരുവട്ടമെങ്കി

ലും വായിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്. അണയാത്ത അഗ്നിനാള ങ്ങൾ നൃത്തം ചെയ്യുന്ന നരകത്തിന്റെ അധിപനായി ചരിത്രം വിധിയെഴു തിയ ലൂസിഫറായ സാത്താനെ ശുക്രഗ്രഹമായാണ് ഒരുകാലത്ത് ബന്ധപ്പെടുത്തിയിരുന്നത്. എന്നാൽ സൂര്യന്റെ പ്രകാശത്തിൽ തിളങ്ങുന്ന ശുക്രൻ ഒരു ഗ്രഹം മാത്രമാണ് നക്ഷത്രമല്ല എന്നത് ലൂസിഫർ സൂര്യൻ തന്നെ ആണ് എന്നതിലേയ്ക്ക് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതിനു കാരണം മുൻ അദ്ധ്യായത്തിൽ വ്യക്തമാക്കിയതുമാണ്. കൂടാതെ ഈ വരികൾ യേശുവിനെക്കുറിച്ച് കഴിഞ്ഞ അദ്ധ്യയത്തിൽ പറഞ്ഞ വചനങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ‘‘ഞാൻ സ്വർഗ്ഗാരോഹണം ചെയ്യും. ഞാൻ എന്റെ രാജാധികാരം നക്ഷത്രങ്ങളുടെ ദൈവത്തോട് പ്രഖ്യാപനം നടത്തും. സാഫോൺ മലയ്ക്ക് മുകളിൽ കിരീടധാരണ ശേഷം ഞാൻ ഇരിക്കും. ഞാൻ മേഘങ്ങൾക്ക് മുകളിലൂടെ വരും.’’ ലൂസിഫറും ടൈ ഫോണും ഒന്നുതന്നെയാണോ?. എന്താണ് ടൈഫോണിന്റെ കഥയുടെ സത്യാവസ്ഥ?. നമുക്ക് നോക്കാം. വർഷത്തിൽ രണ്ട് തവണ നൈൽ നദി കര കവിഞ്ഞ് ഒഴുകുന്നു. ഈ വെള്ളപ്പൊക്കം മൈലുകളോളം കരകളെ വെള്ളത്തിനടിയിലാക്കുന്നു. ഈ വെള്ളം സിർബൊണിസ് നദിയിൽ മലിനജലവുമായി കലർന്ന് കലങ്ങി മറിഞ്ഞ അവസ്ഥയിലാണ് എത്തുന്നത്. വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതിനാൽ വളരെ അധികം മാലിന്യം ഈ തടാകത്തിൽ അടിഞ്ഞ് കൂടുന്നു. വെള്ളപ്പൊക്കം കുറയുന്നതോടെ സസ്യജാലങ്ങളും മറ്റ് വസ്തുക്കളും ഈ പൊയ്കയിൽ കിടന്ന് ചീഞ്ഞ് ദുർഗന്ധം വമിക്കുന്നതും മനംപുരട്ടുന്നതുമായ അവസ്ഥ ഉണ്ടാക്കുന്നു. ജലത്തിന്റെ നിറവും, മണവും മാറുകയും സൾഫറിന്റെ (ഗന്ധകത്തിന്റെ) സാന്നിദ്ധ്യം ഈ പൊയ്കയിൽ കൂടുകയും ചെയ്യുന്നു. അപ്രകാരം സൂര്യ പ്രകാശത്തിൽ തിളങ്ങുന്ന കട്ടിയുള്ള പാട ജലോപരിതലത്തിൽ രൂപം കൊള്ളുകയും സൾഫറിന്റെ കാഠിന്യം മൂർദ്ധന്യാവസ്ഥയിൽ എത്തുകയും ചെയ്യുന്നു. അപ്പോൾ നദിയിൽ നുരയും പുകയും ഉണ്ടാവുകയും ചില സമയങ്ങളിൽ തീ കത്തുകയും ചെയ്യുന്നു. ഈ അടുത്ത കാലത്ത് ഡൽഹിയിലും ബാംഗ്ലൂരിലും ഇപ്രകാരം മലിനജലം നിറഞ്ഞ കാനകൾ പുകഞ്ഞ് കത്തിക്കൊണ്ടിരുന്നത് വായനക്കാരിൽ പലർക്കും അറിയാവുന്ന തിനാൽ ഇത് വലിയ കാര്യമായി തോന്നുകയില്ല. അപ്രകാരം നിരന്തരം പുകഞ്ഞുകൊണ്ടിരിക്കുന്ന ഈ പൊയ്ക ക്രിസ്ത്യൻ അന്ധവിശ്വാസത്തി ന്റെ മറ്റൊരു കേന്ദ്രമായി മാറി. ഈ ജലം സ്വാഭാവീകമായും ചൂടുള്ള തിനാൽ ഭീകരവും അറപ്പുളവാക്കുന്നതുമായ ഉഭയജീവികളുടെ ആവാസ സ്ഥാനമായി രൂപപ്പെടുകയും ചെയ്തു. അപ്രകാരം കറുത്ത നിറത്തിൽ പുകഞ്ഞ് കത്തുന്ന ഈ പൊയ്ക വികൃതജീവികളുടെ ശബ്ദങ്ങളാലും രോദനങ്ങളാലും കൂടുതൽ ഭീകരമായ അന്ധരീക്ഷം സൃഷ്ടിച്ചു. മുന്നാലെ ടൈഫോണിന്റെ കഥകളാൽ ഭയപ്പെട്ടിരുന്ന ജനം പിന്നാലെയുണ്ടാകുന്ന വെള്ളപൊക്കത്താൽ ഈ മലിനജലത്തിൽ നിന്നുണ്ടാകുന്ന പകർച്ചവ്യാധി കളാലും കന്നുകാലികളുടെയും വളർത്തുമൃഗങ്ങളുടെയും നാശത്താലും ഇത് ടൈഫോൺ എന്ന സാത്താന്റെ വിക്രീയകളാണ് എന്ന് വിശ്വസിച്ചു. സിർബോണികൾ ടൈഫോണിന്റെ രൂപം ചിത്രീകരിച്ചിരിക്കുന്നത് രണ്ട് തലകളും, നീളമുള്ള വാലുമുള്ള സത്വമായാണ്. സിർബോൺ ഗന്ധക

പൊയ്കയെക്കുറിച്ച് മാർക്കോസ് പറയുന്നത് കേൾക്കുക. മാർക്കോസ് 9:48 ''അവിടെ പുഴുക്കൾ ചാകുന്നില്ല. തീ കെടുന്നുമില്ല''.

അനവധി വചനങ്ങളാണ് ഗന്ധകപൊയകയെപ്പറ്റി ബൈബിളിൽ ഉള്ളത്. വെളിപ്പാട് 21:8 ''ഭീരുക്കൾ, അവിശ്വാസികൾ, അറക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർനടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധകർ എന്നിവർക്കും ഭോഷ്ക് പറയുന്നവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ!''. വിശ്വാസികളെ പേടിപ്പിച്ച് കൂടെ നിർത്താൻ ഇക്കാലത്തും ഈ അന്ധവിശ്വാസങ്ങൾ സമർത്ഥമായി ഉപയോഗിക്കപ്പെടുന്നു എന്നതിന് തെളിവാണ് ഈ വചനം.

ലൂക്കോസ്16;23 ''പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ട് നോക്കി ദൂരത്തുനിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസരിനേയും കണ്ടു''. ഈ വചനം വായനക്കാരന്റെ മനസ്സിൽ രണ്ട് വിധത്തിലുള്ള ചിത്രങ്ങളാണ് വരയ്ക്കുന്നത്. നരകത്തിന്റെ മുകളിലാണ് സ്വർഗ്ഗം, നരകവും സ്വർഗ്ഗവും ഒരുനോക്ക് അകലത്തിൽ ആണ്. അല്ലെങ്കിൽ അവ തൊട്ടടുത്ത് തന്നെ ആണ്. ആദ്യക്രിസ്ത്യൻ നരകചിന്ത സൃഷ്ടിക്കപ്പെട്ടത് ആകാശത്താണ്. എങ്ങിനെയെന്നല്ലേ ആലോചിക്കുന്നത്?. സൂര്യൻ ഭൂമിയുമായി പരകോടിയിൽ എത്തുന്ന ബിന്ദുവിനെ സൂചിപ്പിക്കാൻ വാനനിരീക്ഷകർ ഉപയോഗിച്ചിരുന്ന വാക്കാണ് ''പെരിഹെലിയോൺ'' (പെരി, ഹെൽ,ഓൺ). ഗ്രീക്ക് ഭഷയിൽ ഇത് ഈലിയോസ് എന്നാണ് പറഞ്ഞിരുന്നത്. ഈ വാക്ക് ആക്കെറോണിന്റെ പര്യായമാണ്. ആക്കെറോൺ സൂചിപ്പിക്കുന്നത് നരകത്തെയാണ്. പെരി എന്നത് ചുറ്റിനും എന്നതിനെയും സൂചിപ്പിക്കുന്നു. ആകയാൽ പെരി ഹെലിയോൺ സൂചിപ്പിച്ചിരുന്നത് സൂര്യൻ നരകത്തിന് ചുറ്റിനും സഞ്ചരിക്കുന്ന സമയം അഥവ കാലത്തെയാണ്. നരകം അതിയായ ചൂടിനാൽ, അഗ്നിയാൽ പൊള്ളുന്ന സ്ഥലമായാണ് പറയപ്പെട്ടിട്ടുള്ളത്. അതായത് സൂര്യന്റെ അതികാഠിന്യമായ ചൂട് ഭൂമിയിൽ അനുഭവപ്പെടുന്ന കാലത്തെയാണ് ഇത് ഉദ്ദേശിക്കുന്നത്.



നരകത്തെ സൂചിപ്പിക്കുന്ന മറ്റൊരു വാക്കാണ് 'ഹേദ്സ്'. ഗ്രീക്ക് ഭാഷയിൽ ഇത് 'ഏദ്സ്' എന്നാണ് പറയുന്നത്. അതായത് ഗ്രീക്കിൽ എച്ച് എന്ന അക്ഷരം ലോപിക്കുന്നു. എന്നാൽ ഏദ് എന്നത് ദൈവത്തെ അല്ലെങ്കിൽ ദൈവപുത്രനെ കുറിക്കുന്ന വാക്കും എസ്/എൽ എന്നിവ അഗ്നിയെ കുറിക്കുന്ന പദവുമാണ്. അതായത് അഗ്നിദേവനായ സൂര്യനെ തന്നെയാണ് ഇത് അർത്ഥമാക്കുന്നത്.

ഇതുപോലെ തന്നെ നരകത്തെക്കുറിക്കുന്ന മറ്റൊരു വാക്കാണ് പാതാള വും അഗാധതതയും. മേൽപ്പറഞ്ഞ ഹേദ്സ് എന്ന വാക്കിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇതിന്റെ ഉത്ഭവം. തിന്മയുടെ ദൈവം നന്മയുടെ ദൈവത്തിൻ മേൽ ആധിപത്യം നേടുന്ന കാലത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടാണ് ഈ വിശ്വാസം ഉടലെടുത്തിട്ടുള്ളത്. അതായത് തണുപ്പി ന്റെയും നിർജ്ജീവാവസ്ഥയുടെയും ദൈവം വേനലിന്റെയും വസന്ത ത്തിന്റെയും ദൈവത്തെ ദക്ഷിണധ്രുവത്തിലെ അഗാധമായ ഗർത്തത്തി ലേയ്ക്ക് തള്ളിയിടുന്നതുമൂലമാണ് ഇത്തരത്തിലുള്ള നാശം ഉണ്ടാകുന്നത് എന്ന് അവർ വിശ്വസിച്ചു. ആയതിനാൽ ദക്ഷിണധ്രുവത്തിന്റെ അറ്റം അഗാധമായ നിലയില്ലാത്ത അഗാധതയാണ് അല്ലെങ്കിൽ പാതാളമാണ് എന്നവർ വിശ്വസിച്ചു. സ്വർഗ്ഗം മേലെയും നരകം താഴെയും ആണ് എന്ന വിശ്വാസം ഉടലെടുക്കാനും ഉള്ള കാരണം ഇതുതന്നെയാണ്. അതുകൊണ്ട് തന്നെ സൂര്യനെ ദക്ഷിണധ്രുവത്തിലേയ്ക്ക് സാത്താൻ കെട്ടിവലിച്ച് കൊണ്ടുപോകുകയും അവിടെ നിന്നും ഉത്തരധ്രുവത്തിലേയ്ക്ക് നാശം വരുത്തുന്ന തിന്മയെ അയയ്ക്കുകയും ചെയ്യുന്നു. ഉത്തരാർദ്ധ ഗോളത്തിൽ നിന്നുള്ള കാഴ്ച്ചപ്പാടിൽ ദക്ഷിണായന സൂര്യൻ ചക്രവാളത്തിലേയ്ക്ക് താഴ്ന്ന് താഴ്ന്ന് അവസാനം മറയുന്നത് പാതാളത്തിലേയ്ക്കുള്ള സൂര്യന്റെ പോക്കായും ഉത്തരധ്രുവത്തിൽ ആ കാലഘട്ടത്തിൽ ദിനം മുഴുവനും അന്ധകാരം വ്യാപിക്കുകയും ചെയ്യുന്നു. ഈ ദിനങ്ങളിൽ ഉത്തരാർദ്ധ ഗോളത്തിൽ രാത്രിയും തണുപ്പും കൂടിയും ഇരിക്കുന്നു. എന്നാൽ മാർച്ച് വസന്തത്തിന്റെ വാതിലും സൂര്യന്റെ അയനം ഉത്തരധ്രുവ ദിശയിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നതിനാൽ അത് സാത്താന്റെ തോൽവിയായി പരിഗണി ക്കപ്പെടുന്നു. ഇപ്രകാരം ഉത്തരാർദ്ധഗോളം ദൈവത്തിന്റെ വസതിയായ സ്വർഗ്ഗവും ദക്ഷിണാർദ്ധഗോളം സാത്താന്റെ വസതിയായ നരകവുമാണ് എന്ന ചിന്ത ഉത്തരാർദ്ധഗോള വാസികളിൽ ഉടലെടുത്തു.

വെളിപ്പാടു 21:10 ''യരുശലേമെന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവ സന്നിധിയിൽ നിന്നു തന്നെ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നത് കാണിച്ചു തന്നു''. സ്വർഗ്ഗം എവിടെയാണെന്ന് ജോൺ തന്റെ വെളിപ്പാടി ലൂടെ പറയുന്നു. അത് പുതിയ യരുശലേമാണ്. അപ്പോൾ പഴയ യരുശലേ മോ?. പാതാളം എവിടെയാണ്?. സ്വർഗ്ഗത്തിനടുത്താണ് നരകം അല്ലെങ്കിൽ അതിന് കീഴെയാണ്. എങ്കിൽ, തീർച്ചയായും അത് യരുശലേമിനടുത്ത് തന്നെ ആണ്. പഴയ സെൽറ്റ് വർഗ്ഗക്കാർക്കിടയിൽ നരകത്തിന് പറഞ്ഞി രുന്നത് ''ഇൽഫിൻ'' എന്നായിരുന്നു. തണുത്ത കാലവസ്ഥ നിറഞ്ഞത് എന്നാണ് ഈ വാക്കിനർത്ഥം. അതുപോലെ പുരാതന ഗൗളുകൾ,

ബ്രിട്ടീഷുകാർ, ഗോത്തുകൾ, ജർമ്മനിക്കാർ എന്നിവർ നരകം എന്നത് ഭയാനകമായ ഇരുട്ട് നിറഞ്ഞതും ഉഗ്രവിഷമുള്ള ഉരഗവർഗ്ഗങ്ങളും, ഭീകരജീവികളും വസിക്കുന്ന ഇടം ആണ് എന്നായിരുന്നു പഠിപ്പിച്ചിരുന്നത്. എന്നാൽ ഈജിപ്തുകാർ നരകം അഗാധമായ ഗർത്തമാണെന്നും പാപികളെ അതിന്റെ വശങ്ങളിൽ കോർത്ത് തൂക്കിയിടും എന്നും വിശ്വസിച്ചു. എന്നാൽ സമീപ രാജ്യക്കാർ അത് ഗന്ധക തീപൊയ്കയാണ് എന്ന് വിശ്വസിച്ചു. പുരാതന ബുദ്ധമതക്കാർ അത് പിശാചിന്റെയും അവന്റെ ദൂതന്മാരുടെയും കർമ്മദോഷം ഇല്ലാതാക്കാൻ ആത്മാക്കളെ ദഹിപ്പിച്ച് ശുദ്ധീകരിക്കുന്ന അണയാത്ത തീയുള്ള സ്ഥലമാണ് എന്ന് വിശ്വസിച്ചിരുന്നു. ഇതിൽ നിന്നും മൊത്തത്തിൽ നമുക്ക് മനസ്സിലാകുന്നത് ഉത്തരാർദ്ധഗോളത്തിൽ വസിക്കുന്നവർ തണുപ്പും അന്ധകാരം നിറഞ്ഞതുമായി നരകത്തെ വിശ്വസിച്ചിരുന്നപ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ വസിക്കുന്നവർ അത് തീയും ഗന്ധകവും കത്തുന്ന സ്ഥലമായി കണ്ടിരുന്നു എന്നതാണ്. മറ്റൊരു കാര്യം ക്രിസ്ത്യൻ മതത്തിന്റെ ആവിർഭാവത്തിന് മുന്നേതന്നെ സ്വർഗ്ഗ നരക വിശ്വാസങ്ങൾ നിലനിന്നിരുന്നു എന്നും അത് കാലാവസ്ഥയുമായി ബന്ധപ്പെട്ടുണ്ടായ വിശ്വാസവുമാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ഈ നരകശിക്ഷകൾ ആത്മാവിനെ പാപമുക്തമാക്കി പുതിയ ജീവിതത്തിലേയ്ക്ക് നയിക്കാൻ ഒരുക്കുന്ന പ്രക്രീയയാണ് എന്ന് അവർ കരുതിയിരുന്നു. ഇപ്രകാരം പുനർജന്മത്തിൽ പുരാതന സമൂഹം വിശ്വസിച്ചിരുന്നു. എന്നാൽ എ.ഡി 553 ൽ കോൺസ്റ്റന്റീനോപോൾ പുനർജന്മം എന്ന വിശ്വാസത്തെ ചോദ്യം ചെയ്യുകയും അപ്രകാരമുള്ള ആശയങ്ങൾ പഠിപ്പിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും നിരോധിക്കുകയും ചെയ്തു. കോൺസ്റ്റന്റീനോപോൾ ഇപ്രകാരം ഉത്തരവിട്ടു. ‘‘ആരാണോ ആത്മാവ് എന്ന സങ്കല്പം മുന്നേ നിലനിൽക്കുന്നതാണ് എന്ന ആശയത്തെ പിന്തുണയ്ക്കുന്നത്, അതിലൂടെ തിരിച്ച് വരുവാൻ കഴിയും എന്ന് വിശ്വസിക്കുന്നത് അവർ നാടുകടത്തപ്പെടും’’.

എന്നാൽ ഇൻഡ്യയിലുള്ളവർ പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നവർ ആയിരുന്നു. ശരീരം ആത്മാവിന്റെ കുപ്പായം മാത്രമാണ് എന്നവർ വിശ്വസിച്ചു. മോക്ഷത്തിലേയ്ക്കുള്ള മാർഗ്ഗം തുറക്കപ്പെടും വരെ ആത്മാവ് മരണജനന ചക്രത്തിൽ അകപ്പെട്ട് കൊണ്ടിരിക്കും എന്നും അവരുടെ നല്ലതും തിന്മ നിറഞ്ഞതുമായ പ്രവർത്തികൾ മോക്ഷത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണെന്നും അവർ വിശ്വസിച്ചു. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം പ്രത്യേകം ഒരു നരകം ഉണ്ടായിരുന്നില്ല. അവനവന്റെ കർമ്മങ്ങളുടെ നന്മയും തിന്മയും നിറഞ്ഞ ഫലങ്ങൾ അവനവൻ തന്നെ ഈ ജന്മത്തിലോ വരും ജന്മത്തിലോ അനുഭവിക്കേണ്ടിവരും എന്നാണ് അവർ വിശ്വസിച്ചിരുന്നത്. അതുകൊണ്ട് തന്നെ തിന്മയ്ക്ക് ഒരു പ്രത്യേക ദൈവമോ വിചാരണക്കാരോ അവരെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നില്ല. എന്നാൽ ആര്യന്മാരുടെ വരവോടെ അവർ കൊണ്ട് വന്ന ആശയങ്ങൾ പുരാണങ്ങളിലൂടെ നരവും ശിക്ഷയും എല്ലാം കലർന്ന ഒരു പുതിയ വീക്ഷണം ഭാരതവാസികളിൽ ഉണ്ടാക്കി. അപ്രകാരം ചിത്രഗുപ്തൻ നന്മയുടേയും തിന്മയുടേയും കണക്ക് സൂക്ഷിപ്പുകാരനായി. എന്നാൽ ഭാരതത്തിന്റെ അടിസ്ഥാന തത്വചിന്ത ഈ നൂതന ആശയത്തെ തള്ളിക്കള

യുന്നത് തന്നെയാണ്. മനിക്കയൻസ് മതക്കാർ, നരകം എന്നത് സത്യസന്ധ രായവരെ സംബന്ധിച്ചിടത്തോളം അനുഗ്രഹം ലഭിക്കുന്ന സ്ഥലമാണെന്ന് വിശ്വസിച്ചിരുന്നു. തികച്ചും പ്രകൃതിപരമായ വ്യതിയാനങ്ങളിൽ നിന്നും ഉടലെടുത്ത സ്വർഗ്ഗ-നരക വിശ്വാസങ്ങൾ കാലക്രമേണ വന്യവും ഭീകരവു മായ സങ്കൽപ്പങ്ങൾക്ക് വഴിമാറി. അതിന് ഒടുവിലത്തെ ഉദാഹരണമാണ് മനുഷ്യനെയും കല്ലുകളെയും ഇന്ധനമാക്കി കത്തിക്കുന്ന നരകത്തീയിൽ ആത്മാക്കളെ ചുടും എന്ന ഇസ്ലാം മത വിശ്വാസം. മനുഷ്യന്റെ തിരിച്ചറിവ് കൂടുകയല്ല മറിച്ച്, കുറയുകയാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിരിക്കുന്ന തെന്ന് നമുക്ക് മനസ്സിലാക്കാം. അല്ലെങ്കിൽ പുരോഹിത വർഗ്ഗങ്ങളായ കോമ രങ്ങളുടെ വാക്കുകൾ വിശ്വസിച്ച് സ്വന്തം മസ്തിഷ്കത്തെ അടിയറവ് മാന വരാശി ഉറപ്പായും വയ്ക്കില്ലായിരുന്നല്ലോ!.

മനസ്സിലാക്കിയിരിക്കേണ്ട മറ്റൊരു കാര്യം ഒരു മനുഷ്യൻ എത്രയോളം തിന്മ ചെയ്താലും ജീവിതത്തിൽ എപ്പോഴെങ്കിലുമെല്ലാം നന്മകളും ചെയ്തി രിക്കില്ലേ. ഏറ്റവും കുറഞ്ഞത് ഒരു തവണയെങ്കിലും?. അപ്രകാരം ചിന്തി ക്കുമ്പോൾ തിന്മയ്ക്ക് നരക ശിക്ഷ അനുഭവിക്കേണ്ടിവരുമ്പോൾ നന്മയ്ക്ക് സ്വർഗ്ഗത്തിന്റെ അനുഭൂതിയും അദ്ദേഹത്തിന് അർഹതപ്പെട്ടതല്ലേ?. പാപ ത്തിന് നിത്യനരകവും നന്മയ്ക്ക് അനശ്വരമായ സ്വർഗ്ഗവും നൽകുമോ? ഒരു പക്ഷെ നൽകിയാൽ അതിലുള്ള യുക്തിയെന്ത്?. നന്മയ്ക്ക് അളവ് കോലും തിന്മയ്ക്ക് അനന്തതയും നിശ്ചയിക്കുകയാണെങ്കിൽ അതിനെ നീതിയെന്ന് വിളിക്കുന്നതെങ്ങിനെ? ഇനി നന്മയെ പരിഗണിക്കാതെ തിന്മയ്ക്ക് നിത്യ മായ നരകയാതന നൽകുകയാണ് എങ്കിൽ ദൈവത്തിൽ അല്പം പോലും വകതിരിവും സഹാനുഭൂതിയും അവശേഷിക്കുന്നില്ല എന്നുവേണ്ടേ കരു താൻ?. ഇപ്രകാരം പക്ഷപാതിയായ ദൈവത്തിന് എപ്രകാരമാണ് വിചാ രണ ചെയ്യുവാനുള്ള യോഗ്യത ഉണ്ടാകുന്നത്?. ഇനി ചെയ്ത തിന്മയുടെ അളവ് എന്നെങ്കിലും അനുഭവിച്ച് തുലനം ചെയ്യപ്പെടുകയില്ലേ?. അപ്പോഴും അനന്തമായി നീളുന്ന ശിക്ഷയുടെ തുലാസ് ഒരു വശത്തേയ്ക്ക് തൂങ്ങി തൂങ്ങി അവസാനം പൊട്ടി വീഴുമെങ്കിൽ അതിന്റെ ഭാരം എന്നത് ദൈവ ത്തിന്റെ പാപക്കറയല്ലേ?. ഇപ്രകാരം നിത്യമായ നരകം കൽപ്പിക്കുന്നത് അന്യായമാണെന്നിരിക്കെ ദൈവവും പാപിയും നിത്യനരകത്തിന് അർഹനു മാകുകില്ലേ?. അതോ ദൈവമായതുകൊണ്ട് എന്ത് പോക്രിത്തരവും ചെയ്യാം അത് ന്യായീകരിക്കുകയും ചെയ്യാം എന്നാണോ?. എല്ലാ ക്രൂരതകളും ചെയ്തശേഷം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ദയയുടെയും കരുണ യുടേയും സാഗരമാണ് എന്ന് സ്വയം ഭോഷ്ക് പറയുന്നതാണോ ഉചിതം? ഭോഷ്ക് പറയുന്നവർ ഗന്ധകവും തീയും കത്തുന്ന പൊയ്കയിൽ പെടും എന്നിരിക്കെ ദൈവത്തിന് ഇത് വിരോധമാകുന്നതെങ്ങിനെ?. ഇപ്രകാരമുള്ള കർമ്മങ്ങളാൽ ദൈവം സ്വയം തരം താഴുകയല്ലേ?. പുരാതന ജൂതവിശ്വാസ ത്തിലും ബൈബിളിലും ഇപ്രകാരം നന്മയ്ക്കും തിന്മയ്ക്കും ഇടയിൽ ഒരു സീമ ഉണ്ടായിരുന്നില്ല എന്ന് വേണം കരുതാൻ. ദൈവത്തെ സ്തുതിക്കുക! ദൈവത്തെ വാഴ്ത്തുക! വിശ്വാസിയായിരിക്കുക. സ്വർഗ്ഗരാജ്യം എന്നത് കരയുന്നകുഞ്ഞിനെ പാലുള്ളൂ എന്നത് പോലെ സ്തുതിപാടക വൃന്ത ത്തിൽ പ്രതിഫലിക്കുന്ന പ്രകാശം മാത്രമായിരിക്കുന്നു.

ദൈവം സർവ്വശക്തനും സർവ്വവ്യാപിയുമായിരിക്കെ സാത്താന്റെ സ്ഥാനം നരകത്തിലേയ്ക്ക് നയിക്കുന്നതിൽ എന്താണെന്ന് നിങ്ങൾക്കറിയുമോ?. സാത്താനും സർവ്വവ്യാപിയും സർവ്വശക്തനുമാണ് എന്നത് തന്നെ. ദൈവം ലോകരെ മുഴുവൻ കണ്ടുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് തീർപ്പ് ഉണ്ടാക്കുമ്പോൾ സാത്താൻ സർവ്വമാനവരശിയെയും തിന്മയിലേയ്ക്ക് നയിക്കുന്നു. ദൈവം സൃഷ്ടിക്കുന്നു, സാത്താൻ ആ സൃഷ്ടികൾ വികലപ്പെടുത്തുന്നു, നശിപ്പിക്കുന്നു. അപ്പോൾ ദൈവത്തിന്റെ സൃഷ്ടികൾ ദുർബലമാണ്. അതിൽ കടന്നുകയറാനും നിയന്ത്രിക്കാനും സാത്താന് കഴിയുന്നു എന്നത് വലിയ കാര്യം തന്നെയാണ്. ദൈവത്തിന് സാത്താനെ നശിപ്പിക്കാൻ സാധിക്കുന്നില്ല. അല്ലെങ്കിൽ അതിനുള്ള കഴിവില്ല. അതായത് സാത്താൻ ദൈവത്തിന് തുല്യൻ തന്നെയാണ് കാരണം സൃഷ്ടിയുടെ കാര്യത്തിൽ വികലമായ നാശം വിതയ്ക്കുന്ന പലതും സൃഷ്ടിക്കാൻ സാത്താൻ കാരണമാകുന്നു എങ്കിൽ സാത്താൻ സൃഷ്ടിതാവുമാണ്. ഈ വരികൾ നിങ്ങൾക്ക് ചിന്തിക്കുവാൻ വേണ്ടിയാണ്. ദൈവം തന്നെയാണ് നന്മയും തിന്മയും ഉണ്ടാക്കുന്നതെങ്കിൽ മനുഷ്യർ അതിൽ പെടുന്ന കളിപ്പാട്ടം മാത്രമാണ്. ഈ ദുഷിച്ച സ്വഭാവവും നല്ല സ്വഭവവും ദൈവത്തിന്റേത് തന്നെ. ആയതിനാൽ എല്ലാത്തിന്റെയും ഉത്തരവാദിത്വം ദൈവം സ്വയം ഏറ്റെടുത്തേ മതിയാകു. അല്ല, ഓരോരുത്തരും അത് സ്വന്തം പ്രവർത്തി ദോഷം ആണ് എന്ന് മനസ്സിലാക്കുന്നു എങ്കിൽ ദയവായി അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുക. അല്ലാതെ അതിനും മനസാ വാചാ അറിയാത്ത, യുഗങ്ങളായി പഴി കേൾക്കുന്ന സാത്താനെ ഇനിയും ബുദ്ധിമുട്ടിക്കരുത് എന്നു മാത്രമേ പറയുവാനുള്ളു.

# 8

# ചതിയുടെ വിധിന്യായങ്ങൾ

ദൈവം മനുഷ്യരെയും ലോകത്തെയും സൃഷ്ടിച്ചത് മനുഷ്യനുവേണ്ടിയല്ല മറിച്ച് തികച്ചും സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടിയായിരുന്നു എന്ന് ഇതിനകം മനസ്സിലായിക്കാണുമല്ലോ. അല്ലെങ്കിൽ എപ്രകാരമാണ് സൃഷ്ടി യുടെ മുറിയിലേയ്ക്ക് ദൈവം അറിയാതെ തിന്മ കടന്നുവരുന്നത്. അതു പോട്ടെ. കാരണം ദൈവം തന്നെ സമ്മതിച്ചല്ലോ താനാണ് തിന്മയുണ്ടാ ക്കിയത് എന്ന്. ഇനി എന്തിനാണ് ദൈവം തിന്മയുണ്ടാക്കിയത് എന്നതാണ് ക്രിസ്ത്യൻ മതഗ്രന്ഥത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാനുള്ളത്. വെളിപ്പാട് 20:7 '' ആയിരം കൊല്ലം കഴിയുമ്പോൾ സാത്താനെ തടവിൽ നിന്നും അഴിച്ച് വിടും''. സാത്താന് ലഭിക്കുന്ന ശിക്ഷ വെറും ആയിരം വർഷമാണ്. മനുഷ്യൻ പാപം ചെയ്തു എന്ന് പറയുന്നു. അവന് നൽകു ന്നത് നിത്യനരകമാണ്. ലൂസിഫർ, സർപ്പം പാപം ചെയ്തു. അപ്പോൾ ലൂസിഫറിന്, സർപ്പത്തിന് നിത്യനരകമല്ലേ വിധിയ്ക്കേണ്ടിയിരുന്നത്. അതായിരുന്നില്ലേ ന്യായമായും കിട്ടേണ്ട ശിക്ഷ?. ഇത് എന്തൊരു വിധി ന്യായമാണ്?. തിന്മ സൃഷ്ടിച്ചത് ദൈവമാണെന്നിരിക്കെ ഇതെല്ലാം ദൈവം അറിയാതെയാണോ നടക്കുന്നത്. അല്ലന്ന് തീർച്ച. ഒരാൾ എന്തെങ്കിലും സൃഷ്ടിക്കും മുൻപ് അതിനെക്കുറിച്ച് വ്യക്തമായ ധാരണ ഉള്ളിലുണ്ടാകും. അപ്രകാരം തന്നെ അത് പ്രവർത്തി പദത്തിൽ എത്തുമ്പോൾ സൃഷ്ടാവ് സന്തോഷിക്കുകയും ചെയ്യും. ഇതൊരു ലോക തത്വമായിരിക്കെ തിന്മയു ണ്ടാക്കിയ ദൈവം ലോകത്തിൽ തിന്മ വളരെ കാര്യക്ഷമമായി പ്രവർത്തി ക്കുന്നത് കണ്ട് സന്തോഷിക്കുന്നുണ്ടാവില്ലേ?. ലൂസിഫറിൽ ആദ്യമായി തിന്മ ഉപയോഗിച്ച് പരീക്ഷണ വിജയം നേടിയ ദൈവം തന്നെയാകില്ലെ തിന്മ പടർത്താൻ സാത്താനെ നിയോഗിച്ചത്?. അപ്പോൾ ആ നന്ദി ദൈവം സാത്താനോട് കാട്ടാതിരിക്കുമോ? ഇത് സാത്താന് കിട്ടുന്ന പാരിതോഷി കവും അംഗീകാരവുമല്ലേ?. സത്യത്തിൽ ക്രിസ്തുമതത്തിന്റെ അടിസ്ഥാനം നിലനിൽക്കുന്നത് പാപത്തിലാണ്. അതുകൊണ്ട് തന്നെയാണ് ക്രിസ്ത്യൻ പുരോഹിതർ കണ്ണിൽ കാണുന്നവരെയെല്ലാം പാപികൾ എന്ന് വിളിക്കു ന്നത്. ആദ്യ ദമ്പതികളായ ആദവും ഹവ്വയും ചെയ്ത പാപം മാനവരാശി മുഴുവൻ പടർന്നുകൊണ്ടിരിക്കും (എതാണ്ട് ജീനുകൾ മുഖേന ലഭിക്കുന്ന സ്വഭാവ സവിശേഷതകൾ പോലെ) എന്നതാണ് ക്രിസ്ത്യൻ ലോകം കണ്ട് പിടിച്ച മഹാമണ്ടത്തരങ്ങളിൽ ഒന്ന്. അത് വളരെ മനോഹരമായി തലയിൽ ഒന്നുമില്ലാത്ത വിശ്വാസികളെ പറഞ്ഞ് പറ്റിച്ച് വിശ്വസിപ്പിക്കാൻ അവർക്ക് കഴിഞ്ഞു എന്നത് അവരുടെ നേട്ടം തന്നെയാണ്.

പാപം അപ്രകാരം ഒരാളിൽ നിന്നും മറ്റൊരാളിലേയ്ക്ക് മാറ്റാവുന്ന ഒന്നാണോ? അപ്രകാരമാണെങ്കിൽ ആദവും ഹവ്വയും തന്റെ മക്കളിലേയ്ക്ക് പാപം പകർന്ന് നൽകിയപ്പോൾ പാപമുക്തരാവേണ്ടതല്ലേ?. ഇനി പാപം എന്തെങ്കിലും മഹാമാരക സാക്രമീകരോഗം പോലെ പടർന്ന് പിടിക്കുന്ന

ഒന്നാണോ? അങ്ങിനെയെങ്കിൽ ആ പാപം ഇപ്രകാരം പടർന്ന് പിടിക്കാതെ തടയേണ്ടത് ദൈവമായിരുന്നില്ലേ?. താൻ വളരെ ആശിച്ച് ഉണ്ടാക്കിയ ഒരു സൃഷ്ടി നശിച്ച് പോകുന്നത് തടയുക എന്നത് ഏതൊരു സൃഷ്ടാവും ആരുടേയും ശുപാർശ ഇല്ലാതെ ചെയ്യുന്ന കാര്യമല്ലേ?. ആദവും ഹവ്വയും പാപം ചെയ്തു എങ്കിൽ അവരെ ശിക്ഷിക്കുന്നതിന് അല്ലെങ്കിൽ അവരെ തിന്മ ബാധിക്കാത്തവണ്ണം സൃഷ്ടിയിൽ മാറ്റം വരുത്താതെ മാനവകുലത്തെ മുഴുവൻ ശപിച്ചത് സാമാന്യബോധമുള്ള ആരെങ്കിലും ചെയ്യുന്ന പ്രവർത്തി യാണോ?. നന്മയും തിന്മയും തിരിച്ചറിയാത്ത അവർ മറ്റാരെങ്കിലും വന്ന് എന്തെങ്കിലും പുതുതായി പറഞ്ഞാൽ അത് വിവേചിച്ച് ശരിയോ തെറ്റോ എന്ന് അറിയാത്ത പക്ഷം അപ്രകാരം ഒരു യന്ത്രപ്പാവ പോൽ പ്രവർത്തിച്ചു എന്നാൽ അത് പാപം ആകുന്നതെങ്ങിനെ?. സാത്താൻ സത്യമല്ലേ അവരോട് പറഞ്ഞത്? പഴം കഴിച്ച ശേഷമാണ് തിരിച്ചറിവ് (നന്മ, തിന്മ) അവർ അറിയുന്നത്. അതിനാൽ ഈ നുണയനായ ദൈവം തന്നെ സ്വയം പാപിയല്ലേ? പാപത്തിന്റെ ശമ്പളം മരണവും നിത്യനരകവുമായിരിക്കെ നരകത്തിന്റെ അധിപതിയായ യാഥർത്ഥ സാത്താൻ ഈ ദൈവം തന്നെ ആണെന്ന് ധരിക്കുന്നതിൽ ഒട്ടും തെറ്റില്ല.

ക്രിസ്ത്യൻ മതത്തിൽ നരകത്തെക്കുറിച്ച് വിവരിക്കുന്നത് അനവധി രീതിയിലാണ്. എങ്കിലും ന്യായാധീപനാകാൻ യാതൊരു യോഗ്യതയും ഇല്ലാത്ത ക്രിസ്ത്യൻ ദൈവം വെളിപ്പാടിൽ 20:15 ൽ ഇപ്രകാരം പറയുന്നു. ''ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപൊയ്ക യിൽ തള്ളിയിടും''. അതുകൊണ്ട് വിശ്വാസികൾ ഒരു പേന എപ്പോഴും കൂടെ കരുതുക. ദൈവത്തിന്റെ കണ്ണ് തെറ്റുന്ന വേളയിൽ ജീവപുസ്തക ത്തിൽ പേരെഴുതി വയ്ക്കാൻ കഴിഞ്ഞാൻ നിങ്ങളുടെ ജീവിതമാണ് രക്ഷപ്പെടുന്നത്. എന്നെല്ലാതെ എന്താണ് ഇത്തരം ആശയങ്ങൾക്ക് മറുപടി നൽകുക?. മത്തായിയുടെയും യൂദയുടേയും ഇരുട്ട് നിറഞ്ഞ നരകവും, അതേ മത്തായിയുടെ തീയിൽ നിന്നുണ്ടാകുന്ന വെളിച്ചത്തിന്റെ നരകവും വീണ്ടും അതേ മത്തായി 10:28 'ശരീരവും ആത്മാവും നശിക്കുന്ന നരകവും' അതേ മത്തായി തന്നെ പറയുന്ന 25:46 ''നിത്യദണ്ഡനത്തിലേയ്ക്കുള്ള നരകവും'' വീണ്ടും മത്തായി പറയുന്ന അവസാനമില്ലാത്ത നരകവും എല്ലാം കൂടി കൂട്ടിവായിച്ചാൽ മത്തായിക്ക് തലയ്ക്ക് സ്ഥിരത തീരെ ഇല്ല എന്ന് നമുക്ക് മനസ്സിലാക്കാം. കാരണം ഏതൊരു നരകത്തിൽ ശരീരവും ആത്മാവും നശിക്കുന്നുവോ പിന്നെ എങ്ങിനെയാണ് ആ ആത്മാവിനെ നിത്യദണ്ഡനയ്ക്കും നിത്യനരകത്തിലും ഇടുന്നത്. ശരീരം നശിച്ച മനുഷ്യ നെ വേദനിപ്പിക്കാൻ കഴിയില്ല എന്നത് ബോധമുള്ള ആർക്കും അറിയാം. കാരണം, ഇന്ദ്രീയങ്ങളിലൂടെ ലഭിക്കുന്ന ഈ ആവേഗങ്ങൾ വിവേചിച്ച് ഉണ്ടാക്കപ്പെടുന്ന വ്യത്യസ്ഥമായ അനുഭൂതികൾ ഈ ശരീരത്തെ തന്നെ സംരക്ഷിക്കാൻ വേണ്ടിയുണ്ടാക്കപ്പെട്ടതാണ്. (ഉദാ: പൊള്ളുന്ന അനുഭൂതി ശരീരത്തെ ആ പൊള്ളൽ ഉണ്ടാക്കുന്ന വസ്തുവിൽ നിന്നും അകന്ന് മാറി നിൽക്കാൻ പ്രേരിപ്പിക്കാൻ വേണ്ടിയാണ്). വെളിപ്പാട് 24:10 ഗന്ധക തീപ്പൊയ്ക എന്ന നരകവും വെളിപ്പാട് 9:1 അഗാധഗർത്തമായ നരകവും വെളിപ്പാട് 20:1 നരകത്തിന്റെ താക്കോലും 2 പീറ്ററിന്റെ 2:4 നരകത്തിലെ ചങ്ങലയും, അല്ലെങ്കിൽ നരക ചങ്ങലയും, മത്തായിയുടെ നരകത്തിന്റെ

കവാടവും എല്ലാം കൂട്ടിച്ചേർത്ത് വായിച്ചാൽ നമുക്ക് തോന്നുന്നത് അവിടെ ഒന്നിലധികം നരകങ്ങൾ ഉണ്ട് എന്നു തന്നെയാണ്. എന്നാൽ ഈ നരകം ഏതെങ്കിലും ഗ്രഹത്തിലാണോ?. അപ്രകാരമാണെങ്കിൽ അനന്തമായ അഗാധാത ഉണ്ടാകുന്നതെങ്ങിനെ (bottomless pit)?. അല്ല ഇത് ഇനി ആകാശത്തിലാണ് എങ്കിൽ ഗ്രാവിറ്റി ഇല്ലാത്തതിനാൽ അഗാധതയെ ഭയക്കേണ്ടതില്ലല്ലോ?. പിന്നെ ആരെയാണ് ഈ അഗാധതയുടെ പേര് പറഞ്ഞ് പേടിപ്പിക്കുന്നത്?. മനുഷ്യനെ തിന്മ ചെയ്യിക്കാൻ പ്രേരിപ്പിക്കുന്ന സാത്താനെ മനുഷ്യന്റെ മനസ്സിൽ കയറാനുള്ള സർവ്വ സൗകര്യങ്ങളും ചെയ്തു കൊടുത്ത് അവനെ ശിക്ഷിച്ച് രസിക്കുന്ന ദൈവം സാത്താനെ തുറന്ന് വിട്ട് വീണ്ടും പ്രലോഭിപ്പിക്കുകയാണ് എന്തിന്? വീണ്ടും പോയി പാപം ചെയ്യിക്കു അതിന് തന്നെ. സത്യത്തിൽ ക്രിസ്ത്യൻ ദൈവം ക്രൂരതയിൽ ആനന്ദം അനുഭവിക്കുന്നവൻ അഥവ ഒരു സാഡിസ്റ്റാണ് എന്നതിൽ ഒരു തർക്കത്തിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. ക്രിസ്ത്യൻ സഹോദരർക്ക് വ്യക്തമായി അറിയുമല്ലോ പാപം തലമുറകളിലേയ്ക്ക് കടന്നു കയറുന്നത് കുഞ്ഞുങ്ങളിൽ കൂടിയാണ് എന്നുള്ളത്. ആയതിനാൽ നിങ്ങൾക്ക് സാത്താനെയും തിന്മയേയും തുരത്താൻ ചെയ്യുവാനുള്ള കർമ്മം എന്നത്, നിങ്ങൾ വിവാഹം കഴിക്കാതിരിക്കുക എന്നതാണ്. അഥവ വിവാഹിതരായാൽ തന്നെ കുഞ്ഞുങ്ങളെ ഉണ്ടാക്കാതിരിക്കുക. ഇനി കുഞ്ഞുങ്ങൾ ജനിച്ച് നിശ്ചിതകാലയളവിനുള്ളിലാണ് പാപം പകരുന്നത് എന്ന് വിശദീകരണം നടത്തുന്ന ക്രിസ്ത്യാനികൾക്ക് ഒരു പ്രത്യേക ഉപദേശം നൽകുവാനുള്ളത് നിങ്ങൾക്ക് ഭ്രൂണഹത്യ നടത്താവുന്നതാണ്. ഇപ്രകാരമെല്ലാം ചെയ്താൽ പാപം നിങ്ങളിൽ നിന്നും അടുത്ത തലമുറയിലേയ്ക്ക് പകരുകയില്ല. അങ്ങിനെ എല്ലാ ക്രിസ്ത്യാനികളും ഈ മാർഗ്ഗം പിന്തുടർന്നാൽ ഭൂമിയിൽ ദൈവരാജ്യം വരുത്താവുന്നതാണ്. നിങ്ങൾ പാപികളായതിനാൽ നിങ്ങൾക്ക് സ്വർഗ്ഗ രാജ്യം വിധിച്ചിട്ടില്ലല്ലോ. നിങ്ങൾ നിത്യനരകത്തിൽ തന്നെ പോകും. എന്നാൽ നിങ്ങളെ പാപികൾ എന്ന് വിളിക്കുന്ന നിങ്ങളുടെ പുരോഹിതന്മാരിലും ഈ പാപം ഉണ്ടല്ലോ! അവരും നിത്യനരകം പ്രാപിക്കും എന്നതിൽ സംശയമില്ല. പക്ഷെ ഈ പാപികൾക്ക് മറ്റുള്ളവരെ ഉപദേശിക്കാൻ എന്താണ് യോഗ്യത?. അങ്ങിനെ മൊത്തത്തിൽ നോക്കുകയാണെങ്കിൽ ക്രിസ്ത്യാനികൾ എല്ലാവരും പാപികളാണ്. വചനം അപ്പമാണ്. ദൈവമാണ് എന്നെല്ലാം പറയുന്നത് സത്യമാണെങ്കിൽ പാപികൾ എല്ലാവരും നിത്യനരകത്തിൽ പോകും. ആകയാൽ, എല്ലാ ക്രിസ്ത്യാനികളും നരകത്തിൽ പോകും. ക്രിസ്ത്യാനിയായ ആരും സ്വർഗ്ഗത്തിന് യോഗ്യരല്ല.

തന്നെ അംഗീകരിക്കാത്ത എല്ലാവർക്കും നേരെ ക്രൂദ്ധനായിരിക്കുന്ന ദൈവം. ദുഷ്ടലാക്കോടെ അവരെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ദൈവം. പക്ഷെ ഒന്ന് ചോദിച്ചോട്ടെ, സാത്താനെപ്പറ്റി മറ്റുള്ളവരുടെ ആക്ഷേപങ്ങളും ആരോപണങ്ങളും അല്ലാതെ എന്തെങ്കിലും സാത്താൻ സ്വയം പറയുന്ന, ദുഷിച്ച, തിന്മ നിറഞ്ഞ കാര്യങ്ങൾ ബൈബിളിൽ ഉണ്ടോ?. ഇല്ല മറിച്ച് ബുദ്ധിയുള്ളവനും, യുക്തി സഹജമായതുമായ വളരെ കുറച്ച് സന്ദർഭങ്ങളെ സാത്താന് ബൈബിളിൽ ഉള്ളൂ. ആ രംഗങ്ങളിലൂടെ സാത്താൻ ആരെയും നശിപ്പിക്കാനോ അവരുടെ പതനത്തിനോ ആഗ്രഹിക്കുന്നവനെന്നോ അതിനായി പ്രയത്നിക്കുന്നവനെന്നോ പറയുവാൻ കഴിയുകയില്ല. മറിച്ച്, മറ്റുള്ള

വരെ സഹായിക്കുകയും അവരെ ചിന്തിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു കഥാപാത്രം മാത്രമാണ് ബൈബിളിലെ വചനങ്ങളിൽ ഉള്ള സാത്താൻ. എന്നാൽ, ഇതിൽ നിന്നും തികച്ചും വിപരീതമായി അസൂയ, കുശുമ്പ്, കൊനിഷ്ട്, ദുഷ്ടത, അടങ്ങാത്ത പ്രതികാരം, നുണയും കൊലയും കൊള്ള യും പ്രോത്സാഹിപ്പിക്കുന്ന മനോഭാവം തുടങ്ങിയ എല്ലാ ദുർഗ്ഗുണങ്ങളും നമുക്ക് ബൈബിൾ ദൈവത്തിൽ കാണാവുന്നതാണ്.

ബൈബിളിലെ നരക സ്വർഗ്ഗ വിശ്വാസങ്ങൾ എല്ലാം തന്നെ പൗരാണീക വേദമതങ്ങളിലെ വിശ്വാസങ്ങളിൽ നിന്നും പാടെ മോഷ്ടിച്ചിട്ടുള്ളതാണെന്ന് നമുക്ക് ഇതിനകം മനസ്സിലായിട്ടുണ്ട്. റവ. മി. പിത്രേ പറയുന്നു ''പുരാതന മതക്കാർ സ്വർഗ്ഗം നരകത്തിന് മീതെയാണ് എന്ന് വിശ്വസിച്ചിരുന്നു. എന്നു മാത്രമല്ല, പാപം ചെയ്തവരുടെ ആത്മാക്കളെ ദണ്ഡിപ്പിച്ചും അഗ്നിയിൽ എരിച്ചും അവർക്ക് ശിക്ഷ നൽകി അവരെ സംശുദ്ധീകരിച്ച ശേഷം അവരെ സ്വർഗ്ഗത്തിലേയ്ക്ക് പ്രവേശിപ്പിക്കും എന്ന് അവർ കരുതിയിരുന്നു.'' പക്ഷെ ക്രിസ്ത്യൻ മതത്തിൽ ആർക്കും അപ്രകാരത്തിൽ യാതൊരു പ്രതീക്ഷയും വേണ്ട. നിത്യമായ ദണ്ഡങ്ങൾ ഏൽക്കാനാണ് ജന്മനാ പാപികളായ അവരു ടെ വിധി.

പിത്രേ തുടരുന്നു. ബി.സി. 400 ൽ (ക്രിസ്തുവിനും 400 വർഷം മുൻപ്) ജീവിച്ചിരുന്ന പ്ലേറ്റോ പറയുന്നതനുസരിച്ച് കൊലപാതകം, ദൈവനിന്ദ മറ്റ് വലിയ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആത്മാക്കളെ ടാർടാറസിൽ (നരകം) നിത്യയാതന അനുഭവിപ്പിക്കും. ചെറിയ കുറ്റങ്ങൾ ചെയ്യുന്ന വരെ ഒരു വർഷം നരകത്തിൽ പാർപ്പിച്ച ശേഷം മോചിപ്പിക്കും.'' ക്രിസ്ത്യൻ ബൈബിൾ പുരാതനമായ ആശയങ്ങൾ ആയ 'പാതാളനരകം, നിത്യനരകം, ശുദ്ധിചെയ്യാനുള്ള നരകം, ഭയാനകമായ നരകം ' തുടങ്ങീയ എല്ലാം തന്നെ കടമെടുത്തിട്ടുള്ളവയാണ്.

പിത്രേ വീണ്ടും പറയുന്നു. ''പുരാതന വേദമതക്കാർ ആയ റോമക്കാർ വിശ്വസിച്ചിരുന്നത് നരകത്തിന്റെ വാതിലിൽ ഭീകരരൂപിയായ ടിസിഫോൺ മനുഷ്യരുടെ തിന്മകൾ ദിനവും രാത്രിയും ഇടകൂടാതെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു. ആ ലൂസിഫറിന്റെ കൈകളിലാണ് നരകത്തിന്റെ താക്കോൽ.'' പുരാതന മതക്കാർ നരകം ഭീകരമായ അന്ധകാരത്താൽ മുഖരിതമാണ് എന്ന് വിശ്വസിച്ചു. ക്രിസ്ത്യൻ നരകവും അപ്രകാരമാണ്. ടാർടാറസിയെക്കുറിച്ച് വർണ്ണിച്ച് കൊണ്ട് പിത്രേ തുടരുന്നു. ''ശിക്ഷ വിധി യ്ക്കപ്പെട്ട ആത്മാക്കളെ കെട്ടിയിരിക്കുന്ന ചങ്ങലയുടെ ശബ്ദവും അവരുടെ മുരൾച്ചയും അടികൊണ്ട് അവരുടെ മാംസം പറിഞ്ഞുപോകുമ്പോൾ ഉള്ള അവരുടെ നിലവിളിയും കേൾക്കാവുന്നതാണ്.'' ഇതേ ചങ്ങല 2 പത്രോസ് 2:4 ൽ പറയുന്നു. പുരാണങ്ങൾ പറയുന്നത് യമൻ, മരിച്ചവരെ വിചാരണ ചെയ്ത് പാപികളെ അവരുടെ തിന്മയ്ക്കനുസരിച്ച് വ്യത്യസ്തമായ നരകത്തിലേയ്ക്ക് അയയ്ക്കുന്നു. (ഭീകരമായ സത്വങ്ങൾ ഉള്ള നരകം, പാമ്പുകൾ ഉള്ള നരകം, പുഴുക്കൾ നിറഞ്ഞ നരകം, അഗാധമായ നരകം...) ഇതുതന്നെയാണ് ക്രിസ്ത്യൻ മതവും പറയുന്നത്. പുഴുക്കൾ മരിക്കാത്ത, തീയെരിയുന്ന ഗന്ധകപൊയ്ക, അഗാധമായ കുഴി തുടങ്ങിയവ.

അപ്രകാരം ആകെക്കൂടെ നോക്കിയാൽ പൗരാണീക വിശ്വാസങ്ങളായ മരണവും ശേഷമുള്ള ശിക്ഷയും പ്രതിഫലവും, പാപികൾക്കുള്ള നരക ങ്ങളായ ഹെൽ, ടാർടാറസ്, ഹേദ്സ്, ഇൻഫെർണ്ണസ്, ജെഹന്നം, ട്രോഫറ്റ്, ഷിയോൾ, തുടങ്ങിയവയും സാത്താൻ, സർപ്പം, മഹാസർപ്പം, വ്യാളി, സത്വം, തിന്മയുടെ ദൂതന്മാർ, പാപികളായ അത്മാക്കൾ തുടങ്ങിയവയും പകർത്തിയെഴുതാൻ ബൈബിൾ രചയിതാക്കൾ മറന്നില്ല എന്നത് വാസ്ത വം നിറഞ്ഞ ഒരു കാര്യമാണ്. ബി.സി 60ൽ (ക്രി.60 മുൻപ്) നിലനിന്നിരുന്ന നരകത്തെപ്പറ്റിയുള്ള വിശ്വാസങ്ങൾ അന്നത്തെ രചനകളിലും പ്രതിഫലിച്ചി രുന്നു. അക്കാലത്തെ കവി വിർജിന്റെ കവിത താഴെ (അർത്ഥം വിവർത്തനം ശ്രദ്ധിക്കുക.)

*''കാത്തിരിക്കയാണ് ആയിരം സത്വങ്ങൾ നരകത്തിൻ വായ്ക്ക് മുന്നിലായ്-*
*ദുഖവും കരച്ചിലും അലയടിയ്ക്കുന്ന അലമുറകളും നരക കവാടത്തിൽ!*
*ഭീകരം തീഷ്ണ ഭാവങ്ങളാൽ കവാടത്തിന് കാവലുണ്ട് നരകരൂപികൾ-*
*വേദനയോടെ മരണവും മരണത്തിൻ അർദ്ധസഹോദരനും മയങ്ങുന്നു!.*
*ഇരുമ്പ് കട്ടിലിൽ വലിച്ച് മുറുക്കുമ്പോൾ ഉയരുന്നു ഉഗ്രമാം അലർച്ചകൾ-*
*തെല്ലരികെ കേൾക്കാം, ലിയാനയെന്ന സത്വത്തിന്റെ ചീറ്റുന്ന ശബവും!.*
*സ്ത്രീരൂപങ്ങൾ വാവിട്ടലറുന്നു, മുരളുന്നു, നെറ്റിചുളിക്കുന്നു-*
*മുരൾച്ചയാൽ ഉരുളുന്ന തീപൊയ്കയിൽ അലകൾ ഉയരുമ്പോൾ*
*തുടരുന്നു പ്രളയത്തിൻ ആരോഹണവും മലകളിൽ ഇടിനാദവും.''*

പൗരാണീകരുടെ നരകത്തെപ്പറ്റിയുള്ള കാഴ്ച്ചപ്പാടുകൾ എത്രയും കൃത്യമാ യാണ് ക്രിസ്ത്യൻ രചയിതാക്കൾ പകർത്തിയിരിക്കുന്നത് എന്ന് ഈ വരിക ൾ നോക്കിയാൽ മനസ്സിലാകും.

*'താഴെ ഞാൻ കാണുന്നു അഗ്നിയെരിയുമീ തടാകത്തിൽ-*
*ഉഗ്രകോപത്തിൻ താണ്ഡവമാടും കറുത്ത തിരമാലകളും*
*വന്യമാം അലർച്ചയും ഭീതിജനകമീ നിലവിളികളും-*
*പേടിച്ചരളരുന്ന കുഞ്ഞുങ്ങൾ തൻ കൂട്ടക്കരച്ചിലിൻ നാദവും*
*ഉഗ്രമാം കോപം പതിഞ്ഞിരിക്കുന്ന രക്തം പുരണ്ട ചേലയും*
*ഇടവേളയില്ലാ ദിനരാത്രങ്ങളിൽ നരക കവാടത്തിൽ നോക്കിയിരിക്കുന്നു*
*കേൾക്കാൻ തുടങ്ങുന്നു നിങ്ങൾ ഇവിടെ ഭയാനകമാം മുരൾച്ചകൾ*
*കർണ്ണങ്ങളിൽ പ്രതിഫലിക്കുമീ ചാട്ടവാറടികൾ തൻ ശബ്ദവും*
*ദിക്കുകളലിഞ്ഞ തടവറയിൽ വിധിയെ ശപിക്കുമെന്നപോൽ-*
*വലിയുന്ന ചങ്ങലതൻ ശബ്ദങ്ങളും'*

ബി.സി 60 ലും അതിന് മുൻപും ജനങ്ങൾക്കിടയിൽ നരകമെന്ന വിശ്വാസം എപ്രകാരമായിരുന്നു എന്ന് ചിന്തിക്കുവാൻ വായനക്കാർക്ക് ഈ വരികൾ വിട്ടുതരുന്നു. അതിനോടൊപ്പം ബൈബിൾ പിൽക്കാലത്ത് എഴുതപ്പെട്ടതാണ് എന്നതിനുള്ള ഒരു തെളിവും. പ്രശസ്തനായ ഇംഗ്ലീഷ് വൈദീകനായ മി. മാക്നൈറ്റ് യേശു ധനികന്റെയും ലാസറിന്റെയും കഥ വിവരിക്കുന്നതിനെപ്പറ്റി പറയുന്നു.‘‘ നമ്മുടെ പിതാവായ ദൈവത്തിന്റെ വിവരണങ്ങൾ പഴയ നിയമത്തിൽ നിന്നും എടുത്തിട്ടുള്ളവയല്ല. മറിച്ച്, ഗ്രീക്ക് കവികളുടെ കവിതകളിൽ നിന്നാണ് എന്ന് നാം സമ്മതിക്കേണ്ടി തന്നെ വരും. അവരും പിതാവായ ദൈവവും പറയുന്നത് സ്വർഗ്ഗവും നരകവും അടുത്തടുത്ത് ആണെന്നോ അല്ലെങ്കിൽ അവ തമ്മിൽ ഒരു നദിയുടെയോ കരയുടേയോ വേർതിരിവ് മാത്രമാണുള്ളതെന്നും ഈ ദൂരത്തിൽ നിന്നും പിശാചുക്കൾക്ക് പരസ്പരം സംസാരിക്കാം എന്ന രീതിയിലാണ് സൂചിപ്പിച്ചിരിക്കുന്നത്. വിവരണങ്ങൾ പറയുന്നത് പാപികളുടെ ആത്മക്കൾ നരകാഗ്നിയിൽ വീണ് യാതനകൾ അനുഭവിക്കുന്നു. ഗ്രീക്ക് കവികളും പറയുന്നത് പ്ലഗത്തോൺ എന്ന നരകത്തീയിൽ വീണ് പാപികളായ ആത്മാക്കൾ ദണ്ഡനകൾ അനുഭവിക്കുന്നു എന്ന് തന്നെയാണ്. ക്രിസ്ത്യൻ ദൈവം പറയുന്ന വിവരണങ്ങൾ പുരാതനമനുഷ്യരുടെ വിശ്വാസങ്ങളുടെ പകർത്തെഴുത്ത് മാത്രമാണ്.

മരണശേഷം ശിക്ഷകൾ അനുഭവിക്കേണ്ടിവരും എന്ന ചിന്ത മനുഷ്യരുടെ പ്രവർത്തികളിൽ വളരെ അധികം പരിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വളരെ വിചിത്രമായ ഈജിപ്തിലെ ഒരു വിശ്വാസം തെളിവായി ഇവിടെ വിവരിക്കാം. ഈജിപ്തിലെ പൗരാണീകമായ നഗരത്തിന്റെ അതിർത്തിയിൽ ഒരു ശ്മശാനം ഉണ്ടായിരുന്നു. നദിക്ക് അപ്പുറത്തായിരുന്നു ഈ ശ്മശാനം. മരണപ്പെട്ടവന്റെ ശരീരം ശ്മശാനത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് കടത്തുകാരന് കൊടുക്കുന്ന കൂലിയിൽ കടത്തുകാരനെ സതൃപ്തിപ്പെടുത്തേണ്ടതായിരുന്നു. അത്തരത്തിൽ ഒരു നിബന്ധനയും നിലവിലുണ്ടായിരുന്നു. എന്നാൽ ദരിദ്രരായവർ മരിക്കുമ്പോൾ അവരുടെ ശരീരം സംസ്കരിക്കാൻ കൊണ്ടുപോകാൻ കടത്തുകാരന് കൊടുക്കുവാൻ പണം ഉണ്ടായിരുന്നില്ല. പക്ഷെ അത്തരം അവസരത്തിൽ ഈ കൂലി പൊതുജനങ്ങളാണ് കൊടുത്തിരുന്നത്. എന്നാൽ ഈ കൂലി പണം നൽകിയില്ലെങ്കിൽ കടത്തുകാരൻ ആ മൃതദേഹം പട്ടിയും ക്ഷുദ്രജീവികളും ചികയുന്ന തരത്തിൽ ഓടയിൽ ഉപേക്ഷിക്കുകയോ നദിയിൽ തള്ളുകയോ ചെയ്യുമായിരുന്നു. ഈ നദിയാണ് ആക്കെറോൺ (നരകം). സത്യസന്ധരും നല്ലവരുമായ ആളുകൾ മരിക്കുമ്പോൾ കൂലി ചിലവ് പൊതുജനങ്ങൾ നൽകുമായിരുന്നു എങ്കിലും ദുഷ്ടന്മാരും പാപികളും ആയ ജനങ്ങൾ മരിക്കുമ്പോൾ അവർ ദരിദ്രരാണെങ്കിൽ കൂടി കൂലി പൊതുജനം നൽകിയിരുന്നുമില്ല. അപ്രകാരം ആക്കെറോൺ നദി പാപികളുടെ ശരീരത്തിന്റെ ഒരു സംഭരണിയായിത്തീർന്നു. ഈ ആക്കെറോൺ നദിയാണ് ക്രിസ്ത്യൻ പുരോഹിതർ പകർത്തിയെഴുതാൻ കടമെടുത്ത ആശയങ്ങളിൽ ഒന്ന്. ഇത്തരത്തിൽ മരണപ്പെട്ടവർ സമൂഹത്തിൽ ബഹുമാനിക്കപ്പെടും വിധത്തിൽ നന്മ നിറഞ്ഞ പ്രവർത്തികൾ ചെയ്തിരുന്നവർ ആണോ എന്ന് തീരുമാനിക്കാൻ വേണ്ടി ‘എപ്പിസ്കോപ്സ്’ എന്ന പേരിൽ ചിലരെ തിരഞ്ഞെടുത്ത്

ഏൽപ്പിച്ചിരുന്നു. ഗ്രീക്ക് ഭാഷയിൽ ''എപ്പി'' എന്നാൽ മേൽ എന്നും 'സ്കോപ്പിയോ' എന്നാൽ നോക്കിക്കാണുന്നത് എന്നുമാണ് അർത്ഥം. അതായത് എപ്പിസ്കോപ്പ്സ് എന്നാൽ മേൽനോട്ടം വഹിക്കുന്നവർ എന്നാണ് അർത്ഥമാക്കുന്നത്. ഇതാണ് പള്ളികളിൽ പുരോഹിതരെ തിരഞ്ഞെടുക്കുന്ന ആചാരമായ എപ്പിസ്കോപ്പസിയുടെ ഉത്ഭവത്തിന് അടിസ്ഥാനം. ഇത്തരത്തിൽ മേൽനോട്ടം വഹിക്കുന്ന പുരോഹിതർക്ക് താമസിക്കുവാൻ പ്രത്യേകം കെട്ടിടങ്ങൾ പണിയുകയും പിൽക്കലത്ത് അത് പള്ളികളുമായി കൂടിച്ചേരുകയും ചെയ്തു. മരണാനന്തരം ശരീരം മാന്യമായ രീതിയിൽ സംസ്കരിക്കപ്പെട്ടാലെ സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്ര സാദ്ധ്യമാകുകയുള്ളു അല്ലെങ്കിൽ ആക്കെറോൺ (നരകത്തിലേയ്ക്കുള്ള കവാടം) ലേയ്ക്ക് പോകേണ്ടിവരും എന്നതിനാൽ പൊതുജനങ്ങൾ പുരോഹിതരെ ബഹുമാനത്തോടെ കാണുവാനും അവർക്ക് മുന്നിൽ തങ്ങൾ ബഹുമാനത്തിന് അർഹതയുള്ള മാന്യന്മാരാണെന്ന് കാണിക്കുവാൻ ശ്രമം നടത്തുകയും ചെയ്തിരുന്നു.

അപ്രകാരം കുഴിമാടം സ്വർഗ്ഗത്തിലേയ്ക്കുള്ള പ്രവേശനദ്വാരമായപ്പോൾ അക്കെറോണും അതിനപ്പുറവും നരകത്തിന്റെ വാതിലാണ് എന്ന വിശ്വാസം പ്രബലപ്പെട്ടു. വലിച്ചെറിയപ്പെടുകയും സംസ്കരിക്കപ്പെടാതെ ഉപേക്ഷിക്കുകയും ചെയ്യുന്ന മൃതശരീരങ്ങൾ പട്ടികൾ വലിച്ചിഴയ്ക്കുന്നതിനാൽ നരകത്തിന്റെ (ടാർടാറസ്) കാവൽക്കാരനായി 100 തലകളുള്ള 'മാസ്റ്റിഫ് സെറെബ്രസ്' എന്ന പട്ടി സത്വത്തെ അവർ ചിത്രീകരിച്ചു. ഇങ്ങിനെയൊക്കെ ആയിരുന്നു എന്നാലും അന്നൊന്നും നിത്യനരക യാതന എന്ന വിശ്വാസമോ ചിന്തയോ അവരുടെ തലയിൽ ഉദിച്ചിരുന്നില്ല. പാപികൾ അവരുടെ പാപങ്ങളുടെ കാഠിന്യമനുസരിച്ച് ഒരു പ്രത്യേക കാലയളവ് നരകത്തിൽ ശിക്ഷ അനുഭവിക്കണം എന്നുമാത്രമാണ് അവർ വിശ്വസിച്ചിരുന്നത്. എന്നാൽ ഈജിപ്ഷ്യൻ വിശ്വാസങ്ങളുടെ വളർച്ചയ്ക്കനുസരിച്ച് ഇത് മരണാനന്തര വിചാരണയായി മാറുകയും പുതിയകാലഘട്ടത്തിലെ ജൂതന്മാർ അതിനെ നിത്യയാതനയാക്കി മാറ്റുകയും ചെയ്തു.

പുണ്യപുരാതനമായ ഈ ചരിത്രങ്ങൾ പരിശോധിക്കുകയാണെങ്കിൽ പുരോഹിതരും, വേദാന്തികളും കൂടി എപ്രകാരമാണ് നിത്യനരകത്തിന്റെ കഥ മെനഞ്ഞെടുത്തത് എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഇത് തികച്ചും സ്വാർത്ഥമായതും രാഷ്ട്രീയമായതുമായ താല്പര്യങ്ങൾക്ക് അനുസരിച്ച് ജനങ്ങളെ നിയന്ത്രിച്ച് നിർത്തുവാൻ വേണ്ടി ആയിരുന്നു എന്ന് ചരിത്രത്തിലൂടെ തന്നെ വായിച്ചെടുക്കുവാനും കഴിയും. ഇന്നും ഇതേ മാനസീകാവസ്ഥ തന്നെയാണ് രാഷ്ട്രീയവും മതപരവുമായ താല്പര്യങ്ങളിൽക്കൂടി സ്വതാല്പര്യം സാധിച്ചെടുക്കുവാൻ തുനിയുന്ന വരേണ്യവർഗ്ഗം നിലനിർത്തിപ്പോരുന്നത്. ഗ്രീക്ക് ചരിത്രം നോക്കുകയാണെങ്കിൽ കവികളും എഴുത്തുകാരും പുരോഹിതരും നിയമജ്ഞരും ഗവണ്മെന്റിനോട് ചേർന്ന് ഇതിന് വേണ്ടി വളരെയധികം യത്നിച്ചിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇൻഡോ-ആര്യൻ ജൂതബ്രാഹ്മണന്മാരും ഗ്രീക്ക് പുരോഹിതനായ പ്ലേറ്റോയുമാണ് മരണശേഷമുള്ള വിചാരണ എന്ന ആശയം ആദ്യമായി ചമച്ചിട്ടുള്ളത് എന്ന് കാണാം. ഈ കണ്ടുപിടുത്തത്തെ ന്യായീകരിച്ചുകൊണ്ട് പ്ലേറ്റോ പറയുന്നു.

''പണ്ഡിതസമൂഹം ജനങ്ങളോട് പാപികൾ ദൈവത്താൽ നരകശിക്ഷ അനുഭവിക്കും എന്ന് പറഞ്ഞ് അവരെ നീയന്ത്രണരേഖയിൽ നിർത്തിയിരിക്കുന്നു. ഭീകരമായ സത്വങ്ങളെപ്പറ്റി പറഞ്ഞും, ഭയാനകമായ ശിക്ഷാരീതികളെക്കുറിച്ച് അവരുടെ മനസ്സിൽ ഭീതിപടർത്തിയുമാണ് അവർ ഇത് സാധിച്ചിരിക്കുന്നത്. ജനങ്ങളെ വേദാന്തം പറഞ്ഞ് നേർവഴിക്ക് നയിച്ച് ഭരണം നടത്തുക എന്നത് ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം അസാധ്യമായ കാര്യമാണ്. എന്നാൽ അന്ധവിശ്വാസവും ഭീതിയും അവരിൽ ജനിപ്പിച്ചാൽ ഇക്കാര്യം വളരെ എളുപ്പത്തിൽ സാധിക്കുകയും ചെയ്യും .''

'ഹിസ്റ്ററി ഓഫ് ഇൻഡ്യ'യിൽ റോബിൻസൺ പറയുന്നു. ''പുരാതന ഇൻഡ്യക്കാർക്കിടയിൽ ബ്രാഹ്മണർ ഇതേവിദ്യ തന്നെയാണ് പ്രയോഗിച്ചിരുന്നത്''.

ബി.സി. 200 ൽ ജീവിച്ചിരുന്ന പോളിബസ് എന്ന ചരിത്രകാരൻ ഇപ്രകാരം പ്രസ്ഥാവിക്കുന്നു. ''ജനങ്ങൾ ചപലഹൃദയമുള്ളവരും, നിയമലംഘനം നടത്തുന്നതിന് പ്രവണതയുള്ളവരും, യുക്തിഹീനമായ വ്യാമോഹങ്ങൾ ഉള്ളവരും, അക്രമവാസനയുള്ളവരും ആകയാൽ അവരെ നീയന്ത്രിച്ച് നിർത്താൻ അദൃശ്യമായ ഒരു ലോകത്തെപ്പറ്റി പറഞ്ഞ് അവരിൽ ഭീതിയുളവാക്കാതെ മറ്റ് മാർഗ്ഗം ഒന്നും തന്നെ ഇല്ല. അതുതന്നെയാണ് ജനങ്ങൾക്കിടയിൽ ദൈവഭക്തിയുണ്ടാക്കുന്നതിനും, നരകഭീതി ജനിപ്പിക്കുന്നതിനും നമ്മുടെ പിതാമഹന്മാർ ചെയ്തിരുന്നത്. നരകം ജ്ഞാനികൾക്ക് ഉപയോഗശ്യൂന്യവും എന്നാൽ അന്ധരും ക്രൂരന്മാരുമായ ജനങ്ങൾക്ക് അത്യാവശ്യവുമായ സംഗതിയാണ്.''

പൗരാണീകരായ ജനങ്ങളുടെ ഇടയിൽ പ്രചരിക്കപ്പെട്ട ഇത്തരം അന്ധവിശ്വാസങ്ങളുടെ അതിപ്രസരം തന്നെയാണ് ക്രിസ്തുമത ഗ്രന്ഥത്തിൽ പ്രതിഫലിക്കുന്നത്. ലോകാവസാനം എന്നൊരു ദിനം ഉണ്ടെന്നും അന്ന് ദൈവം വിചാരണ നടത്തും എന്നും സത്യസന്ധന്മാർ സ്വർഗ്ഗത്തിലേയ്ക്ക് ഉയർക്കുകയും പാപികൾ നരകത്തിൽ വീഴുകയും ചെയ്യുമെന്ന് പറഞ്ഞ് ക്രിസ്ത്യൻ പുരോഹിതർ വിശ്വാസികളെ മനോഹരമായി പറ്റിക്കുകയും അവർ അത് ഏറ്റുചൊല്ലി നടക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കേവലം ചൂണ്ടിക്കാട്ടുവാൻ ഒന്നോ രണ്ടോ ചരിത്രകാരന്മാരുടേയോ എഴുത്തുകാരുടേയോ ഗ്രന്ഥങ്ങളിൽ ഉള്ള തെളിവുകളല്ല മറിച്ച്, പുരാതന ഇൻഡ്യ, ഈജിപ്ത്, ഗ്രീസ് തുടങ്ങീ രാജ്യങ്ങളിലെ അനവധി ചരിത്രകാരന്മാരുടേയും എഴുത്തുകാരുടേയും സൃഷ്ടികൾ തെളിവായി നൽകാൻ സാധിക്കുമെങ്കിലും സംഗതികളുടെ ബാഹുല്യഭീതിയാൽ അത് സാധ്യമല്ല. മരണശേഷമുള്ള വിചാരണ എന്നത് സാധാരണക്കരെ ഭയപ്പെടുത്തി നീയന്ത്രിച്ച് അധികാരപരിധിയിൽ നിർത്തുവാൻ വേണ്ടി ഉണ്ടാക്കപ്പെട്ടതാണ് എന്ന് തെളിയിക്കുവാൻ സീസറോ, ഡൈയോണിസിയസ്, സെനേക്ക, സോക്രട്ടീസ്, വിർജിൽ, ലിവി, പ്ലൂട്ടാർക്ക്, സിമേസ് തുടങ്ങിയ അനവധി എഴുത്തുകാരുടെ കൃതികൾ തെളിവായുണ്ട്. മരുന്നിനും മന്ത്രത്തിനും ഉണ്ടാക്കാൻ കഴിയാത്ത പ്രഭാവം ഈ അന്ധവിശ്വാസങ്ങളാൽ കഴിഞ്ഞു എന്ന് തന്റെ അഭിപ്രായമായി 900 ബി.സിയിൽ ജീവിച്ചിരുന്ന ഹോമർ

രേഖപ്പെടുത്തുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും നമുക്ക് ചില നിഗമനങ്ങളിൽ എത്തിച്ചേരാവുന്നതാണ്.

1. നരകം, നരകയാതന, മരണശേഷമുള്ള വിചാരണ, വിധികൾ തുടങ്ങിയ ആശയങ്ങൾ ക്രിസ്ത്യൻ കാലഘട്ടത്തിനും വളരെ വളരെ മുൻപ് നിലനിന്നിരുന്നതാണ്. ക്രിസ്തുവോ ക്രിസ്ത്യൻ പ്രവാചകരോ ഉണ്ടാക്കിയിട്ടുള്ളതല്ല.

2. റോമൻ ഭരണകൂടം അധികാര ലബ്ദിക്കും, സാമ്രാജ്യവികസനത്തിനും വേണ്ടി തങ്ങളാൽ ഉണ്ടാക്കിയ പുതിയമതം പണ്ട് മുതലേ ഉണ്ടായിരുന്നതാണ് എന്ന് കാണിക്കുവാൻ വേണ്ടി ജൂതമതത്തെ കൂട്ടികെട്ടുകയും അതിനായി അവരുടെ ഗ്രന്ഥങ്ങൾ ഉപയോഗിക്കുകയും ചെയ്തു. ശേഷം പുരാതന ജൂതന്മാരെയും അവരുടെ വിശ്വാസങ്ങളേയും ഇല്ലായ്മ ചെയ്തു.

3. പുരോഹിതരും, നിയമജ്ഞരും, എഴുത്തുകാരും, ഭരണകർത്താക്കളോട് തോളോട്തോൾ ചേർന്ന് പ്രവർത്തിച്ച് ഉണ്ടാക്കിയ മരണശേഷമുള്ള വിചാരണ എന്ന അന്ധവിശ്വാസം അടക്കി ഭരിക്കുവാനുള്ള മാർഗ്ഗവും, രാഷ്ട്രീയ തന്ത്രവും എന്ന നിലയിലാണ് രഹസ്യമായി ഉയർത്തിക്കൊണ്ടുവന്നത്. ക്രിസ്ത്യൻ മതകർത്താക്കൾ ഇതേപാത പിന്തുടർന്നവർ മാത്രമാണ്. അല്ലാതെ ദൈവീകമായ എന്തെങ്കിലും പ്രത്യേകതകൾ ഉള്ളവരായിരുന്നില്ല.

4. ലോകചരിത്രം പരിശോധിക്കുകയാണെങ്കിൽ പണ്ഡിതവർഗ്ഗം ഈ നിയമങ്ങളും വിശ്വാസങ്ങളും തങ്ങൾക്ക് വേണ്ടി ഉണ്ടാക്കപ്പെട്ടതാണെന്ന് അംഗീകരിക്കുകയോ, ഇത്തരം കാര്യങ്ങളിൽ വിശ്വസിക്കുകയോ ചെയ്തിട്ടില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് തന്നെ ക്രിസ്ത്യൻ സമൂഹം വിവേചനശക്തിയോ, ബുദ്ധിയുള്ളവരോ ആണെന്ന് അംഗീകരിക്കാൻ കഴിയില്ല.

5. ‘‘കാതുള്ളവൻ കേൾക്കട്ടെ’’ എന്ന് പറഞ്ഞ് കൊണ്ട് തുടങ്ങുന്ന ഈ പ്രവചനങ്ങൾ തന്നെ അതിനോട് ഉള്ള ഭീതി ഇല്ലാതാക്കുന്നു. കാതില്ലാത്തവർ ഇതിനെപ്പറ്റി ചിന്തിച്ച് വിഷണ്ണരാകേണ്ടതില്ല എന്ന് ഇത് നമ്മെ ബോധിപ്പിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും ഉയർന്നതും സിദ്ധി നിറഞ്ഞതുമായ സൃഷ്ടിയാണ് മനുഷ്യൻ എന്ന് അഹങ്കരിക്കുകയും, ഒരേ വേളയിൽ ആ കഴിവും സിദ്ധിയും നിറഞ്ഞ മസ്തിഷ്കത്തെ ഉപയോഗ ശ്യൂന്യമാക്കി മതഗ്രന്ഥങ്ങൾ പറയുന്ന വിഡ്ഢിത്തരങ്ങൾക്ക് അടിയറ വയ്ക്കുകയും ചെയ്യുന്ന വിചിത്രജീവിയാണ് മനുഷ്യൻ. അതുകൊണ്ട് തന്നെ സമൂഹത്തിലെ ഒരു വിഭാഗം ഇത്തിൾക്കണ്ണി പോലെ മറ്റൊരു വിഭാഗത്തിന്റെ രക്തം കുടിച്ച് സുഖലോലുപതയിൽ ജീവിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണം കൂടിയാണ് ഈ അദ്ധ്യായം.

# 9

# രക്തദാഹിയായ സൃഷ്ടാവ്

വിശ്വാസങ്ങൾ സാഹചര്യങ്ങൾ ചൂഷണം ചെയ്തോ ബലമായോ അടിച്ചേൽപ്പിക്കുന്നതിന് പിന്നിൽ മനുഷ്യന്റെ അധികാരത്തോടുള്ള അടങ്ങാത്ത ആർത്തി തന്നെയാണ് എന്ന് നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. പക്ഷേ അധികാരം പിടിച്ചടക്കി ഒരു ജനതയെ തങ്ങളുടെ ഉള്ളിലുള്ള ഇംഗിത പ്രകാരം അവരാൽ തന്നെ നയിക്കുന്നതും മറ്റുള്ളവരെ നിയന്ത്രിച്ചു നിർത്തും വിധം അവരെ പ്രത്യേകിച്ച് യാതൊരു ചിലവും ഇല്ലാതെ പ്രാപ്തരാക്കുന്നതിനും ചില വിശ്വാസ-അന്ധവിശ്വാസങ്ങൾ മെനെഞ്ഞെടുത്ത് അത് അവരിൽ കുറെ പേരെയെങ്കിലും വിശ്വസിപ്പിക്കുകയോ അടിച്ചേൽപ്പിക്കുകയോ വേണം. ഇത് തന്നെയാണ് ശാസ്ത്രീയമായ വീക്ഷണം എന്ന രീതിയിൽ വളർന്ന ഒന്നിനെ മറയാക്കി അതിനെ സ്വതാല്പര്യപ്രകാരം വളച്ചൊടിച്ച് സമൂഹത്തിലെ ചില ജീർണ്ണചിന്താഗതികൾക്ക് വളരാൻ സാഹചര്യം ഒരുക്കിയ മതമെന്ന വിഷം. മതങ്ങൾക്ക് പിന്നിൽ തികച്ചും സങ്കുചിതവും രാഷ്ട്രീയവുമായ താല്പര്യങ്ങൾ മാത്രമാണ് ഉള്ളത്. സ്വതന്ത്രമായി ചിന്തിക്കാനും വളരാനും ഉള്ള മനുഷ്യന്റെ അവകാശങ്ങൾക്ക് കൂച്ച് വിലങ്ങ് ഇടുകമാത്രമാണ് ഈ പമ്പരവിഡ്ഢിത്വമായ ആശയങ്ങൾ. വിശ്വാസികളെ സമുദായത്തിന്റെ അകത്തും അല്ലാത്തവനെ പടിക്ക് പുറത്തും അവന്റെ ജീവന് പുല്ലിന്റെ വിലപോലും ഇല്ല എന്ന നിലയിലേയ്ക്കും താഴുമ്പോൾ ഈ മതങ്ങൾ എത്രയും അപകടകാരികളാണ് എന്ന് സ്വയം ചിന്തിക്കേണ്ടതുണ്ട്. ലോകത്ത് സാത്താന് വേണ്ടി ആരും യുദ്ധം ചെയ്യുകയോ മരിക്കുകയോ ഉണ്ടായിട്ടില്ല എന്ന് നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ട് തന്നെ മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ മരിച്ചു വീണതും വീണു കൊണ്ടിരിക്കുന്നതുമായ കോടിക്കണക്കിനാളുകളുടെ ജീവനും സ്വത്തിനും ഒരു വിധത്തിലും സാത്താൻ ഉത്തരവാദിയല്ല. സാത്താൻ ദൈവത്തിന്റെ എതിരാളിയായി ചിത്രീകരിക്കപ്പെടുന്ന നാൾ വരെ ദൈവരാജ്യവും അതിൽ വിശ്വസിക്കുന്നവരെയും രക്ഷിക്കാൻ സാത്താൻ കഷ്ടപ്പെടുന്നു എന്ന് വന്നാൽ അത് ശുദ്ധ അസംബന്ധം മാത്രമായിത്തീരും.

നിലനിൽക്കുന്ന വിശ്വാസങ്ങളെയും സമ്പ്രദായങ്ങളെയും തൂത്തെറിഞ്ഞ് സ്വയം നിങ്ങൾ ആരാധ്യനും എല്ലാവരെയും ഭരിക്കുന്നവനും എല്ലാത്തിന്റെയും സിരാകേന്ദ്രവും ആകുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ അതിന് ഒരു ഉപായമുണ്ട്. ആ ഉപായം തന്നെയാണ് ആയിരക്കണക്കിന് വർഷങ്ങളായി സെമിറ്റിക്ക് മതങ്ങൾ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാനും അധികാരസ്ഥാനത്ത് നിന്ന് മറ്റുള്ളവരെ നീയന്ത്രിക്കാനും ഉപയോഗിച്ചു വരുന്നത്. അതിനായി ആദ്യമായി നിങ്ങൾക്ക് വേണ്ടത് വ്യക്തമായ ഒരു മാർഗ്ഗരേഖയാണ്. ശാസ്ത്രീയമായ വസ്തുതകളെ വളച്ചൊടിച്ച് സാഹിത്യപരമായി ഒരു ഗ്രന്ഥം ഉണ്ടാക്കിയെടുക്കുക. അല്ലെങ്കിൽ അത് മറ്റുള്ളവർക്ക് മുന്നിൽ പ്രസംഗിക്കുക. അത് ആരും തന്നെ അംഗീകരിക്കുകില്ല എന്നത്

തീർച്ചയാണ്. അതിനാൽ ബലപ്രയോഗത്താൽ അത് അവരിൽ അടിച്ചേൽപ്പിക്കുവാൻ സ്വന്തം അണികളെയോ ശിഷ്യന്മാരെയോ ഉപയോഗിക്കുക. കുറച്ച് അംഗങ്ങൾ നിങ്ങളുടെ സംഘത്തിൽ കൂടുമ്പോൾ മറ്റുള്ളവർ അത് വിശ്വസിച്ചില്ലെങ്കിൽ അവരെ കൂട്ടക്കൊല നടത്തുക. ജീവനിൽ ഭയന്ന് ആളുകളുടെ സാന്ദ്രത നിങ്ങളുടെ മതത്തിൽ കൂടിയെന്ന് ബോധ്യം വരുമ്പോൾ സ്നേഹത്തിന്റെ കഥയും ഭാഷയും ഉപയോഗിച്ച് പഴയ രക്തത്തിന്റെയും ക്രൂരതകളുടെയും ചരിത്രം മായ്ച്ച് കളയുക. ഇനി പ്രതികൂലമായ സാഹചര്യങ്ങളിൽ സാത്താനെ കുറ്റം പറഞ്ഞ് എല്ലാം സാത്താന്റെ തലയിലിട്ട് തടിതപ്പുക. നിങ്ങൾ വിജയിച്ച് കഴിഞ്ഞു. ഇത്തരത്തിലുള്ള മാതൃകയാണ് ജൂത, ക്രിസ്ത്യൻ, ഇസ്ലാമീക പ്രവാചകർ ചെയ്തതും നടപ്പിലാക്കി വിജയം കണ്ടതുമായ മഹത്തായ മാതൃക.

റോമൻ ഭരണകൂടം ഭരണം കൈയ്യാളാൻ അതിന് വേണ്ടി നിയോഗിച്ചത് ഫ്ളാവിയസ് ജോസിഫസിനെയാണ്. എ.ഡി 325ൽ നിക്കയയിൽ വെച്ച് ആ ആശയങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ഉടനടി ജൂതന്മാരുടെ ആരാധനാലയങ്ങൾ നശിപ്പിക്കുകയും അവരെ കൂട്ടക്കൊല നടത്തുകയും ചെയ്തു. ദൈവത്തിന് വേണ്ടി നടത്തപ്പെട്ട കൂട്ടക്കൊലകളും കൊള്ളയും ബലാത്സംഗങ്ങളും വേദമതക്കാരെ കൊന്നും കൊലവിളിച്ചും ജൂതന്മാർ നടത്തിയപ്പോൾ അതിന് തുടർച്ചയായി അവർക്ക് നേരിടേണ്ടി വന്നതും അതേ ഗതി തന്നെയാണ്. ക്രിസ്ത്യൻ മതത്തിന്റെ രൂപികരണത്തിനും പ്രചരണത്തിനും വേണ്ടി ലോകമെമ്പാടും കോടിക്കണക്കിന് ആളുകളെ പല പേരിലും കൊന്നൊടുക്കിയതിന്റെ ചരിത്രം നിങ്ങൾക്കറിയാം. എന്നാൽ വേണ്ട വിധത്തിൽ ചർച്ച ചെയ്യപ്പെടാതെ പോയ കുറെ സംഭവങ്ങളുടെ ഉള്ളിലേയ്ക്ക് കടക്കാതെ, ക്രിസ്ത്യൻ പുരോഹിതർ നടത്തിയ കൂട്ടക്കൊലകളും ബലാത്സംഗങ്ങളും കൊള്ളകളും വിവരിക്കാതെ വ്യത്യസ്ഥമായി ചില കാര്യങ്ങൾ പേരിന് മാത്രം താഴെക്കൊടുക്കുന്നു. ഇത് ഒരുകാര്യം ചൂണ്ടിക്കാട്ടാൻ വേണ്ടി മാത്രമാണ്. മുൻ അദ്ധ്യായത്തിൽ പറഞ്ഞ ''സാത്താൻ ഒരു മാന്യൻ ദൈവം ഒരു നിഷ്ഠൂരൻ'' എന്ന മുദ്രാവാക്യമാണ് അത്.

**വേദമതക്കാർക്കിടയിൽ:-**

1. ക്രിസ്തുമതം നിലവിൽ വന്നയുടൻ വേദാടിസ്ഥാനത്തിലുള്ള ആരാധനാലയങ്ങൾ തകർക്കുകയും പുനർജന്മത്തിൽ വിശ്വസിക്കുന്നവരെ നാടുകടത്തുകയും വധിക്കുകയും ചെയ്തു.

2. പേരുകേട്ട ദേവാലയ നാശകരായിരുന്നു ക്രിസ്ത്യൻ പുരോഹിതരായ റേതൂസ്, ഹീലിയോപോളിയിലെ സിറിൽ എന്നിവർ.

3. എ.ഡി 356 ൽ വേദാചാരങ്ങൾ നിർത്തലാക്കി. ഉത്തരവ് ലംഘിക്കുന്നവരെ തീവെച്ചും, തൂക്കിലിട്ടും, കഴുത്തറുത്തും കൊന്നു.

4. തകർക്കപ്പെട്ട ആരാധനാലയത്തിലെ വിഗ്രഹങ്ങൾ കൊണ്ട് കളിച്ചതിന് ക്രിസ്ത്യൻ ചക്രവർത്തി തിയോഡിയോസിസ് (എ.ഡി 408-450) കുട്ടികളെ വധിച്ചു.

5. മറ്റ് മതവിശ്വാസങ്ങൾ നിരോധിക്കുകയും ക്രിസ്ത്യൻ മതവിശ്വാസം നിർബന്ധമായും പിന്തുടരണം എന്നും ഉത്തരവിറക്കി.

6. ഇതിനെ എതിർത്തതിന് നാലാം നൂറ്റാണ്ടിൽ അനവധി തത്വജ്ഞാനികൾ വധിക്കപ്പെട്ടു.

7. എ.ഡി 415 ൽ പീറ്റർ എന്ന ക്രിസ്ത്യൻ മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ക്രിസ്ത്യൻ മതഭീകരർ ഹൈപാട്ടിയ എന്ന വനിതാ വേദാന്തികയെ മൂർച്ച യുള്ള ചില്ലിൻ കഷ്ണങ്ങൾ കൊണ്ട് കൊത്തിയരിഞ്ഞു.

**മിഷണറിമാർ:-**

1. എ.ഡി 782 ൽ കാറൽ ചക്രവർത്തി മതം മാറാൻ കൂട്ടാക്കാത്ത 4500 സാക്സൺ വർഗ്ഗക്കാരുടെ തലയറുത്തു.

2. 27/05/1234 ൽ പള്ളികൾ ജനങ്ങളിൽ ചുമത്തുയിരുന്ന നികുതി കൊടുക്കാത്തതിന് ജർമ്മനിയിലെ ആൾടെഷിൽ സ്ത്രീകളും കുട്ടികളും പുരുഷന്മാരും അടങ്ങുന്ന 11000 പേരെ കൊലചെയ്തു.

3. 1456 ൽ മതം മാറാൻ കൂട്ടാക്കഞ്ഞതിന് തുർക്കിയിലെ ബെൽഗ്രേഡിൽ യുദ്ധമുണ്ടാക്കി 80000 പേരെ കൊലപ്പെടുത്തി.

4. പതിനഞ്ചാം നൂറ്റാണ്ടിൽ 17987 ഗ്രാമങ്ങൾ കൊള്ളയടിച്ചു.

5. 16-17 നൂറ്റാണ്ടുകളിൽ ഐർലന്റിനെ നശിപ്പിച്ച് നാമാവശേഷമാക്കി.

**ക്രൂസേഡുകൾ:-**

പോപ്പ് അർബാന്റെ ഉത്തരവു പ്രകാരം 1095 ലാണ് ആദ്യ ക്രൂസേഡ് വിഭാഗം നിലവിൽ വരുന്നത്. അതിന് ശേഷം ഈ കുരിശുയുദ്ധക്കാർ

1. 24/06/1096 ൽ ഹംഗറിയിലെ സെംലിനിലും 12/06/1096 ൽ ഹംഗറിയിലെ വെയ്സെല്ബർഗിലും ആയിരക്കണക്കിന് ആളുകളെ കൂട്ടക്കൊല ചെയ്തു. 9/9/1096 മുതൽ 26/09/1096 വരെ തുർക്കിയിലെ സെരിഗോർഡനിൽ ആയിരക്കണക്കിന് ആളുകളെയും കൊന്ന് തള്ളി.

2. 1096 ജനുവരി വരെ 40 നഗരങ്ങളും 200 കോട്ടകളും പിടിച്ചെടുക്കുകയും അനവധി പേരെ കൊല ചെയ്യുകയും ചെയ്തു.

3. 3/06/1098 ൽ തുർക്കിയിലെ ആന്റിയോചിയ പിടിച്ചടക്കുകയും 60000 ൽ താഴെപ്പേരെ കൊന്നൊടുക്കുകയും ശേഷം 28/06/1098 സ്ത്രീകളും, കുട്ടികളും, പുരുഷന്മാരും അടങ്ങുന്ന ഒരു ലക്ഷം പേരെ ക്രൂരമായ രീതിയിൽ വധിക്കുകയും പെൺകുട്ടികളെ ബലാത്സംഗം ചെയ്യുകയും ചെയ്തു.

4. 11/12/1098 ൽ മറാത്ത് അൻ നൂമനിൽ ആയിരക്കണക്കിന് പേരെ കൂട്ടക്കൊല ചെയ്തു.

5. ജറുസലേം പിടിച്ചടക്കുകയും 60000 പേരെ വധിക്കുകയും ചെയ്തു. കൊലചെയ്ത ക്രിസ്ത്യൻ ക്രൂസേഡുകളിൽ ഒരാൾ പറയുന്നു. ‘‘ഞങ്ങളുടെ കാലുകൾ രക്തത്തിൽ മുങ്ങി. ഞങ്ങൾ രക്ഷകന്റെ ശവകുടീരത്തിലേയ്ക്ക്

ഘോഷയാത്ര നടത്തി. ഞങ്ങൾക്ക് നന്ദി കാട്ടാൻ കിട്ടിയ അവസരത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു.''

6. ആർച്ച് ബിഷപ്പ് റ്റൈർ സ്വയം സാക്ഷിയായി എഴുതുന്നു. ''ഇത്രയും വലിയ കൊലപാതകം ഭീതിയോടെയല്ലാതെ കാണുവാൻ കഴിയില്ല. എവിടെ നോക്കിയാലും ഭൂമി മുഴുവൻ ചോരയും വെട്ടിമുറിക്കപ്പെട്ട ശരീരാവശിഷ്ടങ്ങളുമാണ് കാണാൻ കഴിയുന്നത്. തലയില്ലാത്ത മനുഷ്യശരീരങ്ങൾ മാത്രമല്ല വേർപെട്ട കൈകാലുകളും, രക്തത്തിൽ മുങ്ങിയ ശരീരവും ജയിക്കപ്പെട്ടവർക്ക് പോലും ഭീതിയുണ്ടാക്കുന്നു.'' ഈ വാക്കുകൾ ഒരു ക്ഷേത്രം ആക്രമിച്ച പശ്ചാത്തലത്തിൽ എഴുതിയിട്ടുള്ളതാണ്.

7. ഓറയിലെ ക്രിസ്ത്യൻ ചരിത്രകാരൻ എക്ഹാർഡ് കുരിശുയുദ്ധക്കാർ 100000 പേരെ കൂട്ടക്കൊല നടത്തിയ ശേഷമുള്ള അവസ്ഥ വിവരിക്കുന്നു. 'വേനൽക്കാലം മുഴുവൻ പാലസ്തീനിലെ വായു ജീർണ്ണിച്ച ശവശരീരങ്ങളുടെ ഗന്ധത്താൽ മലിനമാക്കപ്പെട്ടിരിക്കുന്നു.'

8. നാലാം കുരിശുയുദ്ധക്കാർ 12/01/1204 ൽ കോൺസ്റ്റന്റീനോപ്പോളിൽ ആക്രമണം നടത്തി അനവധി പേരെ കൂട്ടക്കൊല ചെയ്തു. ആയിരക്കണക്കിന് ജൂതന്മാരെ കൊന്നൊടുക്കുകയും ചെയ്തു.

9. അറബിക്, തുർക്കിക് രാജ്യങ്ങളിൽ ആക്കോണിന്റെ പതനം വരെയുള്ള കാലഘട്ടത്തിൽ 20 ലക്ഷം പേരെ കൊന്നൊടുക്കി.

**വിഗ്രഹാരാധകർക്ക് മേൽ:-**

1. എ.ഡി 385ൽ ക്രിസ്ത്യാനികൾ സ്പാനിഷ് പുരോഹിതനെയും ആറ് ശിഷ്യന്മാരെയും ജർമനിയിലെ ടൈറിൽ വച്ച് തലവെട്ടി കൊന്നു.

2. മനിക്കെെൻ മതക്കാരെ ക്രിസ്ത്യൻ മതം സ്വീകരിക്കാത്തതിന് 372-444 കാലഘട്ടത്തിൽ കൊന്നൊടുക്കി.

3. പോപ്പ് ഇന്നസെന്റ് മൂന്നാമന്റെ ഉത്തരവിൽ അൽജസീബിയയിൽ വൻതോതിൽ കൂട്ടക്കൊല നടത്തി. 1209 വരെ മൊത്തം 70000 കൂട്ടക്കുരുതികൾ.

4. കാർക്കാസണിൽ 15/09/1209 ൽ ആയിരക്കണക്കിന് ആളുകളെ വധിക്കുകയും മറ്റ് സമീപ നഗരങ്ങൾ ആക്രമിക്കുകയും ചെയ്തു.

5. തുടർന്ന് വരുന്ന 20 വർഷം കൊണ്ട് ഫ്രാൻസിലുണ്ടായിരുന്ന മുഴുവൻ കത്താറുകളെയും കൊന്നൊടുക്കി.

6. 1229ൽ യുദ്ധം നിർത്തി ഇൻക്വീസിഷൻ എന്ന പേരിൽ വിചാരണ തുടങ്ങുകയും വിഗ്രഹാരാധകരെ മുഴുവൻ തിരഞ്ഞ് പിടിച്ച് കൊല്ലുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും പിന്നീട് ക്രൂരമായ മാർഗ്ഗങ്ങളിലൂടെ കൊലപ്പെടുത്തുകയും ചെയ്തു.

7. കുപ്രസിദ്ധമായ ഗോവൻ, സ്പാനിഷ്, പെറുവിയൻ, മെക്സിക്കൻ ഇൻ-ക്വീസിഷനുകൾ ഉദാഹരണമാണ്.

8. മറ്റ് വിഗ്രഹാരാധക മതക്കാരായ വാൽഡെൻസിയൻസ്, പൗളിക്കയിൻസ്, റങ്കാരിയൻസ്, ജോസഫൈറ്റ്സ് തുടങ്ങി വിഭാഗക്കാരെ ഭൂമിയിൽ നിന്നും തുടച്ച് മാറ്റി.

9. സ്പാനിഷ് ഇൻക്വിസിറ്ററായ ടോർക്യൂമാഡ മാത്രം 10220 പേരെ തീയി ലിട്ട് ചുട്ടുകൊന്നു.

**മന്ത്രവാദിനികൾ:-**

വിച്ച് ഹണ്ട് എന്ന പേരിൽ യോഗിനികളെയും, യതികളെയും, മന്ത്രവാദിനി കളെയും ക്രിസ്ത്യൻ മതത്തിന്റെ ആരംഭം മുതൽ തന്നെ കൊന്നൊടുക്കി ക്കൊണ്ടിരുന്നു.

1. 1484 വരെ ആയിരക്കണക്കിന് പേരെയും 1750 വരെയുള്ള കാലഘട്ടത്തിൽ 2 ലക്ഷം പേരെയും കൊന്നൊടുക്കി. ഇതിൽ 80 % സ്ത്രീകളും ബാക്കി പുരുഷന്മാരും ഉൾപ്പെടുന്നു.

**മതതീവ്രവാദ യുദ്ധങ്ങൾ:-**

1. പതിനഞ്ചാം നൂറ്റാണ്ടിൽ ക്രൂസേഡുകൾ ഹുസൈറ്റുകളുമായി യുദ്ധം നട ത്തി ആയിരക്കണക്കിന് ഹുസൈറ്റികളുടെ തലവെട്ടി.

2. 1568 ൽ സ്പാനിഷ് ഇൻക്വിസിഷൻ ട്രിബ്യൂൺ 3 ലക്ഷം വിപ്ലവകാരികളെ കൊല്ലാൻ ഉത്തരവിട്ടു.

3. പോപ്പ് പയസ്സ് അഞ്ചാമന്റെ ഉത്തരവിൽ 1572 ൽ ഫ്രാൻസിൽ 20000 ഹഗ്നോട്ടുകളെ കൊന്നൊടുക്കി. 2 ലക്ഷം പേർ അഭയാർത്ഥികളായി നാടു വിട്ടു.

4. പതിനേഴാം നൂറ്റാണ്ടിൽ കത്തോലിക്കർ പ്രൊട്ടസ്റ്റന്റ് നേതാവായ ഗാസ്പാ ർഡിന്റെ തലയും, കൈകളും, ലിംഗവും ഛേദിച്ച് മൃതദേഹം വികൃതമാക്കി.

5. പതിനേഴാം നൂറ്റാണ്ടിൽ 30 വർഷം നീണ്ടുനിന്ന കത്തോലിക് പ്രോട്ടസ്റ്റന്റ് യുദ്ധം ജർമ്മനിയിലെ 40% ജനസാന്ദ്രത കുറച്ചു.

**ജൂതന്മാർക്കിടയിൽ:-**

1. 4-5 നൂറ്റാണ്ടുകളിൽ ക്രിസ്ത്യൻ മതഭ്രാന്തന്മാർ സിനഗോഗുകൾ നശിപ്പി ച്ചു. മരിച്ചവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2. നാലാം നൂറ്റാണ്ടിന്റെ പകുതിയിൽ ഡിറ്റോറയിലെ ബിഷപ്പ് ഇന്നസെന്റ്യു സിന്റെ ഉത്തരവിൽ വടക്കൻ ഇറ്റലിയിലെ സിനഗോകുകളും നശിപ്പിച്ചു. എ.ഡി 388 ൽ ബിഷപ്പ് കല്ലിനികോണിന്റെ ഉത്തരവിൽ യൂഫ്രട്ടസ് നദിയുടെ കരയിലുണ്ടായിരുന്ന സിനഗോഗും നശിപ്പിച്ചു.

3. പതിനേഴാം കൗൺസിൽ ടോളോഡോ ജൂതന്മാരെ അടിമകളാക്കി വിൽ പ്പന നടത്തുകയും അവരുടെ മക്കളെ ബലമായി മതപരിവർത്തനം നടത്തു കയും ചെയ്തു.

4. ഫ്രാൻസിലെ ലിമഗോസിലെ ബിഷപ്പ് 1010 ൽ മതം മാറാൻ കൂട്ടാക്കാത്ത ജൂതന്മാരെ നാടുകടത്തുകയും പോകാൻ തയ്യാറാവാത്തവരെ വധിക്കുക യും ചെയ്തു.

5. ഒന്നാം കുരിശുയുദ്ധക്കാർ 1096ൽ 12000 ജൂതന്മാരുടെ തലയറുത്തു. അക്രമം നടത്തിയ സ്ഥലങ്ങൾ 18/05/1096 ൽ വോംസ്, 27/05/1096 ൽ മയിൻസ്, കൊളങ്ങ്, വേവലിങ്ങോവൻ, സാന്റൺ, മോയർസ്, ഡോർട്ട്മണ്ട്, കെർപ്പൻ, ട്രൈർ, മെറ്റ്സ്, റെഗൻസ്ബർഗ്, പ്രാഗ്. ഇവയിൽ മെറ്റ്സ്, പ്രാഗ് എന്നിവ ഒഴിച്ച് ബാക്കിയുള്ള പ്രദേശങ്ങൾ എല്ലാം ജർമ്മനിയിലാണ്.

6. രണ്ടാം കുരിശുയുദ്ധക്കാർ 1147 ൽ ഫ്രാൻസിലെ രാമെരു, കാരണ്ടൺ, ഹാം, സള്ളി എന്നിവിടങ്ങളിൽ നൂറുകണക്കിന് ജൂതന്മാരെ കൊന്നൊടുക്കി.

7. മൂന്നാം കുരിശുയുദ്ധക്കാർ ഇംഗ്ലീഷ് ജൂതന്മാരെ കൊള്ളയടിച്ചു.

8. 1235 ൽ ജർമ്മനിയിലെ ഫുൽഡയിൽ 34 സ്ത്രീകളെയും പുരുഷന്മാരെ യും തലയറുത്ത് കൊന്നു.

9. 1257-67 ൽ ലണ്ടൻ, കാന്റർബറി, നോർത്താമ്പ്ടൻ, ലിങ്കൺ, കാമ്പ്രിഡ്ജ് എന്നിവിടങ്ങളിൽ ജൂതന്മാരെ ഇല്ലാതാക്കി.

10. 1290 ൽ പോളണ്ടിലെ ബൊഹാമിയൻസിൽ 10000 ജൂതന്മാരെ കൊലപ്പെ ടുത്തി.

11. 1337 ൽ ജർമ്മനിയിലെ ഡിഗ്ഗൻഫോർഡിൽ നിന്നും ആരംഭിച്ച ജൂതകൊല പാതകങ്ങൾ ആഘോഷമാക്കി ഏറ്റെടുത്ത് ക്രാവേറിയ, ഓസ്ട്രിയ, പോള ണ്ട് എന്നിവിടങ്ങളിലെ 51 നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു.

12. 1348 ൽ സ്വിസ്റ്റർലണ്ടിലെ ബേസലിലും ഫ്രാൻസിലെ സ്റ്റ്രാസ്ബർഗിലു മുള്ള 2000 ജൂതന്മാരെ കത്തിച്ച് കൊന്നു.

13. 1389 ൽ പ്രാഗിൽ 3000 ജൂതന്മാരുടെ തലയറുത്തു.

14. 1349 ൽ ജർമ്മനിയിലെ 350 നഗരങ്ങളിലെ ജൂതന്മാരെ ജീവനോടെ തീ യിട്ട് ചുട്ടുകൊന്നു.

15. 1391 ൽ ആർച്ച് ബിഷപ്പ് മാർട്ടിനെസിന്റെ ഉത്തരവ് പ്രകാരം സെവെല്ലി യിലെ 4000 ജൂതന്മാരെ കൊല്ലുകയും 25000 പേരെ അടിമകളാക്കി വില്പ്പന നടത്തുകയും ചെയ്തു.

16. കൊളമ്പസ് 1492ൽ പുതിയ ലോകം പിടിച്ചടക്കാൻ പുറപ്പെടുകയും 15000 ജൂതന്മാരെ സ്പെയിനിൽ നിന്നും നാടുകടത്തുകയും ചെയ്തു. 30/06/1492 ൽ അനവധി പേർ ആ യാത്രയ്ക്കിടെ മരിച്ചുവീണു.

17. 1648 ൽ പോളണ്ടിലെ കെംലിനിട്സ്കി കൂട്ടക്കൊലയിൽ 2 ലക്ഷം ജൂത ന്മാരെയാണ് കൊന്നൊടുക്കിയത്.

**അയൽരാജ്യക്കാർക്കിടയിൽ:-**

1. അടിമ വില്പ്പനക്കാരനും വിശുദ്ധ കുരിശുയുദ്ധക്കാരനുമായ കൊളമ്പസിന്റെ പുതിയ ലോകത്തിന്റെ കണ്ടുപിടുത്തത്തോടെ ക്രൂരതയുടെ പുതിയ ചരിത്രം ആരംഭിക്കുന്നു.

2. കാൽവെച്ച നാടുകളിലെല്ലാം കൊളമ്പസ് ആദ്യം ചെയ്തത് കുരിശ് നാട്ടുകയും നാട്ടുകാരെ മതപരിവർത്തനത്തിനായി ഭീഷിണിപ്പെടുത്തുകയുമായിരുന്നു. അതിന് തയ്യാറാക്കാത്തവരെ അതിമൃഗീയമായും വേട്ടക്കാരൻ ഇരയെ പിന്തുടർന്ന് നായാടും പോലെയും കൊന്നൊടുക്കി.

3.അതിക്രൂരനായ കൊളമ്പസിനെ പേടിച്ച് ഭൂരിഭാഗം ജനങ്ങളും മതപരിവർത്തനത്തിന് തയ്യാറായി.

4. ഇത്തരം സാഹചര്യത്തിൽ കൊളമ്പസ് പറഞ്ഞ ഭീഷിണികളിലെ ചില വരികൾ. ''ഞാൻ സാക്ഷ്യം പറയുന്നു, ദൈവത്തിന്റെ സഹായത്താൽ ഞങ്ങൾ നിങ്ങളുടെ രാജ്യത്തിൽ അതിക്രമിച്ച് കടക്കും. പിന്നെ നിങ്ങൾക്കെതിരെ യുദ്ധം ചെയ്യും. പള്ളിക്ക് എതിരെ നിൽക്കുന്നവരെ കുരിശിൽ തറച്ച് പീഡിപ്പിച്ച് അനുസരിപ്പിക്കും. ദൈവത്തിന്റെ ആജ്ഞയെ ധിക്കരിക്കുകയും, പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യുന്ന അടിമകളെയെല്ലാം എല്ലാവിധത്തിലും ഞങ്ങൾ പീഡിപ്പിച്ച് കൊണ്ടിരിക്കും.

5. മസ്സാച്യൂസറ്റിൽ മതപരിവർത്തനങ്ങൾക്ക് വേണ്ടി അക്രമം നടത്തുന്ന കാലഘട്ടത്തിൽ ഉണ്ടായ വസൂരി ബാധിച്ച് മൂന്നിൽ രണ്ട് ഭാഗം ജനതയും മരണത്തിന് കീഴടങ്ങി. ഇത് ദൈവത്തിന്റെ ആജ്ഞ അനുസരിക്കാത്തതിന്റെ ഫലമാണ് എന്ന് മതപരിവർത്തകർ പ്രചരിപ്പിച്ചു. 1634 ൽ മസ്സാച്യൂസറ്റിലെ ഗവർണ്ണർ ഇപ്രകാരം പറഞ്ഞു. ''ഞങ്ങൾ ചെയ്യുന്ന പ്രവർത്തികൾ ശരിയാണ് എന്ന് യഹോവ അടയാളം കാണിച്ചു.''

6. സ്വർഗ്ഗതുല്യമായി ജനങ്ങൾ വസിച്ചിരുന്ന ഹിസ്പാനിയോളയിലെ അറവാക്കിൽ കൊളമ്പസ് കടന്ന് ചെല്ലുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. അപ്രകാരം 50000 പേരെ കൊന്ന് ആ പ്രദേശം നരകമാക്കി.

7. അവശേഷിച്ച ജനങ്ങളെ ബലാത്സംഗം, കൊലപാതകം, അടിമവില്പ്പന എന്നിവയിലൂടെയും തീർത്ത് സന്തോഷം പൂണ്ടു.

8. നേതാവായ ഹാത്യൂവിനെ പിടിച്ച് ദണ്ഡിൽ കെട്ടിയ ശേഷം തീ കൊളുത്തുകയും യേശുവിനെ ഹൃദയത്തിൽ അംഗീകരിച്ചാൽ സ്വർഗ്ഗത്തിലും അല്ലെങ്കിൽ നരകത്തിലും പോവുമെന്ന് ആക്രോശിക്കുകയും ചെയ്തു. ഹാത്യൂ അതിന് ഇപ്രകാരം മറുപടി പറഞ്ഞു,'' ക്രിസ്ത്യാനികൾ പോകുന്ന സ്ഥലമാണ് സ്വർഗ്ഗമെങ്കിൽ എനിക്ക് നരകത്തിൽ പോകുന്നത് തന്നെയാണ് ഉചിതമെന്ന് തോന്നുന്നു.''

9. സ്പാനീഷുകാർ മതപരിവർത്തനം നടത്തുന്നതിനായി പലപല ക്രൂരമായ മുറകളും കണ്ടുപിടിച്ച് കൊണ്ടിരുന്നു. അത് അവർ പ്രയോഗത്തിൽ വരുത്തി ആനന്ദിച്ചു. ചിലരുടെ വിരലുകൾ വെട്ടി, ചിലയുടെ കാലുകൾ അറുത്തു, ചിലരെ തലയറുത്ത് കൊന്നു, ചിലരുടെ കണ്ണുകൾ ചൂഴ്ന്നെടുത്തു. ചിലരെ ചവണകൊണ്ട് ശരീരം മുഴുവൻ ഞെരിച്ച് മൂറിവേൽപ്പിച്ചു അങ്ങിനെ പോകുന്നു ആ വിദ്യകൾ..

10. 1492 ൽ കൊളമ്പസ് എത്തിയപ്പോൾ കരീബിയനിലെ ജനസാന്ദ്രത 8 ലക്ഷമായിരുന്നു. എന്നാൽ 1496 ആയപ്പോഴേയ്ക്കും ഇത് പകുതിയായി കുറഞ്ഞു. ഇത് കൊളമ്പസ് വളരെ വലിയ ദൈവകൃപയുള്ളവനായിരുന്നു എന്ന് തെളിയിക്കുന്നു.

11. കരീബിയനിലെ ദൈവസ്നേഹ താണ്ഡവത്തിന് ശേഷം അവർ ഫ്ളോറിഡ കൊള്ളയടിക്കുകയും അടുത്ത സ്ഥാനം മെക്സിക്കോ ആണ് എന്ന് തിരിച്ചറിഞ്ഞ് അങ്ങോട്ട് നീങ്ങുകയും ചെയ്തു.

12. ഇതേ ലക്ഷ്യം വെച്ച് ആയിരക്കണക്കിന് സ്പാനിഷുകാരായ മതപരിവർത്തകരും അതിന് പിന്നാലെയുള്ള വർഷങ്ങളിൽ 2 ലക്ഷം മതപരിവർത്തകരും അമേരിക്കയിലേയ്ക്ക് കുടിയേറി. പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അവർ 6 കോടി അമേരിക്കക്കാരെ ഭൂമിയിൽ നിന്നും ഇല്ലാതാക്കി ദൈവസ്നേഹം കാണിച്ചു.

13. 1860 ൽ ഹവായ് ദ്വീപിലെ കൂട്ടക്കൊലയിൽ 90% ജനസാന്ദ്രതയും നാമാവശേഷമാകുകയും സർവേയിലൂടെ ഇത് കണ്ടെത്തിയ ആദരണീയനായ ക്രിസ്ത്യൻ മിഷണറി റുഫുസ് ആന്റർസൺ ഇത് ശോചനീയമായ സംഭവമായി എന്ന് അപലപിക്കുന്നതിന് പകരം ശരീരത്തിലെ രോഗബാധിതമായ ഭാഗങ്ങൾ മുറിച്ച് മാറ്റുന്നതിന് സമാനമാണ് ഈ സംഭവം എന്ന് അഭിപ്രായപ്പെട്ടു.

ഈ പട്ടിക ഇവിടെ അവസാനിക്കുന്നില്ല. ക്രിസ്ത്യൻ മതപരിവർത്തകരും അവർ അതിനായി സൃഷ്ടിച്ച സംഘടനകളും ലോകം മുഴുവൻ കൊന്നൊടുക്കിയിട്ടുള്ളത് ദശകോടി ജനങ്ങളെയാണ്. ബൈബിൾ കൈകൊണ്ട് തൊടുന്നവർ ആ കോടിക്കണക്കിന് വരുന്ന ജനങ്ങളുടെ ചോരയിൽ കുതിർന്ന ഗ്രന്ഥത്തിലാണ് തൊടുന്നത്. ആ പാപത്തിലാണ്. ആനന്ദിക്കുന്നത്. അവർ ചെയ്തു കൂട്ടിയ പാപങ്ങളുടെ പ്രശസ്തമായ പട്ടിക ഇരുപതാം നൂറ്റാണ്ടിൽ രണ്ടാം മഹാലോക യുദ്ധകാലഘട്ടത്തിൽ ഉടലെടുത്ത കത്തോലിക് എക്സ്ടെർമിനേഷൻ ക്യാമ്പുകളും, വിയറ്റ്നാമിലെ കത്തോലിക് തീവ്രവാദവും, ചെറു ആഫ്രിക്കൻ രാജ്യമായ റവണ്ടയിലെ കൂട്ടക്കൊലകളും ഇൻഡ്യയിലെ ആസാം, മണിപ്പൂർ, നാഗാലാണ്ട് ഇവയിലെയും, ബംഗാളിലെയും ക്രിസ്ത്യൻ തീവ്രവാദങ്ങളും ഉൾപ്പെടുന്നു എന്ന് നിങ്ങൾക്കറിയാം. നിങ്ങൾക്കറിയാവുന്നത് തന്നെ ഒരു സാഗരത്തോളമാണ്. അവയെ തെളിവ് സഹിതം ഇവിടെ വിസ്തരിക്കുകയാണെങ്കിൽ ഈ ഗ്രന്ഥത്തിന്റെ ആശയത്തിൽ നിന്നും നമ്മൾ ഒരുപാട് ദൂരെയ്ക്ക് പോകുമെന്നതിനാൽ അതിന് ഞാൻ മുതിരുന്നില്ല. എന്നാൽ ചർച്ച ചെയ്യപ്പെടാതെ പോയ ഇത്തരത്തിലുള്ള ലക്ഷക്കണക്കിന് സംഭവങ്ങളും ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ (ഇന്ന് വരെ) ലോകത്തിൽ നടക്കുന്ന പല ക്രിസ്ത്യൻ തീവ്രവാദങ്ങളും വാർത്തയാക്കപ്പെടുന്നില്ല. കാരണം ഇവ നീയന്ത്രിക്കുന്നത് ഇറ്റലിയിലെ പോപ്പ് സാമ്രാജ്യവും അതിലൂടെ വൻകിട രാജ്യങ്ങളും കുത്തക മുതലാളിമാരും കൂടിച്ചേർന്ന ഒരു വൻസംഘം തന്നെയാണ്. അതുകൊണ്ട് തന്നെ ഓഹരികൾ ഉള്ള ഈ ബിസിനസ്സിൽ ആരെയും മിണ്ടാൻ അവർ സമ്മതിക്കുകയും ഇല്ല. അതിനായി ഒരു മാധ്യമങ്ങളും മുതിരുകയും ഇല്ല.

ദൈവരാജ്യം ഭൂമിയിൽ ഉണ്ടാക്കുവാനും സാത്താനെ നിലം തൊടീക്കാതിരിക്കാനും ദൈവഹിതം നടത്തുന്നതിനും വേണ്ടിയായിരുന്നല്ലോ ഈ നടന്ന ക്രൂരതകളും നടത്തിക്കൊണ്ടിരിക്കുന്ന ക്രൂരതകളും ചതികളും എന്ന് ആലോചിക്കുമ്പോഴാണ് ഒരു ആശ്വാസം. ദൈവം തന്റെ ആജ്ഞകളിലൂടെ പഴയനിയമത്തിൽ നൂറ്റാണ്ടുകളോളം അക്രമവും കൊള്ളയും ബലാത്സംഗവും നുണയും കൊലയും പ്രോത്സാഹിപ്പിച്ചു. ഇപ്പോഴും ദൈവത്തിന്റെ പേരിൽ അത് തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രീയ വായനക്കാർ ഇനിയും പറഞ്ഞ് തരുമോ ഇത്രയധികം പഴികേൾക്കാൻ ശപിക്കപ്പെടാൻ സാത്താൻ ചെയ്ത തെറ്റ് എന്താണെന്ന്?.

10

# സന്ദേഹത്തീമഴ

ആദിപാപവും അവസാനമില്ലാത്ത നരകശിക്ഷയും തീരാത്തപഴികളും ശാപങ്ങളും ഇതിനെല്ലാം കാരണക്കാരനും വഞ്ചകനും എന്ന നിലയിൽ ആയിരക്കണക്കിന് വർഷങ്ങളായി സാത്താന്റെ മേൽ ലോകർ ചൊരിഞ്ഞു കൊണ്ടിരിക്കുമ്പോൾ ഇവിടെ ബൈബിളിനെ ഒന്നുകൂടി അപഗ്രഥിച്ചു നോക്കണം എന്ന് ആഗ്രഹം തോന്നി. ആ അപഗ്രഥനത്തിന്റെ അവസാനം എത്തിച്ചേർന്നത് കുറെ ചോദ്യങ്ങളിലാണ് പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന അനവധി ചോദ്യങ്ങൾ. ഈ ചോദ്യങ്ങളെ നോക്കിക്കണ്ട് പ്രീയപ്പെട്ട വായനക്കാർ ഇനിയും സാത്താൻ തെറ്റുകാരനല്ല എന്ന് തോന്നിയാൽ സാത്താനോടുള്ള വൈരാഗ്യം അവസാനിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ആ ചോദ്യങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

1. സാത്താനെ ആരെങ്കിലും സൃഷ്ടിച്ചതാണോ? അതോ സാത്താൻ സ്വയംഭൂ ആയിരുന്നോ? സാത്താനെ സൃഷ്ടിച്ചത് ദൈവം ആയിരുന്നെങ്കിൽ ദൈവത്തിന്റെ ദുരുദ്ധേശ്യം എന്തായിരുന്നു?.

2. സാത്താൻ സർപ്പമാണ് എന്ന് പറയുന്നു. എന്നാൽ സാത്താനെ എന്ത് തരം വസ്തു ഉപയോഗിച്ചാണ് സൃഷ്ടിച്ചിരിക്കുന്നത്? പഞ്ചഭൂതങ്ങളിൽപ്പെട്ട ഒന്നിനാലല്ല സാത്താനെ സൃഷ്ടിച്ചിരിക്കുന്നതെങ്കിൽ സാത്താന് അതിൽ നിന്നുളവാകുന്ന സ്വഭാവ സവിശേഷതകൾ ഉണ്ടായതെങ്ങിനെ?

3. പഞ്ചഭൂതങ്ങൾ കൊണ്ടാണ് സാത്താനെ സൃഷ്ടിച്ചിരിക്കുന്നതെങ്കിൽ സാത്താൻ ചിരഞ്ചീവി ആയിരിക്കുന്നതെങ്ങിനെ?. സാത്താന്റെ മരണത്തെപ്പറ്റി എല്ലാവരും നിശബ്ദരായിരിക്കുന്നത് എന്തുകൊണ്ട്?.

4. പാപികൾക്ക് നിത്യനരകമാണ് വിധിയെങ്കിൽ ആദിപാപം ചെയ്തത് ആദവും ഹവ്വയുമല്ല. മറിച്ച് സാത്താൻ ആണ്. ആകയാൽ സാത്താന് നിത്യനരകം നിക്ഷിദ്ധമാകുന്നതെങ്ങിനെ? പലർക്കും പല ന്യായമാണ് ദൈവം വിധിക്കുന്നതെങ്കിൽ അദ്ദേഹത്തെ ന്യായാധീപൻ എന്നതിന് പകരം അന്യായാധീപൻ എന്നല്ലേ വിളിക്കേണ്ടത്?. അപ്രകാരം ന്യായാധീപനായിരിക്കാനുള്ള അദ്ദേഹത്തിന്റെ യോഗ്യത എന്ത്?

5. സാത്താൻ ദൈവത്തിന്റെ ആജ്ഞയും ഹിതത്തിനും വിപരീതമായി പ്രവർത്തിക്കുന്നതെങ്ങിനെ?. ലോകത്തിൽ എല്ലായിടത്തും ഒരേസമയം കോടിക്കണക്കിന് പേരെ കൊണ്ട് തിന്മ ചെയ്യിക്കാൻ കഴിവുള്ള സർവ്വവ്യാപിയും ദൈവത്തിന്റെ സൃഷ്ടിയെ ആ ശക്തിക്ക് ഉപരിയായി തന്റെ ശക്തികൊണ്ട് നീയന്ത്രീക്കാൻ കഴിയുന്ന സർവ്വശക്തനുമായ സാത്താനല്ലേ അപ്പോൾ എല്ലാത്തിനും ഉപരിയായവൻ?

6. സാത്താന് ഇപ്രകാരം സർവ്വവ്യാപിത്വവും സർവ്വശക്തിത്വവും എവിടെ നിന്നും ലഭിച്ചു? അതായത് സാത്താൻ തിന്മയുടെ ദൈവം ആണ് എന്നത ല്ലേ ഇത് ചൂണ്ടിക്കാണിക്കുന്നത്?.

7. ദൈവമാണ് ആദ്യ സർവ്വശക്തൻ, അദ്ദേഹമാണ് ഈ പ്രപഞ്ചം സൃഷ്ടി ച്ചത് എങ്കിൽ അദ്ദേഹത്തിന്റെ ഈ സൃഷ്ടിമുറിയിൽ മറ്റൊരു സർവ്വശക്തൻ എവിടെ നിന്നും വന്നു?.

8. ബൈബിൾ പഴയനിയമം സാത്താനെക്കുറിച്ച് സൂചിപ്പിക്കുന്ന മറ്റൊരു നാമമാണ് ദൈവത്തിന്റെ എതിരാളി. അത് സൂചിപ്പിക്കുന്നത് സ്വതന്ത്രനായ മറ്റൊരു ശക്തിയെ കുറിച്ചല്ലേ?.

9. സാത്താൻ സ്വതന്ത്ര സൃഷ്ടിയല്ല. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ് എങ്കിൽ സാത്താന്റെ പ്രവർത്തികൾക്കും പ്രലോഭനങ്ങൾക്കും ദൈവമല്ലേ യാഥാർത്ഥ ഉത്തരവാദി?.

10. നരകത്തിലും ഭൂമിയിലും സാത്താൻ ദൈവത്തിന്റെ സൃഷ്ടിയെ പീഡിപ്പി ക്കുമ്പോൾ ദൈവം തന്റെ സൃഷ്ടിയുടെ പോരായ്മകൾ മനസ്സിലാക്കി അവരെ രക്ഷിക്കാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ല?.

11. ദൈവത്തിന്റെ സൃഷ്ടിയുടെ കോഡിംഗും പ്രോഗ്രാമിങ്ങും ദൈവം തന്നെ തയ്യാറാക്കിയതാണെന്നിരിക്കെ ദൈവത്തെ സ്തുതിക്കുന്നില്ല, വിളിക്കുന്നില്ല, വിശ്വസിക്കുന്നില്ല തുടങ്ങിയവ ആ കോഡിംഗിൽ സംഭവിച്ച പിഴയല്ലേ?. സ്വന്തം തെറ്റ് സമ്മതിച്ച് തിരുത്തുന്നതിന് പകരം സൃഷ്ടിയുടെ നരകയാതന കണ്ട് രസിക്കുന്ന ദൈവത്തിന്റെ പ്രവർത്തിക്ക് പിന്നിലുള്ള യുക്തി എന്ത്?.

12. ദൈവം തിന്മയുടെ സൃഷ്ടാവാണ് എന്ന് സ്വയം സമ്മതിക്കുന്നതിനാൽ ( തീർച്ചയായും അദ്ദേഹം തിന്മ സൃഷ്ടിച്ചിരുന്നില്ല എങ്കിൽ ഭൂമി സ്വർഗ്ഗതുല്യ മായിരിക്കുമല്ലോ) സാത്താൻ ഈ പാപങ്ങൾക്ക് ഉത്തരവാദി ആകുന്നത് എങ്ങിനെ?.

13. സാത്താൻ ദൈവത്താൽ ശപിക്കപ്പെട്ട് പതിക്കപ്പെട്ട, താഴെവീണ മാലാഖ യാണ് എങ്കിൽ ആരാണ് സാത്താനെ പ്രലോഭിപ്പിച്ചത്? സാത്താന് മുൻപ് ഇത്തരത്തിൽ തിന്മചെയ്യാൻ, പാപം ചെയ്യിക്കാൻ, തെറ്റ് ചെയ്യിക്കാൻ പ്രലോഭനം നൽകാൻ ആരാണ് സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നത്?.

14. പാമ്പ് കൗശലം നിറഞ്ഞതും ബുദ്ധിയുള്ളവനും ആയ ജീവിയാണ് എന്ന് ബൈബിൾ പറയുന്നു. ആരാണ് പാമ്പിനെ ഇപ്രകാരം സൃഷ്ടിച്ച് പാമ്പിന്റെ കൗശലം നിറഞ്ഞതും കുസൃതി നിറഞ്ഞതുമായ പ്രവർത്തികൾ ക്ക് ഉത്തരവാദി? ദൈവമാണ് ഉത്തരവാദിയാണെങ്കിൽ ദൈവം സർവ്വ ജ്ഞാനി ആകുന്നതെങ്ങിനെ? തന്റെ സൃഷ്ടി എപ്രകാരമായിരിക്കും പ്രവർ ത്തിക്കുക എന്ന അറിവ് ഇല്ലാത്ത ദൈവം ലോകത്തുള്ള കാര്യങ്ങൾ എല്ലാം എപ്രകാരമാണ് അറിയുക?. ഇത് ദൈവത്തിന്റെ സർവ്വവ്യാപിത്വം കൂടി ചോദ്യം ചെയ്കയും ദൈവം ബുദ്ധിഹീനനായ സൃഷ്ടാവാണ് എന്ന് തോന്നിക്കുകയും ചെയ്യുന്നെങ്കിൽ അത് തെറ്റായി വ്യാഖ്യാനിക്കപ്പെടാമോ?.

15. ഡാനിയേൽ 10:10-14 പറയുന്നു ''സാത്താൻ മാലാഖമാരിൽ ഉയർന്ന പദവിയിലുള്ളവനും ദൈവത്തിന്റെയും ദൈവദൂതന്മാരുടെ പ്രവർത്തനം മരവിപ്പിക്കാൻ, തടസ്സപ്പെടുത്തുവാൻ കഴിവുള്ളവനും ആണ്.'' ഈ വചനം യുക്തി പരമായി സൂചിപ്പിക്കുന്നത് എന്താണ്?

16. ബൈബിൾ പറയുന്നു, ഒരിക്കൽ സ്വർഗ്ഗത്തിൽ യുദ്ധമുണ്ടായി. ഇപ്രകാരം യുദ്ധമുണ്ടാക്കി രക്തച്ചൊരിച്ചിൽ സംഭവിക്കാവുന്ന സ്വർഗ്ഗത്തിൽ എന്ത് വിശ്വാസത്താലാണ് വിശുദ്ധാത്മാക്കൾ പ്രവേശിക്കുന്നത്?

17. ഇനിയൊരിക്കൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന ഈ ആത്മാക്കൾ തമ്മിലോ മറ്റ് വിധത്തിലോ യുദ്ധമുണ്ടാകില്ല എന്ന് എന്ത് ഉറപ്പാണ് ദൈവത്തിന് തരാൻ കഴിയുക?.

18. വെളിച്ചത്തിന്റെ പുത്രനായ അല്ലെങ്കിൽ നക്ഷത്രമായ സാത്താനെ എപ്രകാരമാണ് മനുഷ്യരിൽ പ്രലോഭനം നൽകുന്നവനായി ചിത്രീകരിക്കാൻ കഴിയുന്നത്?.

19. സാത്താനീകമായ തിന്മയ്ക്ക് ഉത്ഭവമുണ്ടന്ന് വിശ്വസിക്കുകയാണെങ്കിൽ ആ തിന്മയുടെ പ്രവർത്തനം നരകത്തിലും ഭൂമിയിലും എപ്രകാരമായിരിക്കും എന്ന് അറിയുവാനുള്ള അവകാശം വിശ്വാസികൾക്ക് ഉണ്ടായിരിക്കില്ലേ? നരകമെന്നത് നന്മനിറഞ്ഞ മാലാഖമാർ വിഹരിക്കുന്ന സ്ഥലമല്ലല്ലോ? തിന്മകൾക്ക് മേൽ തിന്മകൾ വർഷിക്കുന്ന സ്ഥലം. അതായത് തെറ്റിനെ തെറ്റ് കൊണ്ട് ദൈവം ന്യായീകരിക്കുന്ന സ്ഥലം. അതുകൊണ്ട് ഇവിടെ തിന്മയുടെ ജോലിക്കാർ തിന്മ ചെയ്യുന്നവരായിരിക്കയും ആകയാൽ നരകത്തിന്റെ അധിപനായ തിന്മയുടെ ദൈവത്തിന്റെ വെളിപ്പാടുകൾ ബൈബിൾ ഉൾപ്പെടുത്താഞ്ഞത് തികച്ചും അന്യായമല്ലേ?

20. സൃഷ്ടിയുടെ ഏഴു ദിനങ്ങളിൽ ഏതു ദിനമാണ് ദൈവം അടിത്തട്ടില്ലാത്ത അഗാധത സൃഷ്ടിച്ചത്?. അടിത്തട്ടില്ലാത്ത അനന്തമായ ആഴമുള്ള ഈ നരകത്തിന്റെ നിർമ്മാണം എപ്രകാരമുള്ളതാകും എന്ന് അറിയുവാൻ നന്മനിറഞ്ഞ ആത്മാക്കൾക്കും ജിജ്ഞാസ ഉണ്ടായാൽ തെറ്റ് പറയുവാൻ കഴിയുമോ?.

21. തന്നെ സൃഷ്ടിച്ചത് മുതൽ ഒരു സമയം പോലും പാഴാക്കാതെ മനുഷ്യരെ പ്രലോഭിപ്പിച്ച് കൊണ്ടിരിക്കുന്ന സാത്താൻ ഏഴ് ദിവസം സൃഷ്ടി നടത്തി തളർന്ന് പോയ (വിശ്രമിച്ച) ദൈവത്തേക്കാൾ ബലശാലിയാണ് എന്ന് പറഞ്ഞാൽ അതിനെ നിക്ഷേധിക്കാനകുമോ?.

22. തെമ്മാടികളും വഷളന്മാരുമായ ആത്മാക്കൾ നിത്യനരകത്തിൽ വെറുതെ ഇരിക്കുമോ? തങ്ങളുടെ ശിക്ഷയ്ക്കെതിരെ പ്രതികരിക്കാതെ അത് അനുഭവിക്കുകയാണെങ്കിൽ ആ നിമിഷം മുതൽ അവരിൽ നന്മ നാമ്പിടില്ലേ?. ഈ നരകശിക്ഷയിൽ നിന്നും ഒരിക്കലും മോചനമില്ല എന്നറിയുന്ന അവർ നരകത്തിൽ അക്രമവും നാശവും ഉണ്ടാക്കുകയും ചിലപ്പോൾ നരകത്തിൽ നിന്നും രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ അതിക്രമിച്ച് കയറുകയും ചെയ്താൽ എന്തായാലും നിത്യനരകത്തേക്കാൾ കൂടുതൽ ശിക്ഷ അവർക്ക്

നൽകാനില്ലല്ലോ?. ആകയാൽ അവർ സ്വർഗ്ഗം ആക്രമിക്കില്ല എന്നതിന് എന്താണ് ഉറപ്പ്?.

23. ഗന്ധകപൊയ്കയിൽ തീ ഒരിക്കലും കെടുന്നില്ല എന്ന് പറയുന്നു. ശരീരമില്ലാത്ത ആത്മാക്കളെ എങ്ങിനെയാണ് കത്തിക്കുക എന്ന ചോദ്യം അവിടെ നിൽക്കട്ടെ. ഇവിടുത്തെ ചോദ്യം ഇതാണ്, ഇത്രയും സൾഫർ എവിടെ നിന്നാണ്, ആരാണ് ഗന്ധകപൊയ്കക്ക് വേണ്ടി ലഭ്യമാക്കുന്നത്?.

24. അടിത്തട്ടില്ലാത്ത അഗാധതയെ ആത്മാക്കൾ ഭയക്കേണ്ടതിന്റെ ആവശ്യകത എന്ത്? ഗ്രാവിറ്റിയുണ്ടെങ്കിലല്ലേ അവർ താഴെ വീഴുകയുള്ളു. താഴേയ്ക്ക് ആകർഷിക്കാൻ താഴെ ഭൂമി (അടിത്തട്ട്) ഇല്ലാത്തതിനാൽ അവർ താഴേയ്ക്ക് എങ്ങിനെയാണ് വീഴുക?. അഥവ ഗ്രാവിറ്റിയുണ്ട് എന്ന് വെറുതെ ഊഹിക്കുകയാണെങ്കിലും ഭാരമില്ലാത്ത ആത്മാക്കൾക്ക് താഴെവീഴാനുള്ള ഭാരം ഏത് തരം കണങ്ങളാണ് നൽകുന്നത്? ആ കണത്തിന്റെ സാന്ദ്രത എത്ര?.

25. ശരീരം ഇല്ലാത്ത ആത്മാക്കൾ നരകത്തീയിൽ കത്തുന്നതെങ്ങിനെ? മഹാസർപ്പങ്ങൾ അവരെ കടിക്കുന്നതെങ്ങിനെ? ഇനി സർപ്പം കടിച്ചാൽ തന്നെ അവരിൽ വിഷം എപ്രകാരമാകും വ്യാപിക്കുക?.

26. അടിത്തട്ടില്ലാത്ത അഗാധതയിൽ സർപ്പവും മറ്റ് സത്വങ്ങളും ക്ഷുദ്ര ജീവികളും ഉണ്ടെന്നതിനാൽ അവ ഗ്രാവിറ്റിയാൽ താഴെ പതിച്ച് കൊണ്ടിരിക്കെ ആത്മാക്കൾ അവർക്ക് പിന്നാലെ പതിച്ചു കൊണ്ടിരിക്കും. അപ്പോൾ ഈ സത്വങ്ങൾ എങ്ങിനെ ആയിരിക്കും ശിക്ഷകൾ നടപ്പിലാക്കുക?.

27. അടിത്തട്ടില്ലാത്ത നരകത്തിന്റെ വശങ്ങളിൽ ആത്മാക്കളെ തൂക്കിയിടാൻ കുറ്റികൾ പിടിപ്പിച്ചിരിക്കുമോ? അതോ ആത്മാക്കൾക്ക് ഈ നരകത്തിൽ നിൽക്കാൻ ചിറകുകൾ ഘടിപ്പിക്കുമോ?.

28. ഓരോ മിനിറ്റിലും ശരാശരി 200 പേർ ലോകത്ത് മരിക്കയാൽ ഇവർക്ക് നിത്യദണ്ഡന നൽകാൻ ദൈവം നരകത്തിൽ എത്ര ജോലിക്കാരെ (സാത്താനും, സാത്താന്റെ ഭൃത്യന്മാരും, ദൂതന്മാരും) നിയമിക്കും?.

28. സാത്താനും ദൂതന്മാരും എപ്രകാരമായിരിക്കും നരകത്തിൽ വിഹരിക്കുന്നത്? അവർ ഓടുകയോ, ചാടുകയോ, പറക്കുകയോ? നടക്കുകയോ ആവുമോ ചെയ്യുക? സാത്താന്റെ കാലുകൾ ഇല്ലാതാക്കി ഇഴഞ്ഞു കൊള്ളാൻ പറഞ്ഞിരിക്കുന്നതിനാൽ സാത്താൻ മറ്റ് മാർഗ്ഗങ്ങളിൽ വിഹരിക്കില്ല എന്ന ദൈവത്തിന്റെ വാക്ക് വിശ്വസിക്കാമോ?.

29. ഏതിനം ചങ്ങലയാകും ആത്മാക്കളെ കെട്ടിവലിക്കാൻ നരകത്തിൽ ഉപയോഗിക്കുന്നത്? അത് എന്തിനാലായിരിക്കും നിർമ്മിച്ചിരിക്കുക? സാധാരണ ചങ്ങല ശരീരമുള്ളവർക്കേ സാധ്യമാകൂ എന്നതിനാൽ ഇത് കാണുവാൻ സ്വർഗ്ഗത്തിൽ നിന്ന് ആത്മാക്കൾ ടിക്കട്ടെടുത്ത് വരുമെന്ന് കരുതാമോ?.

30. വിചാരണ ദിനമെന്ന ഒരു ദിനമുണ്ടെങ്കിൽ അന്നുവരെയുള്ള ഭീമമായ ജനസംഖ്യയെ എപ്രകാരമായിരിക്കും വിചാരണ ചെയ്ത് വിധിക്കുന്നത്?. വിചാരണയും വിധിയും ദൈവം ചെയ്യുന്നതാകയാൽ ഒരാൾക്ക് എത്ര

സമയം വിചാരണ ഉണ്ടാകും? എത്രകുറവ് സമയം എടുത്താലും അന്ത്യ ദിനം കഴിയുന്നതിന് മുൻപ് വിചാരണ തീർക്കാനാകുമോ? ഇനി അന്ത്യ ദിനം കഴിഞ്ഞിട്ടും തീർന്നില്ലെങ്കിൽ ദൈവം തന്റെ തീരുമാനങ്ങളും വാക്കും മാറ്റിപ്പറയുമോ?.

31. സാത്താനെ ആയിരം വർഷം നരകത്തിൽ ഇട്ടിട്ട് തുറന്ന് വിട്ടാൽ പിന്നീടുള്ള പുനരുദ്ധാനത്തിലെ തലമുറയിലെ ജനങ്ങളെയും സാത്താൻ പ്രലോഭിപ്പിക്കാൻ പോകുകയില്ലേ? അത് ദൈവത്തിനറിയില്ലേ? അതോ സാത്താൻ അന്നുമുതൽ സുവിശേഷ പ്രാസംഗീകൻ ആകുമോ? സാത്താന്റെ പ്രവർത്തികൾ ദൈവത്തെ ധിക്കരിക്കുന്നതാണെങ്കിൽ തീർച്ചയായും തിന്മ വീണ്ടും പടരും. ഇതിനെപ്പറ്റി നിശബ്ദത പാലിക്കുന്ന ദൈവം ഇതുതന്നെ അല്ലേ ആഗ്രഹിക്കുന്നത്?.

32. സാത്താനും ദൂതന്മാരും നരകത്തിൽ പതിക്കുന്ന ആത്മാക്കൾക്ക് ശിക്ഷകൾ നടപ്പിലാക്കാനുള്ള വൈവിധ്യമായ പരിശീലനങ്ങൾ നടത്തുന്നത് എപ്പോഴായിരിക്കും?.

33. നരകത്തിൽ നന്മ നിറഞ്ഞ മാലാഖമാരല്ലല്ലോ സാത്താനും ദൂതന്മാരുമാണ് തിന്മ (ശിക്ഷ) നടപ്പിലാക്കുന്നത് എന്നിരിക്കെ ഇത് സൂചിപ്പിക്കുന്നത് ദൈവത്തിന്റെ ഏറ്റവും പ്രീയപ്പെട്ടവനും വിശ്വസ്തനുമായ സേവകനാണ് സാത്താൻ എന്ന രഹസ്യമല്ലേ പരസ്യമാക്കപ്പെടുന്നത്?.

34. സാത്താൻ തന്റെ കടമയാണ് ചെയ്യുന്നതെങ്കിൽ സാത്താൻ കുറ്റക്കാരനും ഈ വിക്രീയകൾക്ക് ഉത്തരവാദിയും ആകുന്നതെങ്ങിനെ?.

35. സാത്താൻ തന്റെ കടമ നിർവ്വഹിക്കാതിരുന്നാൽ മാത്രമല്ലേ ദൈവം സാത്താനെ ശിക്ഷിക്കേണ്ടതുള്ളൂ. അതിനാൽ സാത്താനെ തടവിലിടുന്ന ആയിരം വർഷത്തെ നാടകവും, ഏദൻ തോട്ടവും തുടർന്നുണ്ടായ പാപത്തിന്റെ സംഭവങ്ങളും ദൈവം തന്റെ നിലനിൽപ്പിന് നടത്തിയ നാടകമാണ് എന്നല്ലേ മനസ്സിലാക്കേണ്ടത്?. ഇതേ നാടകം തന്നെയല്ലേ യേശുവിനെ പാപം ചുമക്കാനെന്ന ചുമട്ടുകാരനായി അവതരിപ്പിച്ച് ഇരട്ടി പാപം ഭൂമിക്ക് സമ്മാനിച്ച് മടങ്ങി ക്രിസ്ത്യാനികളെയും അവരെ വിശ്വസിക്കുന്നവരെയും വിഡ്ഢികളാക്കുന്നതിൽ ദൈവം അവതരിപ്പിച്ചത്?.

36. സാത്താനല്ല ദൈവമാണ് പാപികൾക്ക് ശിക്ഷവിധിക്കുന്നത് എന്നിരിക്കെ സാത്താൻ വെറും ദല്ലാൾ മാത്രമാണ് എന്നതല്ലേ ശരി?.

37. പാപം ഉണ്ടാക്കുന്നത് പാപമായിരിക്കെ അത് സൃഷ്ടിച്ച ദൈവത്തിന്റെ ഉചിത സ്ഥാനം നിത്യനരകത്തിൽ തന്നെയല്ലേ?

38. സാത്താൻ ദൈവത്തിന്റെ എതിരാളിയാണ് എന്ന് വിശുദ്ധഗ്രന്ഥം പറഞ്ഞിരിക്കുന്നത് ശരിയാണ് എങ്കിൽ നരകത്തിൽ വീഴുന്ന പാപികളായ അത്മാക്കളെ സാത്താൻ തീർച്ചയായും സഹായിക്കുകയും തന്റെ സർവ്വ ശക്തിയും ഉപയോഗിച്ച് അവരെ അതിൽ നിന്നും രക്ഷിക്കുകയും ചെയ്യും എന്നത് തീർച്ചയാണ്. അപ്രകാരം ഭൂമിയിലെന്ന പോലെ നരകത്തിലും ദൈവത്തെ രണ്ടാം കിടക്കാരനാക്കി സാത്താൻ സർവ്വ ഐശ്വര്യങ്ങളും കൂടെ വിരാജിക്കും. ഇതിന് വിപരീതമായാണ് കാര്യങ്ങൾ സംഭവിക്കുന്നത്

എങ്കിൽ ഇതെല്ലാം ദൈവത്തിന്റെ കുബുദ്ധിയുടെ ഭാഗമാണ് എന്ന് വരും. അതായത് പാപം സൃഷ്ടിക്കുകയും, പ്രചരിപ്പിക്കുകയും, മറ്റുള്ളവരിൽ പ്രതിഫലിപ്പിക്കുകയും അവരെ തിന്മയിലേയ്ക്ക് തള്ളിവിടുകയും ചെയ്ത ശേഷം അവരെ നരകിപ്പിച്ച് ആനന്ദിക്കുന്ന ഒരു ചിത്തരോഗി ആയിരിക്കും ദൈവം എന്ന് ചിന്തിച്ചാൽ കുഴപ്പമുണ്ടോ?.

39. സാത്താൻ ദൈവത്തിന്റെ എതിരാളിയാണ് എന്ന് സമ്മതിക്കുകയാണെങ്കിൽ നിത്യനരകത്തിലെ ആത്മാക്കളൂടെ പ്രതീക്ഷയും വെളിച്ചവും നായകനും സാത്താനായി മാറുകയില്ലേ?.

40. ക്രിസ്ത്യൻ മതപ്രകാരമുള്ള സാൽവേഷൻ അഥവ മുക്തി എന്നത് ദൈവവും സാത്താനും പങ്കെടുക്കുന്ന ലോട്ടറി സമ്പ്രദായവും ആത്മാക്കൾ അതിൽ ടിക്കറ്റെടുത്തിരിക്കുന്നവരും ആണ്. എന്നാൽ ഇതിൽ ആദ്യമായി സാത്താന്റെ കൈയ്യിൽ നിന്നും ഒന്നാം സമ്മാനം അടിച്ച ഭാഗ്യവതി ഹവ്വയാണെന്ന് വിശുദ്ധ പുസ്തകം മറച്ച് വെച്ചത് എന്തിനായിരിക്കും?.

41. സാത്താന്റെ സർവ്വവ്യാപിത്വം കുറച്ച ശേഷം ബാക്കിയുള്ള ആത്മാക്കളെല്ലാം എന്റെതാണ് എന്ന് ദൈവം സ്വയം കൽപ്പിച്ചാലും അതിന്റെ അളവ് എന്തായിരിക്കും. ഉള്ളത് തന്നെ നിലനിൽക്കുമോ? ബാക്കിയുള്ള ആത്മാക്കളും പ്രലോഭിപ്പിക്കപ്പെട്ട് സാത്താന്റെ ഭവനത്തിൽ എത്തുകയില്ല എന്ന് ആരുകണ്ടു?

42. ആത്മാക്കളെ നിത്യയാതന അനുഭവിപ്പിക്കും എന്ന് പറയുന്നതിൽ നിങ്ങൾക്ക് അപാകത തോന്നുന്നില്ലേ?. ഹോസയ്യ 13.14 ൽ പറയും പോലെ നരകത്തിന്റെ നാശവും പാതാളത്തിൽ നിന്നും ആത്മാക്കളെ മോചിപ്പിക്കും തുടങ്ങീ ആഗ്രഹങ്ങൾ ദൈവം പ്രകടിപ്പിക്കുന്നതിൽ സത്യമുണ്ട് എങ്കിൽ നിത്യനരകമെന്നത് നിത്യമായ നുണയാകില്ലേ?.

43. മത്തായി പറയും പോൽ നിത്യനരകയാതന ഇപ്രകാരം ദൈവം നരകം നശിപ്പിച്ച് ആത്മാക്കളെ മോചിപ്പിക്കുകയാണെങ്കിൽ സാദ്ധ്യമാകുമോ?.

44. എങ്ങിനെയാണ് ആത്മാവിനെ നിത്യമായ നരകാഗ്നിയിൽ നിത്യമായിത്തന്നെ കത്തിച്ചു കൊണ്ടിരിക്കാൻ സാധിക്കുന്നത്?. കത്തുക എന്നത് കത്തുന്ന വസ്തുവിനെ (ഇന്ധനത്തെ) ഉപയോഗിച്ച് തീർക്കുന്ന പ്രക്രീയ ആകയാൽ ആ വസ്തുവിന് മാറ്റം സംഭവിക്കുന്നില്ല എങ്കിൽ കത്തുകയും ഇല്ലല്ലോ!. ഇനി അപ്രകാരം കത്തുന്നു എങ്കിൽ തീർച്ചയായും ആത്മാവ് കത്തിത്തീരുകയും ചെയ്യും. അപ്പോൾ നിത്യമായി ആത്മാവിനെ കത്തിക്കുക എന്നതിലെ യുക്തി എന്ത്?. മത്തായിയുടെ വചനം 18:8 അതുപ്രകാരം വിഡ്ഢിത്വം അല്ലേ?.

45. ഇനി മറിച്ച്, ഇന്ധനം തീരാതെ കത്തുന്നു എങ്കിൽ അത് ലോകത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തവും ഇന്ധനക്ഷാമം അനുഭവിക്കുന്ന ലോകത്തിന് അനുഗ്രഹവുമാകുന്ന കാര്യവുമാകയാൽ തീർച്ചയായും സൃഷ്ടിയുടെ നന്മ ആഗ്രഹിക്കുന്ന കരുണാമയനായ ദൈവം ആ വിദ്യ വെളിപ്പെടുത്താതെ മറച്ചു വെയ്ച്ചത് അദ്ദേഹം തികച്ചും സ്വാർത്ഥ താല്പര്യക്കാരനാണ് എന്ന് വെളിവാക്കുന്നതല്ലേ?.

46. പാപികളായ ആത്മാക്കളെ നിത്യമായ നരകത്തിൽ അതികഠിനമായ വറുക്കലും പൊരിക്കലും വലിക്കലും ഇഴയ്ക്കലും തുടങ്ങീ പലപല ദണ്ഡന മുറകൾ അനുഭവിപ്പിക്കുന്ന ദൈവത്തിന്റെ വിശദ്ധീകരണം കേൾക്കുമ്പോൾ ഈ പാപികളേയും വലിയ ക്രൂരനാണ് ദൈവം എന്ന തോന്നൽ മനുഷ്യ ർക്ക് ഉണ്ടാകുന്നു എങ്കിൽ അത് തികച്ചും സ്വാഭാവീകമല്ലേ?.

47. ദൈവം ഇത്രയും അനുകമ്പയില്ലാത്തവനും, ക്രൂരനും, തിന്മ നിറഞ്ഞവ നായിരുന്നിട്ടും മനുഷ്യൻ അദ്ദേഹത്തെപ്പറ്റി അപ്രകാരം പറയുകയോ ചിന്തിക്കുകയോ ചെയ്യുന്നില്ല എങ്കിൽ അവർ അദ്ദേഹത്തേക്കൾ വലിയ വരാണ് എന്നതല്ലേ മനസ്സിലാക്കേണ്ടത്?. എങ്കിലും തന്റെ ക്രൂരതയും ദുഷ്ടമനസ്സും തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിയുന്നില്ല എങ്കിൽ നന്മയും തിന്മയും തിരിച്ചറിയുവാൻ കഴിക്കുന്ന പഴമുണ്ടാകുന്ന മരം ഉണങ്ങിപ്പോയി എന്നും അത് കഴിക്കാൻ കിട്ടാത്തതിനാൽ അതോടോപ്പം ദൈവത്തിന്റെ വിവേചനശക്തിയും ഉണങ്ങിപ്പോയി എന്നും വേണ്ടേ കരുതാൻ?.

48. സൃഷ്ടിക്കപ്പെട്ടതെല്ലാം ഒരിക്കൽ നശിക്കും എന്നത് നിത്യസത്യമായി രിക്കെ സാത്താൻ എപ്രകാരമാണ് മനുഷ്യന് നിത്യദണ്ഡന തരുവാൻ കഴിയുക?. സാത്താനും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ് എന്ന് ദൈവം പറയുന്നതിനാൽ സാത്താനും നശിക്കയാൽ നിത്യനരകം നിത്യദണ്ഡന എന്നിവ ബുദ്ധിക്ക് നിരക്കുമോ?.

49. ഇപ്രകാരം അബദ്ധജഡിലമായ വചനങ്ങൾ ഉയർത്തുന്ന ദൈവത്തെ വിശ്വസിക്കുന്നതിൽ അർത്ഥമുണ്ടോ? അതോ എഴുത്തുകാരന് തെറ്റിയ താണ് എന്ന് അവർ സമ്മതിക്കുമോ?. അപ്രകാരമെങ്കിൽ പരിശുദ്ധാത്മാ വിനാൽ ഉദ്ധീപിപ്പിക്കപ്പെട്ട് എഴുതപ്പെട്ടതാണ് ബൈബിൾ എന്ന് പറയുന്ന തിൽ വാസ്തവമുണ്ടോ?.

50. മാനസീകമായി ദയയുള്ളവനും, നന്മയും കരുണയും ഉള്ളവനുമാണ് ദൈവമെങ്കിൽ എപ്രകാരമാണ് തന്റെ സൃഷ്ടിയെ അദ്ദേഹത്തിന് നിത്യമായ യാതന നൽകുവാൻ കഴിയുന്നത്?. അപ്രകാരം ഭൗതീകമായി സൃഷ്ടി യാതന അനുഭവിച്ചാൽ മേൽപ്രകാരമുള്ള ഗുണങ്ങൾ ഉള്ളവനാണ് ദൈവം എങ്കിൽ തീർച്ചയായും അദ്ദേഹം മാനസീകമായി നിത്യനരക യാതന അനു ഭവിക്കില്ലേ?.

51. സ്വർഗ്ഗസ്ഥനായ പിതാവ് എന്നാണ് ദൈവത്തെ അഭിസംബോധന ചെയ്യു ന്നത്. എന്നാൽ ഏതെങ്കിലും ഒരു പിതാവ് തന്റെ മക്കളെ വർഷം, മാസ ങ്ങൾ, ആഴ്ച, ദിവസങ്ങൾ ഇതിൽ കൂടുതലായി നിത്യമായി ശിക്ഷിക്കുമോ? അപ്രകാരം ചെയ്താൽ ആ പിതാവ് ഒരു നല്ല പിതാവ് ആയിരിക്കുമോ?.

52. ഇനിയും ഗുരുതരവും വ്യക്തവുമായ കാരണങ്ങൾക്ക് ശിക്ഷ കൊടുക്കു കയാണെങ്കിൽ പിന്നെയും ന്യായീകരിക്കാം. എന്നാൽ ദോഷ്ക് പറയുന്നു, കളവ് പറയുന്നു, തന്നെ പുകഴ്ത്തുന്നില്ല, ആരാധിക്കുന്നില്ല, താനാണ് വലിയവൻ എന്ന് അംഗീകരിക്കുന്നില്ല തുടങ്ങീ കാര്യങ്ങൾക്ക് നിത്യനരകം നൽകുന്ന ദൈവത്തിന്റെ പ്രവർത്തി ബാലിശമായ ഒന്നാണ് എന്ന് പറഞ്ഞാ ൽ അത് തള്ളിക്കളയാൻ ആകുമോ?.

53. കോപം, ദുഷിപ്പ്, കുശുമ്പ്, നുണപറയൽ, ഭോഷ്ക് പറയൽ, അസൂയ, വലിയവൻ എന്ന അഹങ്കാരം, നശീകരണ പ്രവണത, തമ്മിൽ തല്ലിക്കൽ എന്നിവ ദൈവത്തിന്റെ ഗുണമായി ബൈബിൾ വായിക്കുമ്പോൾ മനസ്സി ലാകുന്നു. ഈ സ്വഭാവങ്ങൾ (ദൈവീക സ്വഭാവം) സൃഷ്ടിയിലും പ്രതിഫലി ച്ചാൽ അത് തെറ്റായിമാറുന്നത് എങ്ങിനെയാണ്?. അതിനെ വാഴ്ത്തുകയല്ലേ വേണ്ടത്?.

54. ദൈവം തന്റെ സൃഷ്ടിയുടെ ഭൂരിഭാഗവും നാശത്തിലേയ്ക്ക് പോകുന്നത് കണ്ട് തന്റെ സൃഷ്ടി സർവ്വ പരാജയമാണ് എന്ന് സമ്മതിച്ച് അത് നിർത്താൻ നടപടി സ്വീകരിക്കേണ്ടതായിരുന്നില്ലേ?.

55. ''മാനവരാശിയെ മുഴുവൻ രക്ഷിക്കാൻ വന്നവനാണ് ദൈവം'' എന്ന് ഡംഭ് പറയുന്ന ദൈവം, അതിന് വേണ്ട പാളിച്ചയില്ലാത്ത പദ്ധതി തയ്യാറാ ക്കേണ്ടതായിരുന്നില്ലേ? ഇതിൽ പാളിച്ച പറ്റിയ ദൈവം സ്വയം താൻ സർവ്വ പരാജയമാണ് എന്ന് ഒരിക്കൽ കൂടി തെളിയിക്കുകയല്ലേ?.

56. ദൈവത്തിന് തന്റെ ഏറ്റവും മഹനീയമായ സൃഷ്ടിയുടെ നാശം മുൻകൂട്ടി കാണാൻ കഴിവില്ലായിരുന്നു എന്നതല്ലേ സത്യം?. (അതുസത്യമാണ് എന്ന് അല്പമെങ്കിലും യുക്തിയുള്ളവർക്ക് തോന്നുകയും ചെയ്യുന്നു.) അങ്ങിനെ യെങ്കിൽ അദ്ദേഹം സർവ്വ ജ്ഞാനിയാകുന്നതെങ്ങിനെ?.

57. ഇനി ദൈവത്തിന് മാനവരാശിയുടെ നാശവും ഭാവിയും മുൻകൂട്ടി കാണാൻ ശേഷിയുണ്ട് എന്ന് നിരൂപിക്കയാൽ തന്നെ അത് തടയാനുള്ള ശേഷി ഇല്ല എന്നല്ലേ മനസ്സിലാക്കേണ്ടത്. അതിനുള്ള ശ്രമങ്ങൾ പാളിപ്പോ കുകയും ചെയ്തു. ആകയാൽ അദ്ദേഹം സർവ്വശക്തൻ ആകുന്നത് എങ്ങി നെ?. ഇപ്രകാരമുള്ള ദൈവം എങ്ങിനെയാണ് മാനവരാശിയെ രക്ഷിക്കും എന്ന് പറയുന്നത്?.

58. ഇനി തടയുവാൻ കഴിയും എന്നിട്ടും ചെയ്തില്ല എങ്കിൽ തിന്മയും നാശ വും കണ്ട് കൊണ്ടിരിക്കുന്നതിനു പിന്നിലുള്ള ദുരുദ്ദേശ്യം എന്ത്?. ഒരു പക്ഷെ അദ്ദേഹം അത് ആസ്വദിക്കുകയാണ് എങ്കിൽ തീർച്ചയായും അദ്ദേ ഹം നല്ലൊരു സൃഷ്ടാവല്ല എന്നല്ലേ മനസ്സിലാക്കേണ്ടത്?.

59. സ്വർഗ്ഗത്തിലുള്ള ഏതെങ്കിലും ഒരു ആത്മാവ് തന്റെ മക്കൾ, ഭാര്യ, മാതാ പിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ ഇവർ നിത്യനരകത്തിൽ യാതന അനുഭവിക്കുകയാണ് എന്ന് കണ്ടാൽ സന്തോഷവാനായിരിക്കുമോ?. അങ്ങി നെയെങ്കിൽ സ്വർഗ്ഗം പരമാനന്ദത്തിന്റെ ഇടമാകുന്നതെങ്ങിനെ?.

60. ഇനി തന്റെ കുടുംബവും സുഹൃത്തുക്കളും നരകത്തിലാണ് എന്ന് അറി യുന്ന സ്വർഗ്ഗത്തിലെ ആത്മാക്കൾ ദൈവത്തെ മാനസീകമായി വെറുക്കു വാൻ തുടങ്ങില്ലേ?.

61. തന്റെ മക്കളായ സൃഷ്ടികളെ നിത്യമായി നരകിപ്പിക്കുന്ന മനസിക വൈക ല്യമുള്ള ദൈവം എങ്ങിനെയാണ് മഹാപിതാവ് എന്ന സ്ഥാനത്തിന് യോഗ്യനായിരിക്കുന്നത്?.

62. തന്റെ നൂറ് ആടുകളിൽ ഒന്ന് കൂട്ടം തെറ്റിപ്പോയാൽ അതിനെ തിരികെ കൊണ്ടുവന്ന് ആഘോഷിക്കാൻ പറയുന്ന ദൈവം തന്റെ ഭൂരിഭാഗം സൃഷ്ടിയും വഴിതെറ്റിപ്പോകുമ്പോൾ ആരുടേയും ഒത്താശയില്ലാതെ സ്വയം അവരെ നേർവഴിയിൽ എത്തിക്കാതെ അവരെ നരകിപ്പിക്കും എന്ന് ഭീഷിണി ഉയർത്തുന്നതിലൂള്ള യുക്തി എന്ത്?.

63. വിലാപങ്ങൾ 3:31 ''കർത്താവ് എന്നേയ്ക്കും നമ്മേ തള്ളിക്കളയുകയില്ല ല്ലോ'' ഈ വചനം സത്യമാണ് എങ്കിൽ നിത്യനരകം എന്നത് സത്യമാകുന്ന തെങ്ങിനെ?.

64. ലക്ഷക്കണക്കിന് തരത്തിലൂള്ള കുറ്റകൃത്യങ്ങൾ നിലനിൽക്കവെ എല്ലാ കുറ്റവാളികളെയും ഒരേപോലെ ശിക്ഷിക്കുന്നത് (നിത്യനരകം) സാമാന്യ ബോധമുള്ള ആർക്കെങ്കിലും ദഹിക്കുന്നതാണോ?.

65. ലൂക്കോസ് 6:27-32 പറയും പോൽ ശതുവിനെ സ്നേഹിക്കാൻ പറയുന്ന ദൈവം സ്വന്തം സൃഷ്ടികളെ ശത്രുവായി കണ്ട് നരകിപ്പിക്കുന്നതല്ലാതെ സ്നേഹിക്കും എന്ന് പറയാത്തത് എന്തുകൊണ്ട്?.

66. മേൽ പറഞ്ഞ വചനത്തിലുള്ള വലിയ ഉപദേശങ്ങൾ വഴി ഉപദേശിക്കാൻ ആർക്കും കഴിയും സ്വന്തം പ്രവർത്തിയിൽ വരുത്തുവാൻ കഴിയുകയില്ല എന്നത് ഒരിക്കൽ കൂടി സ്വയം തെളിയിക്കുകയാണോ ദൈവം?.

67. 1 തിമോത്തി 4:10 പറയുന്നത് മാനവരാശിയുടെ മുഴുവൻ രക്ഷകൻ ആണ് യേശു എന്നതാണ്. ഭൂരിഭാഗം മനുഷ്യരും തിന്മയിൽ വീണ് നരകത്തി ലേയ്ക്ക് ടിക്കറ്റ് കിട്ടേണ്ടവർ ആയിരിക്കെ ഏത് അർത്ഥത്തിലാണ് യേശു മാനവരാശിയുടെ മുഴുവൻ രക്ഷകൻ ആകുന്നത്?.

68. യാഥാർത്ഥ്യത്തിൽ ദൈവം സ്നേഹമുള്ളവനും കരുണയുള്ളവനും ആണ് എങ്കിൽ നരകം സൃഷ്ടിച്ച് പാപികൾക്ക് ശിക്ഷകൊടുക്കുവാനുള്ള ജോലിക്കാർക്ക് പരിശീലനം കൊടുക്കാൻ മെനക്കെട്ട സമയത്ത് തിന്മയിൽ നിന്നും മനുഷ്യരെ രക്ഷിക്കാനും തിന്മ അവരെ തൊട്ടുതീണ്ടാതിരിക്കാനു മുള്ള വിദ്യകൾ ചെയ്തേനെ എന്നതിൽ സംശയിക്കേണ്ടതുണ്ടോ?.

69. സാത്താനെയും നരകത്തെയും കേൾപ്പിച്ച് പേടിപ്പിച്ചാൽ സത്യസന്ധരാ യവരും തിന്മചെയ്യാതിരിക്കുമോ?.

70. ഒരു നായ യജമാനന്റെ കയ്യിലെ വടി കണ്ടിട്ടും അദ്ദേഹം വളർത്തുന്ന കോഴികളെ കാണുമ്പോൾ അവയെ വിരട്ടിയോടിക്കുന്നു എങ്കിൽ നായയ്ക്ക് യജമാനനോട് കൂറും സത്യസന്ധതയും ഇല്ല എന്ന് വിശദീകരിച്ച് നായയെ ശിക്ഷിക്കാമോ?.

71. സാത്താൻ സത്യത്തിൽ ദൈവത്തിന്റെ എതിരാളിയാണ് എങ്കിൽ (മുൻ പ്രവർത്തികൾ ഓർമ്മിക്കുമ്പോൾ) സ്വർഗ്ഗത്തിൽ കടന്ന് നല്ലവരായ ആത്മാ ക്കളെ പേടിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യില്ല എന്നതിന് എന്താണ് ഉറപ്പ്?

71. മേലേയ്ക്ക് നോക്കിയാൽ സ്വർഗ്ഗം കാണാമെങ്കിൽ (ധനവാൻ മേലെ സ്വർഗ്ഗത്തിലേയ്ക്ക് നോക്കി ലാസർ അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്നത്

കണ്ടു എന്ന വചനം ഓർക്കുക) തീർച്ചയായും താഴേയ്ക്ക് നോക്കിയാൽ നരകവും കാണാൻ കഴിയും. ആകയാൽ സ്വർഗ്ഗത്തിൽ നിന്നും നരകത്തിലേയ്ക്ക് നോക്കി ഭീതിജനകമായ കാഴ്ചകൾ കണ്ട് ഉൾക്കിടിലം കൊള്ളുന്ന വിശുദ്ധ ആത്മാക്കൾക്ക് സ്വയം തങ്ങൾ സുഖമായും സന്തോഷമായും ഇരിക്കുന്നു എന്ന് പറയുവാൻ കഴിയുമോ?.

72. സർവ്വവ്യാപിയായ രണ്ട് ദൈവങ്ങൾ (ഒന്ന് യഹോവ, രണ്ട് സാത്താൻ) മുൻ വാതിലിലും പിൻ വാതിലിലുമായി നിലകൊള്ളുന്നു. ഭൂരിഭാഗം സൃഷ്ടിയും നരകത്തിലേയ്ക്ക് പോകുകയും തിരഞ്ഞെടുക്കപ്പെട്ടവ മാത്രം സ്വർഗ്ഗത്തിലേയ്ക്ക് പോകുകയും ചെയ്യുന്നു. അതായത് ക്രിസ്തുമതം സ്വർഗ്ഗപ്രാപ്തിക്ക് ദുർഘടം പിടിച്ച മതമാണ് എന്നല്ലേ ഇത് വ്യക്തമാക്കുന്നത്?.

73. യുക്തിപൂർവ്വം ചിന്തിക്കുകയാണെങ്കിൽ പിതാവായ ദൈവത്തിന് തന്റെ മക്കളെ നേരിട്ട് ശിക്ഷിക്കാവുന്നതാണ്. എന്നിരിക്കയാലും ഒരു കാര്യക്കാരനെയും ശാഖയേയും (സാത്താൻ, ഡെവിൾ, അഗ്നി) ഏൽപ്പിക്കുന്നതിലെ യുക്തി എന്ത്?.

74. തന്റെ ഏറ്റവും മനോഹരമായ സൃഷ്ടിയായ മനുഷ്യന്റെ മൂല്യം നശിപ്പിച്ചത് സർപ്പം ആണ് എന്നിരിക്കെ സർപ്പത്തെ സൃഷ്ടിച്ചത് മണ്ടത്തരമായിപ്പോയി എന്ന് ദൈവത്തിന് തോന്നാത്തത് എന്ത്?.

75. ഏദൻ തോട്ടത്തിലെ രണ്ട് മരങ്ങളിലേയും പഴങ്ങൾ ഭക്ഷിച്ചതിനാലാണ് സാത്താനായ സർപ്പം സർവ്വശക്തനും, സർവ്വവ്യാപിയും, അജയ്യനും, ചിരഞ്ചീവിയും ബുദ്ധിമാനും ആയിത്തീർന്നത് എന്ന് എന്തുകൊണ്ട് ചിന്തിച്ചുകൂടാ?.

76. പഴം ഭക്ഷിച്ചശേഷമാണ് ആദത്തിന്റേയും ഹവ്വയുടേയും കണ്ണ് തുറന്നത് എന്ന് ഉല്പ്പത്തി തന്നെ പറയുമ്പോൾ അവർ അന്ധരായിരുന്ന സമയത്ത് സർപ്പം പഴങ്ങൾ തോട്ടത്തിൽ നിന്നും മോഷ്ടിച്ച് ഭക്ഷിച്ചിരുന്നില്ല എന്നതിന് എന്താണ് ഉറപ്പ്?.

77. മക്കൾ മാതാപിതാക്കളെപ്പോൽ ആകുവാൻ ആഗ്രഹിക്കുന്നതിൽ തെറ്റ് പറയാൻ കഴിയുന്നതല്ല എന്നിരിക്കെ, ആദവും ഹവ്വയും തങ്ങളുടെ പിതാവിനെപ്പോലെ ആകുവാൻ, നന്മതിന്മകൾ തിരിച്ചറിയാൻ ആഗ്രഹിച്ചതിൽ എന്താണ് തെറ്റ്? കുറഞ്ഞ പക്ഷം അവർ സാത്താനെപ്പോലെ ആകാൻ അല്ലല്ലോ ആഗ്രഹിച്ചത്?.

78. പഴം തിന്നുന്ന ഉടനെ ആദവും ഹവ്വയും മരിക്കുമെന്ന് ദൈവവും മരിക്കുകയില്ല എന്ന് സർപ്പവും പറഞ്ഞു. അവർ മരിച്ചില്ല എന്ന് മാത്രമല്ല ആദം 930 വർഷം ജീവിച്ചിരിക്കയും ചെയ്തു. ഇതിൽ നിന്നു തന്നെ ദൈവം ഒരു മഹാനുണയൻ ആണെന്ന് ബോധ്യപ്പെടുന്നു. ഇപ്രകാരമുള്ള ഒരു നുണയൻ ദൈവം പറയുന്ന കാര്യങ്ങൾ എപ്രകാരം വിശ്വസിക്കും?.

79. ഉല്പ്പത്തി 3:22 '' മനുഷ്യൻ നന്മയും തിന്മയും അറിയുന്ന വൃക്ഷത്തിന്റെ ഫലം കഴിച്ച് നമ്മിൽ ഒരുവനെപ്പോൽ ആയിത്തീർന്നിരിക്കുന്നു. ഇനി ജീവവൃക്ഷത്തിന്റെ കനി ഭക്ഷിച്ച് അവൻ എന്നേയ്ക്കും ജീവിക്കാൻ സംഗതി

വരുത്തരുത് എന്ന് കല്പ്പിച്ച്'' ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. ഈ വചനത്തിലൂടെ മനുഷ്യൻ ദൈവത്തെപ്പോൽ ആയിക്കഴിഞ്ഞിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്നു. എന്നേയ്ക്കും ജീവിക്കാൻ കഴിയില്ല എന്നത് മാത്രമാണ് വ്യത്യാസം. അതിനാൽ മനുഷ്യൻ ഇനി യഹോവയെ ആശ്രയിക്കേണ്ടതുണ്ടോ?.

80. ദൈവം സർപ്പത്തെ ശപിച്ച ശേഷമാണ് സർപ്പം ഇഴയാൻ തുടങ്ങിയത് എങ്കിൽ അതിന് മുൻപ് സർപ്പം എങ്ങിനെയാണ് സഞ്ചരിച്ചിരുന്നത്?.

81. ക്രിസ്ത്യൻ തത്വശാസ്ത്ര പ്രകാരം ദൈവം സർപ്പത്തെ സൃഷ്ടിക്കുകയും സർപ്പം തിന്മയെ സൃഷ്ടിക്കുകയും ചെയ്തു. അതിനാൽ തിന്മക്ക് കാരണം സർപ്പമാകുന്നതങ്ങിനെ?. ദൈവം തിന്മയുണ്ടാക്കാനുള്ള കഴിവ് സർപ്പത്തിന് കൊടുത്തിരുന്നു എങ്കിൽ മാത്രമല്ലേ സർപ്പത്തിന് തിന്മയുണ്ടാക്കാൻ കഴിയു?. അപ്പോൾ തിന്മയുടെ യാഥാർത്ഥ കാരണക്കാരൻ ആര്?.

82. പ്രസക്തമായ മറ്റൊന്ന് സർപ്പം ഏത് ഭാഷയിലാണ് ഹവ്വയോട് സംസാരിച്ചത്?.

83. ഹവ്വ സർപ്പത്തിന്റെ സംഭാഷണം കേട്ട് അത്ഭുതപ്പെട്ടു എന്ന് പറയുന്നു. ആയത് ആ ഭാഷ തന്നെയാണോ സർപ്പവും ദൈവവും മനുഷ്യരും സംസാരിച്ചിരുന്നത്?. എന്നാൽ മറ്റ് ജീവജാലങ്ങൾ ഈ ഭാഷ സംസാരിക്കുന്നതിനെപ്പറ്റി ബൈബിൾ ഒന്നും തന്നെ പറയുന്നില്ല. മറ്റ് ജീവികളിൽ നിന്നും വിഭിന്നമായി സർപ്പം മാത്രം ഈ ഭാഷ അറിയുന്നു എങ്കിൽ ഇതിൽ നിന്നും സർപ്പത്തെ സൃഷ്ടിച്ച ദൈവത്തിന് സർപ്പത്തിൽ മറ്റ് എന്തോ താല്പര്യം കൂടി ഉണ്ടായിരുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്?.

84. ഇഴയുന്ന അനവധി ജീവജാലങ്ങൾ ജീവിക്കുന്ന ലോകത്ത് സർപ്പത്തിന്റെ ഇഴയൽ ഒരു ശാപമാണോ? ആണെങ്കിൽ ഇഴയുന്ന മറ്റ് ജീവജാലങ്ങളെയും ദൈവം ശപിച്ചതാണോ?.

85. നന്മയും തിന്മയും അറിഞ്ഞ് ജീവിക്കാൻ സർപ്പം മനുഷ്യനെ സഹായിച്ചതാണോ തെറ്റായിപ്പോയത്?. നന്മയും തിന്മയും അവർക്കറിയില്ലായിരുന്നു എങ്കിൽ അവർക്ക് എന്തും ചെയ്യാമായിരുന്നു എന്നാണോ ദൈവം ഉദ്ദേശിച്ചത്?.

86. നീ ഉരസ്സുകൊണ്ട് ഗമിച്ച് നിന്റെ ജീവിതകാലം മുഴുവൻ നീ പൊടി തിന്നും എന്ന് ദൈവം സർപ്പത്തെ ശപിക്കുന്നു. സത്യത്തിൽ സർപ്പം പൊടി തിന്നാണോ ജീവിക്കുന്നത്?.

87. ''ഞാൻ സ്ത്രീയ്ക്കും നിനക്കും സ്ത്രീയുടെ സന്തതിക്കും നിന്റെ സന്തതിയ്ക്കും ഇടയിൽ ശത്രുത ഉണ്ടാക്കും'' ഈ വചനം (ഉല്പ്പത്തി 3:15) നോക്കുക ഇതിൽ ദൈവം ഒരു ചിത്തരോഗിയാണ് എന്ന് തെളിയിക്കപ്പെടുന്നു. തെറ്റ് ചെയ്തവൻ മാത്രമല്ല. തെറ്റ് ചെയ്യാത്ത അവന്റെ പരമ്പരകളെ വരെ ശത്രുതയോടെയാണ് ദൈവം കാണുന്നത്. ഇത്തരത്തിലൊരാൾ എങ്ങിനെയാണ് കാരുണ്യവാനാകുന്നത്?. സത്യത്തിൽ സർപ്പത്തോട് മാത്രമാണോ മനുഷ്യന്റെ ശത്രുത?. ബാക്കി എല്ലാ ജീവജാലങ്ങളെയും മനുഷ്യൻ

സ്നേഹിക്കുന്നുണ്ടോ?. മാംസഭോജികളായ കാട്ടു ജന്തുക്കൾ മനുഷ്യനോട് സ്നേഹത്തിലും സഹവർത്തിത്വത്തിലും ആണോ ജീവിക്കുന്നത്?.

88. മതപരിവർത്തകർ സാത്താനെ ഓടിക്കുന്നതായി നാടകം നടത്തുമ്പോൾ ഇത് പുരാതനകാലത്ത് മുതൽ നിലനിന്നിരുന്ന ആചാരമായിരുന്നു എന്ന് ഇവർ അറിയുന്നില്ലേ?.

89. സാത്താനും സർവ്വവ്യാപിയും സർവ്വശക്തനുമാണ് എന്നിരിക്കെ യേശു ക്രിസ്തുവിനെ മാത്രം എപ്രകാരമാണ് ഏകനായ സർവ്വശക്തനും സർവ്വ വ്യാപിയുമായ ദൈവമായി കണക്കാക്കുന്നത്?.

90. ലൂക്കോസ് 8:32 ഡെവിളുകൾ (ഭൂതങ്ങൾ) ക്രിസ്തുവിന്റെ സമ്മത പ്രകാരം പന്നിക്കൂട്ടത്തിന്റെ ശരീരത്തിൽ പ്രവേശിച്ചു. പിന്നീട് തടാകത്തിൽ മുങ്ങി ച്ചത്തു. ഇവിടെ ദൈവപുത്രൻ പന്നിക്കൂട്ടത്തിന്റെ ജീവന് യാതൊരു വില യും കൽപ്പിക്കുന്നില്ല. അതായത് സൃഷ്ടിച്ച ഒരു ജീവിയോടും ബൈബിൾ സത്യസന്ധതയോ കാരുണ്യമോ പുലർത്തുന്ന ഒരു ഗ്രന്ഥമല്ല എന്നതല്ലേ ഇത് സൂചിപ്പിക്കുന്നത്?.

91. പിശാച് (സാത്താൻ) യേശുവിനെ ഉയരമുള്ള മലയ്ക്ക് മുകളിൽ കൊണ്ട് പോയി സകല രാജ്യങ്ങളും ക്ഷണനേരത്തിൽ കാണിച്ചു എന്ന് പറയുന്നു. ഇത്തരത്തിൽ സകലരാജ്യങ്ങളും കാണാൻ കഴിയുന്ന മല ഏതാണ്?. ഇഴ ഞ്ഞ് സഞ്ചരിക്കുന്ന സാത്താൻ എപ്രകാരമാണ് യേശുവിനെയും കൊണ്ട് ഈ മലയിൽ എത്തിയത്?

92. ദൈവത്തിന്റെ എതിരാളിയായി ദൈവത്തെ പരീക്ഷിക്കുന്നവനും സർവ്വ വ്യാപിയും സർവ്വശക്തനും അതിബുദ്ധിമാനും മരണമില്ലാത്തവനുമായ സാത്താനെ എപ്രകരമാണ് പാസ്റ്റർ സമൂഹം നിസ്സാരമായ നിമിഷം കൊണ്ട് അകറ്റുന്നത്?.

93. നരകാഗ്നിയും നരക സങ്കൽപ്പവും പുരാതന വേദമതക്കാരുടെ വിശ്വാസ ങ്ങൾ ആയിരുന്നു എന്ന് സമ്മതിക്കാൻ ബൈബിൾ ദൈവത്തിന് എന്തായി രുന്നു പ്രശ്നം?

94. പുരാതന തത്വജ്ഞാനികൾ അജ്ഞരായ ജനസമൂഹത്തെ പേടിപ്പിച്ച് വിഡ്ഢികളാക്കാൻ വേണ്ടിയായിരുന്നു നരകവും ശിക്ഷയും എന്ന അന്ധ വിശ്വാസം പ്രചരിപ്പിച്ചത്. ഇന്ന് അത് ബൈബിളിൽ പകർത്തിയെഴുതപ്പെട്ട പ്പോൾ അതിന്റെ ബഹുമാനീയത കൂടിയതായും സത്യമായെന്നും നിങ്ങൾ ക്ക് തോന്നുന്നുണ്ടോ?.

95. സയാമീസ് പിശാചായ സിയാം 1000 വർഷത്തേയ്ക്കാണ് പാപികളെ ശിക്ഷിക്കും എന്ന് പറയുന്നത് എന്നാൽ ക്രിസ്ത്യൻ ദൈവം അനന്തകാല ത്തേയ്ക്കും. അപ്പോൾ ആരാണ് കൂടുതൽ കാരുണ്യവാൻ തിന്മയുടെ അവതാരമായ പിശാചോ അതോ നന്മ നിറഞ്ഞവൻ എന്ന് അഹങ്കരിക്കുന്ന ക്രിസ്ത്യൻ ദൈവമോ?.

96. പേർഷ്യൻ ദൈവം പാപികൾ 14000 വർഷം നരകയാതന അനുഭവിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാം എന്നാണ് പറയുന്നത്. അതായത് പേർഷ്യൻ

ദൈവവും ക്രിസ്ത്യൻ ദൈവത്തേക്കാൾ കാരുണ്യവാനാണ് എന്നതല്ലേ ഇത് സൂചിപ്പിക്കുന്നത്?.

97. കാരുണ്യവാനായിട്ടുള്ള ദൈവമായ യഹോവ അബ്രഹാമിനോട് തന്റെ മകനെ ബലി നൽകാൻ പറയുന്നു. എന്നാൽ സാത്താൻ അരുത് എന്നും പറയുന്നു. ആരാണ് സത്യത്തിൽ നന്മയുടേയും കാരുണ്യത്തിന്റെയും പ്രതി നിധി?.

98. നിത്യനരകം എന്ന ആശയം ദുർബലരായ ജനങ്ങളിൽ മാത്രം പ്രതിഫ ലിക്കുന്നതാണ് എന്നിരിക്കെ കഠിനഹൃദയരായ ദുഷ്ടന്മാരെ എങ്ങിനെയാണ് ഇത് സ്വാധീനിക്കുന്നത്. സത്യത്തിൽ ദുർബലരും പേടിത്തൊണ്ടന്മാരുമായ ജനതയെ ഭയപ്പെടുത്തി കൂടെ നിർത്താൻ അല്ലേ ക്രിസ്ത്യൻ മതം ശ്രമിക്കു ന്നത്?.

99. ആദത്തിന്റെയും ഹവ്വയുടേയും കുലമായ മാനവരാശി മുഴുവൻ പാപി കളാണ് എന്ന് സഭ തന്നെ പ്രചരിപ്പിക്കുമ്പോൾ പുരോഹിതരും പാപികൾ തന്നെ. അപ്പോൾ അവരുടെ മുന്നിൽ കുമ്പസാരിക്കുന്നതിലെ ഔചിത്യം?. യേശു, പുരോഹിതർക്ക് മുന്നിൽ കുമ്പസാരിക്കണമെന്ന് പറഞ്ഞിട്ടുണ്ടോ?.

100. ആദ്യകാല ക്രിസ്ത്യൻ മതക്കാർ നരകത്തിൽ വിശ്വസിച്ചിരുന്നില്ല. നന്മ തിന്മകൾ അറിവില്ലെങ്കിൽ എന്തും ചെയ്യാം (ചെയ്യുന്നത് നന്മയോ തിന്മയോ എന്നറിയില്ല, ആയതിനാൽ നിയമം ബാധകമല്ല) എന്നാണ് എദനിലെ വിധി എങ്കിൽ നരകത്തെപ്പറ്റി അറിയാത്തവർ, വിശ്വസിക്കാത്തവർ അതിൽ പോകണം എന്ന് പറയുന്നതിന്റെ ന്യായമെന്ത്?.

ഈ ചോദ്യങ്ങൾ നരകത്തേയും സാത്താനേയും ബന്ധപ്പെടുത്തിയുള്ളത് മാത്രമാണ്. ഇതിനപ്പുറം ബൈബിൾ ഓരോ അദ്ധ്യായങ്ങളും പരിശോധി ച്ചാൽ ഉയരുന്നത് ലക്ഷക്കണക്കിന് ചോദ്യങ്ങളാണ്. ഇവയ്ക്ക് യുക്തി പൂർവ്വവും, സംതൃപ്തി പകരുന്നതുമായ ഉത്തരങ്ങൾ നൽകുവാൻ വിശ്വാ സികളും പുരോഹിത സമൂഹവും ബാദ്ധ്യസ്ഥരാണ്. എന്നിരുന്നാലും സാമാ ന്യ വായനക്കാരനെ സംബന്ധിച്ചിടത്തോളം സാത്താൻ അത്ര കുഴപ്പക്കാര നല്ല എന്ന് ഈ ചോദ്യവേളയിലൂടെ മനസ്സിലായിക്കാണും എന്ന് വിശ്വസി ക്കുന്നു.

11

# നരകത്തിലെ സ്വർണ്ണവേട്ടക്കാർ

ഒരു വിശുദ്ധ പാപവും അതിന്റെ നിത്യമായ നിലനിൽപ്പും എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്ത്യൻ മതഗ്രന്ഥത്തിന്റെയും അതിനെ ചുറ്റിപ്പറ്റിയുള്ള വ്യാപാരവും നിലനിൽക്കുന്നത്. ഈ വ്യാപാരത്തിന്റെ ഓഹരിക്കാർ വൻകിട രാജ്യങ്ങളും, ബഹുരാഷ്ട്ര മുതലാളിമാരും കുത്തക കളും, ഉന്നത ശ്രേണിയിലുള്ള പുരോഹിത വൃന്ദങ്ങളുമാണ്. പാപത്തെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്തുമതം നിലനിൽക്കുന്നതെന്ന് മുന്നേ യുള്ള അദ്ധ്യായത്തിൽ സൂചിപ്പിച്ചല്ലോ. അതുകൊണ്ട് തന്നെ പാപം എന്ന് ഇല്ലാതാകുന്നുവോ അന്ന് ക്രിസ്തുമതത്തിന്റെയും ക്രിസ്ത്യൻ ദൈവത്തി ന്റേയും മരണദിനം കൂടിയാണ്. ആ മരണം മൂന്ന് നാളേയ്ക്കുണ്ടാകുന്ന മരണമല്ല, മറിച്ച് ശാശ്വതമായ മരണമാണ്. ആകയാൽ ക്രിസ്ത്യൻ ദൈവ വും മതവും എന്നും നിലനിൽക്കണമെങ്കിൽ പാപവും എന്നും നിലനിൽക്ക ണമെന്ന് ക്രിസ്ത്യൻ പുരോഹിതവൃന്ദങ്ങൾക്ക് വ്യക്തമായി അറിയാം. ആ തിരിച്ചറിവ് തന്നെയാണ് സൈന്താന്തീക പ്രകാരം ഏറ്റവും വലിയ മണ്ടത്തര മായിരുന്നിട്ട് കൂടിയും പാപം തലമുറകളിലൂടെ പകരുന്ന സാംക്രമീകരോഗ ത്തേപ്പോലാണ് എന്ന് അവർ പറഞ്ഞു വെച്ചത്. പാപം ഇല്ലാതായാൽ പുരോ ഹിതരും മരിക്കുന്നത് തന്നെയാണ് ഉചിതം എന്ന തിരിച്ചറിവാണ് ഇതിന്റെ പിന്നിലുള്ള കാരണമെന്ന് നിങ്ങൾക്ക് ചിന്തിച്ചാൽ മനസ്സിലാകും. അതു കൊണ്ട് തന്നെ ബുദ്ധിഹീനമായ ആശയം ആയിരുന്നിട്ട് കൂടി ഈ തന്ത്രം വക്രബുദ്ധിയിലൂടെ വളരെ മനോഹരമായി അവർ അവതരിപ്പിച്ചു. അതിന്റെ പ്രവർത്തനം അത്ഭുതകരമായിരുന്നു. അത്ഭുതകരമായിത്തന്നെ തുടരുക യും ചെയ്യും.

ഒരു ബിസ്സിനസ്സുകാരൻ തന്റെ വ്യാപാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾ തയ്യാറാക്കി സത്യസന്ധരായ സേവകരെ നിയമിച്ചാലും അദ്ദേഹ ത്തിന് ലഭിക്കുന്ന ലാഭത്തിന് ഒരു പരിധിയുണ്ട്. ആ പരിധി എന്നത് അദ്ദേഹ ത്തിന്റെ ഉല്പന്നത്തിന്റെ നിശ്ചിത ശതമാനം ആയിരിക്കുകയും ചെയ്യും. എന്നാൽ വിശ്വാസം കൊണ്ടുള്ള വ്യാപാരം എന്നത് അപ്രകാരമല്ല. അതിന് ഈ മാനദണ്ഡങ്ങൾ ബാധകവുമല്ല. വിശ്വാസത്തിന്റെ കച്ചവടത്തിൽ പുരോ ഹിത സിരാകേന്ദ്രം തന്നെ പൂർണ്ണമായും മുതൽ മുടക്കണമെന്ന് നിർബന്ധ മില്ല. എന്നാൽ ലഭിക്കുന്ന ലാഭമെന്നത്, അതിന്റെ ശതമാനമെന്നത് കണക്ക് കൂട്ടുവാൻ കഴിയുന്ന ഒന്നല്ല. പലപ്പോഴും അറിഞ്ഞോ അറിയാതെയോ വിശ്വാസികൾ തന്നെ മുതൽ മുടക്കുകാരാകുന്ന ഈ കച്ചവടത്തിൽ വിശ്വാ സികൾ ലാഭമല്ല മറിച്ച്, പുണ്യമാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ വിശ്വാസി കളെ വിഡ്ഢികളാക്കുന്ന പുരോഹിത വർഗ്ഗത്തിനും, അതിനെ നിയന്ത്രിക്കുന്ന സിരാകേന്ദ്രത്തിനും ഇതിന്റെ ലാഭം മുഴുവൻ ലഭിക്കുകയും ചെയ്യുന്നു. ഇത് തികച്ചും ക്രിസ്തുമതത്തിന്റെ മാത്രം കാര്യമല്ല മറിച്ച് ലോകത്താകമാനം

ഉള്ള മതങ്ങളുടെയും അവസ്ഥയും ഇത് തന്നെയാണ്. പക്ഷെ ക്രിസ്തുമതത്തിന് മറ്റ് മതങ്ങളെ അപേക്ഷിച്ച് വ്യകതമായ കച്ചവട ഘടനയുണ്ട്. ആ ഘടന വളരെ ബലവത്തായതുമാണ്. അതിന്റെ ആസ്ഥാനം വത്തിക്കാനും ബാക്കിയുള്ളതെല്ലാം ബ്രാഞ്ചുകളും പ്രാദേശീക കാര്യാലയങ്ങളും ആണ്. എന്നാൽ മറ്റ് മതങ്ങൾ പലതും ഒറ്റപ്പെട്ട് പ്രവർത്തിക്കുന്നതും വിപണിയിലെ ചില്ലറ കച്ചവടക്കാരുമാണ്. വ്യക്തവും ശക്തവുമായ ഘടന ഉണ്ടാക്കിക്കൊണ്ട് തന്നെയാണ് റോമൻ സാമ്രാജ്യം ക്രിസ്ത്യൻ മതം ആരംഭിക്കാനുള്ള പദ്ധതിയിട്ടത്. ആ ഘടനയിൽ, കാലഘട്ടത്തിന് അനുസരിച്ച് മാറ്റങ്ങൾ വരുത്തി കാലഘട്ടത്തിന് യോജിക്കും വിധം ആക്കിത്തീർക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ വിപണിയിലെ ഒന്നാം ശ്രേണിക്കാരും മറ്റാരാലും തോൽപ്പിക്കുവാൻ കഴിയാത്തവരുമായി അവർ മാറി എന്ന് മാത്രമല്ല, വൻകിട ഇടപാടുകാർ അവരുടെ ഓഹരിക്കാർ ആയിമാറുകയും വ്യാപാര ലാഭത്തിന്റെ പങ്ക് നേരിട്ടോ മറ്റ് വിധേനയോ പറ്റുകയും ചെയ്യുന്നു. വലിയ മുതൽ മുടക്ക് തന്നെയാണ് ഇതിനായി ഈ ഓഹരി ഉടമകൾ ലോകത്തെമ്പാടുമുള്ള ക്രിസ്തുമതത്തിന്റെ പ്രചരണത്തിനായി ചെലവാക്കിയിരിക്കുന്നതും ചെലവാക്കിക്കൊണ്ടിരിക്കുന്നതും.

എ.ഡി 325ൽ നിക്കയയിൽ ക്രിസ്തുമതം രൂപികരിക്കുമ്പോൾ റോമൻ സാമ്രാജ്യത്തിന്റെ മുതൽമുടക്ക് എന്നത് കൈക്കരുത്തും, ആ കൈക്കരുത്തു കൊണ്ട് വിവിധ രാജ്യങ്ങളിൽ മതപ്രചരണത്തിനായി ആക്രമണവും കൊള്ളയും ചെയ്തുണ്ടാക്കിയ സ്വത്തുക്കളുമായിരുന്നു. ഇന്ന് ആ സാമ്രാജ്യം ലോകത്തിന്റെ വാണിജ്യത്തിന്റെ ചക്രം തിരിക്കുന്ന വത്തിക്കാൻ ആയിമാറിയിട്ടുണ്ടെങ്കിൽ അത് ആ കച്ചവടക്കാരന്റെ ബുദ്ധിയും കഴിവും കൊണ്ടാണെന്ന് അംഗീകരിച്ചേ മതിയാകൂ. 2015 ലെ കണക്കുകൾ പ്രകാരം വത്തിക്കാൻ ബാങ്കിന്റെ മാത്രം ആസ്തി 8 ബില്യൺ ഡോളറാണ്. ഈ കണക്കുകൾ 1942 മുതൽ അവിടെ നടന്നിട്ടുള്ള അഴിമതി കൂട്ടാതെയുള്ളതാണ്. ഇതിനു പുറമെ ലോകത്തെമ്പാടുമുള്ള പള്ളികളിൽ നിന്നും വരുന്ന നികുതിയും വത്തിക്കാന്റെ കീഴിൽ നേരിട്ട് ഉള്ള ഓഡിറ്റോറിയങ്ങൾ, ചാപ്പലുകൾ, മറ്റ് വാടകയ്ക്ക് കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ, ബോണ്ടുകൾ, വത്തിക്കാൻ ടൂറിസം, ഷെയർ മാർക്കറ്റ്, മറ്റ് നിക്ഷേപങ്ങൾ, അന്താരാഷ്ട്ര കച്ചവട പാർട്ട്ണർഷിപ്പുകൾ എന്നിവ ഉൾപ്പെടുന്ന വകയിൽ നിന്ന് ലഭിക്കുന്നത് വേറെയും. ക്രിസ്ത്യൻ മതത്തിന്റെ വാണ്യജ്യമേഖല എത്രയും സാമ്പത്തീക ലാഭത്തിൽ പ്രവർത്തിക്കുന്നതാണ് എന്ന് പ്രാദേശീകമായുള്ള ക്രിസ്ത്യൻ പുരോഹിതരുടെ ആഢംബരങ്ങളും വാഹനങ്ങളും ജീവിത രീതിയും നോക്കിയാൽ മനസ്സിലാക്കാവുന്നതേ ഉള്ളൂ.

അക്രമത്തിലൂടെയും സേച്ഛാധിപത്യത്തിലൂടെയും ആയിരുന്നു സഭയുടെ വളർച്ച എന്ന് പറഞ്ഞുവല്ലോ. ആസ്ഥാന സിരാകേന്ദ്രമായ വത്തിക്കാൻ ദേവാലയ സമുച്ചയം നിലനിൽക്കുന്നത് പഴയ ഒരു ഹിന്ദു ക്ഷേത്രത്തിന്റെ മുകളിലാണ് എന്നത് തന്നെ അവരുടെ അസഹിഷ്ണുതയ്ക്കുള്ള തെളിവാണ്. പുരാവസ്തു ഗവേഷണം നടത്തിയാൽ ഇന്നും ആ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ അതിനടിയിൽ കാണാൻ കഴിയും. ആദ്യകാലങ്ങളിൽ ചിലപ്പോൾ മാനസീകമായി (ഇപ്പോഴും) സഭയുടേയും അവരുടെ സേവകരുടേയും പ്രവർത്തികൾ അത്യന്തം നിന്ദ്യമായിരുന്നു. ഇന്ന് അത് പുറത്ത്

കാണിക്കപ്പെടുന്നില്ല. പൊയ്മുഖങ്ങളാണ് ഇന്ന് പ്രത്യക്ഷപ്പെട്ട് കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇന്ന് സഭയുടെ കീഴിലുള്ള കുറ്റകൃത്യങ്ങൾ ചാതുര്യത്തോടെ ഒതുക്കിത്തീർക്കുന്നു. തങ്ങളുടെ വളർച്ചക്ക് വേണ്ടി പല കാലഘട്ടങ്ങളിലായി സഭ പല വർഗ്ഗങ്ങളെയും, ഗ്രൂപ്പുകളെയും നേരിട്ടോ അല്ലാതെയോ വളർത്തിയിട്ടുണ്ട്. തികച്ചും കച്ചവടക്കാരന്റെ മനസ്സോടെ, ചിലർക്ക് പരസ്യമായ പിന്തുണ നൽകിയപ്പോൾ മറ്റ് ചില പ്രസ്ഥാനങ്ങൾക്ക് മൂടുപടത്തിനുള്ളിൽ നിന്നായിരുന്നു സഭ പിന്തുണ അറിയിച്ചിരുന്നത്. ഇന്ന് സഭയെ സംബന്ധിച്ചിടത്തോളം പിന്നിൽ നിന്നുള്ള ചരടുവലികൾ മാത്രം ധാരാളം. സഭയ്ക്ക് വേണ്ടി കാര്യങ്ങൾ നീക്കാൻ വൻകിട കൂട്ട് കച്ചവടക്കാർ രംഗത്തുണ്ട്. അതുതന്നെയാണ് സഭ സ്വപ്നം കണ്ടിരുന്ന ദൈവരാജ്യത്തിന്റെ ആഗമനം. വിശ്വാസികൾ പ്രാർത്ഥിച്ചു ‘‘ദൈവരാജ്യം വരേണമേ!’’. അങ്ങിനെ ദൈവത്തിന്റെ പേരിൽ ലോകത്തിന്റെ ഒരു കോണിൽ കസേരയിലിരുന്ന് ലോകത്തിന്റെ ഗതി നീയന്ത്രിച്ച് സുഖലോലുപതയിൽ മുഴുകി ജീവിക്കാനുള്ള സ്വർഗ്ഗരാജ്യം അല്ലെങ്കിൽ ദൈവരാജ്യം സഭ ആഗ്രഹിച്ചതുപോലെ ഒരു യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുകയാണ്.

സഭ പല കാലഘട്ടങ്ങളിലായി സ്വാർത്ഥമായ താത്പര്യത്തിന് വേണ്ടി പല ഗ്രൂപ്പുകളെയും വളർത്തിയിട്ടുണ്ട് എന്ന് പറഞ്ഞുവല്ലോ. ഇവർ സമൂഹത്തിൽ ശാന്തതയോടെ ജീവിച്ചിരുന്ന മനുഷ്യരുടെ ജീവനും സ്വത്തുക്കളും മാത്രമല്ല അപഹരിച്ചിരുന്നത്. മറിച്ച്, അവർ നുഴഞ്ഞുകയറിയ രാജ്യങ്ങളിലെല്ലാം കൂടി ദുർബലരും നിസ്സഹായരുമായ കോടികണക്കിന് സ്ത്രീകളുടേയും കുട്ടികളുടേയും മാനം കൂടിയാണ്. റോമൻ സൈനീകരും, ക്രൂസേഡുകളും, മിഷണറിമാരും, ബിഷപ്പുമാരും ക്രിസ്ത്യൻ അധികാരികളും അവരെ ബലാത്സംഗം ചെയ്യുകമാത്രമല്ല, മറിച്ച് പലരീതിയിലൂടേയുള്ള ക്രൂരവും പൈശചീകവും നിന്ദ്യവുമായ മാർഗ്ഗങ്ങളിലൂടെ ഇഞ്ചിഞ്ചായി ഉപദ്രവിച്ച്, ആസ്വദിച്ച് കൊല്ലുക കൂടിയാണ് ചെയ്തിട്ടുള്ളത് എന്നത് ചരിത്രം പറഞ്ഞുതരും. ഇന്നും സഭയുടെ പിന്നാമ്പുറങ്ങൾ സ്വവർഗ്ഗ രതിയുടേയും പീഢനങ്ങളുടേയും വിളനിലങ്ങളായിത്തന്നെ തുടരുന്നു. പക്ഷേ അതെല്ലാം വളരെ മനോഹരമായും വൃത്തിയായും ഒളിപ്പിക്കാനുള്ള കഴിവും ബലവും ഇന്ന് സഭയ്ക്കുണ്ട്. മനുഷ്യക്കടത്തിന്റേയും പീഢനങ്ങളുടെയും പേരിൽ ക്രിസ്ത്യൻ പുരോഹിതരും പോപ്പും വാചാലരാവുമ്പോൾ സഭയ്ക്ക് പിന്നിൽ മാംസക്കച്ചവടവും മനുഷ്യക്കടത്തും തന്നെയാണ് നടക്കുന്നത്. വർഷങ്ങളായി ദരിദ്രരും അനാഥരുമായ സ്ത്രീകൾ വിദേശികളായ ഉപഭോക്താക്കൾക്ക് വേണ്ടി വിൽക്കപ്പെട്ടിരുന്നു, ഇന്നും അത് തുടരുന്നു എന്നതാണ് മറ്റൊരു സത്യം. ഇത് കേവലം ഒരു രാജ്യത്തെ മാത്രം ആശ്രയിച്ച് നടക്കുന്ന വ്യാപാരമല്ല. മറിച്ച്, ലോകമെമ്പാടുമുള്ള നിസ്സഹായാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ട് നടക്കുന്ന ഒന്നാണ്. സഭയുടെ വിശുദ്ധ വേഴ്ചകളുടെ മാറാപ്പുകൾ ഒളിപ്പിക്കാനായി സഭ കണ്ടെത്തിയ മറ്റൊരു മാർഗ്ഗമായിരുന്നു ലോകമെമ്പാടും സഭയ്ക്ക് കീഴിലുള്ള അനാഥാലയങ്ങൾ. 1990–95 ഫിലിപ്പൈൻസിലെ ഒരു മഠത്തിൽ അഗ്നിബാധയുണ്ടായപ്പോൾ ഫയർഫോർസുകാരെ താഴെയുള്ള മുറിയിൽ കയറുവാൻ മദർ സുപ്പീരിയർ അനുവദിച്ചില്ല. എന്നാൽ നിലവിളികേട്ട് വാതിൽ തകർത്ത അഗ്നിശമനാ ഉദ്യോഗസ്തർ കണ്ടത് നൂറോളം ഗർഭിണികളും കുട്ടികളും അടങ്ങുന്ന കൂട്ട

ത്തെയാണ്. ഈ ഗർഭിണികൾ അവിടുത്തെ കന്യാസ്ത്രീകൾ തന്നെ ആയിരുന്നു. ഈ സംഭവം വാർത്തകളിൽ നിറയാതിരിക്കാൻ സഭ വലിയ ഇടപെടലുകളാണ് നടത്തിയത്. അനാഥാലയങ്ങളുടെ ചരിത്രം പരിശോധിച്ചാൽ പുറത്ത് നിന്നും എത്തുന്ന കുട്ടികളുടെ എണ്ണം നാമ മാത്രമാണ്. ഇത് സഭയെ രക്ഷിക്കാനുള്ള തന്ത്രം മാത്രമാണ്. എന്നാൽ അനാഥക്കുട്ടികളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുന്നുമില്ല. ഈ സാന്ദ്രത കാണിക്കുന്നത് സഭയുടെ പിന്നിലെ ആഭിചാരത്തിന്റെയും വ്യഭിചാരത്തിന്റെയും ചരിത്രം തന്നെയാണ്.

യേശു ആഗ്രഹിക്കാത്ത യേശുവിന്റെ മണവാട്ടികളും അവരുടെ ദുരവസ്ഥയുമാണ് ഇത് സൂചിപ്പിക്കുന്നത്. വിശ്വാസത്തിന്റെയും മതത്തിന്റെയും മറവിൽ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശബ്ദമുയർത്താൻ ആരും വരില്ല എന്ന ഉത്തമ ബോധ്യമാണ് പ്രാദേശീകമായ പള്ളികളിൽ മുതൽ വത്തിക്കാന്റെ ഇടനാഴികളിൽ വരെ പ്രതിധ്വനിക്കുന്നത്. എന്നിരുന്നാലും കന്യാസ്ത്രീ മഠങ്ങളിലെ സ്ത്രീകളിൽ ഭൂരിഭാഗവും കരുണയും ദയയും തൊട്ട് തീണ്ടിയിട്ടില്ലാത്തവരും പരസ്പരം ചവിട്ടിത്താഴ്ത്തലും പരിഹസിക്കലും നടത്തി ആനന്ദിക്കുന്നവരുമാണ്. സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇവർ നടത്തുന്ന സേവനം എന്നത് തികച്ചും കച്ചവടം മാത്രമാണ്. ഭീകരമായ കണക്കുകളാണ് ലൈംഗീകത നിറഞ്ഞ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ മാത്രം സഭയ്ക്കെതിരെ നിലനിൽക്കുന്നത്. സഭയുടെ പൗരോഹിത്യ ചരിത്രത്തിന്റെ ആരംഭം മുതൽ അപ്രകാരം തന്നെ ആയിരുന്നതിനാൽ സഭയെ സംബന്ധിച്ചിടത്തോളം ഇത് അത്ര പ്രാധാന്യം അർഹിക്കുന്ന വിഷയമല്ല എന്ന് വേണം കരുതാൻ. അതുപോലെ തന്നെയാണ് സഭയാൽ ഉയർത്തിക്കൊണ്ട് വന്ന പല തീവ്രവാദ സംഘടനകളുടെ കാര്യവും. പ്രാദേശീകമായ താല്പര്യങ്ങളും വിപണിയെ എപ്രകാരം നീയന്ത്രിക്കണം, എപ്രകാരം തകർക്കണം എന്നത് തീരുമാനിക്കാൻ കൂടിവേണ്ടിയാണ് ഇത്തരത്തിലുള്ള നിന്ദ്യമായ നീക്കങ്ങൾക്ക് സഭ പലരാജ്യങ്ങളെയും കൂട്ട് പിടിക്കുന്നത്. പ്രമുഖമായ അഞ്ചോളം രാജ്യങ്ങളാണ് ലോകത്തിന്റെ സമാധാനവും സാമ്പത്തീകവസ്ഥയും നീയന്ത്രിക്കുന്നത്. അല്ലെങ്കിൽ അത് തകിടം മറിക്കാനുള്ള ചരട് വലികൾ നടത്തുന്നത്.

സഭയാൽ രൂപീകരിക്കപ്പെട്ട ഒരു മതപ്രചാരക സംഘടനയാണ് പെന്തകോസ്ത് വിഭാഗം. അന്ധമായ മതവിശ്വാസങ്ങൾ തലച്ചോറിന്റെ അന്ധരംഗങ്ങളിലേയ്ക്ക് വരെ കടത്തിവിട്ട് അതിനെ സ്വതന്ത്രമായ അവസ്ഥയോടെ, യുക്തിയോടെ ചിന്തിക്കാൻ വിടാത്ത രീതിയാണ് ഈ വിഭാഗം പിന്തുടരുന്നത്. ക്രിസ്ത്യൻ മതത്തിന്റെ പൊതുസ്വഭാവവും ഇപ്രകാരമാണെങ്കിലും വ്യക്തമായ ഇടവേളകൾ ലഭിക്കുന്നതിനാൽ തലച്ചോറിനെ ഇത്തരത്തിൽ അടിമയാക്കി മറ്റ് വിഭാഗങ്ങൾ പ്രഹരിക്കാറില്ല. മറ്റ് മതവിശ്വാസികളെ ദൈവത്തിന്റെ കമ്പനിയിലേയ്ക്ക് ചേർക്കുന്ന ഏജന്റുകളാണ് ഇവർ. തങ്ങളുടെ വ്യാപാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയാണ് സഭ ഇതിന്റെ രൂപീകരണത്തിന് പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്. ഈ വലയിലേയ്ക്ക് അകപ്പെടുന്നവർ വല പൊട്ടിച്ച് പുറത്ത് പോകാതിരിക്കുക എന്ന ലക്ഷ്യത്തോടെ ചിട്ടയായ ക്രമത്തോടെയുള്ള ആരാധനയുടെ ചങ്ങലയാണ് ആചാരത്തിന്റെ പ്രത്യേകത. ഒരു കാരണവശാലും ആരും

സ്വതന്ത്രമായി യുക്തിയോടെ ചിന്തിക്കരുത്. ചിന്തിക്കുന്നത് സഭയ്ക്കും സഭയുടെ വ്യാപാര താത്പര്യങ്ങൾക്കും കോട്ടം ഉണ്ടാക്കും. സഭയുടെ കാഴ്ച്ചപ്പാടിൽ നിന്നും കുറച്ച് വ്യത്യാസങ്ങൾ കാഴ്ച്ചപ്പാടിൽ ഉണ്ടെങ്കിലും ഈ വിഭാഗത്തിന്റെ ചരട് അയച്ച് വിട്ടിരിക്കുന്നതിന്റെ കാരണം അവരുടെ ജോലിയിലുള്ള കഴിവ് കണ്ടിട്ട് തന്നെയാണ്. അതുതന്നെയാണ് സഭ ആഗ്ര ഹിക്കുന്നതും. പരമാവധി ഉപഭോക്താക്കൾ അല്ലെങ്കിൽ കൊയ്യാൻ പാക മായ വിളകൾ. എന്നിരുന്നാലും ഉന്നത ശ്രേണിയിലുള്ള പെന്തകോസ്ത്യൻ പുരോഹിതർക്ക് അവർ നീയന്ത്രിക്കപ്പെടുന്നത് വത്തിക്കാൻ ആസ്ഥാനമാ യുള്ള സഭയാൽ തന്നെ ആണ് എന്ന് വ്യക്തമായി അറിയാം. അതിന്റെ കാരണം പിന്നാലെ പറയാം. അത് അറിയേണ്ടതും അല്ലാത്തതും സഭയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പ്രാധാന്യം അർഹിക്കുന്ന കാര്യമല്ല. കാര ണം വിശ്വാസത്തിന്റെ എട്ടുകാലി വലയിൽ അകപ്പെട്ടവർ സ്വതന്ത്രമായി സഭയുടെ മുതൽമുടക്ക് ഇല്ലാതെ പ്രവർത്തിച്ചാലും ലാഭം സഭയ്ക്ക് തന്നെ യാണ്. എന്നാൽ എന്നുവരെയാണോ മതം പൂർണ്ണമായി വ്യാപിക്കുന്നത് അന്നുവരെ മാത്രമാണ് ഈ സ്വതന്ത്രമായ ആശയങ്ങളുടെ മേൽ പറന്നു നടക്കാനുള്ള ഇത്തരം വിഭാഗങ്ങളുടെ ആയുസ്സും. പതിനഞ്ചാം നൂറ്റാണ്ടി ന്റെ അവസാന കാലഘട്ടം മുതൽ പതിനാറാം നൂറ്റാണ്ടിന്റെ തുടക്കം വരെ യുള്ള നീണ്ട 30 വർഷക്കാലം ഉണ്ടായ കത്തോലിക്ക്- പ്രോട്ടസ്റ്റന്റ് യുദ്ധം ഓർമ്മയില്ലേ? അതുതന്നെയാണ് തങ്ങൾ വരച്ച സീമകൾ മറികടക്കുന്ന ഓരോ വിഭാഗത്തിനും സഭ കാത്ത് വച്ച് നൽകാൻ പോകുന്ന ഉപഹാരം. ഏകദൈവം എന്നത് യുക്തിസഹമായ ചിന്താധാരയാണ് എന്നതിൽ തർക്ക മില്ല. എന്നാൽ ആ ദൈവം എങ്ങിനെയുള്ളതായിരിക്കണം എന്ന് ഓരോ വിഭാഗവും നിർദ്ദേശങ്ങൾ വച്ചാലോ?. തീർച്ചയായും ആശയങ്ങൾ തമ്മിൽ തെറ്റുകയും അവർക്കിടയിൽ പ്രശനങ്ങൾ ഉടലെടുക്കുകയും അത് മഹാ യുദ്ധങ്ങളിൽ കലാശിക്കുകയും ചെയ്യും. ഏകദൈവ മതങ്ങളാണ് ലോക ത്തിൽ ഏറ്റവും ഭീകരവും ബാഹുല്യം നിറഞ്ഞതുമായ നശീകരണങ്ങൾ ദൈവത്തിന്റെ പേരിൽ നടത്തിയിട്ടുള്ളത്. ആ ഭീകരാവസ്ഥ തന്നെയാണ് ഇനിയും ലോകം കാത്തിരിക്കാൻ പോകുന്നത് എന്നതിൽ സംശയമില്ല.

എ.ഡി 1995 മുതൽ സഭ കൂടുതൽ പ്രായോഗീക ബുദ്ധിയോടെ തങ്ങളുടെ ലക്ഷ്യവും വ്യാപാരവും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്ക ആസ്ഥാനമായും അമേരിക്കൻ പങ്കാളിത്തത്തോടും കൂടി 'ജോഷുവ പ്രൊജ ക്റ്റ്' ആരംഭിച്ചു. ലോകമെമ്പാടും മതപരിവർത്തനത്തിന് ആക്കം കൂട്ടുക എന്നതാണ് പ്രാരംഭ ലക്ഷ്യം. ലോകത്തെമ്പാടും അനവധി പെന്തകോസ്ത്യ ൻ പാസ്റ്റർമാരും പുരോഹിതന്മാരും അടങ്ങുന്ന സംഘത്തിന്റെ സഹായ ത്തോടെയാണ് ഈ മഹാലക്ഷ്യം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. അതിനായി മില്യൺ കണക്കിന് ഡോളറാണ് സഭയും ഓഹരി ഉടമകളും കൂടി ചിലവഴി ക്കുന്നത്. ഇപ്രകാരം സഭയാൽ ചിലവഴിക്കുന്ന പണമാണ് പെന്തകോസ്റ്റ് വിഭാങ്ങളുടെ കൈയ്യിൽ കൂലിയായി ഇപ്പോൾ എത്തിക്കൊണ്ടിരിക്കുന്നത്. ഇതല്ലാതെ സ്വതന്ത്രമായി മതപരിവർത്തനം നടത്തുന്ന നാമമാത്രമായ ഗ്രൂ പ്പുകളും ഉണ്ട്. അത് സഭയെ സംബന്ധിച്ചിടത്തോളം പ്രവർത്തി കൊണ്ട് ലാഭം മാത്രമാണ്. ഇപ്പോൾ ഏകദേശം എങ്ങിനെയാണ് പെന്തകോസ്ത്യൻ

വിഭാഗങ്ങളെ ഒളിഞ്ഞും പരസ്യമായും സഭ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് എന്ന് നിങ്ങൾക്ക് പിടികിട്ടിക്കാണും.

ദുർബലതയും, ദാരിദ്രവും, രോഗവും, നിസ്സഹായാവസ്ഥയും അനാഥത്വ വുമാണ് മതപരിവർത്തനത്തിനായി ചൂഷണം ചെയ്യപ്പെടുന്ന കാര്യങ്ങൾ. ഇവയാണ് അതിന് പറ്റിയ ഏറ്റവും നല്ല സാഹചര്യങ്ങൾ എന്ന് ഈ വിഭാഗ ത്തിന് അറിയുകയും ചെയ്യാം. ഇത് വർഷങ്ങളായി തുടർന്ന് കൊണ്ടിരി ക്കുന്ന പ്രവർത്തിയുമാണ്. ലോകത്തെങ്ങുമുള്ള പ്രകൃതിക്ഷോഭങ്ങളിലും, യുദ്ധത്തിലും ആളുകൾ ഒരു നേരത്തെ ആഹാരത്തിന് വേണ്ടി നിസ്സഹായ നായി നിൽക്കുന്ന അവസ്ഥയിൽപ്പോലും സഭയും പുരോഹിത വർഗ്ഗവും തങ്ങളുടെ വ്യാപാരത്തിലെ ചാകരയാണ് കാണുന്നത്. അതിൽ ആനന്ദിക്കു കയും അതിനുവേണ്ടി പിന്നിൽ പ്രവർത്തിക്കുകയുമാണ് സഭ ചെയ്യുന്നത്. രോഗങ്ങളാൽ മരണമുഖത്ത് നിൽക്കുന്നരെപ്പോലും ഇവർ വെറുതെ വിടാ റില്ല. സഭ മാത്രമല്ല, സഭയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളും ആശുപത്രികളും ഇതേ പ്രവണതയോടെ (ആടിനെ കിട്ടിയ ചെന്നായുടെ മനസ്സോടെ) യാണ് പ്രവർത്തിക്കുന്നത്. അത്തരത്തിൽ ക്രിസ്ത്യൻ സ്ഥാപനങ്ങൾ ബിസിന സ്സിൽ വൻവിജയമായതിനാൽ പിൽക്കാലത്ത് മറ്റ് വിഭാഗങ്ങളും അവരുടെ പല സ്ഥാപങ്ങളും സഭയുടെ അതേ വാണിജ്യമനസ്സ് നിറഞ്ഞ വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങുകയും സമൂഹത്തിൽ മനുഷ്യന്റെ മനസ്സ് എങ്ങോ മറഞ്ഞ് പോകുകയും ചെയ്തു. മതപരിവർത്തനം ഒരു നല്ല കച്ചവടമാണ് അല്ലാതെ വെറുതെ ബൈബിൾ ചൊല്ലി കഞ്ഞി കുടിച്ച് ദൈവത്തേയും സ്മരിച്ച് ലളിതമായി ജീവിക്കുന്ന ഒരു പ്രവർത്തിയല്ല എന്ന് പെന്തകോസ്റ്റ്യ ൻ പാസ്റ്റർമാരുടെ ബാങ്ക് ബാലൻസും സ്വത്തു വിവരങ്ങളും പരിശോധി ച്ചാൽ മനസ്സിലാക്കാം. അവരിൽ പലരും വിജയിച്ച വ്യക്തികളാണ്. പുറമെ ലളിതമായ വസ്ത്രധാരണവും ലാളിത്യവും നടിക്കുന്നു എങ്കിലും പലരും കോടികളുടെ സ്വത്തുള്ളവരും, പലതരത്തിൽ സ്വദേശത്തും വിദേശത്തും ആസ്തികൾ ഉള്ളവരുമാണ്. പലരും അത്ഭുത പ്രവർത്തകർ എന്ന പേരിൽ പരസ്യം ചെയ്ത് വിദേശ രാജ്യങ്ങളിൽ പോലും പോയി പ്രവർത്തനങ്ങൾ നടത്തുന്നു. ഇതേ സാമ്പത്തീകമായ ഉന്നതി മുന്നിൽ കണ്ടുകൊണ്ട് അനവ ധി പെന്തകോസ്റ്റ് പാസ്റ്റർമാർ ഈ വഴി ഉപജീവനത്തിനായി തിരഞ്ഞെടു ത്തിരിക്കുന്നു. സ്വന്തം മക്കളെയും ഭാര്യയേയും മാതാപിതാക്കളേയും ' നി ന്റെ നെറ്റിയിലെ വിയർപ്പ് കൊണ്ട് അപ്പം ഭക്ഷിക്കുക'' എന്നതിന് പകരമായി മറ്റുള്ളവരെ പറ്റിച്ചുണ്ടാക്കിയ കാശുകൊണ്ട് പോറ്റുക എന്ന മനോഹരവും നിർലജ്ജാകരവുമായ സ്വപ്നമാണ് ഇവർ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

സാത്താൻ ദൈവത്തിന്റെ എതിരാളിയും, ദൈവത്തിന്റെ സൃഷ്ടികളെ അതിശക്തമായി സ്വാധീനിക്കാനും നശിപ്പിക്കാനും വരെ കഴിവുള്ളവനായാ ണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. പക്ഷെ യഹോവയോട് മുതൽ സ്വർഗ്ഗത്തി ലെ മാലാഖമാരോട് വരെ യുദ്ധം ചെയ്യുന്ന സാത്താനെ എത്ര ലാഘവ ത്തോടെയാണ് പെന്തകോസ്ത്യൻ പുരോഹിതർ നീയന്ത്രിക്കുന്നത്. ദൈവം അവരുടെ വിളികേൾക്കാൻ കാത്തു നിൽക്കയാണ്. ഒരു പക്ഷെ നിങ്ങളുടെ വളർത്തുനായ പോലും ചില സമയത്ത് അല്പം നേരമെടുത്തിട്ടാണ് വരുന്ന തെങ്കിൽ ഇവിടെ അങ്ങിനെ ഒരു ചിന്താക്കുഴപ്പമോ താമസമോ ഇല്ല. വിളി ക്കുന്നത് പെന്തകോസ്ത് പാസറ്ററാണോ എന്ന് ദൈവം നോക്കും. പിന്നെ

പറന്ന് എത്തുകയായി. ആധുനീക യുഗത്തിലെ ഇന്റർനെറ്റിനുപോലും ഇത്രയും വേഗമില്ല. പിന്നെ പാസ്റ്ററിന്റെ ആവശ്യപ്രകാരവും പാസ്റ്റർ എന്താണ് മുന്നിലുള്ള ജനക്കൂട്ടത്തോട് തട്ടിവിട്ടിരിക്കുന്നത് എന്നും അറിഞ്ഞ് അതുപോലെ പ്രവർത്തിക്കും. അപ്പോൾ ബാധകേറിയവർ ഉറഞ്ഞ് തുള്ളുകയായി, ഉരുണ്ടടിച്ച് വീഴുകയായി, നടക്കാത്തവർ നടക്കുന്നു, കിടന്ന് പോയവർ ചാടുന്നു, എന്ന് വേണ്ട മാരകരോഗങ്ങൾ ഉള്ളവർ പോലും ഞൊടിയിടയിൽ രോഗമുക്തി നേടുന്നു. എന്നാൽ വർഗ്ഗം, പെന്തകോസ്ത് അല്ലയോ യേശു തിരിഞ്ഞുപോലും നോക്കില്ല. അവർ ആശുപത്രി നടത്തി കാശുണ്ടാക്കുന്നു, ചികത്സിക്കുന്നു, മരിക്കുന്നു. എന്നാൽ ദിനവും ഒന്നല്ല, പത്തല്ല, നൂറും നൂറ്റമ്പതും സാത്താനെയാണ് പല പ്രമുഖ പാസ്റ്റർമാരും ഒഴിപ്പിക്കുന്നത്. അപ്പോ ചിലപ്പോൾ നിങ്ങൾക്ക് സംശയം തോന്നിയേക്കാം എത്ര സാത്താൻ ഉണ്ട്?. പെന്തകോസ്തൻ മറുപടി പറയുന്നു. സാത്താൻ ഒന്നേയുള്ളു. പക്ഷെ സാത്താന് ലോകം മുഴുവനുള്ള ജനങ്ങളെ സ്വാധീനിക്കാൻ കഴിയും. ആട്ടെ സാത്താൻ സർവ്വ വ്യാപിയാണ് എന്ന് സമ്മതിക്കാം. എന്നാൽ ഒന്നേയുള്ളു എങ്കിൽ ഒരാളിലെ സാത്താനെ പേടിപ്പിച്ച് ഭീഷിണിപ്പെടുത്തി ഓടിക്കുമ്പോൾ അതിന്റെ പ്രതിഫലനം സാത്താൻ കൂടിയ മറ്റുള്ളവരിലും ഉണ്ടാകണമെല്ലോ. എന്നാൽ ഒരു ആന്തരീക ശുശ്രൂഷാ മുറിയിലുള്ള അനവധി പേരിൽ കൂടിയിട്ടുള്ള സാത്താനെയും പലവട്ടമായി ഓടിക്കുന്നത് വരെ നമുക്ക് കാണാൻ കഴിയും. ഇപ്രകാരം ഓടിപ്പോയ സാത്താൻ വീണ്ടും അന്ന് തന്നെ നടക്കുന്ന മറ്റ് ശുശ്രൂഷകളിലുമുള്ള ആളുകളിൽ പ്രവേശിച്ചിരിക്കുന്നതും പാസ്റ്റർ സാത്താനെ വീണ്ടും ഓടിക്കുന്നതും കാണാം. സാത്താൻ ദൈവത്തെപ്പോലെ മണ്ടനല്ല. ബുദ്ധിയും കഴിവും സർവ്വജ്ഞാനിയും ആണെന്നിരിക്കെ അതേദിവസം ഓടിച്ച് വിട്ട സാത്താൻ അതേ പെന്തകോസ്ത്യൻ പുരോഹിതന്റെ മുന്നിലേയ്ക്ക് വീണ്ടും വരുമോ?. അപ്പോൾ ദൈവത്തിന്റെ ശക്തിയും ഗുണദോഷവും ഭീഷിണിയും ഒന്നും സാത്താന് വലിയ കാര്യമല്ല. ആ ഭീഷിണിക്ക് വലിയ ആയുസ്സുമില്ല, സാത്താന്റെ മനസ്സിൽ ഭയവുമില്ല എന്നുമല്ലേ നമ്മൾ മനസ്സിലാക്കേണ്ടത്?. ആകയാൽ, ഈ ശുശ്രൂഷകളിൽ കൂടി രക്ഷപ്പെട്ടവരുടെ രക്ഷപ്പെടൽ തികച്ചും നൈമിഷീകം മാത്രമാണ്.

എന്നാൽ യുദ്ധങ്ങൾക്കിടയിലും, ഇൻഡ്യാ പാക്കിസ്താൻ തർക്കം, തീവ്രവാദം തുടങ്ങിയവയ്ക്കിടയിൽ ഒന്നും അത്ഭുതം നടത്താൻ പാസ്റ്റർമാരെ കിട്ടില്ല. കാരണം പാസ്റ്റർമാർക്ക് മാത്രമല്ല രക്ഷകനായ ദൈവത്തിനും അതിൽ താല്പര്യമില്ല. പിന്നെ കാൻസർ സെന്ററുകളിലും അതേപോലെ ദിവസങ്ങൾ എണ്ണപ്പെട്ട രോഗികൾക്കിടയിലും ഒന്നും അത്ഭുതം പ്രവർത്തിക്കാൻ പാസ്റ്റർമാരെ കിട്ടില്ല. അത്ഭുതം എന്നത് ദിവസങ്ങളും മാസങ്ങളും ആയിട്ട് ഉള്ള പരിശീലനമാണ്. പ്രത്യേക ക്ലാസ്സുകളാണ് ഇതിലുള്ളത്. കൊച്ചുകുട്ടികൾ മുതൽ വൃദ്ധന്മാർ വരെ ആ പരീലനക്കളരിയിൽ ഉണ്ടാകും. എന്ത് രോഗം എവിടെയൊക്കെ പോയി ചികത്സിച്ചു. ആരെയൊക്കെ പ്രാർത്ഥിച്ചു തുടങ്ങിയവ തെറ്റില്ലാതെ പഠിക്കേണ്ടതുണ്ട്. പിന്നെ അന്യമതസ്ഥരായിരുന്നാൽ അത്രയും നന്ന്. ഇതാണ് അത്ഭുതരോഗശാന്തി ശുശ്രൂഷ. കാശുണ്ടാക്കാൻ ചുവന്ന തെരുവിലേതിനേക്കാൾ അഴുകിയ അവസ്ഥയും മതവും. ഈ നുണയും ചതിയും പേക്കൂത്തുകളും കള്ളസാക്ഷ്യങ്ങളും

മതപരിവർത്തനം മാത്രമല്ല മറിച്ച് ഒരു സമൂഹത്തെ വഞ്ചിക്കുക കൂടിയാണ് ചെയ്യുന്നത്. ഉല്പ്പത്തി പുസ്തകത്തിൽ നിന്നും ദൈവം നുണയന്മാരുടെ പിതാവാണ് എന്ന് നമ്മൾ മനസ്സിലാക്കിയതാണ്. ആകയാൽ ഈ മതഭ്രാന്ത ന്മാരിൽ നിന്നും ഇതിൽ കൂടുതൽ ഒന്നും തന്നെ പ്രതീക്ഷിക്കരുത്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എങ്കിൽ മൂന്നാമതൊരാൾ ഇടയിൽ വർത്തി ക്കേണ്ട ആവശ്യമില്ല. രക്ഷിക്കാനായി സ്വന്തം പുത്രനെ വിട്ടു നൽകി എന്ന് അവകാശവാദം ഉന്നയിക്കുന്ന ദൈവം ഇത്രയൊന്നും ചെയ്യേണ്ടതായിട്ടില്ല. മറിച്ച് മനുഷ്യന് നൽകിയ ശാപം പിൻവലിച്ച് അവനെ വീണ്ടും ഏദൻ പോലെയുള്ള സ്വർഗ്ഗാവസ്ഥയ്ക്ക് സമാനമായ ജീവിതാവസ്ഥ ഉണ്ടാക്കി കൊടുത്താൽ മാത്രം മതി. പാപങ്ങളെല്ലാം തുടച്ചും വടിച്ചും കൊണ്ടുപോയ രക്ഷകൻ മനുഷ്യന്റെ പാപം മുഴുവൻ ഏറ്റെടുത്ത് മരിച്ച നിമിഷം മനുഷ്യർ എല്ലാം പാപമുക്തരാകേണ്ടതല്ലേ?. എന്നാൽ ഇന്ന് കാണുന്ന പാപമെല്ലാം എവിടെ നിന്നു വന്നു? വീണ്ടും പാപം ആരാണ് കൊണ്ടുവന്നത്?. പാപം ഒരാളിൽ നിന്നും മറ്റൊരാളിലേയ്ക്ക് പകർത്താൻ കഴിയുന്ന ഒന്നല്ല. അതാ ണ് സത്യം. അതിന് കഴിയുമായിരുന്നെങ്കിൽ തങ്ങളുടെ പാപങ്ങൾ മുഴുവൻ അത് ഏറ്റെടുക്കാൻ സന്മനസ്സുള്ള ആരുടെയെങ്കിലും ശരീരത്തിലേയ്ക്കും മനസ്സിലേയ്ക്കും പകർത്തി പാപികൾ ഇടവേളകൾ ഇല്ലാതെ പാപം ചെയ്യു കയും പാപമുക്തരാകുകയും ചെയ്യുമായിരുന്നു. സത്യത്തിൽ ബൈബിൾ വഞ്ചനയുടെയും ചതിയുടെയും കഥയാണ് പറയുന്നത്. ദൈവം കാരുണ്യ വാനും ദയാനിധിയുമായിരുന്നു എങ്കിൽ, തന്റെ പുത്രനെ മനുഷ്യരാശിയുടെ പാപത്തിന്റെ പേരിൽ കുരിശിലേറ്റിയവൻ എങ്കിൽ, വീണ്ടും കണ്ണില്ലാത്ത ക്രൂരതയുമായി വെളിപ്പാടിൽ മനോവൈകൃതം നിറഞ്ഞ നരകത്തിന്റെ നിറ ക്കൂട്ടുകളും നിത്യയാതനയും വിശദീകരിച്ച് മനുഷ്യനെ പേടിപ്പിക്കുകയും പീഢിപ്പിക്കുകയും ചെയ്യില്ലായിരുന്നു.

എന്തിനാണ് ഒരാൾ ക്രിസ്ത്യാനിയാകുന്നത്?. പാപത്തിന്റെ ശമ്പളം മരണ വും നിത്യനരകവുമാണ് എന്ന് പറഞ്ഞിരിക്കെ മോചനമില്ലാതെ തുടരുന്ന പാപത്തിൽ നിന്നും എപ്പോഴാണ് ഒരു ക്രിസ്ത്യൻ മതവിശ്വാസി മോചിത നാകുന്നത്?. ജീവിച്ചിരിക്കുമ്പോൾ ഏതെങ്കിലും ഒരു ദിനം താൻ പാപിയല്ല. എന്ന് ഉറപ്പിച്ച് പറയുവാൻ ഏതെങ്കിലും ക്രിസ്ത്യാനിക്ക് കഴിയുമോ?. ആദിയിൽ നിന്നും പടർന്ന പാപം എങ്ങിനെയാണ് ഇല്ലാതാക്കാൻ പോകു ന്നത്?. ആയത് കൊണ്ട് തന്നെ ക്രിസ്ത്യാനിയായി ജനിച്ച എല്ലാവരും മതം അനുശാസിക്കുന്ന പ്രകാരം നരകത്തിൽ പ്രവേശിക്കും. ഇനി ദൈവമാർഗ്ഗ ത്തിൽ ചരിച്ചാൽ പാപം ഇല്ലാതാകുമോ?. മരണം വരെ പുരോഹിതർ അവരെ പാപി എന്നുതന്നെയാണ് വിളിക്കുക. അപ്പോൾ നിങ്ങൾ പാപിയല്ല. പരിശുദ്ധാത്മാവാണ് എന്ന് പറയുവാൻ നിങ്ങൾക്ക് കഴിയുമോ?. പാപിയല്ല എന്ന വിശ്വാസത്തോടെ ജീവിതത്തിൽ ഏന്നെങ്കിലും നിങ്ങൾക്ക് ജീവി ക്കാൻ കഴിയുമോ ?. നാളെ മുതൽ നിങ്ങൾ പാപിയല്ലെങ്കിൽ പാപമില്ലാത്ത പുതിയ തലമുറയെ (പുതിയ ശിശുവിനെ) നിങ്ങൾക്ക് ലോകത്തിന് നൽകാ ൻ കഴിയുമോ? ഞാൻ ഉറപ്പിച്ച് പറയുന്നു. ഇല്ല ഒരിക്കലുമില്ല. ഇനി മരണ ശേഷം പാപം പോയിക്കാണുമോ? ബൈബിൾ അനുസരിച്ച് മനുഷ്യനോട് ദൈവം പറഞ്ഞത് നുണ. സൃഷ്ടിച്ചത് സ്വാർത്ഥമായ സ്വന്തം താല്പര്യത്തിന് വേണ്ടി?. ഇനിയും നിങ്ങൾ എന്ത് വിശ്വാസത്തോടെയാണ് മരണ ശേഷം

നിങ്ങൾ വിശുദ്ധീകരിക്കപ്പെടും എന്ന് വിശ്വസിക്കുക?. യേശുവിന് ശേഷ വും പാപം തുടർന്നു. ഒരു ചാക്രീക പ്രവർത്തനം പോലെ. കാരണം ദൈവ ത്തിന് ജീവിക്കണമായിരുന്നു. പാപം തുടരും പുരോഹിതന്മാർക്കും സഭയ് ക്കും ഇവിടെ ജീവിക്കണം. അപ്പോൾ പാപം നല്ലതാണ്. ചിലരെ നിലനിർ ത്താൻ. ചിലരെ ജീവിപ്പിക്കാൻ. ചിലർക്ക് പ്രതീക്ഷകളേകാൻ. അതെ പാപം വളരട്ടെ കൂടെ സഭയും പഴികേൾക്കാൻ സാത്തനുണ്ടല്ലോ. പിന്നെ എന്തിന് പേടിക്കണം?.

# ഉപസംഹാരം

സാത്താൻ ഒരു പ്രവാഹമായി തുടരുകയാണ്. കാലത്തിന്റെ കുത്തൊഴുക്ക് സാത്താനെ ഏതോ മുനമ്പുകൾ ലക്ഷ്യമാക്കി അതിന്റെ ഗതിക്കനുസരിച്ച് ഒഴുക്കി കൊണ്ടിരിക്കുന്നു. താല്പര്യങ്ങളുടെ ഗതിയ്ക്ക് എതിരായിരുന്നിട്ടും ആ പ്രവാഹത്തിൽ തന്നെ ലയിച്ച് ഒഴുകാൻ വിധിക്കപ്പെട്ടവന്റെ പ്രതീകമായി. എന്റെ കഥ ഇവിടെ അവസാനിക്കുന്നു. ഉപസംഹരിക്കുന്നതിന് മുൻപ് രണ്ടുവാക്ക്..

സാത്താൻ എന്നത് ഒരു വ്യക്തിയല്ല. മറിച്ച് നിങ്ങളിൽ ഒരോരുത്തരിലും നിലനിൽക്കുന്ന ബോധമാണ്. അതിനെ അറിയുന്നവൻ ഈശ്വരനായും അജ്ഞതയിൽ മുഴുകുന്നവൻ തിന്മയുടെ നിത്യാന്തകാരത്തിലും ദുഷ്കർമ്മത്തിന്റെ അടങ്ങാത്ത അഗ്നിയിലും ജീവിക്കേണ്ടിവരുന്നു. ഗുരു പ്രാണനാണ്. പഞ്ചേന്ദ്രീയങ്ങൾ പ്രലോഭനങ്ങളും മനസ്സ് അതിൽ ഇളകിയാടുന്ന നരകാഗ്നിയുമാകുമ്പോൾ ആര് ഈ ദുർഘടങ്ങളെ അതിജീവിച്ച് പ്രാണനിൽ അലിഞ്ഞ് ശരീരമെന്ന സീമകൾക്ക് അതീതമായ ആത്മാവിലേയ്ക്ക് ചേക്കേറുന്നുവോ, ആര് ആ മഹാ ക്ഷീരപദം സഹസ്രാരത്തിൽ വിരിയിക്കുന്നുവോ അതിനുമപ്പുറം പ്രപഞ്ചത്തിന്റെ അന്തസത്തയിലേയ്ക്ക് ലയിച്ച് ചേരുവാൻ അവൻ യോഗ്യനാക്കപ്പെടുകയും കൂടി ചെയ്യപ്പെടുന്നു. ആ മഹാസത്തയുടെ ഭാഗമാകുകയല്ല ആ മഹാസത്ത തന്നെയകുന്ന പ്രക്രീയയാണ് അവിടെ നടക്കുന്നത്. ഭാഗമെന്ന് തോന്നൽ ഉണ്ടാക്കാൻ അവിടെ മറ്റൊരു ദുർഭൂതവുമില്ല അതിനെ അംഗീകരിക്കാൻ അവിടെ മനസ്സെന്ന മാഹേന്ദ്രജാലക്കാരനുമില്ല. തുടരുക മഹായാത്ര. ജീവവൃക്ഷത്തിന്റെ ഫലം തേടിയുള്ള ആ മഹായാത്ര.

നന്മചെയ്യുന്നവർക്ക് തിന്മ വിധിക്കുന്ന വൈകല്യം കലർന്ന സദാചാര ബോധം നിറഞ്ഞ സമൂഹത്തോട് എനിക്ക് ചോദിക്കാൻ ഒരു ചോദ്യം മാത്രം ബാക്കി. എന്റെ തെറ്റ് എന്ത്?. ഞാൻ ചെയ്ത പാപം എന്ത്? പഴികേൾക്കാൻ ഞാൻ തിരിച്ചറിവിന്റെ മാർഗ്ഗവും ജീവവൃക്ഷത്തിലേയ്ക്കുള്ള മാർഗ്ഗവും പകർന്ന് നൽകിയതല്ലാതെ ഞാൻ നിങ്ങൾക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. പക്ഷെ ഇനിയും നിങ്ങൾ ഞാൻ തെറ്റുകാരനാണ് എന്ന് കരുതുന്നു എങ്കിൽ, നിങ്ങൾ തരുന്ന ശിക്ഷകൾ ഏറ്റുവാങ്ങുവാൻ ഇനിയും ഞാൻ തയ്യാറാണ്. വിധിച്ചു കൊൾക...

# സാത്താൻ

## ജീവചരിത്രം

അനന്തമായ വിഹായസ്സിൽ നമുക്ക് മേലുള്ള പരിമിതികൾ നമ്മുടെ ശരീരം തീർക്കുന്ന ഭൗതീകതയാണ്. സത്യത്തിൽ ആകാശത്തിന് കീഴെ ആ ഭൗതീകതയെ രക്ഷിക്കാനുള്ള നാമങ്ങളെയല്ല. മറിച്ച്, സീമകളില്ലാത്ത സ്വർഗ്ഗത്തിൽ സ്വച്ഛന്ദം വിഹരിക്കുവാനും അതിൽ ലയിച്ചു ചേരുവാനുമുള്ള പന്ഥാവിലേയ്ക്ക് നയിക്കുവാനുള്ള അറിവ് പകർന്ന് നൽകുവാൻ കഴിവുള്ള ഗുരുക്കന്മാരെയാണ് നമുക്ക് ആവശ്യം. അന്ധകാരത്തെ ഭയന്ന് വെളിച്ചത്തിന്റെ വഴി നടക്കുന്ന ഭീരുക്കൾ ഭൗതീകമായ സീമകൾക്ക് വിധേയമായ ഇന്ദ്രീയങ്ങൾ പകർന്ന് നൽകുന്ന അറിവാണ് സത്യം എന്ന് വിശ്വസിക്കുന്നു. എന്നാൽ അന്ധകാരത്തിലേയ്ക്ക് ധൈര്യപൂർവ്വം ഊളിയിട്ടിറങ്ങുന്നവന്റെ ഉള്ളിൽ തെളിയുന്ന പ്രകാശം പരമമായ സത്യവും സീമകൾക്ക് അതീതവുമായ പ്രപഞ്ചത്തിന്റെ സത്തയുമാണ്. സാത്താൻ ആ സത്തയുടെ പ്രതീകമാണ്. ആ സത്തയിലേയ്ക്കുള്ള പാതയും സത്യവും കൂടിയാണ്. സത്യത്തിൽ ’തമസോമ ജ്യോതിർ ഗമയ’ എന്ന വേദമന്ത്രം അർത്ഥവത്താകുന്നത് ആ അന്ധകാരത്തിന്റെ അഗാധതയിൽ നിന്നും ആത്മ ജ്യോതിയാൽ ഉണരുന്ന പ്രകാശം സത്തയാകുന്ന മഹാസത്യത്തിലേയ്ക്ക് ലയിക്കാൻ നടത്തുന്ന പ്രയാണത്തിൽ മാത്രമാണ്.

Lulu™
www.lulu.com

Copy rights © reserved 2017

ISBN 978-1-365-88650-8
90000
9 781365 886508